# സാമൂഹ്യപാഠങ്ങൾ

# SOCIAL STUDIES

1692

## Standard VIII

1962

# സാമൂഹ്യപാഠങ്ങൾ

# SOCIAL STUDIES

## Standard VIII

## എട്ടാം സ്റ്റാൻഡാർഡിലേക്ക്

Price: Re. 1

PRINTED BY THE S. G. P. AT THE GOVERNMENT
PRESS, TRIVANDRUM, 1962.

പ്രതിജ്ഞ

ഭാരതം എൻെറ നാടാണ്. എൻെറ സഹോദരീസഹോദരന്മാരാണ് എല്ലാ ഭാരതീയരും. ഞാൻ എൻെറ നാടിനെ സ്നേഹിക്കുന്നു. അതിൻെറ സമൃദ്ധവും വിവിധവുമായ പരമ്പരാഗത സമ്പത്തിൽ ഞാൻ അഭിമാനം കൊള്ളുന്നു. ആ സമ്പത്തിനു് അർഹനാകുവാൻ ഞാൻ എപ്പോഴും ശ്രമിക്കുന്നതാണ്.

എൻെറ മാതാപിതാക്കന്മാരേയും ഗുരുജനങ്ങളേയും ഞാൻ ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്യും. എല്ലാവരോടും ഞാൻ വിനയത്തോടുകൂടിയേ പെരുമാറുകയുള്ളു. എല്ലാ ജീവികളോടും ഞാൻ ദയാലുവായിരിക്കും.

എൻെറ നാടിനും നാട്ടാർക്കും ഞാൻ എൻെറ സേവനം സമർപ്പിക്കുന്നു. അവരുടെ യോഗക്ഷേമത്തിലും ഐശ്വര്യത്തിലും മാത്രമാണ് എൻെറ സുഖം.

©

GOVERNMENT OF KERALA

1962

4.587.

# വിഷയവിവരം

## ഭാഗം I ✓

### നമ്മുടെ അയൽ രാജ്യങ്ങൾ

1. സിലോൺ

   ഭൂപ്രകൃതിയും കാലാവസ്ഥയും—കൊളംബോ—ജനങ്ങൾ—ഇന്ത്യക്കാരുടെ പ്രശ്നം.

2 പാക്കിസ്ഥാൻ.

   നദികളും കാലാവസ്ഥയും—പശ്ചിമ പാക്കിസ്ഥാൻ—പൂർവ്വ പാക്കിസ്ഥാൻ—രാജ്യഭരണം.

3. ബർമ്മ

   കാലാവസ്ഥ—ഭൂപ്രകൃതി—ഗതാഗതം—ജനങ്ങൾ.

4 അത്യുന്നത ഭൂമികളിലെ മനുഷ്യർ.

   തിബററ്—ചൈനയുമായുള്ള ബന്ധം.

5. ഹിമാലയ സാനുക്കളിലെ രാജ്യങ്ങൾ.

   (എ) നീപ്പാൾ

   (ബി) ഭൂട്ടാൻ.

   (സി) സിക്കിം.

പ്രായോഗികാഭ്യാസങ്ങൾ.

## ഭാഗം II ✓

### ഏഷ്യയിലെ മററു രാജ്യങ്ങൾ.

1. ചൈന.

   (എ) ചരിത്രസംക്ഷേപം.

   (ബി) ഭൂപ്രകൃതിയും നദീതടങ്ങളും.

140
105
245

2. ജപ്പാൻ.

(എ) കിടപ്പ്, ഭൂകമ്പങ്ങൾ, കാലാവസ്ഥ.

(ബി) അൻപതു വഷത്തെ അത്ഭുതപൂവ്വമായ വളർച്ച കൃഷിയും വ്യവസായവും.

(സി) ജപ്പാനിലെ നഗരങ്ങൾ.

(ഡി) അമിതമായ ജനപ്പെരുപ്പം.

(ഇ) ചരിത്രസംക്ഷേപം;

(1) 1939 വരെ.

(2) രണ്ടാം ലോകമഹായുദ്ധം.

(3) ഇന്നത്തെ ജപ്പാൻ.

3. മലയാനാട്ടുകൾ.

4. പ്രകൃതിവിഭവങ്ങൾ നിറഞ്ഞ ദ്വീപസമൂഹം

പ്രാരംഭം.

(എ) ജാവ.

(ബി) സുമാത്ര.

(സി) ബോർണിയോ.

(ഡി) സെലിബസ്.

(ഇ) ബാലി.

പ്രായോഗികാഭ്യാസങ്ങൾ.

## ഭാഗം III

1. ആസ്ത്രേലിയ.

(എ) പ്രാരംഭം.

(ബി) ഭൂപ്രകൃതി.

(സി) കാലാവസ്ഥ.

(ഡി) സസ്യപ്രദേശങ്ങൾ:

(1) ഉഷ്ണ മൺസൂൺവനപ്രദേശം.

(2) അത്യുഷ്ണ പുൽപ്രദേശങ്ങൾ.

4587



(3) മെഡിററേനിയൻ കാലാവസ്ഥയുള്ള പ്രദേശം

(4) മിതോഷ്ണ പുൽപ്രദേശങ്ങൾ.

(5) പൂർവ്വതീര മിതോഷ്ണ വനപ്രദേശം.

(6) മരുഭൂമി.

(ഇ) മൃഗങ്ങൾ.

(എഫ്) തൊഴിലുകൾ:

(1) ആട്ടമേച്ചിൽ.

(2) കന്നുകാലിവളർത്തൽ.

(3) കൃഷി.

(4) ഖനനം.

(ജി) വ്യാപാരവും വ്യവസായവും.

(എച്ച്) തുറമുഖങ്ങൾ:

(1) സിഡ്നി.

(2) മെൽബോൺ.

(ഐ) രാഷ്ട്രീയവിഭാഗങ്ങൾ.

(ജെ) ഭരണ രീതി.

2. ടാസ്മേനിയ.

3. ന്യൂസീലൻഡ്.

പ്രായോഗികാഭ്യാസങ്ങൾ.

## ഭാഗം IV

1. ആഫ്രിക്ക.

പ്രാരംഭം.

(എ) വൈരുദ്ധ്യങ്ങളുടെ ഭൂഖണ്ഡം.

(ബി) ആഫ്രിക്കയെ പരിഷ്കൃതമാക്കുന്നതിനുള്ള ശ്രമങ്ങൾ.

(സി) കോംഗോ നദീതടം.

(ഡി) നൈൽനദീതടം—സൂയസ്—കെയ്റോ.

(ഇ) ദക്ഷിണാഫ്രിക്ക, കാലാവസ്ഥയും, സസ്യങ്ങളും, കേപ്പ് ആഫ് ഗുഡ്ഹോപ്പ്, സൂഡാൻ, ലൈബീരിയ, നൈജീരിയ, എത്യോപ്യ

(എഫ്) വര്‍ണ്ണവിവേചനം, ഡച്ചുകാരുടേയും, ബ്രിട്ടീഷുകാരുടേയും കുടിയേററം.

പ്രായോഗികാഭ്യാസങ്ങൾ.

## ഭാഗം V ✓

## യൂറോപ്പ്.

കിടപ്പ്, ഭൂപ്രകൃതി, കാലാവസ്ഥ.

### (എ) ബ്രിട്ടീഷ് ദ്വീപുകൾ.

കിടപ്പ്, കാലാവസ്ഥ, സസ്യങ്ങൾ, ജനസംഖ്യ, ലണ്ടൻനഗരം.

### (ബി) ഫ്യൂഡൽ വ്യവസ്ഥ.

വ്യാവസായിക വിപ്ലവം.
ലോകമഹായുദ്ധങ്ങൾ.

ഫ്രാൻസ്.

സംക്ഷിപ്തചരിത്രം, പാരീസ്നഗരം.

ജർമ്മനി.

ഏകീകരണം—ബിസ്മാർക്ക്
ഒന്നാം ലോകമഹായുദ്ധം.
രണ്ടാം ലോകമഹായുദ്ധവും, ജർമ്മനിയുടെ വിഭജനവും.

ഇററലി.

റോംനഗരം.
റോമാ സാമ്രാജ്യം,
ആധുനിക കാലം,
ഫാസിസം.

45-87.



ഗ്രീസ്.

നഗര രാഷ്ട്രങ്ങൾ, ഒളിമ്പിക്ക് മത്സരങ്ങൾ.

സ്വിററ്സർലൻഡ്—സഞ്ചാരികളുടെ സ്വർഗ്ഗം

സോവിയററു യൂണിയൻ.

സാർഭരണം.

ലെനിനും സ്റ്റാലിനും.

പ്രായോഗികാഭ്യാസങ്ങൾ.

## ഭാഗം VI

വടക്കേ അമേരിക്ക.

സ്ഥാനം.

കാലാവസ്ഥ.

പ്രദേശങ്ങളും തൊഴിലുകളും:

(1) ടൺഡ്രാപ്രദേശം.

(2) സ്‌തൂപികാഗ്രിതവനപ്രദേശം.

(3) പ്രയറിപ്രദേശം.

(4) കിഴക്കേ കാനഡ.

(5) തെക്കുകിഴക്കേ തോട്ടക്കൃഷിപ്രദേശം.

(6) മെഡിററനേനിയൻ കാലാവസ്ഥാപ്രദേശങ്ങൾ.

കാനഡ.

ഭൂപ്രകൃതി, വ്യവസായം, പഞ്ചമഹാതടാകങ്ങൾ.

ഐക്യനാടുകൾ.

(എ) കാളണികൾ

(ബി) വ്യവസായവും കൃഷിയും.

(സി) ഭരണം.

മെക്സിക്കോ.

വെസ്ററു് ഇൻഡീസ് ദ്വീപുകൾ.

പൊതുവിവരണം.

(എ) ഹിസ്പാനിയോള.

(ബി) പോർട്ടോറിക്കോ.

(സി) ജമൈക്ക.

(ഡി) കുബാ.

പ്രായോഗികാഭ്യാസങ്ങൾ.

## ഭാഗം VII

### തെക്കേ അമേരിക്ക.

സ്പെയിനിൻേറയും പോർച്ചുഗലിൻെറയും കുടിയേററം.

തെക്കെ അമേരിക്കയിലെ സ്വാതന്ത്ര്യസമരം.

(എ) സൈമൺ ബോളിവർ.

(ബി) സാൻമാർട്ടിൻ.

(സി) മൺട്രോസിദ്ധാന്തം.

ആൻഡീസ് പർവ്വതങ്ങളുടെ നാട്ടു്.

ബ്രെസീൽ.

ആർജൻറീന.

ചിലി.

പ്രായോഗികാഭ്യാസങ്ങൾ.

4587.

# ഭാഗം I.

## നമ്മുടെ അയൽരാജ്യക്കാർ

### 1. സിലോൺ

ഇൻഡ്യയുടെ തെക്കുഭാഗത്തു് ഇൻഡ്യൻ മഹാസമുദ്രത്തിൽ സ്ഥിതിചെയ്യുന്ന വലിയ ഒരു ദ്വീപാണു് സിലോൺ. വളരെ കാലങ്ങൾക്കുമുമ്പു് ഇൻഡ്യയുടെ തെക്കേയററം സിലോണുമായി ബന്ധിച്ചുകിടന്നിരുന്നുവെന്നു് അനുമാനിക്കേണ്ടിയിരിക്കുന്നു. തുടർച്ചയായി ഒരു പാലത്തിൻെറ ഭാഗങ്ങൾപോലെ പാറക്കെട്ടുകൾ ഈ രണ്ടു രാജ്യങ്ങൾക്കും ഇടയ്ക്കു് സമുദ്രത്തിൽ കാണാം. സിലോണും ഇൻഡ്യയുംതമ്മിൽ ഏററവും കുറഞ്ഞദൂരം ഇരുപത്തിരണ്ടു മൈലാണു്. സിലോണിലേക്കു് ധനുഷ്ക്കോടിയിൽ നിന്നാണു് നാം കപ്പൽ കയറുന്നതു്. പുരാണപ്രസിദ്ധമായ ലങ്ക ഈ ദ്വീപാണെന്നു് കരുതപ്പെടുന്നു.

ഭൂപ്രകൃതിയും കാലാവസ്ഥയും.

മദ്ധ്യഭാഗത്തു് പർവ്വതവും അതിനുചുററും വിശാലമായിക്കിടക്കുന്ന തീരപ്രദേശവും കൂടിയതാണു് സിലോൺ. ഏററവും ഉയന്ന പവ്വതശിഖരത്തിനു് 8,000 അടി ഉയരമുണ്ടു്.

സിലോൺ ഭൂമദ്ധ്യരേഖയോടടുത്തായതുകൊണ്ടു് ഉഷ്ണപ്രദേശമാണു്. എങ്കിലും ചുററുമുള്ള സമുദ്രം ഇതിൻെറ കാലാവസ്ഥയെ നിയന്ത്രിക്കുന്നു. തെക്കുപടിഞ്ഞാറൻ മൺസൂൺ കാററുകൊണ്ടു്, സിലോണിൻെറ പടിഞ്ഞാറും തെക്കുപടിഞ്ഞാറും ധാരാളം മഴ കിട്ടുന്നു. വടക്കുകിഴക്കൻ മൺസൂൺ കാററുകൾവഴി വടക്കുകിഴക്കും, പവ്വതങ്ങളുടെ കിഴക്കേ ചരിവിലും മഴ ലഭിക്കുന്നുണ്ടു്. വടക്കുഭാഗത്തു് നീരാവി വഹിക്കുന്ന കാററിനെ തടഞ്ഞു നിറുത്തത്തക്ക പവ്വതങ്ങൾ ഇല്ലാത്തതുകൊണ്ടു്, മഴ വളരെ കുറവാണെന്നു പറയാം. തൻമൂലം വരണ്ട പ്രദേശമാണിതു്.

മഴയുടെ ഏററക്കുറവനുസരിച്ച് സിലോണിൽ വൻ കാടുകളും, കുററിച്ചെടികളും പുൽത്തകിടികളും കാണുന്നു. ഇംഗ്ലീഷുകാരുടെ ആഗമനത്തിനുമുമ്പ് സിലോണിലെ പർവ്വതഭാഗം വൻ കാടുകൾ ആയിരുന്നു.

എന്നാൽ, ഇന്ന് അവയെല്ലാം റബ്ബർത്തോട്ടങ്ങളും തേയില ത്തോട്ടങ്ങളും ആയി മാറിയിരിക്കുകയാണ്. വർഷപാതം കൂടുതലുള്ള പടിഞ്ഞാറൻ ഭാഗത്താണ് റബ്ബർത്തോട്ടങ്ങൾ. സിലോണിലെ തപാൽസ്റ്റാമ്പിൽ തേയില പറിക്കുന്നതും റബ്ബർ പ്പാലെടുക്കുന്നതും ചിത്രീകരിച്ചിരിക്കുന്നതു കാണാം. സിലോണിൽ ഈ രണ്ടു തൊഴിലിൻേറയും പരമമായ പ്രാധാന്യത്തെയാണ് ഇതു കാണിക്കുന്നതു്. സിലോണിലെ കാൻഡിനഗരത്തിൻേറ വടക്കുഭാഗത്തും വടക്കുകിഴക്കുഭാഗത്തും കൊക്കോച്ചെടികളും കാപ്പിച്ചെടികളും കൃഷിചെയ്തുവരുന്നു.

ഇവിടത്തെ ചില പാറകളിൽനിന്നു് പലതരം രത്നങ്ങൾ കിട്ടുന്നുണ്ടു്. രത്നപുരത്തിനടുത്തുള്ള താഴ്‌വരകൾ ഇവയ്ക്കു് പ്രസിദ്ധമാണു്.

സിലോണിലെ പുരാതന തലസ്ഥാനമാണ് കാൻഡി. ഇന്നത്തെ തലസ്ഥാനമായ കൊളംബോയിൽനിന്നു് കാൻഡിയിലേക്കു് എഴുപത്തിരണ്ടുമൈൽ ദൂരമുണ്ടു്. പർവ്വതത്തിലുള്ള നുവര എലിയ എന്ന സ്ഥലം ഒരു സുഖവാസകേന്ദ്രമാണു്.

തീരപ്രദേശത്തിൻേറ പടിഞ്ഞാറും തെക്കുപടിഞ്ഞാറും ഭാഗങ്ങളിൽ ധാരാളം മഴയുണ്ടെന്നു പറഞ്ഞല്ലോ. ഈ ഭാഗത്തു് നെൽക്കൃഷി പ്രധാനമാണു്. ഇരുപ്പു നിലങ്ങളാണവിടെ. നെൽപ്പാടങ്ങൾ കഴിഞ്ഞ് പർവ്വതഭാഗത്തോടടുക്കുന്തോറും തെങ്ങ് കവുങ്ങ്, മാവ്, പ്ലാവ് മുതലായവകാണാം. കുരുമുളകു ചെടിയും ഈ ഭാഗത്തു കൃഷിചെയ്തുവരുന്നു.

ഈ ഭാഗത്തെ തീരപ്രദേശങ്ങളിൽ തൊണ്ടു് പാകപ്പെടുത്തിയെടുക്കുന്നതിനു പററിയ കായലുകളുണ്ടു്. അതിനാൽ കയർ വ്യവസായം ഇവിടെ പ്രധാനമാണു്. സിലോൺ കൊപ്രായ്ക്കും

വെളിച്ചെണ്ണയ്ക്കും വിദേശവിപണികളുണ്ട്. പാക്കു് (അടയ്ക്ക) പല രൂപത്തിലാക്കി കയററുമതിചെയ്യുന്നു. കറുവാത്തൊലി (കറുവാപ്പട്ട) ക്കു പ്രസിദ്ധമാണു് സിലോൺ.

മത്സ്യബന്ധനം കടലോരങ്ങളിൽ ഒരു പ്രധാനതൊഴിലാണു്. ആ തൊഴിൽകൊണ്ടു് അനേകം പേർ ജീവിക്കുന്നു.

സിലോണിൻെറ വടക്കുഭാഗം അല്പം വരണ്ട പ്രദേശമാണു്. ഇവിടെ കുളങ്ങളിൽനിന്നുള്ള വെള്ളം ഉപയോഗിച്ചാണു് വയലുകൾ നനയ്ക്കുന്നതു്. ഈ പ്രദേശത്തു കാണുന്ന പ്രധാനവൃക്ഷം പനയാകുന്നു. പുകയിലക്കൃഷിയാണു് ഇവിടെ അധികം. ജാഫ്നാ പുകയില പ്രസിദ്ധമാണല്ലോ. ഈ പ്രദേശത്തെ പ്രധാനപ്പെട്ട പട്ടണവും ജാഫ്നാ തന്നെ.



കൊളംബോ:—സിലോണിന്റെ തലസ്ഥാനമാണ് കൊളംബോ. പ്രധാന തുറമുഖവുമാണത്. കൃത്രിമനൗകാശയമാണ് അവിടെയുള്ളത്. ബാംബെ പോലുള്ള സ്വാഭാവിക നൗകാശയമല്ല കൊളംബോയിൽ. കിഴക്കോട്ടും പടിഞ്ഞാറോട്ടുമുള്ള സമുദ്രഗതാഗതമാർഗ്ഗത്തിലെ വലിയ താവളമാണ് കൊളംബോ എന്നു പറയാം.

കൊളംബോയിൽനിന്ന് സിലോണിലെ എല്ലാ പട്ടണങ്ങളിലേക്കും തീവണ്ടിവഴി എത്താം. നല്ല റോഡുകളുമുണ്ട്. അതിനാൽ സിലോണിലെ എല്ലാ പ്രധാന ഭാഗങ്ങളിലേക്കും യാത്രചെയ്യുവാനും സാമാനങ്ങൾ കയററിക്കൊണ്ടു പോകുവാനും സൗകര്യമുണ്ട്.

ജനങ്ങൾ:—സിംഹളന്മാരാണ് അവിടത്തെ ജനങ്ങൾ അധികവും. അവർ ബുദ്ധമതക്കാരാണ്. ബുദ്ധമതത്തിന്റെ ആദ്യകാലത്തുതന്നെ ആ മതം അവിടെ പ്രചരിച്ചതായികാണുന്നു. കാൻഡിയിലുള്ള ദന്തവിഹാര (Temple of Tooth) ത്തിൽ ശ്രീബുദ്ധന്റെ ഒരു പല്ല് സൂക്ഷിക്കപ്പെട്ടുവരുന്നു. ലോകത്തുള്ള ബുദ്ധമതക്കാർക്ക് അതൊരു പുണ്യക്ഷേത്രവും തീർത്ഥാടന കേന്ദ്രവും ആണ്.

സിലോണിന്റെ വടക്കുഭാഗത്ത് അധികവും തമിഴരാണ്. അവർ പണ്ടേ അവിടെ താമസിച്ചുവരുന്നു. സിലോണിലുള്ള തേയിലത്തോട്ടങ്ങളിലും റബ്ബർത്തോട്ടങ്ങളിലുംമററും തൊഴിലാളികളായി ഇൻഡ്യയിൽനിന്ന് തമിഴർ അവിടെ പ്രവേശിച്ചിട്ടുണ്ട്.

സിലോണിലെ രാഷ്ട്രഭാഷ സിംഹളമാണ്. വടക്കുഭാഗത്തുള്ള തമിഴർ തമിഴ് സംസാരിക്കുന്നു.

തൊഴിലാളികളുടേയും മററും അനിയന്ത്രിതമായ കുടിയേററം ഇന്ന് സിലോൺ ഗവണ്മെൻറ് തടഞ്ഞിരിക്കുകയാണ്.

പാശ്ചാത്യരായ വിദേശികളിൽ പോർച്ചുഗീസുകാർ, ഡച്ചുകാർ, ഇംഗ്ലീഷുകാർ എന്നിവർ അവിടെ പ്രവേശിച്ചു. അവസാനം സിലോൺ ഇംഗ്ലീഷുകാരുടെ വകയായിത്തീർന്നു.

അതു് ഒരു ക്രൌൺ കാളണിയായിരുന്നു. 1947-ൽ സിലോൺ സ്വാതന്ത്ര്യമായി.

ഇൻഡ്യാക്കാരുടെ പ്രശ്നം.

സിലോണിൽ ഉദ്യോഗസ്ഥന്മാരായിട്ടും കച്ചവടക്കാരായിട്ടും തൊഴിലാളികളായിട്ടും അനേകം ഇൻഡ്യാക്കാർ താമസിക്കുന്നുണ്ടു്. അവർ സ്വദേശത്തേയ്ക്കു് ധാരാളം പണം അയച്ചു വന്നിരുന്നു. ഇന്നിപ്പോൾ ഒരു നിശ്ചിത തുക മാത്രമേ അങ്ങനെ അയയ്ക്കുവാൻ അനുവാദമുള്ളു. വിശേഷിച്ചു് അവിടെ താമസിക്കുന്ന ഇൻഡ്യാക്കാർ സിലോൺ പൌരത്വം സ്വീകരിക്കുകയോ സിലോൺ വിടുകയോ ചെയ്യണമെന്നുള്ള കല്പനയും ഉണ്ടായി. ഇൻഡ്യൻ നേതാക്കന്മാരുടെ ഇടപെടൽമൂലം അതിനിപ്പോൾ അല്പം അയവുവന്നിട്ടുണ്ടു്.

ഇന്നു് സിലോണിലെ പ്രധാനമന്ത്രിസ്ഥാനം വഹിക്കുന്ന മഹതിയാണു് ലോകത്തിലെ ഒന്നാമത്തെ വനിതാ പ്രധാന മന്ത്രി.

## 2. പാക്കിസ്ഥാൻ

1947 ആഗസ്റ്റിൽ ഇൻഡ്യയ്ക്കു് പരിപൂർണ്ണ ഭരണസ്വാതന്ത്ര്യം കിട്ടി. അപ്പോൾത്തന്നെയാണു് പാക്കിസ്ഥാനും സംജാതമായതു്. പഞ്ചാബിനെ രണ്ടായി ഭാഗിച്ചു് അതിൻെറ പടിഞ്ഞാറുഭാഗവും സിൻഡും ബലൂചിസ്ഥാനും വടക്കുപടിഞ്ഞാറൻ അതിർത്തിപ്രദേശവും, ഇൻഡ്യയുടെ വടക്കുകിഴക്കുഭാഗത്തുള്ള ബംഗാളിനെ ഭാഗിച്ചു് അതിൻെറ കിഴക്കുഭാഗവും ആസ്സാമിലെ സിൽഹട്ടു് ജില്ലയും കൂട്ടിച്ചേർത്താണു് പുതിയ രാഷ്ട്രമായ പാക്കിസ്ഥാൻ രൂപീകരിച്ചതു്. പശ്ചിമ പാക്കിസ്ഥാനും പൂർവ്വപാക്കിസ്ഥാനും പരസ്പരം 1,100 മൈൽ അകലെ കിടക്കുന്നു. ഇതിനിടയ്ക്കുള്ള ഭാഗം ഇൻഡ്യയാണു്. പശ്ചിമ പാക്കിസ്ഥാനിൽനിന്നും ഇൻഡ്യയിൽക്കൂടി കടന്നുവേണം പൂർവ്വ പാക്കിസ്ഥാനിലേയ്ക്കു് തീവണ്ടിമാർഗ്ഗം എത്തുവാൻ. പാക്കിസ്ഥാൻ എന്ന വാക്കിൻെറ അർത്ഥം ''പുണ്യഭൂമി'' എന്നാകുന്നു.

ഇതു് ലോകത്തിലെ മുസ്ലീം രാഷ്ട്രങ്ങളിലൊന്നാണു്. ജനസംഖ്യ ഏഴരക്കോടിയിലധികമുണ്ടു്. ഇവിടത്തെ ജനസാന്ദ്രത ഒരു ചതുരശ്ര മൈലിനു് ഇരുന്നൂറിൽപ്പരമാണു്.




നദികളും കാലാവസ്ഥയും.


പശ്ചിമ പാക്കിസ്ഥാനിൽക്കൂടി സിന്ധുനദിയും അതിൻെറ പോഷകനദികളായ ഝലം, ചിനാബ്ബ്, രവി, ബീയസ്, സട്ലജ് എന്നിവയും ഒഴുകുന്ന. ഇവയിൽ ബീയസ്, സട്ലജ് എന്നിവ കുറേ ദൂരം ഇൻഡ്യയിൽക്കൂടിയും ഒഴുകുന്നുണ്ട്. അഞ്ചു് നദികൾ ഒഴുകുന്നതുകൊണ്ടാണു് ഈ ഭാഗത്തിനു് പഞ്ചാബ്ബ് എന്ന പേർ ലഭിച്ചതു്. ഈ നദികൾമൂലം ഗതാഗത സൗകര്യങ്ങൾ വർദ്ധിച്ചിട്ടുണ്ട്. സിന്ധു നദീതടത്തിൽ, ജലസേചനം കൊണ്ടു് കൃഷി അത്യധികം പുരോഗമിച്ചിരിക്കുന്നു. മഴ ഇവിടെ കുറവാണു്. പാക്കിസ്ഥാൻെറ തെക്കുഭാഗമായ സിൻഡ്, ജലസേചന പദ്ധതികൾ ഇല്ലാതിരുന്നെങ്കിൽ, ഒരു മരുപ്രദേശമായിരുന്നേനേ. സിന്ധു നദിയിൽ 'സുക്കൂർ' എന്ന സ്ഥലത്തു് ബ്രിട്ടീഷ് ഭരണകാലത്തു് ഒരു അണകെട്ടി 75 ലക്ഷം ഏക്കർ സ്ഥലം കൃഷിക്കുപയുക്തമായിത്തീർന്നു. ലോകത്തിലെ വൻപിച്ച ജലസേചനപദ്ധതികളിൽ ഒന്നാണിതു്. ഈ അണക്കെട്ടിലെ വെള്ളം ഉപയോഗിച്ചാണു് സിൻഡിൽ നെൽക്കൃഷി ചെയ്യുന്നതു്. പഞ്ചാബിൽ ശീതകാലത്തു് ഗോതമ്പു കൃഷി ചെയ്യുന്നു. അവിടത്തെ കാലാവസ്ഥ ഗോതമ്പുകൃഷിക്കു് അനുകൂലമാണു്. മഴ ആരംഭിക്കുന്നതു് ഗോതമ്പു വിളഞ്ഞു പഴുക്കുമ്പോൾ മാത്രമാണു്. പശ്ചിമ പാക്കിസ്ഥാൻെറ ഏക

തുറമുഖം കറാച്ചി ആകുന്നു. സിന്ധു നദീമുഖത്തുനിന്നും കുറച്ചു വടക്കോട്ടുമാറിയാണ് കറാച്ചി സ്ഥിതിചെയ്യുന്നതു്. ഇവിടത്തെ കയററുമതി സാധനങ്ങൾ പ്രധാനമായും ഗോതമ്പ്, പഞ്ഞി, എണ്ണക്കുരുക്കൾ, പയറുവർഗ്ഗങ്ങൾ, തുകൽ എന്നിവയാണ്. വളരെ അടുത്ത കാലംവരെ കറാച്ചി പാക്കിസ്ഥാൻെറ തലസ്ഥാനം ആയിരുന്നു. ഈ നഗരം നല്ല ഒരു വിമാനത്താവളം കൂടിയാണ്. ഇപ്പോൾ പാക്കിസ്ഥാൻെറ തലസ്ഥാനം റാവൽപിണ്ടിയിലേയ്ക്കു മാററിയിട്ടുണ്ടു്.

പശ്ചിമ പാക്കിസ്ഥാൻ:— ഭരണസൗകര്യത്തിനുവേണ്ടി ഏതാനും സംസ്ഥാനങ്ങളായി വിഭജിച്ചിരുന്നു. പശ്ചിമ പഞ്ചാബ്, സിൻഡ്, വടക്കുപടിഞ്ഞാറേ അതിർത്തിപ്രദേശം, ബലൂചിസ്ഥാൻ എന്നിവയാണ് ആ വിഭാഗങ്ങൾ. പക്ഷെ, ഇപ്പോൾ അവ നാലും ഏകീകരിച്ചിരിക്കുകയാണ്.

പൂർവ്വ പാക്കിസ്ഥാൻ.— വടക്കു് ആസ്സാമും പശ്ചിമ ബംഗാളും, പടിഞ്ഞാറ് പശ്ചിമ ബംഗാളും, തെക്കു് ബംഗാൾ ഉൾക്കടലും, കിഴക്കു് ആസ്സാമും പൂർവ്വപാക്കിസ്ഥാൻെറ അതിർത്തികളാകുന്നു. പശ്ചിമ പാക്കിസ്ഥാൻപോലെതന്നെ ഇതും ഒരു സമതലപ്രദേശമാണ്. ഈ സമതലം ഗംഗാ, ബ്രഹ്മപുത്ര എന്നീ നദികളുടെ തടപ്രദേശമായതിനാൽ വളരെ ഫലവത്താണ്. പാക്കിസ്ഥാൻെറ മററു ഭാഗങ്ങളെ അപേക്ഷിച്ചു് ജനസാന്ദ്രത ഇവിടെ വളരെ കൂടിയിരിക്കുന്നു. ഒരു ചതുരശ്രമൈലിൽ ശരാശരി എണ്ണൂറ് ആളുകൾ പാർക്കുന്നുണ്ടു്. ഇവിടത്തെ പ്രധാന കാഷികോൽപ്പന്നങ്ങൾ നെല്ലും ചണവുമാണ്. പഴയ ബംഗാൾ രണ്ടായി വിഭജിക്കപ്പെട്ടതോടുകൂടി കൽക്കത്തയിലുള്ള ചണ മില്ലുകൾക്കു് ആവശ്യമുള്ള ചണം കിട്ടാതെയായി. ചണക്കൃഷിയുടെ മുഖ്യകേന്ദ്രം പൂർവ്വപാക്കിസ്ഥാനിൽപ്പെടുന്ന കിഴക്കേ ബംഗാളിലായിപ്പോയതുകൊണ്ടാണ് ചണത്തിന് ദൗർലഭ്യം നേരിട്ടതു്. ഗംഗാ, ബ്രഹ്മപുത്ര എന്നീ നദികളുടെ ഡൽററ പ്രദേശമായതുകൊണ്ടു് ജല ഗതാഗതത്തിനു് ഇവിടെ വളരെ സൗകര്യം ഉണ്ടു്. പൂർവ്വ പാക്കിസ്ഥാനിലെ പ്രധാന തുറമുഖം ചിററഗോംഗ് ആണ്.

പൂർവ്വ പാക്കിസ്ഥാൻെറ തലസ്ഥാനമായ ഡാക്ക ഒരു റയിൽവേ കേന്ദ്രവും കൂടിയാണ്.




രാജ്യഭരണം.—1947–ൽ പാക്കിസ്ഥാൻ ഒരു പുതിയ രാഷ്ട്രമായിത്തീൎന്നെങ്കിലും 1956–ൽ മാത്രമാണ് ആ രാജ്യത്തിനു് ഒരു ഭരണഘടന ഉണ്ടാക്കാൻ സാധിച്ചതു്.

1958–ൽ പ്രസിഡൻറു് 'ഇസ്കന്ദർ മിഴ്സ' രാജ്യത്തെങ്ങും സൈനികനിയമം പ്രഖ്യാപിച്ചു. മന്ത്രിസഭയും പാർലമെൻറും പിരിച്ചുവിട്ടു. എല്ലാ രാഷ്ട്രീയപ്പാർട്ടികളെയും നിരോധിച്ചു. പാക്കിസ്ഥാനിലെ സേനാനായകനായിരുന്ന അയൂബ്ഖാൻ രാജ്യഭരണത്തിനുള്ള 'ജനറൽ' ആയി നിയമിക്കപ്പെട്ടു. എന്നാൽ ജനറൽ അയൂബ്ഖാൻ പാക്കിസ്ഥാനിലെ സ്വേച്ഛാധിപതിയായി സ്വയം പ്രഖ്യാപിച്ചുകൊണ്ടു് പ്രസിഡൻറു് ഇസ്കന്ദർ മിഴ്സയെ ആ സ്ഥാനത്തുനിന്നും പിരിച്ചയച്ചു പ്രസിഡൻറായിത്തീർന്നു.

## 3. ബർമ്മ

1937 വരെ ഇന്ത്യാസാമ്രാജ്യത്തിൻെറ ഒരു ഭാഗമായിരുന്നു ബർമ്മ. 1937-ൽ ബമ്മയെ ഇന്ത്യയിൽനിന്നു് വേർപെടുത്തി അതിൻെറ ഭരണം ഒരു ഗവർണ്ണരുടെ കീഴിലാക്കി. 1948 ജനവരി 4-നു് ബ്രിട്ടീഷ് ഗവർണ്ണർ ബമ്മാറിപ്പബ്ലിക്കിൻെറ ആദ്യത്തെ പ്രസിഡൻറിന്നു അധികാരം കൈമാററം ചെയ്തു. അന്നുമുതൽ ആ രാജ്യം സ്വതന്ത്രറിപ്പബ്ലിക്കാണു്. കാറത്തിസ്റ്റേററു്, ഷാൻസ്റ്റേററു്, കച്ചിൻസ്റ്റേററു് എന്നിവ ഉരംപ്പെടുന്നതാണു് ബമ്മായൂണിയൻ.

വലിയ പവ്വത നിരകരം ബമ്മയെ ഇന്ത്യയിൽ നിന്നു് വേർപെടുത്തിയിരിക്കുന്നു. ഇന്ത്യയിൽനിന്നു് ബമ്മയിലേക്കു് മുമ്പു് ഗതാഗതസൗകര്യങ്ങരം ഉണ്ടായിരുന്നില്ല. രണ്ടാം ലോകമഹായുദ്ധകാലത്തു്, 1941 അവസാനം, ജപ്പാൻകാർ ബർമ്മ പിടിച്ചടക്കി. 1945-ൽ അവർ അവിടെനിന്നും തുരത്തപ്പെട്ടു. ഇംഗ്ലീഷ്–അമേരിക്കൻ ഐക്യസേനകരം ബമ്മയിലേയ്ക്കു് സൈന്യങ്ങളേയും മററും കൊണ്ടുപോകുന്നതിനു് മണിപ്പൂർവഴി റോഡുവെട്ടുകയുണ്ടായെങ്കിലും ആ മലമ്പാതകരം സ്ഥിരമായ ഗതാഗതത്തിനു് നിരുപയോഗങ്ങളാണു്. ഇന്ത്യയിൽനിന്നു് വിമാനമാർഗ്ഗമായും കപ്പൽമാർഗ്ഗമായും അവിടെ എത്തിച്ചേരുവാൻ കഴിയും.

കുന്നുകളും പവ്വതങ്ങളും കൊണ്ടു നിറഞ്ഞ രാജ്യമാണു് ബമ്മായൂണിയൻ. പവ്വതങ്ങരം വടക്കുനിന്നു് തെക്കോട്ടു് നീണ്ടുകിടക്കുന്നു. നദികരം വടക്കെ പവ്വതനിരകളിൽ നിന്നു് പുറപ്പെട്ടു് തെക്കോട്ടൊഴുകി ബംഗാരം ഉരംക്കടലിൽ വീഴുന്നു.

ആരക്കാൻ യോമ, പെഗുയോമ എന്ന രണ്ടു പവ്വതനിരകരം നെടുനീളം കിടക്കുന്നു. ഐരാവതി നദി വടക്കുനിന്നു് തെക്കോട്ടൊഴുകി ബംഗാരം ഉരംക്കടലിൽ വീഴുന്നു. പതനസ്ഥലത്തുനിന്നു് ആയിരം മൈൽവരെ ഈ നദിയിലൂടെ ചെറുതരം കപ്പലുകരംക്കു് പോകാവുന്നതാണു്. അതിൻെറ പോഷകനദിയായ ചീൻഡ്വിൻ നദിയിലൂടെയും ചെറുതരം കപ്പലുകരംക്കു് അനേകം മൈൽ

ഉൾപ്രദേശത്തേയ്ക്കു് പോകാം. മററു ചെറിയ പോഷകനദികളും സഞ്ചാരയോഗ്യമാണു്. വനത്തിൽനിന്നു് വെട്ടിവീഴ്ത്തുന്ന തടികൾ ഈ പോഷകനദികളിലൂടെ ഐരാവതിയിലേയ്ക്കും ചീൻഡ്വിലേയ്ക്കും കൊണ്ടുവരുന്നു.

കാലാവസ്ഥ:— മദ്ധ്യബർമ്മ ഒരു പീഠഭൂമിയാണു്. ഇവിടെ തീരങ്ങളെ അപേക്ഷിച്ചു് മഴ കുറവാണെങ്കിലും സാമാന്യമായ വർഷപാതമുണ്ടു്. തെക്കുപടിഞ്ഞാറൻ മൺസൂൺമൂലം തീര പ്രദേശങ്ങളിൽ ധാരാളം മഴ ഉണ്ടാകുന്നു. ശീതകാലത്തു് വടക്കോട്ടു പോകുന്തോറും ശൈത്യം കൂടിവരുന്നു.

ഇന്ത്യയെ അപേക്ഷിച്ചു് ബർമ്മയിൽ ജനസാന്ദ്രത കുറവാണു്. വനങ്ങൾ വെട്ടിത്തെളിച്ചു് താമസിക്കത്തക്ക ജനപ്പെരുപ്പം ബർമ്മയിൽ ഇല്ല. മലകളും കുന്നുകളും വനങ്ങൾകൊണ്ടു് നിറഞ്ഞിരിക്കുന്നു. അവയെ മൺസൂൺ വനങ്ങൾ എന്നുപറയുന്നു. കാടുകളിൽനിന്നു് തേക്കു് മുതലായ വൻമരങ്ങൾ വെട്ടി ആനകളുടെ സഹായത്തോടുകൂടി നദികളിൽ തള്ളിവിട്ടു് ഉദ്ദിഷ്ട സ്ഥാനത്തു് എത്തിയ്ക്കുന്നു. വിലപിടിപ്പുള്ള പലതരം തടികൾ ഇവിടെനിന്നു കയററി അയയ്ക്കുന്നുണ്ടു്.

ഭൂപ്രകൃതി:—

ഭൂപ്രകൃതി അനുസരിച്ചു് നോക്കുമ്പോൾ ബർമ്മയിൽ രണ്ടു തീരപ്രദേശങ്ങളുണ്ടു്—ആരക്കാൻ, ടനാസറിം. ബംഗാൾ ഉൾക്കടലിനെ അഭിമുഖീകരിച്ചു് കിടക്കുന്ന പ്രദേശങ്ങളാണിവ. ആരക്കാൻ പ്രദേശത്തു ഉദ്ദേശം പത്തിൽ ഒരുഭാഗം സ്ഥലത്തു മാത്രമേ കൃഷിയുള്ളു. ബാക്കി ഭാഗങ്ങളിൽ കുറെ തരിശായി കിടക്കുന്നു. കുറെ ഭാഗം വനവും മുളങ്കാടും കൊണ്ടു് നിറഞ്ഞിരിക്കുന്നു. തെക്കുപടിഞ്ഞാറൻ മൺസൂൺ കാററുമൂലം ഈ പ്രദേശത്തു് മഴ ഉണ്ടാകുന്നുണ്ടു്. നെൽക്കൃഷിയാണു് ഇവിടെ പ്രധാനം. അക്യാബ് ഇവിടത്തെ തുറമുഖവും പട്ടണവുമാണു്. ഈ തുറമുഖവും ഉൾപ്രദേശവുമായി ബന്ധിപ്പിക്കുന്ന തീവണ്ടിപ്പാളങ്ങളില്ല.

ടെനാസറിം പ്രദേശത്തും വൻകാടുകൾ ഉണ്ടു്. മൺസൂൺ മഴ ഇവിടെയും കൂടുതലാണു്. നെൽക്കൃഷിയാണു് പ്രധാനം. ഉയർന്ന പ്രദേശങ്ങളിൽ റബ്ബർത്തോട്ടങ്ങളുണ്ടു്.

തീരപ്രദേശങ്ങറം കഴിഞ്ഞു് കിഴക്കോട്ടു മാറിയാൽ മലമ്പ്രദേശമാണു്. ജനവാസം ഇവിടെ ചുരുക്കമാണു്. ചിൻ വർഗ്ഗക്കാർ ഇവിടെ കഠിനാദ്ധ്വാനം ചെയ്തു ജീവിക്കുന്നു. ഷാൻ പീഠഭൂമിയിൽ ജനവാസം കുറവാണു്. വടക്കു ഭാഗത്തുള്ള പർവ്വത പ്രദേശത്തും ജനവാസം ചുരുക്കംതന്നെ. പർവ്വതപ്രദേശത്തുനിന്നു് ഉള്ളിലേക്കുമാറി വരണ്ട പ്രദേശം കിടക്കുന്നു. ഇവിടെ താരതമ്യേന മഴ കുറവാണു്. ഇവിടെ പരുത്തി, കപ്പലണ്ടി, ഒരുതരം അമര മുതലായവ കൃഷി ചെയ്തുവരുന്നു. ജലസേചനംവഴി നെൽക്കൃഷിയും നടത്തിവരുന്നു. വരണ്ട ഈ പ്രദേശത്താണു് ബർമ്മയിലെ എണ്ണ ഖനികറം. ഇവിടെനിന്നു് എണ്ണ പൈപ്പുവഴി റംഗൂണിലുള്ള ശുദ്ധീകരണ ശാലകളിലേക്കും അവിടെനിന്നു് മണ്ണെണ്ണ, പെട്രോറം, മുതലായതു് ലോകത്തിന്റെ പല ഭാഗങ്ങളിലേയ്ക്കും അയയ്ക്കുന്നു. ഈ പ്രദേശമാണു് ബർമ്മയുടെ മദ്ധ്യം. അതുകൊണ്ടായിരിക്കാം പൂർവ്വകാല തലസ്ഥാനങ്ങളായ മാൻഡലെ, പാഗൺ എന്നിവ ഈ പ്രദേശത്തു സ്ഥിതി ചെയ്യുന്നതു്.

ബർമ്മയിൽ ഏററവും പ്രധാനപ്പെട്ടതാണു് ഡൽററാപ്രദേശം. ഐരാവതിനദിയുടേയും മററുചെറിയ നദികളുടേയും ഡൽററാ പ്രദേശമാണിതു്. ഫലഭൂയിഷ്ഠമായ ഈ ഭാഗത്തു് നെല്ലു് സമൃദ്ധിയായി വളരുന്നു. മണ്ണെണ്ണയ്ക്കു പുറമെ ബർമ്മയിൽനിന്നു് നെല്ലു്, തടി എന്നിവ കയററുമതി ചെയ്യുന്നു. ജനസാന്ദ്രത വളരെ കൂടുതലുള്ള പ്രദേശമാണിതു്. റംഗൂൺ ആണു് ഇവിടത്തെ പ്രധാന പട്ടണവും തുറമുഖവും. ബർമ്മയിൽ പലഭാഗത്തും ഉണ്ടാവുന്ന നെല്ലു് ശേഖരിച്ചു് വിദേശങ്ങളിലേക്കു് കയററി അയയ്ക്കുന്നതിനു് പററിയ സ്ഥലത്താണു് റംഗൂൺ. കടൽക്കരയിൽ നിന്നും ഉദ്ദേശം ഇരുപത്തഞ്ചുമൈൽ ഉള്ളിലായി റംഗൂൺനദിയുടെ കരയിലാണു് റംഗൂൺ സ്ഥിതിചെയ്യുന്നതു്. റംഗൂൺ ബർമ്മയുടെ തലസ്ഥാനവുമാണു്.

ഗതാഗതം:—ജലമാർഗ്ഗം സാധനങ്ങറം കയററിയിറക്കുന്നതിനു് ബർമ്മയിൽ വളരെ സൗകര്യമുണ്ടു്. ഐരാവതിയും ചിൻഡ്വിനും

മററു പോഷകനദികളും ഡൽററാപ്രദേശത്തുള്ള പലനദീ മുഖങ്ങളും കയററിറക്കുമതിക്കും ഗതാഗതത്തിന്നും ഉപകരിക്കുന്നു. ബർമ്മയിലെ റയിൽവേകളെല്ലാം മീറററ്ഗേജ് ആണ്. റംഗൂണിൽനിന്നു ചില ഭാഗത്തേക്കു് റയിൽവേകളുണ്ടെങ്കിലും ബർമ്മയുടെ എല്ലാ ഭാഗങ്ങളിലും റയിൽവേ വ്യാപിച്ചിട്ടില്ല. പർവ്വതനിരകൾ നിറഞ്ഞ ഭൂപ്രകൃതിയാണിതിന്നു കാരണം.

ജനങ്ങൾ:—മംഗോളിയൻ വർഗ്ഗത്തിൽപ്പെട്ടവരാണ് ബർമ്മക്കാർ. അവരിൽ അധികവും ബുദ്ധമതാനുയായികളാണ്. ചിൻ, കാരൻ, ഷാൻ മുതലായ അപരിഷ്കൃത വർഗ്ഗങ്ങൾ പലയിടങ്ങളിൽ താമസിച്ചുവരുന്നു. കച്ചവടത്തിനും പലതരം തൊഴിലുകൾക്കും അവിടെ ചെന്നുതാമസിക്കുന്ന ഇന്ത്യക്കാർ അനവധിയുണ്ടു്. കച്ചവടക്കാരായും തൊഴിലാളികളായും അനേകം ചീനരും റംഗൂണിൽ താമസിക്കുന്നുണ്ടു്.

## 4. അത്യുന്നതഭൂമികളിലെ മനുഷ്യർ.

മംഗോളിയൻ വംശജരും ഹ്രസ്വകായരും, കായികശേഷിയിലും സഹനശക്തിയിലും അദ്വിതീയരുമായ ഒരു ജനതയുടെ ജന്മഭൂമിയാണ് തിബററു്. അവർ ബുദ്ധമതക്കാരാണ്. പുരോഹിതഭരണമാണ് ഈ രാജ്യത്തിനുണ്ടായിരുന്നതു്. ഇവിടത്തെ ബുദ്ധമതസന്യാസിമാരെ ലാമകൾ എന്നു് വിളിക്കുന്നു. തിബററിലെ പുരുഷന്മാരിൽ അഞ്ചിലൊരുഭാഗം ഇത്തരംലാമകളത്രേ. ബുദ്ധമതം തിബററിൽ പ്രചരിച്ചതു് ഇന്ത്യയിൽനിന്നാണ്.

വിചിത്രങ്ങളായ അനേകം ആചാരാനുഷ്ഠാനങ്ങൾ ഈ ഭൂഭാഗത്തു് നിലവിലുണ്ടു്. അനേകം തവണ പ്രാർത്ഥന ഉരുവിടേണ്ടതിനുപകരം പ്രാർത്ഥന എഴുതി ഒരു ചക്രത്തിൽ കെട്ടി ആ ചക്രം കറക്കി ഇവർ സംതൃപ്തിയടയുന്നു.

തിബററു്.

ലോകത്തിൻെറ മററു ഭാഗങ്ങളിൽനിന്നു വേർപെട്ടു് സ്വന്തം പ്രത്യേകതകൾ പുലർത്തിപ്പോരുന്ന ഒരു രാജ്യമാണ് തിബററു്. ദുഷ്പ്രാപമായ പർവ്വതങ്ങൾ ഇതിനെ വലയം ചെയ്തിരിക്കുന്നു. ഇന്ത്യയോടു തൊട്ടടുത്തു കിടക്കുന്ന രാജ്യമെന്ന നിലയിൽ നമ്മെ സംബന്ധിച്ചിടത്തോളം തിബററിനു് കൂടുതൽ പ്രാധാന്യമുണ്ടു്.

ഹിമാലയ പർവ്വതങ്ങൾക്ക് വടക്കുമാറി മദ്ധ്യേഷ്യയിൽ പല പർവ്വതനിരകളുണ്ടല്ലോ. അവയുടെ ഇടയ്ക്കുള്ള, ഗതാഗതസൗകര്യങ്ങളൊന്നുംതന്നെയില്ലാത്ത, തിബററൻ പീഠഭൂമിക്ക് ഇംഗ്ലണ്ടിൻെറ ഒൻപതിരട്ടി വലിപ്പമുണ്ട്. പക്ഷെ വലിപ്പംകൊണ്ട് മാത്രം എന്തു പ്രയോജനം?

വടക്കേ തിബററിൽ ജനവാസം വളരെ കുറവായിരിക്കുന്നു. ഹിമാലയത്തിൻെറ ഉത്തരപാർശ്വങ്ങളുൾപ്പെടുന്ന തെക്കൻ തിബററിന് മററു ഭാഗങ്ങളെക്കാൾ ഉയരം കുറവാണ്. ഈ ഭാഗത്ത് ജനവാസം കൂടുതൽ ഉണ്ട്. തിബററിലെ ഫലപുഷ്ടിയുള്ള പ്രദേശങ്ങൾ ഇവിടെയാണ് കിടക്കുന്നത്. തിബററൻ ജനതയ്ക്കും ഹിന്ദുക്കൾക്കും ഒരുപോലെ പ്രാധാന്യമുള്ള മാനസസരസ്സ് ഇവിടെ സ്ഥിതിചെയ്യുന്നു. ഗംഗ, ബ്രഹ്മപുത്ര എന്നീനദികളും ബർമ്മയിലെ ഐരാവതി നദിയും ചൈനയിലെ പ്രധാനപ്പെട്ട ഹൊയാങ്ഹൊ, യാങ്ടിസ് എന്നീ നദികളും ഉത്ഭവിക്കുന്നത് തിബററിൽനിന്നാണ്.

ഇവിടത്തെ കാലാവസ്ഥ കഠിനമാണ്. ധ്രുവപ്രദേശത്തുള്ളത്ര ശൈത്യം ആണ്ടിൽ ആറുമാസത്തോളം ഇവിടെയുണ്ട്. ഹ്രസ്വമായ വേനൽക്കാലം തിബററിലെ കാലാവസ്ഥയുടെ പ്രത്യേകതയത്രേ.

മനുഷ്യവാസത്തിന്ന് തീരെ പററിയതല്ലെങ്കിലും ഈ ഭൂവിഭാഗം ചിലതരം മൃഗങ്ങൾക്കും പക്ഷികൾക്കും ആവാസഭൂമിയായിട്ടുണ്ട്. യാക്ക്, കുതിര, കഴുത, കോവർകഴുത, ചെമ്മരിയാട്, പന്നി മുതലായ മൃഗങ്ങൾ തിബററുകാർക്ക് നാനാപ്രകാരത്തിൽ പ്രയോജനപ്പെടുന്നു. ശീതരാജ്യങ്ങളിലെ മൃഗങ്ങൾക്ക് ധാരാളം രോമം ഉണ്ടായിരിക്കും. ഈ രോമം വസ്ത്രനിർമ്മാണത്തിന് ആവശ്യവുമാണ്. തി ബ ററു കാ ർക്ക് കമ്പിളി വസ്ത്രങ്ങളാണല്ലോ വേണ്ടത്.

ചില ദിക്കിൽ ചെറിയ തോതിൽ കൃഷിയുണ്ട്. ബാർലി ഉരുളക്കിഴങ്ങ്, പച്ചക്കറിസാധനങ്ങൾ, ആപ്പിൾ, ചെറി, ഗോതമ്പ് ആദിയായവയാണ് കാർഷികോൽപ്പന്നങ്ങൾ.

യാക്കു് എന്ന മൃഗം തിബററിൽ പ്രധാനമാണു്. അതിൻെറ തുകൽ വസ്ത്രമാണു്, മാംസം ആഹാരമാണു്, പാൽ പാനീയമാണു്. ഉണക്കിയ ചാണകക്കട്ട വിറകിൻെറ പ്രയോജനം ചെയ്യുന്നു. ഭാരം വലിക്കുന്നതിനും ഈ മൃഗങ്ങളെത്തന്നെയാണു് ഉപയോഗിക്കുന്നതു്. വളഞ്ഞുപുളഞ്ഞുകിടക്കുന്ന ഒററയടിപ്പാതകളിൽക്കൂടി ഈ മൃഗങ്ങൾ ചുമടേററി കൂട്ടംകൂട്ടമായി പോകുന്ന കാഴ്ച തിബററിൽ എവിടെയും കാണാം. ചിലരുടെ ജോലി യാക്കുകളെ മേയ്ക്കുകയാണു്.

തടി തിബററിൽ സുലഭമല്ല. തന്മൂലം ശൈത്യത്തിൽ നിന്നു് രക്ഷനേടാനായി കല്ലുകൾ അട്ടിയട്ടിയായി അടുക്കിയുണ്ടാക്കിയിട്ടുള്ള അഭയസ്ഥാനങ്ങളിലാണു് സാധാരണക്കാർ വസിക്കുന്നതു്. സ്ഥിരമായ വാസസ്ഥലമില്ലാതെ ഊരു ചുററി അലയുന്ന വർഗ്ഗക്കാർ തിബററിൽ വളരെയുണ്ടു്.

പണ്ടു് വിദേശികളെ തിബററിൽ പ്രവേശിപ്പിച്ചിരുന്നില്ല. അതുകൊണ്ടു് അന്യരാജ്യക്കാർക്കു് ആ രാജ്യത്തെപ്പററി അടുത്ത കാലംവരെ അധികം അറിവുണ്ടായിരുന്നില്ല. 'നിഗൂഢതകളുടെനാടു്' എന്നു് തിബററിനും 'വിലക്കപ്പെട്ട നഗര'മെന്നു് തലസ്ഥാനമായ ലാസയ്ക്കും അന്യരാജ്യക്കാർ പേരു നൽകിയിരുന്നു.

ചൈനയുമായുള്ള ബന്ധം.

1918 വരെ തിബററു് താത്വികമായി ചീനയുടെ ആധിപത്യത്തിലായിരുന്നു. 1918-ൽ തിബററുകാർ ഈ ആധിപത്യത്തിനു് അറുതിവരുത്തി. പിന്നീടു് 1931-ൽ ചൈനാക്കാർ കുറെ അതിർത്തി പ്രദേശങ്ങൾ കൈക്കലാക്കി. 1950-ൽ ചൈനയിലെ കമ്മ്യൂണിസ്ററു് ഗവൺമെൻറിൻെറ സൈന്യം കിഴക്കെ തിബററിൽ പ്രവേശിച്ചു. ഇടവിട്ടുള്ള ചില ഏററുമുട്ടലുകൾക്കു ശേഷം തിബററു ചൈനയുടെ മേൽക്കോയ്മ സ്വീകരിക്കേണ്ടിവന്നു. തിബററിലെ പരമാധികാരിയും പുരോഹിതശ്രേഷ്ഠനുമായ ദലൈലാമ ലാസയിൽനിന്നും നാടുവിട്ടോടി.

## 5. ഹിമാലയസാനുക്കളിലെ രാജ്യങ്ങൾ
## നീപ്പാൾ, ഭൂട്ടാൻ, സിക്കിം

(എ) നീപ്പാൾ. KHATMANDU.

ഹിമാലയത്തിൻെറ ചരിവുകളിൽ സ്ഥിതി ചെയ്യുന്ന ചില പർവ്വതരാജ്യങ്ങളുണ്ട്. തിബററിനു തൊട്ടു തെക്കു് കാശ്മീരിനു കിഴക്കു് ഹിമാലയത്തിൻെറ മദ്ധ്യനിരയ്ക്കും തെക്കെ നിരയ്ക്കും ഇടയ്ക്കു് കിടക്കുന്ന ഒരു സ്വതന്ത്രരാജ്യമാണു് നീപ്പാൾ. പുണ്യ ഭൂമി എന്നാണു് ആ വാക്കിൻെറ അർത്ഥം. ഈ രാജ്യത്തിൻെറ വടക്കുഭാഗം പർവ്വതപ്രദേശമാണു്. അവിടെയാണു് ഏററവും ഉയരമുള്ള കൊടുമുടിയായ എവറസ്റ്റ്. വടക്കേ അതിർത്തിയ്ക്കും തെക്കേ അതിർത്തിയ്ക്കും ഇടയ്ക്കു് ഗംഗയുടെ പോഷകനദികളായ ഗണ്ഡക്കു്, കോസീ മുതലായവയുടെ താഴ്വരകളാണു്. സമുദ്ര നിരപ്പിൽ നിന്നുള്ള ഉയരത്തെ ആശ്രയിച്ചു് ഈ രാജ്യത്തു് കാലാവസ്ഥ വ്യത്യാസപ്പെട്ടിരിക്കും. തലസ്ഥാനനഗരമായ കാട്മാണ്ഡുവിൽ ദക്ഷിണയൂറോപ്പിലെ കാലാവസ്ഥ അനുഭവപ്പെടുന്നു.

ഇവിടെ മലഞ്ചരിവുകൾ തട്ടുതട്ടായി തിരിച്ചു് കൃഷി ചെയ്യുന്നു. നെല്ലു്, പുകയില, പയറുവർഗ്ഗങ്ങൾ ഇവയാണു് പ്രധാനപ്പെട്ട കൃഷികൾ. വനങ്ങളിൽ നിന്നു പലതരം തടികൾ ലഭിക്കുന്നുണ്ടു്.

വിവിധ വർഗ്ഗക്കാരായ ഗിരിവർഗ്ഗക്കാരെ താഴ്വരകളിൽ കാണാം. ഇവർ മംഗോളിയൻ വംശജരാണു്. നീപ്പാളിലെ പ്രധാന ജനത ഗൂർക്കാകളാണു. പന്ത്രണ്ടാം നൂററാണ്ടിൽ രജപുട്ടാണയിൽ നിന്നും ഹിമാലയത്തിൻെറ അടിവാരത്തിൽ കുടിയേറിയവരാണു് ഗൂർക്കാകളുടെ പൂർവ്വികർ. 1769 ആയപ്പോഴേക്കു് അവർ നീപ്പാളിൻെറ അധീശരായി. പതിനെട്ടാം നൂററാണ്ടിൻെറ അന്ത്യഘട്ടത്തിൽ തിബററിനുവേണ്ടി ചൈനയുമായി അവർക്കു് ഒരു യുദ്ധം ചെയ്യേണ്ടിവന്നു. അതിൽ അവർ പരാജിതരായി. തുടർന്നു് 1815—ൽ അന്നത്തെ ഇൻഡ്യാ

ഗവണ്മെൻറുമായി നടന്ന യുദ്ധത്തിലും അവർ തോററു. തലസ്ഥാനമായ കാട്ട്മാണ്ഡു കീഴടക്കപ്പെട്ടമെന്നുകണ്ടപ്പോൾ അവർ ഇംഗ്ലീഷുകാരുമായി ഒരു സംഖ്യം ചെയ്തു. അന്നുമുതൽ ഗൂർക്കാ പടയാളികൾ ബ്രിട്ടീഷ് ഇൻഡ്യൻ സൈന്യത്തിലെ പ്രമുഖ സേനാനികളായിത്തീർന്നു. എന്നിട്ടും നീപ്പാളിൽ വിദേശികൾ അധികം പ്രവേശിക്കുകയുണ്ടായില്ല.. 1846 മുതൽ 1951 വരെ രാജഭരണം നിലനിന്നുവെങ്കിലും മുഖ്യമന്ത്രി ഭരണത്തലവനായിരുന്നു. ഈ മുഖ്യമന്ത്രി പദം അവിടെ പരമ്പരാഗതമായിരുന്നു. എന്നാൽ പിന്നീട് ജനാധിപത്യപരമായ ഒരു ഭരണകൂടം നീപ്പാളിൽ സ്ഥാപിതമായി. ഹിന്ദുമതവും ബുദ്ധമതവും നീപ്പാളിൽ നിലവിലിരിക്കുന്നു. ഇപ്പോൾ (1962) രാജാവുതന്നെ സർവ്വാധികാരവും ഏറെറടുത്ത് ഭരണം നടത്തുകയാണ്. നീപ്പാൾ ഇൻഡ്യയുമായി ആകാശമാർഗ്ഗമായും കരമാർഗ്ഗമായും ഇന്നു കൂടുതൽ സമ്പർക്കം പുലർത്തിപ്പോരുന്നു. ഇൻഡ്യയിൽ നിന്ന് ഡാർജിലിംഗ് വഴി നീപ്പാളിലേക്കും തിബററിലേക്കും പോകാം.

(ബി) ഭൂട്ടാൻ. Thimpu

കിഴക്കേഹിമാലയത്തിൻെറ തെക്കേ ചരിവിലുള്ള രാജ്യമാണ് ഭൂട്ടാൻ. തിബററ്, ആസ്സാം, ബംഗാൾ, സിക്കിം, ഇവയാണ് ഭൂട്ടാൻെറ അതിർത്തിയിലുള്ള രാജ്യങ്ങൾ. രാജ്യം മുഴവനും പർവ്വതങ്ങളെക്കൊണ്ട് നിറഞ്ഞിരിക്കുന്നു. ഇവിടെനിന്നും ഉത്ഭവിക്കുന്ന അനേകം ചെറിയ നദികൾ തെക്കോട്ടൊഴുകി ബ്രഹ്മപുത്രാ നദിയിൽ ചേരുന്നു. രാജ്യത്തിൻെറ ഓരോ ഭാഗത്തും ഉയരത്തിൻെറ ഏററക്കുറവനുസരിച്ച് കാലാവസ്ഥയും മാറുന്നുണ്ട്. വനപ്രദേശങ്ങൾ ഭൂട്ടാൻെറ എല്ലാ ഭാഗത്തും കാണാം. ആന, പുലി, കാണ്ടാമൃഗം, മുള്ളൻപന്നി, മാൻ ഇവയെല്ലാം ഈ വനങ്ങളിലുണ്ട്. വളർത്തുമൃഗങ്ങളിൽ പ്രാധാന്യമർഹിക്കുന്നതു് യാക്ക്, ചെമ്മരിയാട്ട്, പന്നി എന്നിവയാണ്. നെല്ല്, മററു ധാന്യങ്ങൾ മുതലായവയാണ് കാർഷികവസ്തുക്കൾ. കസ്തൂരി, കോലരക്ക്, മെഴുക്, എന്നിവ ഇവിടെനിന്നു ലഭിക്കുന്നുണ്ട്.

തോക്കു്, ഖഡ്ഗം, ലോഹവസ്തുക്കാം, തുണി, തുകൽ സാധനങ്ങാം ഇവ ഭൂട്ടാനിൽ നിർമ്മിക്കപ്പെടുന്നു.

ഭോട്ടിയാവർഗ്ഗക്കാരാണു് ജനങ്ങളിൽ അധികവും. തിബററിൻെറ ഭാഷയോടു ബന്ധപ്പെട്ടതാണു് അവരുടെ ഭാഷ. പ്രധാനമതം ബുദ്ധമതം തന്നെ. രാജഭരണമാണു് ഇവിടെ നിലവിരിക്കുന്നതു്. ഭൂട്ടാൻെറ വിദേശനയം നിയന്ത്രിക്കുന്നതു് ഇൻഡ്യയാകുന്നു.

(സി) സിക്കിം. GANGTOK

നീപ്പാളിനും ഭൂട്ടാനുമിടയ്ക്കു് ഹിമാലയത്തിൻെറ ചരിവിൽ സ്ഥിതിചെയ്യുന്ന ഒരു ചെറിയ രാജ്യമാണു് സിക്കിം. ഹിമാലയത്തിലെ കാഞ്ചനശൃംഗം ഇതിൻെറ പടിഞ്ഞാറുവശത്താണു്. ഏതാണ്ടു് ഒന്നേകാൽ ലക്ഷത്തോളം ആളുകാം മാത്രമേ ഈ രാജ്യത്തുള്ളു. സിക്കിമിനു് ഭൂപ്രകൃതിയിലും കാലാവസ്ഥയിലും സസ്യവർഗ്ഗങ്ങളിലുംമററും നീപ്പാളിനോടും ഭൂട്ടാനിനോടും സാമ്യം ഉണ്ടു്. നീപ്പാളികളും, ഭോട്ടിയാവർഗ്ഗക്കാരും ആണു് ഇവിടെ അധികമുള്ളതു്. രാജാവാണു് ഭരണത്തലവൻ. ഇൻഡ്യാഗവണ്മെൻറിൻെറ കീഴിലുള്ള ഒരു അർദ്ധസ്വതന്ത്രരാജ്യമാണു് സിക്കിം. അതിൻെറ തലസ്ഥാനം ഗാംഗ്ടോക്കു് ആകുന്നു.

മേല്പറഞ്ഞ പർവ്വതരാജ്യങ്ങളെപ്പററി പഠിക്കുമ്പോാം അവിടങ്ങളിലെ ജനങ്ങളും ഇൻഡ്യാക്കാരും തമ്മിൽ എത്രത്തോളം അന്തരമുണ്ടെന്നു മനസ്സിലാക്കണം. ആ അന്തരത്തിൻെറ കാരണം കാലാവസ്ഥയും ഭൂപ്രകൃതിയും ആണു്. ഇൻഡ്യയെ സംബന്ധിച്ചിടത്തോളം അവയെല്ലാം അതിർത്തിരാജ്യങ്ങളാണു്. അവ നമ്മുടെ രാജ്യത്തേയ്ക്കുള്ള വാതിലുകളാണല്ലോ. അതുകൊണ്ടു് ഈ ഹിമാലയൻ പ്രദേശങ്ങാം വളരെ സൈനിക പ്രാധാന്യമുള്ളവയാണെന്നു പ്രത്യേകിച്ചു പറയേണ്ടതില്ല.

## പ്രായോഗികാഭ്യാസങ്ങാം.

1. ഇൻഡ്യയുടെ ഒരു പടം വരച്ചു് അതിൻെറ ചുററും കിടക്കുന്ന പാക്കിസ്ഥാൻ, സിലോൺ, ബർമ്മ, തിബററു്, നീപ്പാാം എന്നീ രാജ്യങ്ങാം അടയാളപ്പെടുത്തി പ്രത്യേക നിറങ്ങാം കൊടുക്കുക.

2. കേരളക്കരയിൽനിന്നു് നിങ്ങരം സിലോൺ, ബമ്മ, കിഴക്കൻ പാക്കിസ്ഥാൻ എന്നീ സ്ഥലങ്ങരം കാണുവാൻ ആകാശവിമാനത്തിൽ ഒരു ഉല്ലാസയാത്രപോയി എന്നു് സങ്കല്പിച്ചു് അവിടെ ഓരോസ്ഥലത്തും നിങ്ങരം കണ്ട പ്രധാന സ്ഥലങ്ങളെക്കുറിച്ചും മററും സ്നേഹിതനു് ഒരു കത്തെഴുതുക.

3. വിദ്യാത്ഥികരം സംഘങ്ങളായിച്ചേർന്നു് ചുവടെ ചേത്ത വിഷയങ്ങളെക്കുറിച്ചു് ചർച്ച ചെയ്യുക:—

(എ) കാശ്മീർ പ്രശ്നം,

(ബി) സിലോണിലെ ഇൻഡ്യക്കാരുടെ സ്ഥിതി.

(സി) നീപ്പാളിനു് ഇപ്പോരം നേരിടേണ്ടിവരുന്ന പ്രശ്നങ്ങരം.

---

# ഭാഗം II

## ഏഷ്യയിലെ മററു രാജ്യങ്ങൾ

### 1. ചൈന

(എ) ചരിത്ര സംക്ഷേപം.

പുരാതന കാലംമുതൽ നമുക്കു സുപരിചിതമായ രാജ്യമാണ് ചൈന. ആ രാജ്യവുമായുള്ള നമ്മുടെ പൂർവ്വകാലബന്ധത്തെ അനുസ്മരിപ്പിക്കുന്നവയാണ് ചീനച്ചട്ടിയും ചീനബ്ഭരണിയും. കായലോരങ്ങളിലും, കടലോരങ്ങളിലും കാണുന്ന ചീനവലകൾ കേരളീയരും ചീനരും തമ്മിലുണ്ടായിരുന്ന വേഴ്ചയുടെ സൂചനകളാകുന്നു.

തെല്ലു പരന്ന മൂക്കും, ചെറിയ കണ്ണും, മഞ്ഞ നിറവും, കുറഞ്ഞ ഉയരവും ഉള്ളവരാണ് ചീനർ. അവർ മംഗോൾ വർഗ്ഗത്തിൽപ്പെട്ടവരാണ്. വളരെ പുരാതനമായ ചരിത്രവും സംസ്കാരവുമാണ് ചീനക്കുള്ളത്. യൂറോപ്യന്മാർ തുലോം അപരിഷ്കൃതരായിരുന്നു. പട്ടുനെയ്ത്ത്, കടലാസുനിർമ്മാണം അച്ചടിവിദ്യ മുതലായ കാര്യങ്ങളിൽ അവക്കുണ്ടായിരുന്ന അറിവ് പല രാജ്യക്കാക്കും മാർഗ്ഗദർശനം നൽകിയിട്ടുണ്ട്. ക്രിസ്തുവിൻെറ ജനനത്തിന് ഏതാണ്ട് 500 വർഷങ്ങൾക്കുമുമ്പ് ചീന ജനതയെ ഉൽക്കൃഷ്ടചിന്തയിലേയ്ക്കും ഉന്നതമായ ജീവിതാദർശത്തിലേക്കും നയിച്ച മഹാനായ ഒരു സാത്വികനാണ് കൺഫൂഷിയസ്സ്.

കൺഫൂഷിയസ്:—ചൈനയ്ക്കു സാന്മാർഗ്ഗികവും ആത്മീയവുമായ ചൈതന്യം പ്രദാനംചെയ്ത ഗുരുവാണ് കൺഫൂഷിയസ്സ്. ഉത്തര ചൈനയിൽ 'ലൂ' എന്ന സ്ഥലത്ത് അദ്ദേഹം ജനിച്ചു. അനാഥനായി വളൎന്നെങ്കിലും മലിനമായ ചുററുപാടുകളെ അതിലംഘിച്ചുകൊണ്ടാണ് അദ്ദേഹം ജീവിച്ചുവന്നത്. കാലക്രമത്തിൽ അദ്ദേഹം ചൈനയിൽ ഉത്തരവാദപ്പെട്ട പല ഉദ്യോഗങ്ങളും വഹിക്കുകയുണ്ടായി. പക്ഷെ അതിലെല്ലാം

വിരക്തി തോന്നി ജോലി ഉപേക്ഷിച്ച് ചീനർക്കു സദുപദേശം നല്കി അവരെ സദ്‌വൃത്തരാക്കുവാൻ ഇറങ്ങി പുറപ്പെടുകയും ചെയ്തു.

സൽസ്വഭാവത്തെ മുൻനിറുത്തിയുള്ള നടപടിക്രമങ്ങളിലായിരുന്നു കൺഫൂഷിയസ്സിൻെറ ശ്രദ്ധ. സദ്‌വചനങ്ങൾ മൂലം ജനങ്ങളെ സന്മാർഗ്ഗനിരതരാക്കുവാൻ അദ്ദേഹം നിരന്തരം യത്നിച്ചു. മാതാപിതാക്കളെ ബഹുമാനിക്കുക, സൽകൃത്യങ്ങൾ ചെയ്യുക എന്നിങ്ങനെയുള്ള തത്വങ്ങളാണ് കൺഫൂഷിയസ്സ് പഠിപ്പിച്ചതു്. അദ്ദേഹത്തിൻെറ അനുഗാമികളായി അനേകം പേർ ചൈനയിലുണ്ടായിരുന്നു.

കൺഫൂഷിയസ്സിൻെറ ഗുണഗണങ്ങളെ പരിഗണിച്ച് ചക്രവൎത്തി അദ്ദേഹത്തെ ചൈനയിലെ പ്രധാനമന്ത്രിയായി നിയമിച്ചു. തൻെറ തത്വസംഹിതയിൽ അടങ്ങിയിട്ടുള്ള കാര്യങ്ങൾ അദ്ദേഹം നടപ്പിൽ വരുത്തി. പ്രഭുക്കന്മാരുടെ മർദ്ദനത്തിൽനിന്നും സാധുക്കളെ രക്ഷിച്ചു. കള്ളന്മാരെയും കൊള്ളക്കാരെയും അമർച്ചചെയ്തു. എഴുപതാമത്തെ വയസ്സിൽ അദ്ദേഹം നിര്യാതനായി.

മംഗോളിയരും ടാർട്ടാരികളുമായ അപരിഷ്കൃതർ ചൈനയെ ദിനംപ്രതിയെന്നോണം ആക്രമിക്കയും കൊള്ളചെയ്കയും ചെയ്തുവന്നു. ചൈനയിലെ ചക്രവൎത്തിയായിരുന്ന ഹ്വാങ്ങ്തി (HUANG TI) രാജ്യത്തിനു വടക്കുഭാഗത്തു വൻകോട്ടകെട്ടി ശത്രുക്കളുടെ ആക്രമണത്തിൽ നിന്നും രാജ്യത്തെ രക്ഷിച്ചു. ഉദ്ദേശം 1500 മൈൽ നീണ്ടുകിടക്കുന്ന ആ വൻമതിലിൻെറ അവശിഷ്ടങ്ങൾ ഇന്നും കാണാവുന്നതാണ്. അതു് ലോകാത്ഭുതങ്ങളിലൊന്നായി ഇക്കാലത്തും പരിഗണിക്കപ്പെടുന്നു.

ശ്രീബുദ്ധൻെറ സന്ദേശം ചൈനയിലുമെത്തി. ബുദ്ധമതം അവിടെ പ്രചരിച്ചു. ബുദ്ധമതതത്വങ്ങളെക്കുറിച്ച് പല ചിന്തകന്മാരും പഠിക്കുവാൻ തുടങ്ങി. അവയെപ്പററി കൂടുതൽ പഠിക്കുവാനും ബുദ്ധൻെറ ജന്മദേശം സന്ദർശിക്കുവാനും ബുദ്ധമതസംബന്ധമായ മൂലഗ്രന്ഥങ്ങൾ ആരായുവാനും പല ബുദ്ധസന്യാസിമാരും പിൽക്കാലത്തു് ഇൻഡ്യയിലേക്കു വന്നിട്ടുണ്ടു്.

അവരിൽ പ്രധാനികളാണ് ഫാഹിയാൻ, ഹ്ല്യയാൻസാങ്ങ്, ഇററ്സിങ്ങ് എന്നിവർ.

ഫാഹിയാൻ :—

അഞ്ചാം നൂററാണ്ടിൻെറ ആരംഭത്തിൽ കരമാർഗ്ഗം ഫാഹിയാൻ ഇൻഡ്യയിൽ എത്തിച്ചേർന്നു. കുറച്ചു വർഷങ്ങളോളം അദ്ദേഹം ഇന്നാട്ടിൽ പലയിടങ്ങളിലും ചുററിസഞ്ചരിച്ച് അന്നത്തെ ഇൻഡ്യയെക്കുറിച്ചുള്ള ചില വിവരങ്ങൾ അദ്ദേഹം രേഖപ്പെടുത്തിയിട്ടുണ്ട്. വിക്രമാദിത്യൻെറ കാലത്താണ് അദ്ദേഹം ഇൻഡ്യ സന്ദർശിച്ചതു്. ജനങ്ങളുടെ ശുചിത്വം, മര്യാദ, യാത്രക്കാർക്കുള്ള മററും രാജാക്കന്മാർ ചെയ്ത നല്ലകാര്യങ്ങൾ മുതലായവയെ പ്രകീർത്തിച്ച് അദ്ദേഹം എഴുതിയിട്ടുണ്ട്.

ഹ്ല്യയാൻസാങ്ങ് :— ഫാഹിയാനെപ്പോലെ ബുദ്ധദേവൻെറ ജന്മദേശം സന്ദർശിക്കുവാനും ബുദ്ധമത ഗ്രന്ഥങ്ങൾ ശേഖരിക്കുവാനുമാണ് അദ്ദേഹം ഹർഷൻെറ രാജ്യഭരണകാലത്തു് ഇവിടെ എത്തിയതു്. ഇൻഡ്യയുടെ സാമ്പത്തികവും സാമൂഹ്യവുമായ നിലയെപ്പററി പല വിവരങ്ങളും അദ്ദേഹത്തിൻെറ സഞ്ചാരക്കുറിപ്പിൽനിന്നും മനസ്സിലാക്കാം, അന്നത്തെ വിദ്യാപീഠം നളന്ദ സർവ്വകലാശാലയായിരുന്നു. ഹ്ല്യയാൻസാങ്ങ് അഞ്ചുകൊല്ലം അവിടെ താമസിച്ചു. ഇൻഡ്യയിൽ പലയിടത്തും അദ്ദേഹം സഞ്ചരിച്ചു. പിന്നീട് ബുദ്ധമതഗ്രന്ഥങ്ങളും മററും ശേഖരിച്ചു കൊണ്ട് സ്വരാജ്യത്തേക്കു മടങ്ങി.

ഇററ്സിങ്ങ് :— ഫാഹിയാൻ, ഹ്ല്യയാൻസാങ്ങ് എന്നീ ചീന സഞ്ചാരികളുടെ യാത്രാവിവരണങ്ങൾ ഇററ്സിങ്ങ് എന്ന പണ്ഡിതനെ ഇൻഡ്യയിലേയ്ക്കാകർഷിച്ചു. 35 വയസ്സുണ്ടായിരുന്ന അദ്ദേഹം ഏ. ഡി. 671—ൽ ചൈനയിൽനിന്നും കടൽമാർഗ്ഗം പുറപ്പെട്ടു. രണ്ടുകൊല്ലത്തെ കപ്പൽയാത്രയ്ക്കുശേഷം അദ്ദേഹം നളന്ദയിൽ എത്തി. ബുദ്ധമതവിജ്ഞാനത്തിൻെറ സങ്കേതമായിരുന്ന നളന്ദയിൽ പത്തുകൊല്ലം അദ്ദേഹം താമസിച്ചു. 695-ൽ ഇററ്സിങ്ങ് കടൽമാർഗ്ഗംതന്നെ സ്വദേശത്തേക്കു തിരിച്ചു.


പതിമൂന്നാം ശതകത്തിൽ മംഗോളിയർ ചൈന കീഴടക്കി ചെങ്കിസ്ഖാൻെറ പൗത്രനായ കുബ്ലൈഖാൻ പീക്കിംഗ് തലസ്ഥാനമാക്കി രാജ്യം ഭരിച്ചു. തുടന്ന് ചിങ്ങ് വംശവും മാഞ്ചു വംശവും ചൈന ഭരിക്കുകയുണ്ടായി.

ഒൻപതാം നൂററാണ്ടിൽ മാഞ്ചു വംശത്തിലെ ചക്രവത്തികളുടെ ഭരണകാലത്തു് യൂറോപ്യന്മാർ ചൈനയിൽ വന്നു. കച്ചവടത്തിനായി ചില ആനുകൂല്യങ്ങരം സമ്പാദിച്ചു. അവരുടെ വരവിനുശേഷം കാൻറൻ, ഷാങ്ഹായ് എന്നീ സ്ഥലങ്ങരം വലിയ വാണിജ്യകേന്ദ്രങ്ങളായിത്തീൎന്നു. തുണിമില്ലു്, പട്ടുവ്യവസായശാല, ഇരുമ്പുവ്യവസായശാല മുതലായവ പല സ്ഥലങ്ങളിലും ആരംഭിച്ചു. വിദേശീയരോ, ലാഭമോഹികളായ ചൈനീസ് ധനികരോ നടത്തിയ വ്യവസായങ്ങളിൽനിന്നു കിട്ടിയിരുന്ന ലാഭം അധികവും വിദേശിയരാണു് കൊണ്ടുപോയിരുന്നതു്. അസംതൃപ്തരായ ജനങ്ങരം മാഞ്ചു വംശത്തിന്നും വിദേശിയക്കും എതിരായി സംഘടിക്കുവാൻ തുടങ്ങി. നേതാവായ സൺയററ്സെന്നിൻെറ കീഴിൽ കുമിന്താങ്ങ് എന്നൊരു കക്ഷി ഉടലെടുത്തു. 1911–ൽ വിപ്പവം പൊട്ടിപ്പുറപ്പെട്ടു. രാജാവിനെ അധികാരത്തിൽനിന്നും മാററി ചൈന സൺയററ്സെന്നിൻെറ കീഴിൽ ജനകീയഭരണം സ്ഥാപിച്ചു.

1928–ൽ ദേശീയസേനാനായകനായിരുന്ന ചിയാങ്ങ് കൈഷേക്കു് പീക്കിംഗ് പിടിച്ചടക്കി. ചിയാങ്ങ്കൈഷേക് ദേശീയ ചൈനയുടെ പ്രസിഡൻറായി തിരഞ്ഞെടുക്കപ്പെട്ടു. അദ്ദേഹത്തിൻെറ കീഴിൽ ചൈന അതിശീഘ്രം അഭിവൃദ്ധി പ്രാപിച്ചുവരുകയും ചെയ്തു.

ഈ കാലഘട്ടത്തിൽ ജപ്പാൻ മഞ്ചൂറിയ കൈവശപ്പെടുത്തുകയും തെക്കോട്ടുനീങ്ങി ഷാങ്ഹായ്വരെ എത്തുകയും ചെയ്തു. അനേകം ചീനർ നിർദ്ദാക്ഷിണ്യം വധിക്കപ്പെട്ടു. 1937–ൽ ജപ്പാൻകാർ അനവധി അവകാശവാദങ്ങരം ഉന്നയിച്ചു. ചീനരുടെ ദേശീയൈക്യത്തെ സാരമായി ബാധിക്കുന്ന അവകാശങ്ങരം അനുവദിച്ചുകൊടുക്കുന്നതിനെക്കാരം സമരമാണു്

യുക്തമെന്നുകരുതി ചിയാങ്ങ്കൈഷേക് പടയൊരുക്കി. പാശ്ചാത്യശക്തികളുടെ പിന്തുണ ആദ്യഘട്ടത്തിൽ ഉണ്ടായെങ്കിലും പിന്നീട് പ്രതീക്ഷിച്ച സഹായം ചീനക്കു ലഭിച്ചില്ല. യുദ്ധത്തിൽ ചീനർ തോററു. എന്നാൽ രണ്ടാം ലോക മഹായുദ്ധത്തിൽ പേൾ ഹാർബറിലുണ്ടായ ഭയങ്കര നഷ്ടം പാശ്ചാത്യ ശക്തികളെ കിഴക്കെ രംഗത്തേക്കു കൊണ്ടുവന്നു. അവർ ജപ്പാനെ യുദ്ധത്തിൽ തോല്പിച്ചു.




ക്കുമിന്താങ്ങ്കക്ഷി നേതാവായ ചിയാങ്ങ്കൈഷേക് ചീനയുടെ പ്രസിഡൻറായി തിരഞ്ഞെടുക്കപ്പെട്ടു.

ഉത്തരചൈന കമ്മ്യൂണിസ്ററ് റഷ്യയുടെ സ്വാധീന ശക്തിയിൽ അമർന്നിരുന്നു. ക്കുമിന്താങ്ങുമായി സഹകരിച്ചു പ്രവർത്തിക്കുവാൻ റഷ്യ വിസമ്മതിച്ചു. തന്നിമിത്തം ആഭ്യന്തര കലഹം പൊട്ടിപ്പുറപ്പെട്ടു. 1949-ൽ കമ്മ്യൂണിസ്ററുകക്ഷി വിജയം വരിച്ചു. ചിയാങ്ങ്കൈഷേക് പരാജിതനായി ഫൊർമോസാ ദ്വീപിൽ ക്കുമിന്താങ്ങ്കക്ഷിയുടെ നേതാവായി ഇപ്പോഴും കൈഷേക് ഭരണം നടത്തുകയാണ്. കമ്മ്യൂണിസ്ററു

കക്ഷിയുടെ വിജയത്തെത്തുടൎന്ന് ചൈനയിൽ കമ്മ്യൂണിസ്ററു ഭരണം നടപ്പിലായി. ഇപ്പോൾ ചൌഎൻലായ് അവിടത്തെ പ്രധാനമന്ത്രിയാണ്. പുതിയ ഭരണം ചൈനയിൽ പല പരിഷ്കാരങ്ങളും വരുത്തിയിട്ടുണ്ട്.

(ബി) ഭൂപ്രകൃതിയും നദീതടങ്ങളും :—ഭൂപ്രകൃതിയുടെയും ശീതോഷ്ണാവസ്ഥയുടെയും വ്യത്യാസമനുസരിച്ച് വിസ്തൃതമായി കിടക്കുന്ന ചൈനയിലെ വിളവുകളും ജീവിത രീതിയും വിവിധ ഭാഗങ്ങളിൽ വ്യത്യസ്തങ്ങളായിക്കാണാം.

പർവ്വതപ്രദേശങ്ങളും ഉന്നതതടങ്ങളും ചൈനയുടെ പടിഞ്ഞാറു ഭാഗത്താണ്. കിഴക്കുഭാഗത്തു് മൂന്നു വലിയ നദികൾ കിഴക്കോട്ടൊഴുകി ശാന്തസമുദ്രത്തിൽ പതിക്കുന്നു. ഇവയിൽ വടക്കേ അററത്തുള്ളതു് ഹൊയാങ്ങ്ഹോയാണ്. നടുവിൽ യാങ്ങ്ടീസ്സിക്കിയാങ്ങ്, തെക്കെ അററത്തു് സിക്ക്യാങ്ങ് എന്നീനദികൾ ഒഴുകുന്നു. ഈ നദികളുടെ കിടപ്പനുസരിച്ച് ചൈനയെ ഉത്തരചൈന, മദ്ധ്യചൈന, ദക്ഷിണചൈന എന്നീ മൂന്നുപ്രദേശങ്ങളായി തിരിക്കാം. നദീതടങ്ങളെ ആസ്പദമാക്കിയാണ് ഈ വിഭജനം.

ഹൊയാങ്ങ്ഹോ നദീതടം :— ഉത്തര ചൈന മിക്കവാറും ഈ നദീതടമാകുന്നു. മഞ്ഞമണ്ണു നിറഞ്ഞ ലോയ്സ് പ്രദേശത്തുകൂടി (Loess) ഒഴുകുന്നതുകൊണ്ടു് ഇതു മഞ്ഞനിറമായിരിക്കുന്നു. ഹൊയാങ്ങ്ഹോ എന്ന പദത്തിന്റെ അൎത്ഥംതന്നെ മഞ്ഞ നദി എന്നാണ്. നദീതടം മഞ്ഞമണ്ണടിഞ്ഞുയരുന്നതിനാൽ പല കാലങ്ങളിലും ഈ നദി ഇരുകരകളും കവിഞ്ഞൊഴുകി വലിയ നാശം ചെയ്യുന്നുണ്ടു്. ഇതു പരിഹരിക്കുവാൻ ഇരുവശവും ഉയൎന്നഭിത്തികൾ കെട്ടിയുയൎത്തിയിട്ടുണ്ടെങ്കിലും ചിലപ്പോൾ ഇവ പൊളിഞ്ഞു് നാശനഷ്ടങ്ങൾ ഉണ്ടാവുന്നു. അതിനാൽ ഈ നദിയെ ചൈനാക്കാരുടെ ദുഃഖമെന്നും പറയാറുണ്ടു്.

നദീതടത്തിലെ പ്രധാന കൃഷി ഗോതമ്പും ബാർലിയുമാണ്.

യാങ്ങ്ടീസ്സിക്ക്യാങ്ങ് നദിതടം :— ഈ നദീതടപ്രദേശമാണ്, ചൈനയുടെ മദ്ധ്യഭാഗം. ഈ നദി തിബററിൽ

നിന്നു് ഉത്ഭവിച്ചു് ശാന്തസമുദ്രത്തിൽ പതിക്കുന്നു. ഇതിന്റെ ഗതിയിൽ തടാകങ്ങളുള്ളതുകൊണ്ടു് ഭയങ്കരമായ വെള്ളപ്പൊക്ക മുണ്ടാകുന്നില്ല. ഗോതമ്പും നെല്ലും ഇവിടെ ധാരാളം കൃഷി ചെയ്യുന്നു. തേയില, പരുത്തി, മാംബറി, സോയാബീൻ, മററു പയറുവർഗ്ഗങ്ങൾ എന്നിവയും ഇവിടത്തെ ഉൽപ്പന്നങ്ങളാണു്.

സിക്ക്യാങ്ങ് നദീതടം :— സിക്ക്യാങ്ങ് നദീതടത്തിലാണു് ദക്ഷിണ ചൈന. സിക്ക്യാങ്ങ് നദീതീരത്തു് ഉഷ്ണമേഖലയിൽ വളരുന്ന ധാന്യങ്ങളെല്ലാം കൃഷിചെയ്യുന്നുണ്ടു്. ഏററവും പ്രധാനമായവ നെല്ലു്, ഗോതമ്പു്, പയറുവർഗ്ഗങ്ങൾ, ബാർലി, കരിമ്പു്, തേയില, മാംബറി മുതലായവയാകുന്നു.

മേച്ചിൽസ്ഥലങ്ങൾ ചൈനയിൽ ഇല്ലെന്നു പറയാം. കൃഷിക്കുതന്നെ സ്ഥലം പോരാത്തതുകൊണ്ടാണു് ഇങ്ങനെ വന്നതു്. ചീനരിൽ അധികവും കൃഷിക്കാരാണു്. കരുതലോടെ കൃഷിചെയ്തു് കൂടുതൽ വിളവുണ്ടാക്കുന്നതിൽ അവർ സമർത്ഥരാണു്. അതുകൊണ്ടു് ആടുമാടുകളെമേയ്ക്കുന്ന തൊഴിൽ നദീതടങ്ങളിലില്ല. എല്ലാ വീട്ടിലും കന്നുകാലികൾ ഉണ്ടായിരിക്കുമെന്നു മാത്രം. പന്നി, കോഴി എന്നിവയെ എല്ലാ വീടുകളിലും വളർത്തും. മീൻപിടിത്തവും പണ്ടേ ഉള്ള ഒരു തൊഴിലാണു്. നദികളിൽ വള്ളങ്ങളിൽത്തന്നെ സ്ഥിരമായി താമസിക്കുന്നവർ ഇവിടെയുണ്ടു്. അവരും മീൻപിടിത്തം തൊഴിലായി സ്വീകരിച്ചിരിക്കുന്നു.

യാങ്ങ്ടീസ്സ് തടത്തിൽ പട്ടുനൂൽ പുഴക്കളെ വളർത്തുന്നതു് പ്രധാനമായ ഒരു തൊഴിലാണു്. പട്ടുനൂൽ വ്യവസായത്തിൽ ചീനർ പുരാതനകാലംമുതല്ക്കേ പ്രസിദ്ധരാണു്. ചീനപ്പട്ടു് പ്രസിദ്ധമായിരുന്നല്ലോ. ആധുനികരീതിയിൽ നെയ്ത്തു നടത്തുന്ന പല നെയ്ത്തു ശാലകളും ഇന്നവിടെയുണ്ടു്. ലോകത്തിൽ ആകെ ഉണ്ടാക്കുന്ന പട്ടുവസ്ത്രങ്ങളിൽ നാലിലൊന്നു് ചൈനയിൽ നിർമ്മിക്കപ്പെടുന്നു. കളിമൺപാത്രം ഉണ്ടാക്കുന്നതും പണ്ടേതന്നെ ചൈനയിലെ ഒരു പ്രധാന കുടിൽ വ്യവസായമാണു്. ചൈനയിലെ കർഷകൻ അത്യദ്ധ്വാനം ചെയ്തെങ്കിൽമാത്രമേ ആവശ്യമുള്ള ധാന്യങ്ങളും മററും വിളയിക്കാൻ കഴിയൂ. വ്യാവസായികമായി ചൈന ഇനിയും ഉയരേണ്ടിയിരിക്കുന്നു.

ധാതു സമ്പത്തിൽ ചൈന പിന്നോക്കമല്ല. കൽക്കരിഖനികൾ അവിടെ ധാരാളം ഉണ്ടെങ്കിലും ഖനനവ്യവസായം വളരെ കുറവാണ്. ഷാൻസിയിലും ഹാങ്കോയുടെ സമീപ പ്രദേശങ്ങളിലുമുള്ള ഇരുമ്പുനിക്ഷേപം പ്രാധാന്യമർഹിക്കുന്നു. ലോകത്തിലെ പ്രധാനപ്പെട്ട ഇരുമ്പുനിക്ഷേപങ്ങളിൽ ഒന്നാണിതു്. ലോകത്തിലെ ആൻറിമണിയിൽ പകുതി ചൈനയിൽ ആണ് ഖനനം ചെയ്യപ്പെടുന്നതു്.

ഇഷാംഗ്, ഹാങ്കോ. നാങ്കിംഗ്, ചിൻക്യാംഗ് മുതലായവയാണ് ചൈനയിലെ പ്രധാനപട്ടണങ്ങൾ. ഹാങ്കോ ആണ് ഇവയിൽ മുഖ്യം. സിക്ക്യാംഗിൻെറ പതനസ്ഥലത്തോടടുത്തു കിടക്കുന്ന ഹാങ്കോങ്ങ് ദ്വീപിലെ ഹോംകോങ്ങ്, ചൈനാതീരത്തെ പ്രധാന തുറമുഖമാണ്. അതു ഇംഗ്ലീഷുകാരുടെ വകയാണ്. ആണ്ടുതോറും ഉദ്ദേശം അമ്പതിനായിരം കപ്പലുകൾ ഈ തുറമുഖത്തുവന്നുചേരുന്നതായി കണക്കാക്കപ്പെട്ടിരിക്കുന്നു. ഉദ്ദേശം ആറുലക്ഷം ചീനർ ഹോങ്കോങ്ങിലും അടുത്ത സ്ഥലങ്ങളിലും താമസിക്കുന്നു.

ചൈനയ്ക്കു വിദേശവുമായി വാണിജ്യം വളരെ കുറവാണ്.

## 2. ജപ്പാൻ.

### (എ) കിടപ്പ്, ഭൂകമ്പങ്ങൾ, കാലാവസ്ഥ.

വർണ്ണപ്പകിട്ടുള്ള വിവിധ പുഷ്പങ്ങളാൽ സമലംകൃതമായ ഈ ഭൂവിഭാഗം ആരെയും ആകർഷിക്കുന്നതാണ്. ഓരോ ഗൃഹത്തിൻെറയും മുററത്തു് അടുക്കും ചിട്ടയും ഉള്ള പൂന്തോട്ടങ്ങൾ ജപ്പാനിൽ എവിടെയും കാണാം. ജപ്പാൻകാരുടെ ജീവിതത്തിൽ സൗന്ദര്യബോധം എത്രമാത്രം വേരൂന്നിയിട്ടുണ്ടെന്നുള്ളതിൻെറ ലക്ഷ്യമാണ്, ഈ ചെറു പൂന്തോട്ടങ്ങൾ. അവരുടെ നഗരോദ്യാനങ്ങളും ഇതുപോലെ മനോമോഹനങ്ങളാണ്. ഈ നിറപ്പകിട്ടും സൗന്ദര്യബോധവും അവിടത്തെ സ്ത്രീകളുടെ വസ്ത്രധാരണ രീതിയിലും പ്രകടമാണ്. സ്ത്രീകളുടെ ''കിമോണ'' എന്നറിയപ്പെടുന്ന വസ്ത്രം വർണ്ണശബളമായ പുഷ്പങ്ങളുടെയും ലതകളുടേയും ഭംഗിയേറിയ ചിത്രങ്ങൾ നിറഞ്ഞതാണ്. കുട്ടികൾ ഓടിക്കളിക്കുന്നതുകണ്ടാൽ ചിത്രശലഭങ്ങൾ പാറിപ്പറ

ക്കുകയാണോ എന്നു തോന്നും. അവരുടെ വീട്ടുകളിൽ ഉപയോഗിക്കുന്ന ഒരോ സാധനത്തിലും ഈ കലാകൗശലം പ്രതിബിംബിക്കുന്നു. അവരുടെ മൺപാത്രങ്ങളെല്ലാംതന്നെ കരവിരുതിന്റെ മാതൃകകളാണു്. ശുചിത്വം ജപ്പാൻകാരുടെ ജീവിതചര്യയിൽ ഉടനീളംകാണാം. ഈ ഗുണങ്ങളെയെല്ലാം അതിശയിക്കുന്നതാണു് അവരുടെ ഉത്സാഹശീലം. ലോകത്തിലെ ഏതൊരു പുരോഗമനരാഷ്ട്രത്തോടും കിടപടിക്കുന്ന സ്ഥാനം ചുരുങ്ങിയ കാലത്തിനുള്ളിൽ ജപ്പാൻ കരസ്ഥമാക്കിയതിനു കാരണം അവരുടെ സുസ്ഥിരമായ ഉത്സാഹശീലമാണു്.

ജപ്പാൻ ജനത അധിവസിക്കുന്നതു് ഏഷ്യയുടെ കിഴക്കേ തീരത്തോടടുത്തുള്ള ഒരു ദ്വീപസമൂഹത്തിലാണു്. ഹോൺഷു, ഷിക്കോക്കു, ഹൊക്കൈഡൊ, കൈയിഷു, സഖാളിന്റെ ദക്ഷിണാദ്ധഭാഗം എന്നിവയാണു് ജപ്പാൻ ദ്വീപുകൾ. വടക്കേ അക്ഷാംശം 32, 50 എന്നീ ഡിഗ്രികൾക്കും, കിഴക്കേ ധ്രുവാംശം 130, 145 എന്നീ ഡിഗ്രികൾക്കും ഉള്ളിലാണു് ഈ ദ്വീപുകളുടെ സ്ഥാനം. ഭൂകമ്പത്താൽ സമുദ്രത്തിൽ താണുപോയ ഒരു വലിയ പർവ്വത ശൃംഖലയുടെ ഉപരിതലമാണു് ഈ ദ്വീപസമൂഹങ്ങളെന്നു് ശാസ്ത്രജ്ഞന്മാർ അഭിപ്രായപ്പെടുന്നു.

പർവ്വതങ്ങൾ ധാരാളമുള്ള ഈ രാജ്യത്തിന്റെ ഉപരിതലം നിരപ്പുള്ളതല്ല. തന്മൂലം വിശാലങ്ങളായ കൃഷിസ്ഥലങ്ങൾ ഇവിടെ അധികമില്ല. എന്നാൽ ഉയൎന്ന പർവ്വതങ്ങളുടെ ചരിവുകൾ തട്ടുകളാക്കി ജലസേചനംമൂലം കട്ടംകൃഷിചെയ്തു ധാരാളം വിളവുകൾ ഉൽപ്പാദിപ്പിക്കുന്നുണ്ടു്.

ജപ്പാനിൽ ഭൂകമ്പം ഒരു സാധാരണ സംഭവമാണു്. ഭൂകമ്പത്താൽ ജപ്പാൻകാക്കു് പലപ്പോഴും നാശനഷ്ടങ്ങൾ സംഭവിക്കാറുണ്ടു്. 1890-ലെയും 1923-ലെയും ഭൂകമ്പങ്ങൾ ജപ്പാന്റെ ചരിത്രത്തിലെ പ്രധാന സംഭവങ്ങളായിരുന്നു. 1928-ലെ ഭൂകമ്പംകൊണ്ടു് മുഖ്യനഗരങ്ങളായ ടോക്കിയോ, യോക്കോഹാമ എന്നിവയുടെ ഭൂരിഭാഗവും നശിച്ചു. ആയിര

ക്കണക്കിനാളുകൾ മരിച്ചു. അതിലധികം ആളുകൾ ഭവനരഹിതരായി. അതിനുശേഷം ജപ്പാനിലെ അദ്ധ്വാനശീലരായ ജനത വീണ്ടും ഈ നഗരങ്ങൾ പടുത്തുയർത്തി.




JAPAN

ജപ്പാനിൽ അഗ്നിപർവ്വതങ്ങൾ ധാരാളം ഉണ്ടു്. അതുപോലെതന്നെ ചുടുനീരുറവകളും. ഏതാണ്ടു് ആറായിരത്തിൽപ്പരം ചൂടുറവകൾ ഇവിടെയുണ്ടത്രേ. ഫ്യൂജിയാമ വളരെ പ്രധാനപ്പെട്ട ഒരു അഗ്നിപർവ്വതമാണു്. ഇതിന്റെ ഉയരം 12,000 അടി (3.65 കിലോമീററർ) ആണു്.

ഭൂകമ്പം, അഗ്നിപർവ്വതം, എന്നിവ നാടും നഗരവും നശിപ്പിച്ചു് അനേകായിരം ആളുകളെ കണ്ണീരിൽ മുക്കാറുണ്ടെങ്കിലും മുൻപു സൂചിപ്പിച്ച സ്വച്ഛതയും, ശുചിതവും ഉത്സാഹപ്രകർഷവും തെളിഞ്ഞു നില്ക്കുന്നതിനാൽ വൈരുദ്ധ്യങ്ങളുടെ നാടായി ജപ്പാനെ പരിഗണിക്കാം.

കാലാവസ്ഥ :— മൺസൂൺ കാററുകരം, സമുദ്രജല പ്രവാഹം, സമുദ്രസാമീപ്യം എന്നീ ഘടകങ്ങരം ജപ്പാൻെറ കാലാവസ്ഥയെ ക്രമീകരിക്കുന്നു. തെക്കുനിന്നും മൺസൂൺ കാററുകരം അടിക്കുന്നതുകൊണ്ടു് ജപ്പാൻെറ കിഴക്കുഭാഗത്തു് ധാരാളം മഴയുണ്ടു്. ഇതുപോലെതന്നെ ശീതകാലത്തു് മദ്ധ്യ ഏഷ്യയിൽനിന്നു് കടലിലേയ്ക്കു് കാററടിക്കുന്നതുകൊണ്ടു് ആ കാലത്തും ജപ്പാൻെറ കിഴക്കുഭാഗത്തു് മഴ ലഭിക്കുന്നു. ഇങ്ങനെ വേനൽക്കാലത്തും ശീതകാലത്തും ജപ്പാൻെറ കിഴക്കുഭാഗത്തു് വർഷപാതം വേണ്ടുവോളമുണ്ടു്.

ഇടുങ്ങിയതും ചെറുതുമായ ദ്വീപസമൂഹമായതുകൊണ്ടു് സമുദ്ര സാമീപ്യം ഈ രാജ്യത്തിൻെറ കാലാവസ്ഥയെ നിയന്ത്രിക്കുന്നതിൽ സാരമായ പങ്കുവഹിക്കുന്നുണ്ടു്. ശീതകാലത്തു് മഞ്ഞുപൊഴിയുന്നുണ്ടെങ്കിലും ചുററുപാടും സമുദ്രം ഉള്ളതുകൊണ്ടു് തണുപ്പിൻെറ കാഠിന്യം മററു രാജ്യങ്ങളിലേതുപോലെ ദുസ്സഹമല്ല.

ജപ്പാൻ ദ്വീപസമൂഹത്തിൻെറ കിഴക്കുഭാഗത്തു കുറോസിവോ എന്ന ഉഷ്ണജലപ്രവാഹം ഉണ്ടു്. അതിനാൻ പടിഞ്ഞാറുഭാഗം അതിശീതമായിരിക്കുമ്പോരം പൂർവ്വഭാഗത്തു് അത്രതന്നെ തണുപ്പനുഭവപ്പെടുന്നില്ല. ആകപ്പാടെ നോക്കിയാൽ ജപ്പാനിലെ കാലാവസ്ഥ സുഖപ്രദമാണെന്നു പറയാം.

(ബി) അൻപതു വർഷത്തെ അത്ഭുതപൂർവ്വമായ വളർച്ച.

കൃഷിയും വ്യവസായവും:—

ജപ്പാനിലെ ജനസംഖ്യയിൽ പകുതിയോളം കൃഷിയിൽ ഏർപ്പെട്ടിരിക്കുന്നു. ആകെ വിസ്തീർണ്ണത്തിൻെറ പതിനഞ്ചു ശതമാനം മാത്രമേ കൃഷിക്കുപകരിക്കുന്നുള്ളു. ബാക്കിഭാഗങ്ങരം വനപ്രദേശങ്ങളാണു്. ഇവയെ പ്രത്യേകം സംരക്ഷിച്ചുവരുന്നു. നെല്ലു്, തേയില, ബാർലി എന്നിവ ഇവിടത്തെ പ്രധാന കാർഷികവിഭവങ്ങളാകുന്നു. ഈ രാജ്യത്തെ കൃഷിസമ്പ്രദായം നമ്മുടെ നാട്ടിലും ചില സ്ഥലങ്ങളിൽ ഫലപ്രദമായി പരീക്ഷിച്ചുവരുന്നു. പട്ടുനൂൽപുഴക്കളെ വളർത്താനുള്ള മരംബറി ച്ചെടിയും അവിടെ വൻതോതിൽ കൃഷിചെയ്യുന്നുണ്ടു്.

വളരെ ചെറിയ രാജ്യമാണ് ജപ്പാൻ. എങ്കിലും അതു ചൈനയെ അതിശയിക്കുന്ന ഒരു വലിയ ശക്തിയായി വളൎന്നു. ''പൗരസ്ത്യ ദിക്കിലെ ബ്രിട്ടൻ'' എന്ന അഭിധാനം ജപ്പാൻ നേടിയതു് വ്യവസായ പുരോഗതികൊണ്ടാണു്. എന്നാൽ രണ്ടാം ലോകമഹായുദ്ധത്തിൽ ഹിരോഷിമനഗരം അണുബാംബിന്നിരയായതോടുകൂടി ജപ്പാൻ അധഃപതിച്ചുപോയി.

പത്തൊമ്പതാം നൂററാണ്ടിൻെറ മദ്ധ്യത്തോടുകൂടിയായിരുന്നു ജപ്പാൻ അതിശീഘ്രം പുരോഗമിച്ചതു്; യോക്കോഹാമ തുറമുഖം വിദേശവിപണികൾക്കവേണ്ടി തുറക്കപ്പെട്ടു. ജപ്പാൻകാർ പാശ്ചാത്യ രാജ്യങ്ങളിൽപോയി അഭിവൃദ്ധിക്കുള്ള മാൎഗ്ഗങ്ങൾ കണ്ടുപഠിക്കാൻ തുടങ്ങി. വിദേശങ്ങളിൽനിന്നും സാങ്കേതിക വിദഗ്ദ്ധന്മാരെ ക്ഷണിച്ചുവരുത്തി. അങ്ങനെ പഴമയുടെ പാരമ്പര്യം ജപ്പാൻകാർ തുത്തെറിഞ്ഞു. ജപ്പാനിൽ അങ്ങോളമിങ്ങോളം പുതിയ വ്യവസായശാലകളും, പാലങ്ങളും, റോഡുകളും, റയിൽവേകളും, കമ്പിത്തപാലുകളും എന്നു വേണ്ട എല്ലാ ആധുനിക സജ്ജീകരണങ്ങളും വ്യാപിക്കാൻ തുടങ്ങി. ഇപ്രകാരം ജപ്പാനിലെ അദ്ധ്വാനശീലരും കലാരസികന്മാരുമായ ജനലക്ഷങ്ങളുടെ പരിശ്രമഫലമായി കടിൽ വ്യവസായങ്ങളും, കളിമൺ വ്യവസായവും അഭിവൃദ്ധിപ്പെട്ടുവന്നു. ഏതാണ്ട് അൻപതു വർഷങ്ങൾക്കള്ളിൽ ജപ്പാൻ ഐശ്വര്യപൂൎണ്ണമായി.

ആദ്യം വ്യവസായങ്ങൾ ഗവണ്മെൻറു് വകയായി നടത്തുകയും പിന്നീടു് വ്യക്തികൾക്കു് വിട്ടുകൊടുക്കുകയും ചെയ്തു. മണ്ണെണ്ണ, കൽക്കരി, ചെമ്പു് ഇവ ജപ്പാനിൽ സുലഭമാണു്. ഇരുമ്പിൻെറ ദൌർല്ലഭ്യം വ്യവസായങ്ങൾക്കു് ഒരു പ്രതിബന്ധമായിരുന്നു. മഞ്ചൂറിയയിലെ ഇരുമ്പുഖനികൾ കൈക്കലാക്കുവാനായിരുന്നു 1932-ൽ ജപ്പാൻ ആ പ്രദേശം ആക്രമിച്ചതു്. ജപ്പാനിലെ ഒരു പ്രധാന വ്യവസായം നെയ്ത്തു് ആണു്. എന്നാൽ പരുത്തിക്കൃഷി ഒട്ടും തന്നെയില്ല. ഇൻഡ്യയിൽനിന്നും, അമേരിക്കയിൽനിന്നും പരുത്തി ഇറക്കുമതിചെയ്യുന്നു. പട്ടുനൂൽ ഈ രാജ്യത്തുതന്നെ ധാരാളമുണ്ട്. കപ്പൽ നിൎമ്മാണവും, യന്ത്ര

നിമ്മാണവും ഇവിടെ വിജയകരമായി നടത്തുന്നുണ്ട്. കടലാസ്, തീപ്പെട്ടി എന്നീവ്യവസായങ്ങളും അഭിവൃദ്ധിയിലാണ്. ഈ വ്യവസായങ്ങൾക്കുള്ള അസംസ്കൃത സാധനമായ തടി, ജപ്പാനിലെ വനങ്ങളിൽനിന്നും ആവശ്യംപോലെ ലഭിക്കുന്നുണ്ട്. തീപ്പെട്ടിവ്യവസായത്തിനുള്ള ഗന്ധകം അഗ്നിപവ്വതങ്ങളിൽനിന്നും ലഭിക്കുന്നു. കളിമൺ വ്യവസായവും ഒട്ടും പിന്നിലല്ല. മൺപാത്രങ്ങൾ നിമ്മിക്കാനുള്ള മേത്തരം ചീനമണ്ണ് ജപ്പാനിൽ ധാരാളമായി ലഭിക്കുന്നു.

മീൻപിടിത്തം ജപ്പാനിലെ ഒരു പ്രധാന വ്യവസായമാണ്. മത്സ്യം ഉപ്പിട്ടുണക്കി അന്യരാജ്യങ്ങളിലേയ്ക്കു് കയററി അയയ്ക്കുന്നു. നാഗസാക്കി പട്ടണത്തിനു സമീപം കൃത്രിമ പവിഴങ്ങളും ഉണ്ടാക്കുന്നുണ്ട്. ജപ്പാനിൽ നിമ്മിക്കുന്ന കളിപ്പാട്ടങ്ങൾ സുപ്രസിദ്ധമാണല്ലൊ.

സാധനങ്ങൾ വളരെ വില കുറച്ച് ജപ്പാൻകാർ വിദേശവിപണികളിൽപോലും വിററഴിച്ചിരുന്നു. ഇതിൻെറ പ്രധാന കാരണം ജപ്പാനിൽ ധാരാളം വെള്ളച്ചാട്ടങ്ങൾ ഉള്ളതുകൊണ്ട് വ്യവസായങ്ങൾ നടത്താനുള്ള വിദ്യൂച്ഛക്തി വളരെ ആദായകരമായി കിട്ടുന്നു എന്നതാണ്.

ഒരു കുടുംബത്തിലെ അംഗങ്ങളും ചിലപ്പോൾ അയൽവാസികളും ചേന്ന് നിരവധി ചെറിയ വ്യവസായങ്ങൾ വിദ്യൂച്ഛക്തി ഉപയോഗിച്ച് നടത്തുന്നു എന്നതു് ജപ്പാനിലെ കുടിൽവ്യവസായങ്ങൾക്കുള്ള ഒരു പ്രത്യേകതയാകുന്നു. കുടുംബ ജീവിതത്തിനു് ഉലച്ചിൽ തട്ടാതെയും വൻകിട വ്യവസായശാലകളുടെ ദൂഷ്യാംശങ്ങൾ തീണ്ടാതെയും ജപ്പാനിലെ ജനങ്ങൾക്കു് പരക്കെ വ്യാവസായികമായ ഔന്നത്യത്തിലേയ്ക്കു് എത്തിച്ചേരാൻ കഴിഞ്ഞു.

ഇങ്ങനെ പല കാരണങ്ങൾകൊണ്ടും വ്യവസായത്തിൽ ജപ്പാൻ പാശ്ചാത്യരാജ്യങ്ങൾക്കു് ഒരു പേടിസ്വപ്നമായിരുന്നു.

(സി) ജപ്പാനിലെ നഗരങ്ങൾ.

ടോക്കിയോ— ജപ്പാന്റെ തലസ്ഥാനമായ ടോക്കിയോ ലോകത്തിലുള്ള ഏററവും വലിയ നഗരങ്ങളിൽ ഒന്നാണ്. 80 ലക്ഷത്തിൽപ്പരം ജനങ്ങൾ തിങ്ങിപ്പാക്കുന്ന തിരക്കുള്ള ഒരു നഗരമാണിതു്. 1869-ൽ മാത്രമാണ് ടോക്കിയോ ജപ്പാന്റെ തലസ്ഥാനമായതു്. 1923—ൽ ഉണ്ടായ ഭൂകമ്പം ഈ നഗരത്തെ മിക്കവാറും നശിപ്പിച്ചുകഴിഞ്ഞിരുന്നു. എന്നാൽ പ്രയത്നശീലരായ ജപ്പാൻകാർ എട്ടുവർഷത്തെ നിരന്തര പരിശ്രമംകൊണ്ടു് പടുത്തുയർത്തിയതാണ് ഇന്നത്തെ ടോക്കിയോ. ചക്രവർത്തിയുടെ കൊട്ടാരം, ടോക്കിയോ സർവ്വകലാശാല, മന്ത്രിമന്ദിരങ്ങൾ, അസംബ്ലിഹാൾ എന്നിവ ഈ പട്ടണത്തിലാണ്. മററു പട്ടണങ്ങളിലൊന്നാണ് യോക്കോഹാമ. ഇതു് ഒരു നല്ല തുറമുഖമാണ്. ഒസാക്ക പഞ്ഞിവ്യവസായകേന്ദ്രമാകുന്നു. ഇതിനെ ജപ്പാനിലെ മാഞ്ചസ്റ്റർ എന്നു പറയുന്നു. നാഗസാക്കി കപ്പൽനിർമ്മാണകേന്ദ്രമാണ്.

(ഡി) അമിതമായ ജനപ്പെരുപ്പം.

വ്യവസായം, വാണിജ്യം എന്നിവയുടെ പുരോഗമനത്തോടൊപ്പംതന്നെ ജപ്പാനിലെ ജനസംഖ്യയും വർദ്ധിച്ചുകൊണ്ടിരുന്നു. രാജ്യത്തിന്റെ വിസ്തീർണ്ണത്തിനു താങ്ങാൻ വയ്യാത്ത ജനപ്പെരുപ്പം ഉണ്ടായപ്പോൾ അയൽരാജ്യങ്ങളിലേക്കു് കടന്നുകൂടുവാനുള്ള മോഹം അവർക്കുണ്ടായി. ഇതിനുപുറമേ ജപ്പാനിലുള്ള വ്യവസായങ്ങൾക്കുവേണ്ട അസംസ്കൃത സാധനങ്ങൾ എവിടെനിന്നെങ്കിലും കരസ്ഥമാക്കേണ്ടതും ആവശ്യമായിരുന്നു. ദിനംതോറുമെന്നോണം അഭിവൃദ്ധിപ്പെട്ടുവന്ന വ്യവസായങ്ങൾമൂലം നിരവധി സാധനങ്ങൾ ഉണ്ടാക്കിത്തുടങ്ങി. ഇവ വിററഴിക്കുവാനുള്ള വിപണികൾ ജപ്പാൻകാർ അന്വേഷിക്കേണ്ടിവന്നു. ഇതിന്റെ ഫലമായി അവർ അടുത്തുള്ള രാജ്യങ്ങളിലേയ്ക്കു് പ്രവേശിച്ചു. ചൈനയിലുണ്ടായ സംഘട്ടനങ്ങളുടെയെല്ലാം മൂലകാരണങ്ങളിലൊന്നു് ജപ്പാനിലെ ജനപ്പെരുപ്പം തന്നെയാണ്.

(ഇ) ചരിത്രസംക്ഷേപം.

(1) 1939 വരെ:— ജപ്പാന്റെ ഉദയവും, വൃദ്ധിയും, പതനവും ലോക ചരിത്രത്തിലെ ഒരു അനുഭവ പാഠമാണു്. രണ്ടാം ലോകമഹായുദ്ധത്തിൽ ഐക്യകക്ഷികൾ ജപ്പാനെ ആക്രമിച്ചു കീഴടക്കിയതുവരെ ആ രാജ്യത്തെ കൈവശപ്പെടുത്തുവാൻ ഒരു കോയ്മയ്ക്കും സാധിച്ചിരുന്നില്ല. അന്യാധീനം എന്തെന്നു് അറിയാത്ത സുദീർഘചരിത്രമാണു് ഈ രാജ്യത്തിനുള്ളതു്.

ഏതാണ്ടു് ക്രിസ്തുവർഷം ആറാം നൂററാണ്ടു മുതൽക്കാണു് ചൈനയിൽനിന്നും കൊറിയയിൽനിന്നും ബുദ്ധമതം ജപ്പാനിലേക്കു വ്യാപിച്ചുതുടങ്ങിയതു്. ഇക്കാലത്തു് ചീന മഹത്തായ സംസ്കാരം പുലർത്തിവന്ന ഒരു രാജ്യമായിരുന്നു. ഇരുവരുമായുള്ള സമ്പർക്കംകൊണ്ടു് ജപ്പാൻകാരുടെ സ്വഭാവത്തിനും സംസ്കാരത്തിനും വലിയ മാററങ്ങൾ സംഭവിച്ചിരുന്നു. ജപ്പാനിൽ നാരയിൽ കാണുന്ന അമ്പതടി (15.24 മീററർ) ഉയരമുള്ള ബൌദ്ധവിഗ്രഹം ഈ സമ്പർക്കത്തിനു സാക്ഷിയായി ഇന്നും നിലകൊള്ളുന്നു.

ക്രിസ്തുവിനു മുമ്പു് 660—നോടടുത്തു് ജമ്മു എന്ന ചക്രവർത്തി ജപ്പാൻ ഭരിച്ചിരുന്നു. കാലക്രമത്തിൽ മിക്കാഡോവും പിൻഗാമികളും ജപ്പാൻ ഭരിക്കാൻതുടങ്ങി. പതിമൂന്നാം നൂററാണ്ടിൽ കബ്ലൈഖാൻ എന്ന മംഗോളിയൻ ചക്രവർത്തി ജപ്പാനെ ആക്രമിക്കാൻ തുനിഞ്ഞുവെങ്കിലും ആകസ്മികമായുണ്ടായ കൊടുങ്കാററിൽ മംഗോളിയരുടെ കപ്പലും മററും നശിച്ചു. ഇതു് ഒരു ദൈവശിക്ഷയായിരുന്നെന്നു് ജപ്പാൻകാർ വിശ്വസിക്കുന്നു. അതിനുശേഷം ജപ്പാൻകാർ യൂറോപ്യന്മാരുമായി ഇടപഴകാൻ തുടങ്ങി. രാജ്യത്തിനുള്ളിൽ നാടുവാഴികളും ഭരണകർത്താക്കളും കലഹിച്ചു. ഈ അന്തഃഛിദ്രം അധികരിച്ചുവന്നു. പ്രസിദ്ധനായ ഐയേസു്, സർവ്വാധികാരവും കൈവശപ്പെടുത്തി. പിന്നീടു് രണ്ടരനൂററാണ്ടുകാലത്തോളം 'ഷോഗന്മാർ' എന്ന പേരോടുകൂടി അദ്ദേഹത്തിന്റെ പിൻഗാമികൾ രാജ്യംഭരിച്ചു. ഇവർ വിദേശിയരെ രാജ്യത്തുനിന്നും തുരത്തി. ഷോഗന്മാരുടെ ഭരണകാലം

വളരെ സമാധാനപൂർണ്ണമായിരുന്നു. എന്നാൽ ഈ സ്ഥിതിയിൽ നിന്നും ജപ്പാനെ ഉണർത്തിയതു് അമേരിക്കൻ പീരങ്കികളായിരുന്നു. യോക്കോഹാമ തുറമുഖം വിദേശവിപണികൾക്കായി തുറക്കപ്പെടുകയും ഷോഗന്മാരുടെ ഭരണം അവസാനിപ്പിച്ച് മിക്കാഡൊ വംശജർ വീണ്ടും അധികാരത്തിൽ വരികയും ചെയ്തു.

പാശ്ചാത്യരാജ്യങ്ങളുമായുള്ള സമ്പർക്കംമൂലം ശക്തിമത്തായ ഒരു നാവികപ്പടയും അതിവിപുലമായ ഒരു കരസൈന്യവും ജപ്പാനുണ്ടായി. 1894—ൽ ചൈനയുമായും 1904—ൽ റഷ്യയുമായും യുദ്ധം ചെയ്യുന്നതിന് ഈ സേനകൾ അവക്ക് ആവശ്യമായിത്തീൻ്റു. 1894 അവസാനം ചൈനയുമായി ആരംഭിച്ച യുദ്ധം 1895—ൽ ആണ് അവസാനിച്ചതു്. ആറു മാസക്കാലം ചൈനയോടു് ഘോരമായി പടപൊരുതി. ഒടുവിൽ ജപ്പാൻ വിജയിക്കുകയും ഫോർമോസാ ദ്വീപു് ജപ്പാൻ ദ്വീപുകളോടു് കൂട്ടിച്ചേർക്കപ്പെടുകയും ചെയ്തു.

1904-ൽ ഒരു വൻകിട ശക്തിയായിരുന്ന രഷ്യയോടും ജപ്പാൻ യുദ്ധപ്രഖ്യാപനംചെയ്തു. ഈ യുദ്ധം ശിഥിലമായിക്കൊണ്ടിരുന്ന ചൈനയെ പാശ്ചാത്യശക്തികൾ പങ്കുവക്കുന്നതിനെതിരായുള്ള ഒരു വെല്ലുവിളിതന്നെയായിരുന്നു. റഷ്യ, മഞ്ചൂറിയായുടെ മേൽ അവകാശവാദം നടത്തി. ഈ സമയം ജപ്പാൻകാർ ഒരു പ്രധാന സൈന്യത്തെ മഞ്ചൂറിയയിലേയ്ക്കയയ്ക്കയും പോർട്ടു് ആർതർ പിടിച്ചടക്കുകയും അഡ്മിറൽ 'ടോജോ' റഷ്യൻ സൈന്യത്തെ മഞ്ഞക്കടലിൽവച്ചു് തോല്പിക്കയും ചെയ്തു. 1905—ൽ അമേരിക്ക ഇടപെട്ടു് യുദ്ധം അവസാനിപ്പിയ്ക്കയും ഇരുകൂട്ടരും മഞ്ചൂറിയയിൽനിന്നു് പിൻവാങ്ങാൻ വ്യവസ്ഥ ചെയ്യുകയും ചെയ്തു.

ഈ രണ്ടു യുദ്ധങ്ങളിൽ കൈവന്ന വിജയംകൊണ്ടു് ജപ്പാനു് ലോകത്തിലെ വൻകിട ശക്തികളുടെ കൂട്ടത്തിൽ ഗണ്യമായ ഒരു സ്ഥാനം ലഭിച്ചു. ചൈനയുമായുള്ള യുദ്ധംമൂലം കൊറിയൻ ആധിപത്യവും റഷ്യയുമായുണ്ടായ യുദ്ധത്തിൻെറ ഫലമായി സഖാലിൻ ദ്വീപിൻെറ ദക്ഷിണാർദ്ധവും ഇവക്കു ലഭിച്ചു. ജപ്പാൻ

റഷ്യയെ ജയിച്ചതു് ലോകചരിത്രത്തിലെ ഒരു പ്രധാന സംഭവം തന്നെയായിരുന്നു. ഒരു പൗരസ്ത്യശക്തിക്കു് പാശ്ചാത്യരോടു് കിടപിടിക്കുക മാത്രമല്ല അവരെ തോല്പിക്കാൻ കൂടി കഴിയുമെന്നു ഇതു തെളിയിച്ചു. ഈ കാലഘട്ടത്തിൽ ജപ്പാനു് അഭൂതപൂർവ്വമായ വളർച്ചയാണുണ്ടായതു്.

1914 മുതൽ 1919 വരെ നീണ്ടുനിന്ന ലോകമഹായുദ്ധത്തിൽ ജപ്പാൻ ബ്രിട്ടീഷ്കാരുടെ ഭാഗത്തായിരുന്നു. യുദ്ധത്തിനുമുമ്പു് 1911-ൽ ബ്രിട്ടനും ജപ്പാനും ആയി ഒരു കരാറുണ്ടാക്കിയിരുന്നു. യുദ്ധാനന്തരമുണ്ടായ സന്ധിയിലെ വ്യവസ്ഥപ്രകാരം പസിഫിക് സമുദ്രത്തിലുള്ള അനേകം ദ്വീപുകളുടെ ആധിപത്യം ജപ്പാനു സിദ്ധിച്ചു.

(2) <u>രണ്ടാം ലോകമഹായുദ്ധം</u> :— 1926-ൽ ഇപ്പോഴത്തെ ജപ്പാൻ ചക്രവർത്തിയായ ഹിറോഹീതോ സ്ഥാനാരോഹണം ചെയ്തു. അതോടുകൂടി ജപ്പാൻ സാമ്രാജ്യം വിപുലമാക്കുന്നതിൽ അദ്ദേഹം ശ്രദ്ധ കേന്ദ്രീകരിച്ചു. മഞ്ചൂറിയ ആക്രമിച്ചു കീഴടക്കി. ഇതു സംബന്ധിച്ച് യൂറോപ്യൻ കോയ്മകൾ ഉന്നയിച്ച ആക്ഷേപങ്ങളെ തൃണവൽഗണിച്ചുകൊണ്ടു് ജപ്പാൻ ചൈനയുമായി യുദ്ധം ആരംഭിച്ചു. ദീർഘകാലത്തെ ആഭ്യന്തരകലഹംകൊണ്ടു് ക്ഷീണിച്ചിരുന്ന ചൈനയുടെ പല ഭാഗങ്ങളും ജപ്പാൻ കൈവശപ്പെടുത്തി. "ദൈവത്തിൻെറ പ്രതിനിധിയായി ജപ്പാൻ ചക്രവർത്തി ലോകമെങ്ങും വാഴണം" എന്ന മുറവിളിയോടുകൂടി ജപ്പാൻ ജനത എന്തിനും തയാറായി. മുൻപുണ്ടായ വിജയം അവരെ അഹങ്കാരോന്മത്തരുമാക്കി.

1939-ൽ രണ്ടാം ലോകമഹായുദ്ധം ആരംഭിച്ചപ്പോൾ തങ്ങൾ കാത്തിരുന്ന സുവർണ്ണാവസരം കരഗതമായി എന്നു് അവർ തീർച്ചപ്പെടുത്തി. അടുത്ത വർഷം ജർമ്മനി, ഇററലി എന്നീ രാജ്യങ്ങളുമായി ജപ്പാൻ ഒരു കരാർ ഉണ്ടാക്കി. ഏഷ്യയിലും യൂറോപ്പിലും ജപ്പാൻെറയും ജർമ്മനിയുടെയും ആധിപത്യം സ്ഥാപിക്കാൻ അന്യോന്യം സഹായിക്കാമെന്നായിരുന്നു കരാറിലെ വ്യവസ്ഥ.

1941 ഡിസംബറിൽ പേറം ഹാർബർ ആക്രമിച്ചുകൊണ്ട് ജപ്പാൻ ബ്രിട്ടനോടും അമേരിക്കയോടും യുദ്ധപ്രഖ്യാപനം ചെയ്തു. ഫിലിപ്പയിൻസ്, ഇൻഡോചൈന, മലയ, ഹോങ് കോങ് എന്നിവിടങ്ങളിലുള്ള പ്രാരംഭവിജയം സഖ്യകക്ഷികളെ അത്ഭുതസ്തബ്ധരാക്കി. നാലുകൊല്ലത്തിനകം ബ്രിട്ടനും അമേരിക്കയും ജപ്പാനെ യുദ്ധത്തിൽ തോല്പിക്കാൻ തുടങ്ങി. നാഗസാക്കി, ഹിറോഷിമ എന്നീ പട്ടണങ്ങളിൽ സഖ്യകക്ഷികൾ ആററംബോംബിട്ടതോടുകൂടി 1945 ആഗസ്റ്റ് 15-ാം തീയതി ജപ്പാൻ കീഴടങ്ങി. അങ്ങനെ ജപ്പാൻെറ സാമ്രാജ്യമോഹവും തകർന്നു തരിപ്പണമായി.

(3) <u>ഇന്നത്തെ ജപ്പാൻ</u> :— ജപ്പാനിൽ യുദ്ധാനന്തരം വമ്പിച്ച പരിവർത്തനങ്ങൾ സംഭവിച്ചുകൊണ്ടിരുന്നു. ഭരണഘടനാപരമായി വിപ്ലവപരമായ മാററമാണുണ്ടായതു്.

യുദ്ധത്തിനുമുമ്പ് ചക്രവർത്തിയുടെ അമാനുഷത്വത്തിൽ ജപ്പാൻജനത അന്ധമായി വിശ്വസിച്ചിരുന്നു. രാജാവിനുവേണ്ടി പ്രാണത്യാഗം ചെയ്യാൻപോലും ജനങ്ങൾക്കു മടിയില്ലായിരുന്നു. ചക്രവർത്തിയുടെ ഏകച്ഛത്രാധിപത്യം ജപ്പാനിൽ നിലനിന്നു. നാമമാത്രമായ പാർലമെൻറുകളുടെ സഹായത്തോടുകൂടി ചക്രവർത്തി യഥേഷ്ടം ഭരണം നടത്തിയിരുന്നു.


എന്നാൽ യുദ്ധത്തിനുശേഷം 1947-ൽ പുതിയ ഭരണഘടന അനുസരിച്ചുള്ള ഭരണം ജപ്പാനിൽ ആരംഭിച്ചു. ചക്രവർത്തി ദിവ്യനാണെന്ന വിശ്വാസം നശിച്ചു. അദ്ദേഹം മനുഷ്യനായി ഗണിക്കപ്പെട്ടു. ചക്രവർത്തി രാജ്യത്തു പലയിടത്തും സഞ്ചരിച്ച് ജനങ്ങളുമായി ഇടപഴകാൻ തുടങ്ങി. പുതിയ ഭരണഘടന അനുസരിച്ച് പ്രായപൂർത്തി വോട്ടവകാശത്തിനുള്ള വയ:ക്ലിപ്തി ഇരുപത്തഞ്ചു വയസ്സിൽനിന്ന് ഇരുപതായി കുറഞ്ഞു. എല്ലാ അധികാരങ്ങളും ജനഹസ്തങ്ങളിലേയ്ക്കു പകർന്നു. ഇന്ന് ജനങ്ങളാൽ തെരഞ്ഞെടുക്കപ്പെട്ട നാനൂറ് അംഗങ്ങളുള്ള പ്രതിനിധിസഭയും (നമ്മുടെ ലോകസഭയ്ക്കു തുല്യം) ഇരുനൂററമ്പതു് അംഗങ്ങൾ ഉള്ള കൗൺസിലർ സഭയും (രാജ്യസഭയ്ക്കു

തുല്യം) ആണ് ഭരണം നടത്തുന്നതു്. അധികാരം മുഴവൻ നിക്ഷിപ്തമായിരിക്കുന്നതു് ആദ്യത്തെ സഭയിൽ ആണ്. ഇതു കൂടാതെ നീതിന്യായത്തിൻെറ പരമാധികാരസ്ഥാനമായ ഒരു സുപ്രീം കോർട്ടും ഉണ്ടു്. സോഷ്യലിസ്റ്റു് തത്വങ്ങളനുസരിച്ചുള്ള ഒരു ഭരണരീതിയാണ് ഇന്നു് ജപ്പാനിലുള്ളതു്.

രണ്ടാം ലോകമഹായുദ്ധത്തിൽ ഉണ്ടായ പരാജയംകൊണ്ടു് നിരാശപ്പെടാതെ പരിഷ്കൃതരാജ്യങ്ങളുടെ മുന്നണിയിലാകുന്നതിനുവേണ്ടി ജപ്പാൻ കിണഞ്ഞു പരിശ്രമിക്കുന്നുണ്ടു്.

## 3. മലയാനാട്ടുകൾ.

പ്രകൃതിസമ്പത്തുകൊണ്ടു് അനുഗൃഹീതമായ ഒരു രാജ്യമാണ് മലയ. തന്മൂലം മലയക്കാരൻ വളരെ സമ്പന്നനാണെന്നു നമുക്കു തോന്നാം. എന്നാൽ യാഥാർത്ഥ്യം അതല്ല. ജോലി ചെയ്യുന്നതിനു് അവൻ ഇഷ്ടപ്പെടുന്നില്ല. അവൻെറ ജീവിതാവശ്യങ്ങൾ വളരെ തുച്ഛമാണ്. ആവശ്യങ്ങൾ നിറവേറുമ്പോൾ അവൻ അലസനായിത്തീരുന്നു.



നമ്മുടെ സംസ്ഥാനത്തിന്റെ മൂന്നിരട്ടം വലിപ്പമുണ്ട്, മലയാരാജ്യത്തിന്. എന്നാൽ ജനസംഖ്യ അറുപത്തേഴ് ലക്ഷമേ ഉള്ളൂ. വിദേശികളും സ്വദേശികളും ചേർന്നുള്ള ഒരു ജനസഞ്ചയത്തെയാണ് മലയായിൽ നാം കാണുന്നത്. ചൈനാക്കാർ, തമിഴർ, മലയാളികൾ, യൂറോപ്യന്മാർ, സ്വദേശികളായ മലായികൾ എന്നിവരെല്ലാം ഇക്കൂട്ടത്തിലുണ്ട്.

മദ്ധ്യരേഖയോടടുത്ത് ഉഷ്ണമേഖലയിലാണ് ഇതിന്റെ സ്ഥാനമെന്ന് പടത്തിൽനിന്നു നമുക്കു കാണാം. ഋതുവ്യത്യാസങ്ങൾ ഇവിടെ അധികം അനുഭവപ്പെടുന്നില്ല. ഈ രാജ്യത്തിന്റെ ഭൂരിഭാഗവും മദ്ധ്യരേഖാവനങ്ങളാണ്, രാജ്യത്തിന്റെ നട്ടെല്ലു പോലെയാണ് പർവ്വതത്തിന്റെ കിടപ്പ്. കടലോരത്തുള്ള ഇടുങ്ങിയ സമതലങ്ങളിൽ ജനവാസം അധികം ഉണ്ട്.

മഴയുടെ ആധിക്യവും ഭൂമിയുടെ ഫലസമൃദ്ധിയും കാരണം മലയക്കാരുടെ പ്രധാനമായ ഉപജീവനമാർഗ്ഗം കൃഷിയാണ്. തെങ്ങിൻതോപ്പുകളും കമുകിൻതോട്ടങ്ങളും നെൽപ്പാടങ്ങളും തീരസമതലങ്ങളിൽ ധാരാളം കാണാം. കരിമ്പ്, വാഴ, പച്ചക്കറിവർഗ്ഗങ്ങൾ, പൈനാപ്പിൾ ഇവയെല്ലാം കൃഷിചെയ്യപ്പെടുന്നു. റബ്ബർക്കൃഷിക്ക് ഏററവും യോജിച്ച കാലാവസ്ഥ ഉള്ളതിനാൽ ഇവിടെ അനവധി റബ്ബർത്തോട്ടങ്ങളുണ്ട്. മുളയും ചൂരലും അന്യരാജ്യങ്ങളിലേക്ക് കയററുമതി ചെയ്യുന്നു. മലാക്കയിലെ ചൂരൽ പ്രസിദ്ധിയാർജ്ജിച്ചിട്ടുണ്ടല്ലോ.

മലയയുടെ പടിഞ്ഞാറേ തീരം കിഴക്കേ തീരത്തേക്കാൾ പുരോഗമിച്ചതാണ്. അവിടെയുള്ള താഴ്വരകളിൽ ടിൻ അയിര് അനവധിയുണ്ട്. ലോകത്തിൽ ആകെയുള്ള ടിൻ ഉൽപ്പാദനത്തിന്റെ മൂന്നിലൊരു ഭാഗം മലയായിൽ നിന്നത്രേ, ടിൻ ഖനനത്തിന്റെ കേന്ദ്രമായ പട്ടണം ഇപ്പോവാണ്. റബ്ബറും ടിന്നും, തടിയും മലയയെ സമ്പന്നമാക്കിയിരിക്കുന്നു. ഇരുമ്പ്, മാംഗനീസ്, ബോക്സൈററ്, സ്വർണ്ണം ഇവയും മലയയിൽ ഉണ്ട്.

ചരിത്രസംക്ഷേപം.

ഒന്നാം നൂററാണ്ടിൽ തന്നെ ഇന്ത്യയിൽനിന്നു് ധാരാളം കച്ചവടക്കാർ വ്യാപാരക്കപ്പലുകളിൽ മലയയിൽ എത്തിയിരുന്നു. ആ വ്യാപാരികരം ആദിമനിവാസികളുമായി വിവാഹബന്ധം പുലർത്തി പാർപ്പുറപ്പിച്ചതായി വിശ്വസിക്കേണ്ടിയിരിക്കുന്നു. ഇങ്ങനെ ചെന്നെത്തിയവരിൽ പ്രമുഖർ ദക്ഷിണേന്ത്യക്കാരായിരുന്നു. നാലാംശതകത്തിനടുത്താണു് വിപുലമായ തോതിൽ ഇന്ത്യാക്കാർ മലയയിൽ കുടിയേറിപ്പാർക്കാൻ തുടങ്ങിയതു്. സ്വർണ്ണം അന്വേഷിച്ചായിരിക്കണം അവർ അവിടെയെത്തിയതു്.

ഇന്ത്യയിൽ നിന്നും ബുദ്ധമതം അവിടെ പ്രചരിച്ചു. എന്നാൽ അറബികളുടെ പ്രവേശനഫലമായി ഇസ്ലാംമതം സ്വാധീനം ചെലുത്തുകയും കാലക്രമത്തിൽ മലയ ഒരു മുസ്ലിം രാജ്യമായിത്തീരുകയും ചെയ്തു.

പതിനാറാം നൂററാണ്ടു മുതൽ വിദേശികളുടെ ശ്രദ്ധ മലയയിലേക്കു തിരിഞ്ഞു. അന്യനാടുകളുമായി വ്യാപാരബന്ധങ്ങരം സ്ഥാപിക്കുവാനും അങ്ങനെ വാണിജ്യാധിപത്യം കൈക്കലാക്കുവാനും പാശ്ചാത്യശക്തികരം മത്സരിച്ചിരുന്നു. എ. ഡി. 1498-ൽ പോർച്ചുഗീസുകാരനായ വാസ്ക്കോഡ ഗാമ കോഴിക്കോട്ടെത്തിയ കഥ നമുക്കു് അറിയാമല്ലോ. 1511-ൽ പോർച്ചുഗീസുകാർ മലാക്ക കൈവശപ്പെടുത്തി. അന്നു് മലയയുടെ ഉറംനാടുകളിൽ നരഭോജികരം ഉണ്ടായിരുന്നുവത്രേ. തീരപ്രദേശത്തു കച്ചവടക്കാരായ മലയക്കാർ, ചൈനക്കാർ, ജപ്പാൻകാർ എന്നിവരുമുണ്ടായിരുന്നു. പാശ്ചാത്യശക്തികളുടെ വരവിനു് അനേകനൂററാണ്ടുകരംക്കു മുമ്പുതന്നെ ചൈനാക്കാരും ജപ്പാൻകാരും മലയയുടെ സമ്പൽസമൃദ്ധിയാൽ ആകൃഷ്ടരായിരുന്നു.

പൗരസ്ത്യരാജ്യങ്ങളുമായുള്ള വാണിജ്യത്തിനുവേണ്ടി പോർച്ചുഗീസുകാരോടു് ആദ്യമായി മത്സരിച്ചതു് ഡച്ചുകാരായിരുന്നു. പോർച്ചുഗലിനേക്കാരം ഹോളണ്ടിനു് അക്കാലത്തു് ബലവത്തായൊരു നാവികപ്പട ഉണ്ടായിരുന്നതാണു് അതിനു

കാരണം. 1641—ൽ ഡച്ചുകാർ മലയയിൽ നിന്നും പോർച്ചുഗീസ് ശക്തിയെ തുരത്തി. സമീപസ്ഥങ്ങളായ ദ്വീപുകളും ഡച്ചുകാർ കൈവശപ്പെടുത്തി. എന്നാൽ 1824-ൽ അവരെ ഇംഗ്ലീഷുകാർ മലയയിൽ നിന്നും ഓടിച്ചു. അതിനുശേഷം പൗരസ്ത്യദ്വീപുകളിൽമാത്രം ശ്രദ്ധപതിപ്പിച്ചുകൊണ്ട് ഡച്ചുകാർ കഴിഞ്ഞുകൂടി.

1796-ൽ ഇംഗ്ലീഷ് ഈസ്റ്റിൻഡ്യാക്കമ്പനി മലയയിലെ ഒരു സുൽത്താനോട് വിലയ്ക്കു വാങ്ങിയ ദ്വീപാണ് പെനാങ്. അതായിരുന്നു മലയയിൽ ഇംഗ്ലീഷുകാർ ആദ്യമായി കുടിയേറിയസ്ഥലം. മലയ ഉപദ്വീപിന്റെ തെക്കെഅററത്ത് സ്ഥിതി ചെയ്യുന്ന സിംഹപുരം ദ്വീപും 1819-ൽ ഇംഗ്ലീഷുകാർ വിലയ്ക്കു വാങ്ങി. ഈ സിംഹപുരമാണ് സിങ്കപ്പൂരായിത്തീർന്നത്. ആ സ്ഥലം അന്ന് കാടുപിടിച്ചു കിടന്നിരുന്നു, പുല്ലുമേഞ്ഞ കുടിലുകളിൽ താമസിച്ചിരുന്ന മീൻ പിടുത്തക്കാരായ മലയർ മാത്രമായിരുന്നു അന്ന് അവിടെ പാർത്തിരുന്നത്. കാലക്രമത്തിൽ സിങ്കപ്പൂർ ബ്രിട്ടന്റെ ഏററവും പ്രധാനപ്പെട്ട ഒരു നാവിക സങ്കേതമായി ഉയർന്നു.

മലയയിൽ റബ്ബർക്കൃഷി ആരംഭിച്ചത് 1876—ൽ ആണ്. അന്ന് തെക്കേ അമേരിക്കയിലെ ബ്രസീലിൽ നിന്നും കൊണ്ടുവന്ന ഒരു റബ്ബർച്ചെടി മലയയിൽ നട്ടു. മലയയിലെ മണ്ണ് റബ്ബർക്കൃഷിയ്ക്ക് ഏററവും പററിയതാണെന്നു കണ്ടപ്പോൾ വിദേശീയർ വമ്പിച്ച മൂലധനത്തോടുകൂടി റബ്ബർത്തോട്ടങ്ങൾ സ്ഥാപിക്കുവാൻ മലയയിലേയ്ക്ക് ഇരച്ചുകയറി. കാടുകൾ വെട്ടിത്തെളിച്ച് അനേകായിരം എക്കർ ഭൂമിയിൽ റബ്ബർക്കൃഷി ക്രമേണ നടപ്പിലാക്കി. ഈ തോട്ടങ്ങളിൽ കൂലിവേലചെയ്യുവാൻ മലയക്കാരെ കിട്ടാറില്ല. തന്മൂലം അന്യനാടുകളിൽനിന്ന് പ്രത്യേകിച്ച് ദക്ഷിണേന്ത്യയിൽനിന്നു ധാരാളം തൊഴിലാളികളെ അവിടേക്കു വരുത്തി. ഇന്ന് തോട്ടം തൊഴിലാളികളിൽ ഭൂരിഭാഗവും തമിഴരാണ്. കള പറിക്കുന്നതിനും നിലം നന്നാക്കുന്നതിനും റബ്ബർപ്പാലെടുക്കുന്നതിനും വൃക്ഷം അരോഗമായി സംരക്ഷിക്കുന്നതിനും ധാരാളം കൂലിക്കാർ

ആവശ്യമാണ്. അവരെ നിയന്ത്രിക്കുന്നതും തോട്ടങ്ങളുടെ ഭരണച്ചുമതല വഹിക്കുന്നതും വിദേശീയരാണ്. റബ്ബറിന്റെ വിലയിടിഞ്ഞാൽ മലയായുടെ സാമ്പത്തികനില തകരുമെന്നു പറയുന്നതിൽ തെററില്ല. ശാസ്ത്രീയമായ രീതിയിൽ റബ്ബർകൃഷി നടത്തുന്നതിനു് ഒരു റബ്ബർ റിസേർച്ചു ഇൻസ്റ്റിററ്യൂട്ട് കോലാലമ്പൂരിൽ പ്രവർത്തനം നടത്തുന്നുണ്ട്.

മലയ സുൽത്താന്മാരുടെ ഭരണത്തിൻകീഴിൽ വളരെക്കാലം കഴിഞ്ഞിരുന്നു. ജോഹോർ, പെറാക്കു്, ഖെഡ്ഡാ, കെലന്താർ, പെർലിസ്, സെലംഗൂർ, നെഗ്രി, സെംബിലാൻ, ട്രെങ്കാര, പഹാങ്ങ് എന്നീ രാജ്യങ്ങളായിട്ടാണ് മലയ വിഭജിക്കപ്പെട്ടിരുന്നതു്. ഈ രാജ്യങ്ങളെല്ലാം ബ്രിട്ടീഷുകാരുടെ മേല്ക്കോയ്മ അംഗീകരിക്കുകയും ചെയ്തിരുന്നു. പെറാക്കു്, സെലംഗൂർ, നെഗ്രി, സെംബിലാൻ, പഹാങ്ങ് എന്നീ നാലു രാജ്യങ്ങൾ ഒരു സംയുക്ത സംസ്ഥാനമായി (Federated Malayan States) കഴിഞ്ഞുപോന്നു. രണ്ടാം ലോകമഹായുദ്ധക്കാലത്തു് ജപ്പാൻകാർ മലയ കൈവശപ്പെടുത്തിയല്ലോ. 1945—ൽ ജപ്പാൻ കീഴടങ്ങിയപ്പോൾ ബ്രിട്ടിഷുകാർക്കു വീണ്ടും മലയയിൽ അധികാരം ലഭിച്ചു. അവർ അടുത്തകൊല്ലം മലയയിൽ ചില ഭരണപരിഷ്ക്കാരങ്ങൾ ഏർപ്പെടുത്തി. ഒൻപതു നാട്ടുരാജ്യങ്ങളും മലാക്കാ, പെനാംഗ് എന്നീ രണ്ടു കോളനികളും ഉൾപ്പെടുത്തി അവർ 1957—ൽ ഒരു മലയൻ യൂണിയനുണ്ടാക്കി. പൊതുവായ ഒരു ഭരണവ്യവസ്ഥയും രൂപീകൃതമായി. കോലാലമ്പൂരാണ് ഫെഡറേഷന്റെ തലസ്ഥാനം. പൗരസ്ത്യദേശത്തേക്കുള്ള കവാടമായിട്ടാണ് ബ്രിട്ടീഷുകാർ ആ സ്ഥലം കരുതിവന്നതു്. സിങ്കപ്പൂർ ഒരു പ്രത്യേക ഘടകമായി തുടരുന്നുവെങ്കിലും അതും അവിടത്തെ മലയാ യൂണിയനിൽ ചേരാനിടയുണ്ട്.

1956 ജനുവരിയിൽ ലണ്ടനിൽവച്ചു് കൂടിയ ഒരു സമ്മേളനത്തിൽ സ്വതന്ത്രമലയയുടെ ഭരണഘടന ഏതുപ്രകാരം ആയിരിക്കണമെന്നുള്ളതിനെപ്പററി ഒരു തീരുമാനം ഉണ്ടായി. അന്ന് രൂപീകരിച്ച ഭരണഘടനയിൽ മലയൻ രാഷ്ട്രത്തിന്റെ

പരമാധികാരിയായി ഒരു രാജാവിനെ തിരഞ്ഞെടുക്കേണ്ടതാണെന്നു വ്യവസ്ഥചെയ്തു. ലോകത്തിൽ രാജാവിനെ തിരഞ്ഞെടുക്കുന്ന സമ്പ്രദായം ഭരണഘടനാപരമായി അംഗീകരിക്കപ്പെട്ടിട്ടുള്ള ഏകരാജ്യം മലയയാണു്.

മലയാ ഉപദ്വീപിലെ പ്രധാന നഗരം കോലാലമ്പൂർ ആകുന്നു. പ്രധാന വാണിജ്യകേന്ദ്രങ്ങൾ പെനാംഗ്, സിങ്കപ്പൂർ എന്നീ തുറമുഖങ്ങളാണു്.

## 4. പ്രകൃതിവിഭവങ്ങൾ നിറഞ്ഞ ദ്വീപസമൂഹം

പ്രാരംഭം :—മലയഉപദ്വീപിനും ആസ്ത്രേലിയക്കും ഇടയ്ക്കു് ചെറുതും വലുതുമായ അനേകം ദ്വീപുകളുടെ ഒരു സമൂഹം ഭൂപടത്തിൽ കാണാം. പൂർവ്വേൻഡ്യൻ (ഈസ്റ്റിൻഡീസ്) ദ്വീപുകളെന്നാണു് ഇവ അറിയപ്പെട്ടിരുന്നതു്. ഇന്നു് അവയ്ക്കെല്ലാംകൂടി ഇൻഡോനേഷ്യ എന്ന പേർ നൽകിയിരിക്കുന്നു. ജാവാ, സുമാത്ര, ബോർണിയോ, സെലിബസ്, ബാലി മുതലായവയാണു് ഈസ്റ്റിൻഡീസിലെ പ്രധാനപ്പെട്ട ദ്വീപുകൾ.

വളരെ പുരാതനകാലം മുതൽ ഇൻഡ്യാക്കാർ ഈ ദ്വീപുകളിൽ കുടിയേറി പാർത്തിട്ടുണ്ടു്. പതിനാലാം നൂററാണ്ടിൽ കുറേക്കാലം ജാവാ മംഗോളിയൻ ഭരണത്തിൻകീഴിലായിരുന്നു. പതിനാലും പതിനഞ്ചും നൂററാണ്ടുകൾകൊണ്ടു് ഈ ദ്വീപുകളിലെല്ലാം മുസ്ലീം ഭരണം വ്യാപിക്കുകയുണ്ടായി. പതിനാറാം നൂററാണ്ടിന്റെ ആരംഭകാലത്താണു് യൂറോപ്യൻ ശക്തികളുടെ ദൃഷ്ടി ഈ ഭാഗങ്ങളിൽ പതിഞ്ഞതു്. ഇംഗ്ലീഷ് ഈസ്റ്റിൻഡ്യാ കമ്പനിയുടെ പ്രവർത്തനം മൂലം ഇൻഡ്യമുഴവൻ ഇംഗ്ലണ്ടിനു വിധേയമായല്ലോ. അതുപോലെ ഡച്ച് ഈസ്റ്റിൻഡ്യാകമ്പനി പൂർവ്വേൻഡ്യൻ ദ്വീപുകൾ കയ്യടക്കി. പത്തൊൻപതാം നൂററാണ്ടു മുഴവൻ ഈ ദ്വീപുകൾ ഡച്ചുകാരുടെ അധീനതയിലായിരുന്നു.

ലോകത്തിന്റെ എല്ലാ ഭാഗത്തും ഇരുപതാം നൂററാണ്ടിൽ ദേശീയമായ ഉണർവ്വ് ഉടലെടുത്തപ്പോൾ ഈ ദ്വീപുകളിലും ദേശീയവാദികൾ പ്രത്യക്ഷപ്പെട്ടു. രണ്ടാംലോകമഹായുദ്ധ

കാലത്തു് ജപ്പാൻ ഈസ്റ്റിൻഡീസ് ദ്വീപുകൾ കൈവശപ്പെടുത്തി യെങ്കിലും പിന്നീടു് പിന്മാറി. 1949–ൽ ഡോക്ടർ സൂക്കാർ ണോവിന്റെ നേതൃത്വത്തിൽ ദേശീയവാദികൾ ഇൻഡോ നേഷ്യൻ ഐക്യസംസ്ഥാനങ്ങളുടെ സ്വാതന്ത്ര്യം വീണ്ടെടുത്തു. ഇൻഡോനേഷ്യയിൽ പ്രസിഡണ്ടും പ്രധാനമന്ത്രിയും ഒരാൾ തന്നെ. ഇൻഡോനേഷ്യയുടെ തലസ്ഥാനം ജാവാ ദ്വീപിലുള്ള ജക്കാത്ത ആണു്.

(എ) ജാവ :—ഈസ്റ്റിൻഡീസിൽ അനേകം ദ്വീപുകളു ണ്ടെങ്കിലും ജനവാസം കൂടുതൽ ഉള്ളതു് ജാവായിലാണു്. ഡച്ചു കാരുടെ ഭരണകാലത്തു് തലസ്ഥാനം ബറേറവിയ ആയിരുന്നു. അതാണു് ഇന്നു് ജക്കാത്ത എന്നറിയപ്പെടുന്നതു്. ലോകത്തിലെ ഉല്പാദനശേഷിയുള്ള പ്രദേശങ്ങളിലൊന്നായി ജാവാദ്വീപിനെ പരിഗണിക്കാം. വേണ്ടത്ര മഴയും ചൂടും ഫലപുഷ്ടിയുള്ള മണ്ണു മാണു് ഇതിനു കാരണം. എല്ലാ പൂർവ്വേൻഡ്യൻ ദ്വീപുകളെയും പോലെ ജാവായും അഗ്നിപർവ്വതങ്ങളുടെ നാടാണു്. പതിന്നാ ലിൽപ്പരം അഗ്നിപർവ്വതങ്ങൾ അവിടെയുണ്ടു്. ജാവയുടെ കാൽ ഭാഗത്തിലധികം അഗ്നിപർവ്വതങ്ങളിൽനിന്നും വമിച്ചിട്ടുള്ള ലാവ നിറഞ്ഞ പ്രദേശങ്ങളാകുന്നു. ജാവാ ആകമാനം മദ്ധ്യരേഖാവന ങ്ങൾ ആയിരുന്നു. ഇതിൽ ഭൂരിഭാഗവും കാർഷികാവശ്യങ്ങൾക്കു വേണ്ടി നശിപ്പിച്ചുകഴിഞ്ഞു. റബ്ബർ, തേയില, സിങ്കോണ, കരിമ്പു് ഇവ കൃഷി ചെയ്യുന്ന വലിയ തോട്ടങ്ങൾ ജാവായിൽ കാണാം. നെല്ലു്, ചോളം, തെങ്ങു്, കുരുമുളകു്, പുകയില എന്നീ വിഭവങ്ങൾ ജാവയിൽ നിന്നു് കയററുമതി ചെയ്യുന്നു. മദ്ധ്യജാവയിൽ വലിയ എണ്ണഖനികൾ ഉണ്ടു്. പ്രധാനപ്പെട്ട തുറമുഖങ്ങളായ, ജക്കാത്ത, സുരബയ, സെമറാങ്ങു്, എന്നിവ വടക്കേകടലോരത്തു് സ്ഥിതിചെയ്യുന്നു. ഉൾനാടൻ പട്ടണങ്ങ ളിൽ പ്രധാനപ്പെട്ടവ ബന്ദൂംഗ്, ജോഗ്, എന്നിവയാണു്.

(ബി) സുമാത്ര:—മലയയിൽനിന്നും മലാക്കാ കടലിടുക്കു കൊണ്ടു് വേർപെട്ടുകിടക്കുന്ന ഒന്നാണു് സുമാത്രാ ദ്വീപു്. മദ്ധ്യ രേഖ ഈ ദ്വീപിനെ രണ്ടായി ഭാഗിക്കുന്നു. പർവ്വതങ്ങൾ തെക്കു വടക്കായി മദ്ധ്യഭാഗത്തും സമതലങ്ങൾ കടലോരത്തിനടുത്തും

സ്ഥിതി ചെയ്യുന്നു. ധാരാളം ചെറിയ നദികൾ മലമ്പ്രദേശത്തു നിന്നും കിഴക്കോട്ടും പടിഞ്ഞാറോട്ടും ഒഴുകുന്നുണ്ട്. നെല്ല്, തെങ്ങ്, റബ്ബർ, തേയില, പുകയില, എണ്ണപ്പന എന്നിവയെല്ലാം ഇവിടെ കൃഷിചെയ്യുന്നു. എണ്ണയും തകരവും ലഭിക്കുന്ന ഖനികളുമുണ്ട്. മലയൻ വർഗ്ഗക്കാരാണ് ഇവിടെ അധികമുള്ളത്. കടലോരത്തും ഉൾനാടുകളിലെ താഴ്ന്ന പ്രദേശത്തും അവർ പാർക്കുന്നു. വാണിജ്യവികസനത്തിന് യൂറോപ്യന്മാർ ഏർപ്പെടുത്തിയ ക്രയവിക്രയ സ്ഥാനങ്ങൾ പലയിടങ്ങളിലും പട്ടണങ്ങളായി വളർന്നിട്ടുണ്ട്.

(സി) ബോർണിയോ :—സുമാത്രയ്ക്കു കിഴക്കുമാറി മദ്ധ്യരേഖയുടെ ഇരുവശങ്ങളിലുമായി കിടക്കുന്ന ബോർണിയോയാണ് ഇൻഡോനേഷ്യയിലെ ഏററവും വലിയ ദ്വീപ്. മററു ദ്വീപുകളിലുള്ളത്ര അഗ്നിപർവ്വത പ്രവർത്തനം ഇവിടെയില്ല. എന്നും മഴ ഉണ്ട്. താണ പ്രദേശങ്ങൾ നീർച്ചാലുകളുടെ കുറവുകൊണ്ട് ചതുപ്പുനിലങ്ങളാണ്. ഈ ദ്വീപിൻെറ പല ഭാഗങ്ങളും ഇക്കാലത്തും ദുഷ്പ്രാപങ്ങളാകുന്നു. കടൽത്തീരത്താണ് ജനാധിവാസം അല്പമെങ്കിലും ഉള്ളത്. മലയന്മാരും ചീനന്മാരും കടലോരങ്ങളിൽ വാസമുറപ്പിച്ചിട്ടുണ്ട്.

(ഡി) സെലിബസ്:—സെലിബസ് ദ്വീപിൻെറ ആകൃതി മററുള്ളവയിൽനിന്നു തുലോം വ്യത്യസ്തമാണ്. അനേകം ദ്വീപുകൾ കൂട്ടിച്ചേർത്തു് കെട്ടി കടലിൽ എറിയപ്പെട്ടതാണെന്നു തോന്നും, ഈ ദ്വീപിൻെറ ആകൃതി കണ്ടാൽ. കാപ്പി, തേങ്ങ, പുകയില, പഞ്ചസാര, സുഗന്ധദ്രവ്യങ്ങൾ, പശ, ചൂരൽ എന്നിവ ഇവടത്തെ കയററുമതിച്ചരക്കുകളാണ്. സ്വർണ്ണം, ഇരുമ്പ്, ഉപ്പ്, തകരം, ചെമ്പ്. എന്നീ വസ്തുക്കളും ഈ ദ്വീപിൽനിന്നും ലഭിക്കുന്നുണ്ട്.

(ഇ) ബാലി:—ജാവയ്ക്കു കിഴക്കുള്ള ഒരു ദ്വീപാണ് ബാലി. ചെറിയ ജാവയെന്നും കിഴക്കിൻെറ പതക്കമെന്നും അതിനു പേരുണ്ട്. മലകളുടെ നാടാണിതു്. അഗ്നിപർവ്വതങ്ങളുമുണ്ട്. പ്രകൃതിദൃശ്യങ്ങളോടൊപ്പം ഇവിടത്തെ ഗ്രാമീണസ്ത്രീജനങ്ങളും കലാകാരന്മാരുടെയും ചിത്രകാരന്മാരുടേയും പ്രശംസയ്ക്കു പാത്രമായിട്ടുണ്ട്.

ഇൻഡോനേഷ്യയിലെ പല ദ്വീപുകളും ഇന്നും പുരോഗമിച്ചിട്ടില്ല. എന്നാൽ മദ്ധ്യരേഖാവനങ്ങൾ ഉൾക്കൊണ്ടിരിക്കുന്ന ലോകത്തിലെ ഇതരഭൂവിഭാഗങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ പൂർവ്വേൻഡ്യൻ ദ്വീപുകൾ വളരെ അധികം അഭിവൃദ്ധിപ്പെട്ടിട്ടുണ്ടെന്നു കാണാം. സാമ്പത്തിക ചൂഷണത്തിനായി എത്തിയവരിൽ പലരും ഈ ദ്വീപുകളിൽ താമസിക്കുകയും പരിസരങ്ങളെ സംസ്കരിച്ചെടുക്കുകയുമാണുണ്ടായതു്. യൂറോപ്യന്മാർക്കു താമസിക്കത്തക്ക കാലാവസ്ഥ ഈ ഭൂവിഭാഗങ്ങളിൽ ഉള്ളതാണു് ഇതിനു കാരണം.

## പ്രായോഗികാഭ്യാസങ്ങൾ

1. യൂറേഷ്യയുടെ ഒരു പടം വരച്ചു് പുരാതന കാലത്തു് സംസ്കാരം ഉണ്ടായിരുന്ന സ്ഥലങ്ങൾ അടയാളപ്പെടുത്തുക.

2. ഏഷ്യയുടെ ഒരു പടം വരച്ചു് അതിൽ പ്രധാനപ്പെട്ട പട്ടണങ്ങൾ, നദികൾ, തുറമുഖങ്ങൾ എന്നിവ അടയാളപ്പെടുത്തുക.

3. ജപ്പാനിലെ ജനസംഖ്യാവർദ്ധനവിനെക്കുറിച്ചു് ചർച്ച ചെയ്യുക.

4. നമ്മുടെ നാട്ടിൽ നിന്നു് മലയ, ജപ്പാൻ, ഇൻഡോനേഷ്യ എന്നീ സ്ഥലങ്ങളിൽ പോയി ജോലിചെയ്തുവരുന്ന പല ആളുകളും ഉണ്ടു്. ഇവരിൽ ചിലർ ചിലപ്പോഴെല്ലാം അവധിയെടുത്തു് നാട്ടിൽ വരാറുണ്ടല്ലോ. അവരോടു് മേൽപ്പറഞ്ഞ രാജ്യങ്ങളെക്കുറിച്ചും അവിടത്തെ ജനങ്ങളുടെ ജീവിത രീതിയെക്കുറിച്ചും ചോദിച്ചു മനസ്സിലാക്കുക.

5. മലയയിൽ നിന്നുള്ള കയററുമതികളുടെയും ഇറക്കുമതികളുടെയും ഒരു പട്ടിക തയ്യാറാക്കുക.

# ഭാഗം III.

## 1. ആസ്ത്രേലിയാ

(എ) <u>പ്രാരംഭം :—</u> മററു വൻ കരകളെ അപേക്ഷിച്ച് ആസ്ത്രേലിയാ ഏററവും ചെറിയതാണ്. ഒരു ദ്വീപിന്റെ ലക്ഷണങ്ങൾ അതിനുണ്ടെങ്കിലും രാജ്യത്തിന്റെ വിസ്തൃതി, ഭിന്നമായ കാലാവസ്ഥ എന്നിവമൂലം കേവലം ദ്വീപായി കരുതുവാൻ തരമില്ല. അവിടത്തെ മൃഗങ്ങളും വൃക്ഷങ്ങളും ഇതര രാജ്യങ്ങളിലുള്ളവയിൽ നിന്നു വ്യത്യസ്തമാണ്. ആദിമ നിവാസികൾക്കും ഈ വ്യത്യസ്തത കാണാം.

1770—ൽ ക്യാപ്ററൻകുക്ക് എന്ന ഇംഗ്ലീഷുകാരൻ ഈ രാജ്യം കണ്ടുപിടിച്ചു.

പുതുതായി കണ്ടുപിടിക്കപ്പെട്ട ആസ്ത്രേലിയയെ ഏതെങ്കിലും തരത്തിൽ പ്രയോജനപ്പെടുത്തണമെന്ന് ഇംഗ്ലീഷുകാർ കരുതി. കുററവാളികളെ ആ രാജ്യത്തിലേയ്ക്കു നാടുകടത്താൻ തീർച്ച്യാക്കി. അങ്ങനെ ഇംഗ്ലണ്ടിൽനിന്നും 1787-ൽ 800 കുററവാളികളെ 11 കപ്പലിലായി അവിടെ ഇറക്കി. കൃഷി ചെയ്തു് ഉപജീവിക്കുന്നതിനു വേണ്ട സാധന സാമഗ്രികളും അവർക്കു നൽകിയിരുന്നു. ന്യൂ സൗത്തു് വെയിൽസ് എന്ന സംസ്ഥാനത്തിൽ അവർ താമസം തുടങ്ങി.

1851—ൽ ബാത്തേഴ്സ്റ്റ് എന്ന സ്ഥലത്തും, തുടർന്ന് ബല്ലാററ്, ബൻഡിഗോ എന്നീ സ്ഥലങ്ങളിലും സ്വർണ്ണം കണ്ടുപിടിച്ചു. ആസ്ത്രേലിയയിൽ നിന്നും സ്വർണ്ണത്തരികൾ വാരിയെടുത്തു് നിമിഷം കൊണ്ടു് കുബേരന്മാരായിത്തീരാനുള്ള ആവേശം ഇംഗ്ലീഷുജനതയെ ആസ്ത്രേലിയയിലേയ്ക്കു് ആകർഷിച്ചു. ആർക്കും വേണ്ടാതെ വിജനമായിക്കിടന്ന സ്ഥലങ്ങളെല്ലാം ക്രമേണ ജനനിബിഡമായിത്തീർന്നു.

കാലക്രമത്തിൽ ആസ്ത്രേലിയയും അയൽ ദ്വീപുകളും കൂടുതൽ പരിചിതമായി. ജനവാസം വർദ്ധിച്ചു. പുൽപ്രദേശങ്ങൾ സുലഭങ്ങളും സൗകര്യപ്രദങ്ങളും ആയിരുന്നതിനാൽ ആസ്ത്രേലിയയിൽ ആടുമാടുകളെ മേയ്ക്കുന്ന തൊഴിൽ പ്രധാനമായിത്തീർന്നു.

ഇംഗ്ലീഷുകാർ കൂട്ടംകൂട്ടമായി അവിടെ ചെന്നെത്തിയതോടുകൂടി പലവിധ വ്യവസായങ്ങൾ ആവിർഭവിച്ചു. പട്ടണങ്ങൾ വളൎന്നുവന്നു. കയററിറക്കുമതികൾ കൂടി. തന്നിമിത്തം തുറമുഖങ്ങൾ ഉണ്ടായി. ഇങ്ങനെയെല്ലാമാണെങ്കിലും ആസ്ത്രേലിയയിൽ ജനസംഖ്യ താരതമ്യേന കുറവാണു്. പണ്ടേതന്നെ വെള്ളക്കാൎക്കു മാത്രമേ അവിടെ കുടിയേറിപ്പാൎക്കുവാൻ അനുവാദമുണ്ടായിരുന്നുള്ളു. ഇപ്പോഴും കുടിയേറിപ്പാൎപ്പു് നിയന്ത്രിച്ചിരിക്കുകയാണു്. കറുത്ത വർഗ്ഗക്കാൎക്കു് അവിടെ പ്രവേശനമില്ല. കറുത്ത വർഗ്ഗക്കാർ അവിടെ കുടിയേറിപ്പാർത്താൽ അല്പകാലത്തിനുള്ളിൽ അവർ ജനസംഖ്യയിൽ പെരുകി വെള്ളക്കാരോടു മത്സരിച്ചേക്കുമെന്നുള്ള ഭീതിയാണു് ഈ നയത്തിനു കാരണം.




ഇംഗ്ലീഷുകാർ ആസ്ത്രേലിയയിൽ പ്രവേശിച്ച കാലത്തു് അവിടെ ആദിമനിവാസികളായ ഒരു വർഗ്ഗം ഉണ്ടായിരുന്നു. കേവലം ശിലായുഗത്തിലെ പരിഷ്ക്കാരം മാത്രമേ അവൎക്കു

ണ്ടായിരുന്നുള്ളു. അവർ അന്നു് കല്ലുകൊണ്ടുള്ള ആയുധങ്ങൾ ഉപയോഗിച്ചിരുന്നു.

പൊക്കം കുറഞ്ഞു് ഇരുണ്ട തവിട്ടുനിറത്തോടുകൂടിയവരാണു് ഇവിടത്തെ ആദിമനിവാസികൾ. കറുത്ത തലമുടി, ഉയൎന്ന നെററി, പരന്ന മൂക്കു്, ഇവയാണു് അവരുടെ ശരീരലക്ഷണം. ഇക്കൂട്ടരുടെ പ്രധാനതൊഴിൽ നായാട്ടാണു്. വളഞ്ഞ ഒരുതരം ഏറുവടി ഉപയോഗിക്കുന്നതിൽ അവൎക്കുള്ള സാമൎത്ഥ്യം അനിതര സാധാരണമാണു്. ലക്ഷ്യത്തിൽ ചെന്നു കൊണ്ട തിനുശേഷം ആ വടി എറിഞ്ഞ ആളുടെ പക്കൽ വരും. ഈ വിദ്യ അവൎക്കുമാത്രമേ അറിയാവൂ. പാട്ടും നൃത്തവും ഇവരുടെയിടയിൽ സാധാരണമാണു്. ആദിമനിവാസികളിൽ പല വിഭാഗക്കാരും ഉണ്ടെങ്കിലും അവരുടെ ഭാഷയ്ക്കു് സാമ്യം ഉണ്ടു്. എഴുത്തു വിദ്യ അവൎക്കു വശമില്ല. വടികളിൽ ചില വരകൾ വരച്ചു് സന്ദേശമയക്കുക പതിവാണു്. മന്ത്രവാദികൾക്കു് സമുദായത്തിൽ വലിയ സ്ഥാനമുണ്ടു്. രോഗം മാററുന്നതിനും ശത്രുക്കളെ നശിപ്പിക്കുന്നതിനും അവർ മന്ത്രവാദികളെ ആശ്രയിക്കുന്നു. വൈവാഹിക ജീവിതം വളരെ പരിശുദ്ധമായി അവർ കരുതുന്നു. ഭൎത്താവിൻെറ മരണം ഭാൎയ്യയെ അപാരമായ ദുഃഖത്തിൽ ആഴ്ത്തുന്നു. മരുമകനും അമ്മായിഅമ്മയും തമ്മിൽ കാണുന്നതു് അവരുടെ ആചാരത്തിനു വിരുദ്ധമാണു്.

മൃഗങ്ങളേയും ശത്രുക്കളേയും കാല്പാടുനോക്കി പിൻതുടരുന്നതിനു് ഈ ആദിമവാസികൾ സമൎത്ഥരാണു്. കായ്കനികൾ, ചിതൽ, പുഴക്കൾ, പല്ലി, പാമ്പു് മുതലായവയും എല്ലാത്തരം പക്ഷികളും മൃഗങ്ങളും അവരുടെ ആഹാര സാധനങ്ങളാണു്. അവർ നരഭോജികളായിരുന്നുവത്രേ.

ഈ പൂൎവ്വനിവാസികളുടെ എണ്ണം കുറഞ്ഞുവരികയാണു്. അവർ നിശ്ശേഷം നശിപ്പിക്കപ്പെടാതിരിക്കുന്നതിനു് ഗവണ്മെൻറു് മുൻകരുതലുകൾ ചെയ്തിട്ടുണ്ടു്. അവൎക്കുമാത്രം സൈ്വരമായി ജീവിക്കുവാൻ പ്രത്യേകമായി കുറെ സ്ഥലം നീക്കിവെച്ചിരിക്കുന്നു.

(ബി) ഭൂപ്രകൃതി :- ആസ്ത്രേലിയാ ഭൂഖണ്ഡം ദക്ഷിണ അക്ഷാംശം 15 ഡിഗ്രിക്കും, 40 ഡിഗ്രിക്കും പൂർവ്വരേഖാംശം 113 ഡിഗ്രിക്കും 154 ഡിഗ്രിക്കും ഇടയ്ക്കു സ്ഥിതി ചെയ്യുന്നു. ദക്ഷിണായനരേഖ ആസ്ത്രേലിയയുടെ മദ്ധ്യഭാഗത്തു കൂടിയാണു് കടന്നുപോകുന്നതു്. ഈ രാജ്യത്തിന്റെ ഉത്തരാർദ്ധം ഉഷ്ണമേഖലയിലാണു്. പടിഞ്ഞാറും വടക്കും ഇൻഡ്യൻ മഹാസമുദ്രവും കിഴക്കും തെക്കും പസിഫിക്ക മഹാസമുദ്രവും ഈ ഭൂഖണ്ഡത്തെ വലയം ചെയ്തിരിക്കുന്നു.

ആസ്ത്രേലിയയുടെ കിഴക്കുഭാഗത്തു് തീരപ്രദേശത്തുനിന്നു് ഉള്ളിലേയ്ക്കുമാറി "ദി ഗ്രേററു് ഡിവൈഡിംഗ് റേഞ്ച്" എന്ന പർവ്വതനിരയുണ്ടു്. ഇതു് ഉൾപ്രദേശത്തേയ്ക്കു് ക്രമേണ ചരിഞ്ഞാണു് കിടക്കുന്നതു്. ചരിഞ്ഞു കിടക്കുന്ന ഈ സാനുപ്രദേശം പുൽത്തകിടി നിറഞ്ഞതാണു്.

പർവ്വതപ്രദേശത്തിന്റെ പടിഞ്ഞാറുഭാഗത്തായി മദ്ധ്യസമതലമാണു്. മറേഡാർലിംഗ് സമതലവും അയർ തടാക സമതലവും ഇതിൽ ഉൾപ്പെടുന്നു. മറേ നദിയും അതിന്റെ പ്രധാന പോഷക നദിയായ ഡാർലിംഗ് നദിയും ആസ്ത്രേലിയയിലെ ഏററവും പ്രധാന നദികളാണു്. ആസ്ത്രേലിയയുടെ പടിഞ്ഞാറുഭാഗം പീഠഭൂമിയാണു്. രാജ്യത്തിന്റെ പകുതിയോളം വരും ഈ പീഠഭൂമിപ്രദേശം. പീഠഭൂമിയുടെ തെക്കുകിഴക്കും, പടിഞ്ഞാറും ഭാഗങ്ങൾ തീരപ്രദേശത്തോടു സമീപിച്ചു കിടക്കുന്ന ഇടുങ്ങിയ സമതലങ്ങളാണു്. വടക്കു ഭാഗത്തേയ്ക്കും ഈ ഇടുങ്ങിയ സമതലപ്രദേശം സമുദ്രതീരത്തോടു സമീപിച്ചു വ്യാപിച്ചു കിടക്കുന്നു.

രാജ്യത്തിന്റെ പടിഞ്ഞാറു ഭാഗത്തും വടക്കു ഭാഗത്തും നദികൾ ഉണ്ടെങ്കിലും അധികവും വേനൽക്കാലത്തു് വരണ്ടു പോകുന്നവയാണു്. കിഴക്കു ഭാഗത്തുള്ള നദികൾ തീരത്തോടടുത്തുകിടക്കുന്ന പർവ്വതനിരകളിൽനിന്നു് പുറപ്പെടുന്നതുകൊണ്ടു് നീളം കുറഞ്ഞിരിക്കുന്നു. കപ്പൽസഞ്ചാരത്തിനു് പററിയതുമല്ല. മറേഡാർലിംഗ് നദി വേനൽക്കാലത്തും വററിപ്പോക

ന്നില്ല. അക്കാലത്തു് പർവ്വതനിരയിലെ മഞ്ഞുരുകി ആ നദിയിൽ ജലപ്പെരുപ്പമുണ്ടാകുന്നു.

(സി) <u>കാലാവസ്ഥ</u> :— രാജ്യത്തിൻെറ ഉത്തരാദ്ധം ഉഷ്ണമേഖലയിലും ദക്ഷിണാർദ്ധം മിതോഷ്ണമേഖലയിലും സ്ഥിതിചെയ്യുന്നു എന്നു പറഞ്ഞുവല്ലോ.

നവംബർ മാസംമുതൽ മാർച്ചുവരെ ആസ്ത്രേലിയയിൽ ഉഷ്ണകാലമാണു്. മൺസൂൺ കാററടിച്ചു് വടക്കേ തീരപ്രദേശങ്ങളിൽ ധാരാളം മഴ പെയ്യുന്നു. കിഴക്കേ തീരത്തു് തെക്കുകിഴക്കൻ സ്ഥിരവാതങ്ങൾമൂലം മഴ ഉണ്ടാകുന്നു. പക്ഷെ കിഴക്കു ഭാഗത്തുള്ള പർവ്വതനിരയുടെ പടിഞ്ഞാറെ താഴ്‌വരയിൽ മഴ കുറവാണു്.

ശീതകാലത്തു് തെക്കു ഭാഗത്തും തെക്കുപടിഞ്ഞാറേ മൂലയിലും മഴ ഉണ്ടാകുന്നുണ്ടു്. ഈ ഭാഗങ്ങളിൽ മെഡിററേനിയൻ കാലാവസ്ഥയാണു്. ഈ കാലാവസ്ഥയ്ക്കു് ചില പ്രത്യേകതകൾ ഉണ്ടു്. ഇവിടെ ശീതകാലവർഷമുണ്ടാകുന്നു. പശ്ചിമവാതങ്ങൾ വീശുകയും ചെയ്യുന്നു.

പടിഞ്ഞാറെ പീഠഭൂമിയിൽ മഴ വളരെ കുറവാണു്. അതിനാൽ ഈ പ്രദേശം മരുഭൂമിയാണു്.

മരുഭൂമിയോടു തൊട്ടുകിടക്കുന്ന കുററിക്കാടു നിറഞ്ഞ പ്രദേശത്തും പുൽപ്രദേശത്തും കുഴൽക്കിണറുകളുടെ സഹായത്തോടുകൂടി കുറഞ്ഞതോതിൽ ജലസേചനം ചെയ്തു കൃഷി നടത്തിവരുന്നു.

ആർട്ടീഷ്യൻ കിണറുകൾ അഥവാ കുഴൽ കിണറുകൾ ആസ്ത്രേലിയയിൽ ധാരാളം ഉണ്ടു്. ഭൂമിയുടെ ഉപരിതലത്തിനടിയിൽ പാറക്കെട്ടുകളുടെ മേൽഭാഗത്തായി വെള്ളം കെട്ടിക്കിടക്കുന്ന പല ഭൂഗർഭജലാശയങ്ങളും ആസ്ത്രേലിയയിൽ ഉണ്ടു്. ഈ സ്ഥലങ്ങളിൽ കുഴൽക്കിണറുകൾ ഉണ്ടാക്കി വെള്ളം എടുക്കുന്നു. ചിലയിടങ്ങളിൽ 5000 അടി താഴ്ത്തിയെങ്കിലേ വെള്ളം കിട്ടുകയുള്ളൂ. ചില കുഴൽക്കിണറുകളിലെ ജലം, ഉപ്പുരസമുള്ളതിനാൽ, കൃഷിക്കുപയുക്തമല്ല. ആടുമാടുകൾക്കു് അതു

മതിയാകും. ഇങ്ങനെ മരുഭൂമിയുടെ ചുററും മഴയില്ലാത്തതുകൊണ്ടുള്ള വരൾച്ച ഇല്ലാതാക്കുന്നതിന് ചില സ്ഥലങ്ങളിൽ കുഴൽക്കിണറുകൾ സഹായിക്കുന്നുണ്ട്.

(ഡി) സസ്യപ്രദേശങ്ങൾ :— കിഴക്കുഭാഗത്തും വടക്കുകിഴക്കു ഭാഗത്തും മഴ ധാരാളം ഉണ്ട്. അതിനാൽ അവിടെ വർഷപാതം മിതമായുള്ള ഭാഗങ്ങൾ പുൽമേടുകൾ ആകുന്നു. ഈ ക്രമം അനുസരിച്ച് ആസ്ട്രേലിയയെ പല പ്രദേശങ്ങളായി തിരിക്കാം.

(1) ഉഷ്ണ മൺസൂൺ വനപ്രദേശം :— രാജ്യത്തിൻെറ വടക്കുകിഴക്കും വടക്കെ അർദ്ധഭാഗത്തും ഉള്ള തീരപ്രദേശങ്ങളിൽ മൺസൂൺ കാലാവസ്ഥയാണ്. ഈ കാലാവസ്ഥയെ സാമാന്യമായി കേരളത്തിൻെറ കാലാവസ്ഥയോടു സാമ്യപ്പെടുത്താം. ഉയൎന്ന പൎവ്വതപ്രദേശങ്ങളിലെ കാടുകളിൽ നമ്മുടെ നാട്ടിൽ കാണുന്ന ചില മരങ്ങളുണ്ട്. യൂക്കാലിപ്ററസ് മരങ്ങൾ ഈ ഭാഗത്തു കാണാം. ആസ്ട്രേലിയയിലെ യൂക്കാലിപ്ററസ് മരം വളരെ പ്രസിദ്ധമാണ്. റയിൽപ്പാളമിടുന്നതിനും മററു പണിത്തരങ്ങൾക്കും ഇതു ഉപയോഗിക്കുന്നു. ഈ മരം ചിതൽ തിന്നുകയില്ലെന്നുള്ളതു് ഒരു പ്രത്യേകതയാണ്.

വനപ്രദേശങ്ങൾ കടന്ന് ഉൾപ്രദേശത്തേയ്ക്കു പോകുന്തോറും മഴ ക്രമേണ കുറയുന്നു. അതനുസരിച്ച് കുററിക്കാടുകളും പുൽപ്രദേശങ്ങളും കൃഷിസ്ഥലങ്ങളും കാണാവുന്നതാണ്.

കരിമ്പ്, പൈനാപ്പിൾ, നേന്ത്രവാഴ മുതലായവ വടക്കുകിഴക്കുഭാഗത്തു് കൃഷിചെയ്തുവരുന്നു.

പുൽത്തകിടികളും കുററിക്കാടുകളും ആടുമാടുകൾക്കു സ്വൈരമായി മേയുവാൻ സൗകര്യമുള്ള പ്രദേശങ്ങളാണ്. ലക്ഷക്കണക്കിനു ആടുമാടുകളെ ഇവിടെ വളൎത്തുന്നു.

(2) അത്യുഷ്ണ പുൽപ്രദേശങ്ങൾ :— പശ്ചിമതീരം മുതൽ വടക്കേതീരംവരെ വ്യാപിച്ചു കിടക്കുന്ന പുൽപ്രദേശമാണിതു്. ഇവിടെ കാലിവളൎത്തൽ പ്രാധാന്യമർഹിക്കുന്നു.

(3) മെഡിററെറേനിയൻ കാലാവസ്ഥയുള്ള പ്രദേശം.

ആസ്ത്രേലിയയുടെ തെക്കുകിഴക്കേ ഭാഗവും തെക്കുപടിഞ്ഞാറു ഭാഗവും മെഡിറററേനിയൻ കാലാവസ്ഥയുള്ള പ്രദേങ്ങളാണു്. ഓറഞ്ചു്, മുന്തിരി, ആപ്പിരം മുതലായ ഫലവർഗ്ഗങ്ങരം ഇവിടെ ധാരാളമായി കൃഷിചെയ്തുവരുന്നു. ആസ്ത്രേലിയൻ ആപ്പിരം ലോകപ്രസിദ്ധി നേടിയിട്ടുണ്ടു്. ഈ ഭാഗത്തു് യൂക്കാലിപ്റ്ററസ്, പൈൻ ആദിയായ വൃക്ഷങ്ങരം സമൃദ്ധിയായി വളരുന്നു. ഗോതമ്പുകൃഷി ഇവിടെ പ്രധാനമാണു്. മനുഷ്യവാസത്തിനു് ഈ സ്ഥലം ഏററവും സുഖപ്രദമാണു്.

(4) മിതോഷ്ണ പുൽപ്രദേശങ്ങരം :— മറേ ഡാർളിംഗ് നദീതടം മിതോഷ്ണഭൂമിയാണു്. ലോകത്തിലെ ഏററവും പ്രധാനപ്പെട്ട ആട്ടമേച്ചിൽ പ്രദേശങ്ങളിൽ ഒന്നാണിതു്. ലക്ഷക്കണക്കിനു് ആടുകളെ ഈ പുൽപ്രദേശങ്ങളിലും വളത്തുന്നു. ഗോതമ്പാണു് ഇവിടത്തെ പ്രധാന കൃഷി.

(5) പൂർവ്വതീര മിതോഷ്ണ വനപ്രദേശം :— കിഴക്കേ തീരത്തു് തെക്കുമാറിയുള്ള പ്രദേശമാണിതു്. മിതമായ മഴയും മിതമായ ഉഷ്ണവുമാണു് ഈ പ്രദേശത്തു്. ഇവിടത്തെപുൽപ്രദേശങ്ങളിൽ കാലികളെ വളത്തുന്നു. ഇവിടം ക്ഷീരവ്യവസായ കേന്ദ്രമാണു്. ധാരാളം വെണ്ണ, പാൽപ്പൊടി, ടിൻപാൽ മുതലായവ ഇതരരാജ്യങ്ങളിലേയ്ക്കു് കയററി അയയ്ക്കുന്നുണ്ടു്. ഫലവർഗ്ഗങ്ങളുടെ കൃഷിയും ഈ പ്രദേശത്തെ ജനങ്ങളുടെ പ്രധാന തൊഴിൽ ആണു്.

(6) മരുഭൂമി :— ഈ മരുഭൂമിയിൽ മരുപ്പച്ചകരം ഇല്ല. ജനവാസത്തിനു തീരെ അനുകൂലമല്ലാത്ത ഒരു പ്രദേശമാണല്ലോ മരുഭൂമി. എങ്കിലും മനുഷ്യരെ ആകർഷിക്കുന്ന സ്വർണ്ണഖനികരം ഈ പ്രദേശത്തുണ്ടു്. കൂരംഗാർഡി. കാൽഗൂർലി എന്നീ സ്വർണ്ണഖനികരം പ്രസിദ്ധമാണു്.

(ഇ) മൃഗങ്ങരം :— ഇതര ഭൂഖണ്ഡങ്ങളിൽ കാണാത്ത ചില മൃഗങ്ങളെ ആസ്ത്രേലിയായിൽ കാണാം. സഞ്ചിമൃഗങ്ങളിൽപ്പെട്ട പല വർഗ്ഗങ്ങളും അവിടെയുണ്ടു്. ഉദരഭാഗത്തുള്ള

സഞ്ചികളിൽ തള്ള കുഞ്ഞുങ്ങളെ വഹിച്ചുകൊണ്ടു നടക്കുന്നു. കംഗാരു, ഒപ്പോസം എന്നീ മൃഗങ്ങൾ മാറത്തു സഞ്ചി ഉള്ളവയാണ്. താറാവിനെപ്പോലെ കൊക്കും കാലുമുള്ള ഒരുതരം മൃഗവും ഇവിടെയുണ്ട്. പറക്കുന്ന അണ്ണാൻ, പലവർണ്ണത്തിലുള്ള തത്തകൾ, പറക്കുവാൻകഴിയാത്ത വൻതരം പക്ഷികൾ എന്നിവയേയും അവിടെ കാണാം.

(എഫ്) തൊഴിലുകൾ :— (1) ആടുമേച്ചിൽ :— ആസ്ത്രേലിയയിൽ മരുഭൂമി ഒഴികെ മററു പ്രദേശങ്ങളിലെല്ലാംതന്നെ ആടുകളെ വളർത്തിവരുന്നു. ജനവാസം വളരെ കുറവായതുകൊണ്ടും കുറഞ്ഞ വിലയ്ക്കു കൂടുതൽ സ്ഥലം കിട്ടുന്നതുകൊണ്ടും ആടുവളർത്തൽ അവിടെ ആദായകരമാണ്. മറേ ഡാർളിംഗ് സമതലത്തിലും മെഡിററേനിയൻ കാലാവസ്ഥാ പ്രദേശത്തും മലഞ്ചരിവുകളിലും ആടുകളെ കൂട്ടമായി വളർത്തിവരുന്നു. ആട്ടിൻ രോമവും മാംസവും യൂറോപ്യൻ രാജ്യങ്ങളിലേയ്ക്കു് കയററുമതി ചെയ്യുന്നു.

(2) കന്നുകാലി വളർത്തൽ :— തണുപ്പും ഈർപ്പവുമുള്ള മേച്ചിൽ സ്ഥലങ്ങൾ കന്നുകാലികൾക്ക് അനുകൂലമാണ്. ക്ഷീ ര വ്യ വ സാ യം ഒരു പ്രധാന തൊഴിലാണെന്നും പാൽ, കട്ടിപ്പാൽ. പാൽപ്പൊടി, വെണ്ണ മുതലായവ വിദേശങ്ങളിലേയ്ക്കു് ധാരാളമായി കയററി അയയ്ക്കുന്നു എന്നും പറഞ്ഞല്ലോ. കാലികളെ മാംസത്തിനായി മാത്രവും വളർത്തുന്നുണ്ട്. മാംസം മഞ്ഞുകട്ടകളിൽ പൊതിഞ്ഞു വിദേശങ്ങളിലേയ്ക്കു് അയയ്ക്കുന്നു.

(3) കൃഷി :— ഗോതമ്പുകൃഷിയാണ് പ്രധാനം. ശീതകാലത്തു് മഴയുള്ള പ്രദേശങ്ങൾ ഗോതമ്പു കൃഷിക്ക് അനുകൂലമാണ്. ജല ദൗർലഭ്യമുള്ള സ്ഥലങ്ങളിൽ കുഴൽക്കിണറുകൾ വഴി ജലസേചനം നടത്തി വരുന്നുണ്ട് എന്നു നാം മനസ്സിലാക്കി. മറേ ഡാർലിംഗ് തടം, മെഡിററേനിയൻ കാലാവസ്ഥയുള്ള പ്രദേശങ്ങൾ ഇവ ഗോതമ്പുകൃഷിക്ക് പ്രസിദ്ധമാണ്.

മെഡിററേനിയൻ കാലാവസ്ഥയുള്ള പ്രദേശങ്ങളിൽ പഴവർഗ്ഗങ്ങൾ സമൃദ്ധിയായി ഉണ്ടാകുന്നു. മുന്തിരി, ആപ്പിൾ,

പീച്ചസ്, പ്ലംസ് മുതലായവ വിദേശങ്ങളിലേയ്ക്കു കയററി അയയ്ക്കുന്നുണ്ട്. പഴവർഗ്ഗങ്ങളും അവയുടെ ഉല്പന്നങ്ങളായ ജാം, ജെല്ലി മുതലായവയും മറു നാട്ടുകളിലേയ്ക്ക് കയററി അയയ്ക്കുന്നു.

(4) ഖനനം :— ആസ്ട്രേലിയയിലേയ്ക്ക് കൂട്ടംകൂട്ടമായി വെള്ളക്കാരെ ആകർഷിച്ചതു് സ്വർണ്ണമാണല്ലോ. സ്വർണ്ണത്തരികളായിരുന്നു ആദ്യം കിട്ടിക്കൊണ്ടിരുന്നതു്. കാലക്രമത്തിൽ അതു നിശ്ശേഷം തീരുകയും പിന്നീട് ഖനനം ചെയ്തു സ്വർണ്ണമെടുക്കുവാൻ തുടങ്ങുകയും ചെയ്തു. ബാത്തേഴ്സ്റ്റ്, ബല്ലാററ്റ്, ബൻഡിഗോ, കാൽഗൂർലി, കൂംഗാർഡി എന്നീ സ്ഥലങ്ങളിൽ സ്വർണ്ണഖനികൾ ഉണ്ട്. സ്വർണ്ണം ഉല്പാദിപ്പിക്കുന്നതിൽ ലോകത്തു് നാലാംസ്ഥാനമാണ് ആസ്ട്രേലിയയ്ക്കുള്ളതു്.

ന്യൂ സൗത്തു്വെയിൽസിലുള്ള ബ്രോക്കൺ ഹിൽ, സിൽവർട്ടൻ എന്നീ സ്ഥലങ്ങളിലെ ഖനികളിൽനിന്നു് ധാരാളം വെള്ളി ലഭിക്കുന്നു. ചെമ്പ്, ടിൻ എന്നിവയും പലയിടങ്ങളിലും ഖനനം ചെയ്യപ്പെടുന്നുണ്ട് കൽക്കരി കിഴക്കേ തീരത്തും ഉണ്ട്. ന്യൂ സൗത്തു്വെയിൽസിലുള്ള ന്യൂ കാസിൽ എന്ന സ്ഥലം കല്ക്കരി ഖനികളുടെ കേന്ദ്രമാണ്. ഇംഗ്ലണ്ടിലെ കല്ക്കരി കേന്ദ്രമായ ന്യൂ കാസിലിൻെറ പേർ തന്നെയാണ് ഈ സ്ഥലത്തിനും നല്കിയിരിക്കുന്നതു്.

(ജി) വ്യാപാരവും വ്യവസായവും:—താരതമ്യേന ജനസാന്ദ്രത വളരെ കുറവുള്ള ഒരു രാജ്യമാണ് ആസ്ട്രേലിയ. ജനങ്ങളിൽ പകുതിയിലധികവും സിഡ്നി, മെൽബോൺ, ബ്രിസ്ബെയിൻ, അഡലയിഡ് എന്നീ പട്ടണങ്ങളിൽ വസിക്കുന്നു. തീരപ്രദേശങ്ങളിലാണ് ജനസാന്ദ്രത കൂടുതൽ എന്നുള്ളതാണ് മറെറാരു വിശേഷം.

ആസ്ട്രേലിയയിൽ നിന്നും അസംസ്കൃതങ്ങളും സംസ്കൃതങ്ങളുമായ സാധനങ്ങൾ വിദേശങ്ങളിലേയ്ക്കു കയററി അയയ്ക്കുന്നു. കമ്പിളി, രോമം, മാംസം, പാൽപ്പൊടി, കട്ടിപ്പാൽ, വെണ്ണ, ആപ്പിൾ, മററു പഴവർഗ്ഗങ്ങൾ, തോൽ, ഗോതമ്പ്, സ്വർണ്ണം

വെള്ളി, ചെമ്പ്, ഈയം മുതലായവ കയററിഅയയ്ക്കുന്നു. യന്ത്രങ്ങൾ, പെട്രോൾ, കടലാസ്, പുകയില, തേയില, മുതലായവ ഇറക്കുമതി ചെയ്യുന്നുണ്ട്.

ഈയിടെയായി അസംസ്കൃതപദാൎത്ഥങ്ങൾ ഉപയോഗിച്ച് പലതരം വ്യവസായങ്ങളും അവിടെത്തന്നെ നടത്തിവരുന്നുണ്ട്. എങ്കിലും വ്യവസായത്തിൽ ഏൎപ്പെട്ടിരിക്കുന്നവരുടെ എണ്ണം ഇന്നും കുറവാണ്. വസ്ത്രനിൎമ്മാണവും ഇരുമ്പുവ്യവസായവും കപ്പൽനിൎമ്മാണവും അവിടെ ആരംഭിച്ചിട്ടുണ്ട്.

(എച്ച്) തുറമുഖങ്ങൾ :— ഇംഗ്ലണ്ട്, മററ് യൂറോപ്യൻ രാജ്യങ്ങൾ, അമേരിക്ക, എന്നിവയുമായി ആസ്ത്രേലിയയ്ക്കു കച്ചവടബന്ധം ഉണ്ട്. പ്രധാനമായ രണ്ടു തുറമുഖങ്ങളെക്കുറിച്ചു പറയാം.

(1) സിഡ്നി :—ആസ്ത്രേലിയയിലെ ഏററവും പ്രധാനപ്പെട്ട തുറമുഖമാണിതു്. പോർട്ട്ജാക്സൺ എന്ന നൌകാശയത്തിലാണ് ഇതിൻെറ സ്ഥാനം. ഇതിനെ ചുററി സമൃദ്ധമായ കാർഷികോല്പന്നപ്രദേശങ്ങളും ആടുകളെ മേയ്ക്കുന്ന മേച്ചിൽപ്രദേശങ്ങളും കിടക്കുന്നു.

(2) മെൽബോൺ:—രണ്ടാമത്തെ പ്രധാന തുറമുഖമാണിതു്. ക്ഷീരവ്യവസായപ്രദേശങ്ങളും ആടുമേച്ചിൽ പ്രദേശങ്ങളും, പഴവർഗ്ഗങ്ങൾ വിളയുന്ന തോട്ടുകളുമായി ഇതു് ബന്ധപ്പെട്ടു കിടക്കുന്നു.

(ഐ) രാഷ്ട്രീയ വിഭാഗങ്ങൾ :—ആസ്ത്രേലിയയെ സംസ്ഥാനങ്ങളായി തിരിച്ചിരിക്കുന്നു. അവയുടെ പേരും ഓരോന്നിൻെറയും തലസ്ഥാനവും ചുവടേ ചേർക്കുന്നു.

| സംസ്ഥാനം. | തലസ്ഥാനം. |
|---|---|
| ക്വീൻസ്ലാൻഡ് | ബ്രിസ്ബെയിൻ |
| ന്യൂസൗത്ത് വെയിൽസ് | സിഡ്നി |
| വിക്ടോറിയ | മെൽബോൺ |

| സംസ്ഥാനം | തലസ്ഥാനം |
| --- | --- |
| ടാസ്മേനിയ | ഹൊബാർട്ട് |
| സൗത്തു് ആസ്ത്രേലിയ | അഡലെയിഡ് |
| വെസ്റ്റേൺ ആസ്ത്രേലിയ | പെർത്ത്. |
| നോർത്തേൺ ആസ്ത്രേലിയ | ഡാർവിൻ |
| സെൻട്രൽ ആസ്ത്രേലിയ (കേന്ദ്രഭരണത്തിൻകീഴിൽ) | ആലിസ്സ്പ്രിംഗ്സ് |
| ആസ്ത്രേലിയയുടെ ഫെഡറൽ തലസ്ഥാനവും അതോടു ചേൎന്ന ഭാഗവും. | കാൻബറ |

(ജെ) ഭരണരീതി :— പത്തൊമ്പതാം നൂററാണ്ടിൻെറ അവസാനം വരെ ആസ്ത്രേലിയയിലെ ഓരോ സംസ്ഥാനവും സ്വതന്ത്രഭരണമാണു് നടത്തിവന്നതു്. രാജ്യത്തിൻെറ പൊതുനന്മയ്ക്കു ഇതു് വിഘാതമാണെന്നു് ഓരോ സ്റ്റേററിലെയും നേതാക്കന്മാൎക്കു് ബോദ്ധ്യം വന്നതിനാൽ അവർ 1891-ൽ സിഡ്നിനഗരത്തിൽ സമ്മേളിക്കുകയും സംയുക്തരാഷ്ട്രം രൂപീകരിക്കുവാൻ തീരുമാനിക്കുകയും ചെയ്തു. പാർലമെൻറു് അതിനു് അംഗീകാരം നൽകി.

1901 ജനുവരി ഒന്നാംതീയതി ആസ്ത്രേലിയയിൽ കോമൺവെൽത്തു ഭരണം നടപ്പിലായി. ഓരോ സംസ്ഥാനത്തിനും പ്രത്യേകമായ ഭരണഘടനയും ഭരണകൂടവും ഉണ്ടെങ്കിലും രാജ്യത്തെ ഒട്ടാകെ ബാധിക്കുന്ന നിയമങ്ങളുംമററും നിൎമ്മിക്കുന്നതു് സംയുക്ത നിയമസഭയാണു്. ഓരോ സംസ്ഥാനവും സ്വയംഭരണാടിസ്ഥാനത്തിലാണു് ഭരിക്കപ്പെടുന്നതു്. സംസ്ഥാനനിയമസഭയും അതിനോടുത്തരവാദപ്പെട്ട മന്ത്രിസഭയും ഉണ്ടു്. ഭരണത്തലവൻ ഗവൎണ്ണർ ആണു്.

ആസ്ത്രേലിയൻ കോമൺവെൽത്തിൻെറ ഭരണാധികാരി ഇംഗ്ലണ്ടിലെ രാജ്ഞി അല്ലെങ്കിൽ രാജാവു് ആണെന്നു് സങ്കല്പമുണ്ടെങ്കിലും കോമൺവെൽത്തു് ഗവണ്മെൻറിൻെറ ശുപാൎശയനുസരിച്ചു് ഗവൎണ്ണർ ജനറലിനെ രാജ്ഞി നിയമിക്കുകയാണു് ചെയ്യുന്നതു്. മന്ത്രിസഭയോടുള്ള അദ്ദേഹത്തിൻെറ ഉത്തരവാദിത്വം ഇംഗ്ലണ്ടിൽ രാജാവിനു് (ഇപ്പോഴം രാജ്ഞിയ്ക്കു്) മന്ത്രി

സഭയോടുള്ളതിനു സമമാണ്. ആസ്ട്രേലിയയിൽ കാബിനററ് ഭരണസമ്പ്രദായം നിലവിലിരിക്കുന്നു.

ആസ്ട്രേലിയയും ഇൻഡ്യയെപ്പോലെ ഒരു കോമൺവെൽത്തു രാജ്യമാണ്. പക്ഷെ അതു് ഇൻഡ്യയെപ്പോലെ ഒരു റിപ്പബ്ലിക്കല്ല. ബ്രിട്ടനിലെ രാജ്ഞി തന്നെയാണ് ആസ്ട്രേലിയയിലെ രാജ്ഞിയും. സെനററും ജനപ്രതിനിധിസഭയും ചേർന്നതാണ് സംയുക്ത ജനപ്രതിനിധിസഭ. ധനസംബന്ധമായ ബില്ലുകളെ ആദ്യമായി അവതരിപ്പിക്കുവാനോ പ്രതിനിധിസഭ പാസ്സാക്കുന്ന സാമ്പത്തികബില്ലിൽ മാററം വരുത്തുവാനോ സെനററിനു അധികാരം ഇല്ല. ഇരുപത്തൊന്നു വയസ്സ് തികഞ്ഞ എല്ലാ സ്ത്രീപുരുഷന്മാരും വോട്ടു ചെയ്യണമെന്നുള്ളതു് നിർബന്ധമാണ്. വോട്ടു ചെയ്യില്ലെങ്കിൽ അതിനു ശിക്ഷ അനുഭവിക്കേണ്ടിവരും. ആസ്ട്രേലിയൻ ഭരണഘടനയുടെ ഒരു പ്രത്യേകതയാണിതു്.

## 2. ടാസ്മേനിയ

ആസ്ട്രേലിയയുടെ തെക്കുഭാഗത്തു കിടക്കുന്ന ചെറിയ ഒരു ദ്വീപാണ് ടാസ്മേനിയ. പർവ്വതവും, കുന്നും, ഫലഭൂയിഷ്ഠമായ താഴ്വരയും കൊണ്ടു നിറഞ്ഞിരിക്കുന്ന ഒരു ദ്വീപാണിതു്. മെഡിററേനിയൻ കാലാവസ്ഥയോടു സാദൃശ്യമുള്ള ആരോഗ്യപ്രദമായ ഒരു കാലാവസ്ഥയാണ് ഇവിടെയുള്ളതു്.

ഇവിടത്തെ താഴ്വരകളിൽ ഗോതമ്പ്, ബാർലി, പഴവർഗ്ഗങ്ങൾ എന്നിവ കൃഷിചെയ്തുവരുന്നു. ടാസ്മേനിയായിലെ ആപ്പിൾ പഴങ്ങൾ ലോകപ്രസിദ്ധിയാർജ്ജിച്ചിട്ടുണ്ട്.

ചെമ്പ്, വെള്ളി, ഈയം. സ്വർണ്ണം, ടിൻ എന്നീ ലോഹങ്ങൾ ഇവിടെ ഖനനം ചെയ്യപ്പെടുന്നു. ആടുമാടുകളെ വളർത്തലും ഇവിടത്തെ പ്രധാന തൊഴിലാണ്. കമ്പിളിരോമവും മാംസവും ഇവിടെ നിന്നു് കയററുമതി ചെയ്യുന്നു.

ഇവിടത്തെ പ്രധാന പട്ടണം ഹോബാർട്ടു് ആണ്.

## 3. ന്യൂസീലൻഡ്.

<u>സ്ഥാനം</u> :—ആസ്ത്രേലിയയിൽ നിന്നും ഉദ്ദേശം ആയിരം മൈൽ ദൂരെ പസിഫിക് സമുദ്രത്തിലുള്ള ദ്വീപുകളാണ്




NEW ZEALAND

ന്യൂസീലൻഡ്. ഉത്തരദ്വീപ് എന്നും ദക്ഷിണദ്വീപ് എന്നും പേരുള്ള രണ്ടു് വലിയ ദ്വീപുകളും മററു ചെറുദ്വീപുകളും ഉൾപ്പെടുന്നതാണിതു്. ദക്ഷിണ അക്ഷാംശം 33 ഡിഗ്രിക്കും 47 ഡിഗ്രിക്കും മദ്ധ്യേ ഇതു് മിതോഷ്ണമേഖലയിൽ സ്ഥിതി ചെയ്യുന്നു. വടക്കുഭാഗത്തു് തെക്കുഭാഗത്തെക്കാൾ ചൂടു കൂടുതലാണു്.

രണ്ടു ദ്വീപുകളിലും നെടുനീളെ പർവ്വതനിര കിടക്കുന്നു. വടക്കെ ദ്വീപിൽ കിഴക്കേ തീരത്തോടു ചേർന്നും തെക്കേ

ദ്വീപിൽ പടിഞ്ഞാറേ തീരത്തോടു ചേൎന്നമാണ് പൎവ്വതനിര കിടക്കുന്നതു്. ഉത്തരദ്വീപിലെ പൎവ്വതനിരയിൽ ചില അഗ്നി പൎവ്വതങ്ങരം ഉണ്ടു്. ദക്ഷിണദ്വീപിലെ ഉയൎന്ന ഭാഗം മഞ്ഞു കൊണ്ടു മൂടിക്കിടക്കുന്നു.

സമുദ്രമദ്ധ്യത്തിൽ കിടക്കുന്ന ദ്വീപുകളാകയാൽ കടൽക്കാററു ഈ രാജ്യത്തിൻെറ കാലാവസ്ഥയെ സമീകരിക്കുന്നു. ഉത്തര ദ്വീപിൻെറ എല്ലാ ഭാഗത്തും ദക്ഷിണദ്വീപിൻെറ പടിഞ്ഞാറു ഭാഗത്തും ധാരാളം മഴ പെയ്യുന്നു. ഇവിടെയുള്ള ചൂടുനീരുറവകരം (Hot Springs) വളരെ പ്രസിദ്ധമാണ്. ആഹാരസാധനങ്ങരം പാകം ചെയ്യുന്നതിനു് ഈ അരുവികളിൽ അല്പസമയം വച്ചു കൊണ്ടിരുന്നാൽ മതിയത്രേ. ഇവിടത്തെ മയോറിവൎഗ്ഗക്കാർ മത്സ്യം, മാംസം മുതലായവ ഈ അരുവികളിൽ വച്ചു വേവി ക്കാറുണ്ടു്.

സസ്യാദികരം :—വർഷപാതം ക്രമമായിട്ടുള്ളതിനാൽ ഇവിടെ വൃക്ഷലതാദികരം വളരുന്നു. പൈൻ വൃക്ഷങ്ങളാണു് അധികവും. യൂക്കാലിപ്ററസ് മരങ്ങരം ഇവിടെയില്ല. സമതല പ്രദേശങ്ങരം പുൽമേടുകളാണു്. ഉത്തരദ്വീപിലുള്ള ചതുപ്പുസ്ഥല ങ്ങളിൽ ചണം വളരുന്നുണ്ടു്.

മൃഗങ്ങരം :—ആസ്ത്രേലിയയിൽ ഉള്ളതുപോലെ സഞ്ചിമൃഗ ങ്ങരം ഇവിടെ ഇല്ല. കുതിര, ആടു്, പശു, നായ് മുതലായ മൃഗങ്ങളെ ആദ്യമായി ഈ നാട്ടിൽ കൊണ്ടുവന്നതു് ഇംഗ്ലീഷു കാരാണു്.

ജനങ്ങളും തൊഴിലുകളും :—സ്വൎണ്ണഖനികരം കണ്ടുപിടിച്ച തോടുകൂടി ഇംഗ്ലീഷുകാർ ഇവിടെ കുടിയേറിപ്പാൎത്തു് രാജ്യത്തെ അഭിവൃദ്ധിപ്പെടുത്തി. ആടുകളേയും കന്നുകാലികളേയും വളൎത്തി വരുന്നു. ആട്ടിൻരോമം കയററിഅയയ്ക്കുന്നതിൽ ന്യൂസീലൻഡിനു ലോകത്തിൽ മൂന്നാംസ്ഥാനമാണുള്ളതു് ആട്ടിൻരോമം ഒരു പ്രധാന കയററുമതി സാധനമാണ്. ക്ഷീരവ്യവസായവും പ്രധാനമാണു്. ഈ വ്യവസായം സഹകരണാടിസ്ഥാനത്തി ലാണു് നടത്തുന്നതു്. ഗോതമ്പും, ഓട്ട്സും കൃഷിചെയ്തുവരുന്നു. പഴവൎഗ്ഗങ്ങളുടെ കൃഷിയും അവയെ സംബന്ധിക്കുന്ന വ്യവ സായങ്ങളും ന്യൂസീലൻഡിലുണ്ടു്.

ആട്ടിൻരോമം, മാംസം, വെണ്ണ, പാൽക്കട്ടി, തുകൽ, പഴവർഗ്ഗങ്ങൾ, ജാം ഇവയാണ് കയററുമതിച്ചരക്കുകൾ. ന്യൂസീലൻഡിൻെറ തലസ്ഥാനം വെല്ലിംഗ്ടൺ ആകുന്നു. ആക്‌ലണ്ടും, ക്രൈസ്റ്റ് ചർച്ചുമാണ് മററു രണ്ടു പ്രധാന പട്ടണങ്ങൾ,

## പ്രായോഗികാഭ്യാസങ്ങൾ

1. ആസ്ത്രേലിയയുടെ പടംവരച്ച് പ്രധാനപ്പെട്ട നദികൾ, പർവ്വതങ്ങൾ, താഴ്‌വരകൾ, മരുഭൂമിപ്രദേശങ്ങൾ എന്നിവ അടയാളപ്പെടുത്തുക.
2. ആസ്ത്രേലിയയിൽനിന്ന് പ്രധാനമായി കയററുമതി ചെയ്യുന്ന സാധനങ്ങളുടെയും ഇറക്കുമതി ചെയ്യുന്ന വസ്തുക്കളുടെയും പട്ടിക ഒരു വലിയ കടലാസിൽവരച്ച് ക്ലാസ്സിൽ പ്രദർശിപ്പിക്കുക.
3. ആസ്ത്രേലിയയിലെ കാലിവളർത്തൽ കേന്ദ്രങ്ങൾ, പട്ടണങ്ങൾ, മററു കാഴ്ചകൾ, എന്നിവയുടെ ചിത്രങ്ങൾശേഖരിച്ച് ആൽബത്തിൽ പതിക്കുക.
4. നിങ്ങളുടെ സ്കൂളിൻെറ അങ്കണത്തിൽ ഒരു ഭാഗത്ത് ആസ്ത്രേലിയയുടെ ആകൃതി പുല്ലിൽ കൊത്തി ഉണ്ടാക്കുക—അതിൽ പ്രധാന രാഷ്ട്രീയ വിഭാഗങ്ങൾ തീവണ്ടിപ്പാതകൾഎന്നിവ അടയാളപ്പെടുത്തുക.


# ഭാഗം IV

## ആഫ്റിക്ക.

കഴിഞ്ഞ ഒരു ശതാബ്ദത്തിനു മുൻപുവരെ ആഫ്റിക്കയെ കുറിച്ച ആരും വളരെ ഒന്നും അറിഞ്ഞിരുന്നില്ല. ആഫ്റിക്കയുടെ വടക്കു ഭാഗത്തെപ്പററി നാലായിരം വർഷങ്ങൾക്കു മുമ്പു തന്നെ അറിവുണ്ടായിരുന്നുവെങ്കിലും സഹാറാ മരുഭൂമിയുടെ തെക്കുഭാഗം അജ്ഞാതമായിരുന്നു. ഇതിൻെറ കാരണം മരുഭൂമിയുടെ ഭീകരത തന്നെ. ദുഷ്കായിക്കിടക്കുന്ന തീരപ്രദേശങ്ങളുടെ ഉൾഭാഗത്തേക്കു കടക്കുവാനും എളുപ്പമായിരുന്നില്ല. എല്ലാററിനും പുറമേ കാലാവസ്ഥ മറെറാരു പ്രതിബന്ധമായിരുന്നു.

എന്നാൽ മദ്ധ്യയുഗങ്ങളിൽ സ്പെയിൻ, പോർച്ചുഗൽ മുതലായവ പ്രബലരാജ്യങ്ങളായതോടുകൂടി സാഹസികപര്യടനങ്ങൾ ആരംഭിച്ചു. 1498—ൽ വാസ്ക്കോഡഗാമ ആഫ്രിക്കയുടെ തെക്കേഅററംചുററി ഇൻഡ്യയിൽ എത്തിയതോടെ ആഫ്രിക്കയുടെ ബാക്കി ഭാഗങ്ങളെക്കുറിച്ചു വ്യക്തങ്ങളായ അറിവുകൾ ലഭിച്ചു. കിഴക്കും പടിഞ്ഞാറും യൂറോപ്യന്മാർ കച്ചവട സങ്കേതങ്ങൾ ഉറപ്പിച്ചു. ഇതിനെത്തുടൎന്നു പതിനെട്ടാം നൂററാണ്ടിൽ മംഗോപാക്ക് മുതലായവരും പത്തൊൻപതാം ശതാബ്ദത്തിൽ ലിവിംഗ്സ്റ്റൻ, സ്റ്റാൻലി മുതലായവരും സാഹസിക പര്യടനം നടത്തി. ഇതോടുകൂടി ആഫ്രിക്കയെപ്പററി കൂടുതൽ വിവരങ്ങൾ ലഭിച്ചു.

ആഫ്രിക്കയുടെ സ്ഥാനം ഉത്തരഅക്ഷാംശം 37 ഡിഗ്രിക്കും ദക്ഷിണ അക്ഷാംശം 35 ഡിഗ്രിക്കും പശ്ചിമരേഖാംശം 17 ഡിഗ്രിക്കും പൂൎവ്വരേഖാംശം 50 ഡിഗ്രിക്കും ഉള്ളിലാണ്. ഭൂമദ്ധ്യരേഖ ഇതിൻെറ മദ്ധ്യഭാഗത്തുകൂടിയും ഉത്തരായന ദക്ഷിണായന രേഖകൾ യഥാക്രമം വടക്കും തെക്കും ഭാഗങ്ങളിൽ കൂടിയും കടന്നുപോകുന്നു. ഈ മൂന്നു രേഖകളും ഒരുമിച്ചു കടന്നുപോകുന്ന ഒരേഒരുഭൂഖണ്ഡമാണ് ആഫ്രിക്ക. സൂയസ്സ്തോടു, ജിബ്രാൾട്ടർ ജലസന്ധി എന്നിവ ഇതിനെ യഥാക്രമം ഏഷ്യയിൽനിന്നും യൂറോപ്പിൽനിന്നും വേർതിരിക്കുന്നു.


MEDITERRANEAN SEA
TURKEY
CAIRO
SUEZ
ARABIA
RED SEA
ALGERIA
Libya
SAHARA
EGYPT
Libyan Desert
NILE
TARSO
SUDAN
Niger
NIGERIA
Benue
GHANA
R. CONGO
Vele
BELGIAN
CONGO
LEOPOLDVILLE
Victoria
INDIAN OCEAN
ATLANTIC OCEAN
ANGOLA
Zambezi
MOZAMBIQUE
MADAGASCAR
Limpopo
Durban
Orange
Cape town
PORT ELIZABETH
AFRICA

ഏഷ്യയെക്കാൾ ചെറുതെങ്കിലും യൂറോപ്പിന്റെ മൂന്നിരിട്ടി വലിപ്പമുള്ള ഒരു ഭൂഖണ്ഡമാണ് ആഫ്രിക്ക. ഏകദേശം 5000 മൈൽ നീളവും ഉദ്ദേശം അത്രത്തോളം തന്നെ വീതിയും ഉണ്ട്. സമുദ്രതീരം കടലിടുക്കുകളില്ലാതെ നെടുകെ കിടക്കുന്നു അവിടെ നിന്നുതന്നെ ..ക്കായി കിടക്കുന്ന പീഠഭൂമികളും ആരംഭിക്കുന്നു. ഇതു് ആഫ്രിക്കയുടെ ഉൾപ്രദേശത്തേയ്ക്കുള്ള പ്രവേശനം തടയുന്നു.

നദികൾ, വെള്ളച്ചാട്ടങ്ങൾമൂലം സഞ്ചാരയോഗ്യങ്ങളല്ല. പ്രധാനപ്പെട്ട നദികൾ നാലെണ്ണമാണ്.

നൈൽ നദി :—ഇതിനു് 4000 മൈൽ നീളമുണ്ട്. ഇതു് ലോകത്തിൽ ഏററവും നീളമുള്ള നദിയത്രേ. നൈൽനദി വിക്ടോറിയ തടാകത്തിൽനിന്നും ഉത്ഭവിച്ച് വടക്കോട്ടൊഴുകി മദ്ധ്യധരണ്യാഴിയിൽ പതിക്കുന്നു.

കോംഗോ :—മദ്ധ്യഭാഗത്തു നിന്നു ഉത്ഭവിച്ച അററ്ലാൻറിക് മഹാസമുദ്രത്തിൽ വന്നുചേരുന്നു.

നൈജർ നദി :—2600 മൈൽ നീളമുള്ള ഈ നദി പടിഞ്ഞാറോട്ടൊഴുകി ഗിനിഉൾക്കടലിൽ വീഴുന്നു.

സാംബസി :—കോംഗോയുടെ തെക്കുഭാഗത്തു നിന്നും ഉത്ഭവിച്ചു കിഴക്കോട്ടൊഴുകി ഇൻഡ്യൻമഹാസമുദ്രത്തിൽ പതിക്കുന്നു.

കോംഗോ നദീമുഖത്തുനിന്നു് നൂറു് മൈൽ ഉള്ളിലേക്കു് കപ്പലിൽ യാത്രചെയ്യാം. മററു നദികളിൽ കുറെക്കൂടി ദൂരം പോകാമെങ്കിലും അവിടെയും മണൽത്തിട്ടകൊണ്ടും മാറിക്കൊണ്ടിരിക്കുന്ന ചാലുകൾകൊണ്ടും യാത്ര വിഷമം തന്നെ.

(എ) വൈരുദ്ധ്യങ്ങളുടെ ഭൂഖണ്ഡം :— ലോകത്തിൽ വെച്ച് ഏററവും വലിയ മണൽക്കാടാണ് സഹാറ. സഹാറ എന്നുള്ളതു് ഒരു അറബിപദമാണ്. ആഫ്രിക്കയുടെ വലിയ ഭാഗം മ ഭൂമിയാണ്. പകൽ സമയങ്ങളിൽ അത്യുഗ്രമായ ചൂടുകൊണ്ടു് ഉണങ്ങിവരണ്ടും രാത്രികാലങ്ങളിൽ തണുപ്പുകൊണ്ടു് ഉറഞ്ഞുംപോകുന്ന ഒരു കാലാവസ്ഥയാണിവിടെ. സഹാറായുടെ വിസ്തീർണ്ണം ആഫ്രിക്കയുടെ നാലിൽഒന്നു് ആണു്. ആഫ്രിക്കയുടെ മദ്ധ്യഭാഗങ്ങൾ അപ്രാപ്യങ്ങളായ ഘോരവിപി

നങ്ങളാണ്. അതേഭാഗത്തു തന്നെ സ്ഥിതിചെയ്യുന്ന പർവ്വത ശൃംഗങ്ങൾ മഞ്ഞു മൂടിക്കിടക്കുന്നു. ആ മലകളുടെ സമതല ങ്ങളാണ് വെള്ളക്കാർക്കു് വാസയോഗ്യങ്ങളായ സ്ഥലങ്ങൾ. മൃഗങ്ങളിലും പ്രകൃതിയിലേതുപോലുള്ള വൈരുദ്ധ്യങ്ങൾ കാണാം

ഏററവും ചെറിയവയും വലിയവയുമായ മൃഗങ്ങൾ അവിടെ യുണ്ടു്. ആന, സിംഹം, കാണ്ടാമൃഗം, കുരങ്ങുകൾ എന്നിവ യാണ് പ്രധാനപ്പെട്ടവ. എന്നാൽ കടുവ ഇല്ലെന്നുള്ളതു് ഒരു പ്രത്യേകതയാണ്.

വടക്കുള്ള മനുഷ്യർ ആകാരഭംഗിയും പരിഷ്കാരവുമുള്ള അറബി, മൂർ എന്നീ വംശജരാണ്. എന്നാൽ സഹാറാമരുഭൂമി യുടെ തെക്കുഭാഗം മുതൽ കോംഗോ നദീതടംവരെയുള്ള പ്രദേശ ങ്ങളിൽ നീഗ്രോവർഗ്ഗക്കാരാണ് അധികം. ഇവരിൽ ഭൂരി പക്ഷവും അപരിഷ്കൃതരാണ്. കഴിഞ്ഞ നൂറുവർഷങ്ങൾക്കു ള്ളിൽ പരിഷ്കൃതജനങ്ങളുമായിട്ടുള്ള സമ്പർക്കംകൊണ്ടു ഇവരിൽ ചുരുക്കം ചിലർ അഭ്യസ്തവിദ്യരായിത്തീർന്നിട്ടുണ്ടു്. കറുത്ത നിറം, പതിഞ്ഞമൂക്കു്, തടിച്ചചുണ്ടു്, ചുരുണ്ടിരുണ്ടൊതുങ്ങിയ തലമുടി ഇവ ഇവരുടെ പ്രത്യേകതകളാണ്. നായാട്ടും മീൻ പിടിത്തവും ആണ് പ്രധാനമായ ഉപജീവനമാർഗ്ഗം. വളരെ പഴയ രീതിയിലുള്ള കൃഷി അവരുടെ ഇടയിൽ ഇല്ലാതില്ല. വിഷം പുരട്ടിയ അസ്ത്രം പ്രയോഗിക്കുന്നതിൽ അവർ സമർത്ഥരാണ്. അവരുടെ ഭാഷയ്ക്കു് ലിപികളില്ല. തീരെ അപരിഷ്കൃതരായ ഈ വർഗ്ഗക്കാരെ യൂറോപ്യന്മാർ കൂട്ടത്തോടെ പിടിച്ചു കപ്പലുകളിൽ കയററി അമേരിക്കയിൽ കൊണ്ടുപോയി അവിടത്തെ വിപണി കളിൽ കന്നുകാലികളെപ്പോലെ വിററിരുന്നു.

നീഗ്രോകൾ ദൃഢഗാത്രരാണ്. ഹ്രസ്വകായന്മാരായ പിഗ്മികളും ആഫ്രിക്കയിൽ കുറവല്ല. നാലരഅടിയിൽകൂടു തൽ ഇവർക്കു പൊക്കമില്ല. നീണ്ട ശരീരത്തോടുകൂടിയ തവിട്ടു നിറത്തിലുള്ള കാപ്പിരികളും ഇവിടങ്ങളിൽ ധാരാളമുണ്ടു്.

(ബി) ആഫ്രിക്കയെ പരിഷ്കൃതമാക്കുന്നതിനുള്ള ശ്രമ ങ്ങൾ :—ആഫ്രിക്കയുടെ അതിവിസ്തൃതമായ ഉൾപ്രദേശങ്ങൾ ലോകത്തിൻെറ ശ്രദ്ധയിൽ കൊണ്ടു വന്നിരുന്നതു ധീരസഞ്ചാരി കൾ ആയിരുന്ന ലിവിംഗ്സ്റ്റൻ, സ്റ്റാൻലി എന്നിവരാണെന്നു് നാം പഠിച്ചു കഴിഞ്ഞു.

സ്കോട്ട്ലണ്ടിലെ ഒരു പരുത്തി വ്യവസായ ശാലയിൽ ജോലിചെയ്തിരുന്ന ദരിദ്രബാലനായിരുന്നു ഡേവിഡ് ലിവിങ്സ്റ്റൻ. വിജ്ഞാനത്തിനു വേണ്ടി ഇത്രത്തോളം യാതന അനുഭവിച്ചിട്ടുള്ളവർ ലോകത്തിൽ ചുരുക്കമാണ്. ഒരു ക്രൈസ്തവ മിഷനറിയായി സേവനം അനുഷ്ഠിക്കുവാനാണു അദ്ദേഹം ആഗ്രഹിച്ചതു്. ഇരുപത്തെട്ടാം വയസ്സിൽ ഡാക്ടർ, മിഷനറി, സാഹസികദേശസഞ്ചാരി എന്നീ നിലകളിലാണ് അദ്ദേഹം ആഫ്രിക്കയിൽ പ്രവർത്തിച്ചു തുടങ്ങിയതു്. ബൂവർ വർഗ്ഗക്കാരുടെ എതിർപ്പുമൂലം ലിവിങ്സ്റ്റൻ അവിടവിടെ അലഞ്ഞു തിരിയേണ്ടിവന്നു. (ആഫ്രിക്കയുടെ കിഴക്കുനിന്നു് പടിഞ്ഞാറോട്ടും പടിഞ്ഞാറുനിന്നു് കിഴക്കോട്ടും—അററലാൻറിക്കിനും ഇൻഡ്യൻമഹാസമുദ്രത്തിനും ഇടയ്ക്കു്—സഞ്ചരിക്കുവാൻ അദ്ദേഹം ദൃഢനിശ്ചയം ചെയ്തു.) ഈ ധീരനിശ്ചയം എത്രമാത്രം ക്ലേശമേറിയ അനുഭവങ്ങൾക്കിടയാക്കുമെന്നു് ആ യുവാവു് അന്നു് മനസ്സിലാക്കിയിരുന്നില്ല. ഘോരമായ വനങ്ങൾ, അജ്ഞാതമായ രാജ്യം, മൃഗപ്രായരായ മനുഷ്യർ, ക്രൂരവന്യമൃഗങ്ങൾ, അസഹ്യമായ കാലാവസ്ഥ, പനി, പട്ടിണി എന്നീ പ്രതിബന്ധങ്ങൾ ആ ദൃഢപ്രതിജ്ഞനെ നിരുത്സാഹപ്പെടുത്തിയില്ല. ഇരുളടഞ്ഞ ആഫ്രിക്കയിൽ ഒരു ഭാഗത്തുനിന്നു മറെറാരുഭാഗത്തേയ്ക്കു ഇഴഞ്ഞും വലിഞ്ഞും നാലുകൊല്ലം യാത്രചെയ്ത ആദ്യത്തെ വെള്ളക്കാരൻ ലിവിങ്സ്റ്റനായിരുന്നു.

ആഫ്രിക്കക്കാരിൽ അദ്ദേഹത്തിനുണ്ടായിരുന്ന സ്വാധീനശക്തി അസാധാരണമായിരുന്നു. അപരിഷ്കൃതർ നിറഞ്ഞ ഭീകര സ്ഥലങ്ങളിൽ ലിവിങ്സ്റ്റൻ സുരക്ഷിതനായിരുന്നു. ആ യാത്രയിലാണ് മഹാത്ഭുതങ്ങളിൽ ഒന്നായ വിക്ടോറിയാ വെള്ളച്ചാട്ടം അദ്ദേഹം കണ്ടെത്തിയതു്.

ലിവിങ്സ്റ്റൻ വിശ്രമാർത്ഥം രണ്ടുപ്രാവശ്യം ഇംഗ്ലണ്ടിലേയ്ക്കു പോയെങ്കിലും ആഫ്രിക്കയിലേയ്ക്കു തിരിച്ചുവന്നു് വീണ്ടും യാത്ര തുടർന്നു. ഇതിനിടയ്ക്കാണ് സാംബസീതടം, അനവധി വലിയ തടാകങ്ങൾ എന്നിവ കണ്ടുപിടിച്ചതു്. കോംഗോ നദീ തടത്തെപ്പററിയുള്ള വിവരങ്ങൾ ആദ്യമായി ലോകത്തിനു നൽകിയതു ലിവിങ്സ്റ്റനാണ്. വടക്കോട്ടൊഴുകുന്ന കോംഗോ നദി നൈൽ ആണെന്നു് അദ്ദേഹം തെററിദ്ധരിച്ചു. യൂജീജി

എന്ന സ്ഥലത്തെത്തിയപ്പോഠം പട്ടിണിയും, പനിയും അദ്ദേഹത്തെ അവശനാക്കി. യാത്രചെയ്യുവാൻ നിവൃത്തി യില്ലാതെ കിടപ്പിലായി എങ്കിലും മരണത്തിൽ നിന്നും രക്ഷ പ്പെട്ടു. അല്പം ആരോഗ്യം കിട്ടിയതോടുകൂടി വീണ്ടും യാത്ര ആരംഭിച്ചു. ഏറെത്താമസിയാതെ അദ്ദേഹം മരണ ശയ്യയി ലായി. അദ്ദേഹത്തിൻെറ നിർദ്ദേശപ്രകാരം നിമ്മിച്ച ചെറിയ കുടിലിൽ ആ ധീരൻ മുട്ടുകുത്തി മരിച്ചു നില്ക്കുന്നതായിട്ടാണു് ഒരു ദിവസം പ്രഭാതത്തിൽ ആഫ്രിക്കക്കാരായ അനുചരന്മാർ കണ്ടതു്. വിശ്വസ്തനായ ഒരു അനുചരൻ അദ്ദേഹത്തിൻെറ മൃതദേഹം വളരെ അകലെയുള്ള കടൽത്തീരത്തിൽ ചുമന്നെ ത്തിച്ചു. ഇംഗ്ലണ്ടിലെ മഹാന്മാരുടെ അന്തിമ വിശ്രമസ്ഥല മായ വെസ്റ്റ്മിനിസ്റ്റർ ആബിയിൽ ലിവിങ്സ്റ്റൻെറ മൃതദേഹം അന്ത്യവിശ്രമം കൊള്ളുന്നു.

ലിവിങ്സ്റ്റൻ മരിക്കുന്നതിനു് കുറേനാഠം മുൻപു് സ്റ്റാൻലി എന്ന ഒരാളെ, അദ്ദേഹത്തെപ്പററി അന്വേഷിക്കാൻ, സ്നേഹിതന്മാർ നിയോഗിച്ചിരുന്നു. സ്റ്റാൻലി സാംബസിയി ലെത്തി തൻെറ ദീർഘയാത്രയ്ക്കുള്ള ഒരുക്കങ്ങഠം പൂത്തിയാക്കി പുറപ്പെട്ടു. ഒൻപതുമാസങ്ങഠംക്കുശേഷം യുജിജിയിൽ ആസന്ന മരണനായിക്കിടക്കുന്ന ലിവിങ്സ്റ്റനെ കണ്ടുമുട്ടി. ആ സമാഗമം ദേശസഞ്ചാര കഥകഠം ഉള്ളിടത്തോളം കാലം സ്മര ണീയമായിരിക്കും. സ്റ്റാൻലി ആണു് രോഗശയ്യയിൽനിന്നും ലിവിങ്സ്റ്റനെ ഉയർത്തെഴുന്നേല്പിച്ചതു്. രണ്ടു പേരും ഒരുമിച്ചു വീണ്ടും യാത്ര ആരംഭിച്ചു. അവർ ടാങ്കനീക്കാ തടാക ത്തിൻെറ ചുററും സഞ്ചരിച്ചു വളരെ ഏറെ വിവരങ്ങഠം ശേഖ രിച്ചു. വിശ്വസിക്കാൻ പോലും പ്രയാസമായ അപകടങ്ങളിൽ കൂടി അവർ നിരന്തരം യാത്രചെയ്തു. കോംഗോനദീതടത്തി ലേയ്ക്കുള്ള ഒരു പര്യടനമായിരുന്നു അതു്. കോംഗോനദീമുഖത്തു് എത്തുന്നതുവരെ ആ യാത്ര തുടന്നു. ഇവർ ആരംഭിച്ച സാഹസിക യാത്രകഠം മുഖേനയാണു് ആഫ്രിക്കയെപ്പററി പല പുതിയ വിവരങ്ങളും ലോകം അറിഞ്ഞതു്.

ഇതിനെത്തുടർന്നു് യൂറോപ്പിൽ ഉള്ള പല രാജ്യങ്ങളിൽ നിന്നും ആഫ്രിക്കയിൽ ആളുകഠം എത്തിത്തുടങ്ങി. ആഫ്രിക്കയെ പരിഷ്കൃതമാക്കുന്നതിനുള്ള മനുഷ്യയത്നവും ഇതോടൊന്നിച്ചു

തന്നെ സമാരംഭിച്ചു. അവിടത്തെ ലോഹസമ്പത്തിൽ ആകൃഷ്ടരായി പാഞ്ഞെത്തിയ യൂറോപ്യന്മാർ അവിടെ താമസമാക്കുവാൻ നിർബ്ബന്ധിതരായി. അവരുടെ സാമൂഹ്യജീവിതത്തിനാവശ്യമായ പല സ്ഥാപനങ്ങളും അവിടെ ഉണ്ടാക്കേണ്ടിവന്നു. പള്ളിയും പള്ളിക്കൂടവും ആതുരശാലകളും പല ഭാഗങ്ങളിലായി ഉയന്നു. പാശ്ചാത്യനാഗരീകതയുടെ വെളിച്ചം ക്രമേണ പരക്കുവാൻ തുടങ്ങി. കൃഷിയും ഖനനവൃത്തിയും കച്ചവടവും ആഫ്രിക്കൻ നിവാസികൾക്ക് വെള്ളക്കാരുമായുള്ള സമ്പക്കത്തിനു കാരണമായി. യൂറോപ്യൻ സംസ്കാരം പല വഴികളും സാവധാനത്തിൽ ആഫ്രിക്കക്കാരിലേക്കു പകന്നു.

ഒന്നാം ലോകമഹായുദ്ധത്തിനു മുമ്പ് യൂറോപ്പിലുള്ള ഏഴു രാഷ്ട്രങ്ങൾ ആഫ്രിക്കയിൽ അധികാരം സ്ഥാപിച്ചു. അവ ബ്രിട്ടൻ, ഫ്രാൻസ്, ജമ്മനി, പോർച്ചുഗൽ, ബൽജിയം, ഇററലി, സ്പെയിൻ എന്നിവയായിരുന്നു. ആ യുദ്ധത്തിനുശേഷം ജമ്മനിയുടെ അധീനതയിലുണ്ടായിരുന്ന പ്രദേശങ്ങൾ മററുള്ളവർ ഭാഗിച്ചെടുത്തു. രണ്ടാം ലോകമഹായുദ്ധത്തിനുശേഷം ഇററലിയുടെ കാളണികളും കൈമാറി.

യൂറോപ്യൻ രാജ്യങ്ങളിൽ ഫ്രാൻസിനാണ് ആഫ്രിക്കയിൽ ഏററവും കൂടുതൽ സ്ഥലം ഉള്ളത്. ഈ ഭൂഖണ്ഡത്തിൻെറ വടക്കുപടിഞ്ഞാറുഭാഗത്താണ് ഫ്രെഞ്ച് ഉത്തരാഫ്രിക്കാ എന്നറിയപ്പെടുന്ന പ്രദേശം. അാംജീറിയ, ടുണീഷ്യാ, മൊറോക്കൊ എന്ന മൂന്നു രാജ്യവിഭാഗങ്ങൾ ഇതിൽ ഉൾപ്പെടുന്നു. പരിഷ്കൃതരാഷ്ട്രമായ ഫ്രാൻസുമായുള്ള ഉത്തരാഫ്രിക്കയുടെ സമ്പക്കം അവിടത്തെ ജനങ്ങളിൽ സ്വാതന്ത്ര്യബോധം ഉളവാക്കി. അതിൻെറ ഫലമായി രണ്ടു ഭാഗങ്ങൾ സ്വതന്ത്രമായിക്കഴിഞ്ഞു. അാംജീറിയയിൽ സ്വാതന്ത്ര്യസമരം കൊടുമ്പിരിക്കൊണ്ടിരിക്കുകയാണ്.

(സി) കോംഗോ നദീതടം:—നൈൽ കഴിഞ്ഞാൽ ആഫ്രിക്കയിലെ ഏററവും വലിയ നദി കോംഗോ ആണല്ലോ. ഭൂഖണ്ഡത്തിൻെറ മധ്യഭാഗത്തുനിന്നും പുറപ്പെടുന്ന ഈ നദി ആദ്യം വടക്കോട്ടും പിന്നെ പടിഞ്ഞാറോട്ടും അതിനുശേഷം തെക്കോട്ടും കടന്ന് മൂവായിരം മൈലോളം ഒഴുകി

അററ്ലാൻറിക് സമുദ്രത്തിൽ പതിക്കുന്നു. അനേകം പോഷക നദികരം ഇതിൽ വന്നുചേരുന്നുണ്ട്. അങ്ങനെ കോംഗോയും അതിൻെറ പോഷകനദികളും ഒഴുകുന്ന വിസ്തൃതമായ പ്രദേശത്തെ കോംഗോ തടം എന്നു പറയുന്നു. ഈ നദീതടം മദ്ധ്യരേഖാപ്രദേശത്തായതിനാൽ ഇവിടെ അത്യുഷ്ണവും അതിവർഷവും അനുഭവപ്പെടുന്നു. തൽഫലമായി ഉഷ്ണമേഖലാപ്രദേശങ്ങളിൽ കാണുന്ന വൻകാടുകളുടെ ശരിയായ മാതൃകയാണ് ഈ നദീതീരത്തു കാണുന്നതു്. 200 അടി വരെ ഉയരമുള്ള വൃക്ഷങ്ങരം കൊണ്ടു നിബിഡമാണ് ഈ വനം. മഹാഗണി, എബണി എന്നിവയാണ് ഈ വനങ്ങളിൽ കാണുന്ന പ്രധാന വൃക്ഷങ്ങരം. റബ്ബർ മരങ്ങളും ധാരാളമുണ്ട്. ഈ നദീതടത്തിൽ പ്പെടുന്ന പ്രധാന രാജ്യവിഭാഗം ബെൽജിയൻ കോംഗോ ആണ്. ഇതിപ്പോരം സ്വതന്ത്രമായിരിക്കുന്നു. സ്വാതന്ത്ര്യലബ്ധിക്കുശേഷം ഈ രാജ്യം ആഭ്യന്തരകലഹങ്ങളിൽ ആണ്ടിരിക്കയാണ്. ഐക്യരാഷ്ട്രസംഘടന (U. N. O.) ഇതിൻെറ ഭദ്രത സ്ഥിരീകരിച്ച് കാര്യക്ഷമവും പുരോഗമനപരവുമായൊരു ഗവണ്മെൻറ് സ്ഥാപിച്ചുകിട്ടുവാൻ ശ്രമിക്കുന്നു.

പോർച്ചുഗീസുകാരുടെ കൈവശമാണ് ആഫ്രിക്കയുടെ മറെറാരു വിസ്തൃത ഭൂവിഭാഗം. പടിഞ്ഞാറുഭാഗത്തുള്ള ആ രാജ്യത്തെ അംഗോള എന്നു പറയുന്നു. പണ്ടത്തെ അടിമ വ്യാപാരത്തിൻെറ നിഴൽപ്പാടുകരം ഇതിൻെറ ചില ഭാഗങ്ങളിൽ നിന്നു നിശ്ശേഷം മാഞ്ഞിട്ടില്ല. ഏകദേശം ഒരു ലക്ഷത്തോളം ജനങ്ങരം താമസിക്കുന്ന, നൌകാശയത്തോടുകൂടിയ, ഒരു തുറമുഖം അവിടെയുണ്ട്. ബൽജിയൻ കോംഗോവിലുള്ള കട്ടാംഗയിലെ ചെമ്പുഖനികളെ തുറമുഖത്തോടു കൂട്ടിച്ചേർക്കുന്ന ഒരു തീവണ്ടിപ്പാതയുണ്ട്. കാപ്പി, വൈരക്കല്ലുകരം, പനയെണ്ണ, പരുത്തി, പഞ്ചസാര, ഉണക്ക മത്സ്യം എന്നിവയുടെ കയററുമതി അംഗോളയുടെ ഐശ്വര്യത്തെ വർദ്ധിപ്പിക്കുന്നു.

(ഡി) നൈൽനദീതടം:— വിക്ടോറിയാ തടാകത്തിൽ നിന്നും പുറപ്പെടുന്ന നൈൽ നദി വടക്കോട്ടൊഴുകി മദ്ധ്യധരണ്യാഴിയിൽ പതിക്കുന്നുവെന്നു് പറഞ്ഞുവല്ലോ. സഹാറാ മരുഭൂമിയുടെ കിഴക്കുവശത്തു കൂടിയാണ് ഇതിൻെറ ഗതി.

ഇതിന്റെ ഇരുകരകളിലും ഏകദേശം പത്തു മൈൽ വീതിയിൽ കിടക്കുന്ന പ്രദേശം മരുഭൂമിയുടെ മററു ഭാഗങ്ങളിൽനിന്നും വളരെ ഭിന്നമാണ്. ഈ നദി ഇല്ലായിരുന്നുവെങ്കിൽ ആ പ്രദേശം മരുഭൂമിതന്നെയായിരുന്നേനെ. നൈൽനദീതടത്തിന്റെ ഉത്തര ഭാഗത്തു് ഈജിപ്ററു് സ്ഥിതി ചെയ്യുന്നു. നൈൽനദിയുടെ ദാനം എന്നു് ഈജിപ്ററിനെ പറഞ്ഞുവരുന്നതു് തികച്ചും അത്ഥവത്താണ്. എത്രയോ നൂററാണ്ടുകാലങ്ങൾ മുമ്പുതന്നെ ഈ നദീതടം ജനവാസമുള്ള ഒരു ഭൂവിഭാഗമായിരുന്നുവെന്നു് കരുതുന്നു. വെറും മണൽക്കാട്ടിൽക്കൂടി ഒഴുകുന്ന ഈ നദി അതിന്റെ ഇരുകരകളെയും അത്ഭുതകരമാംവണ്ണം ഫലപുഷ്ടി യുള്ളതാക്കുന്നതു് ഇടയ്ക്കുണ്ടാകാറുള്ള വെള്ളപ്പൊക്കം കൊണ്ടാണ്. ഏകദേശം 4,000 നാഴിക ദൂരത്തിൽ നിന്നും ഒഴുകിവരുന്ന എക്കലാണ് ഈ നദീതടത്തിന്റെ ഫലപുഷ്ടിക്കു് മുഖ്യകാരണം. പണ്ടു് ഈ വെള്ളപ്പൊക്കത്തെ മാത്രം ആശ്രയിച്ചാണ് കൃഷി ചെയ്തിരുന്നതു്. എന്നാൽ പിന്നീടു് ജലസേചനത്തിനുള്ള തോടുകൾ ഈജിപ്ററുകാർ ധാരാളമായി നിർമ്മിച്ചു. ആ കാലത്തുതന്നെ ബാർളിയും, ഗോതമ്പും, പയറുവർഗ്ഗങ്ങളും കൃഷി ചെയ്തിരുന്നു. ഒട്ടകങ്ങളെയാണ് ഇവിടെ ഉഴവിന്നുപയോഗി ക്കുന്നതു്.

ജലസേചനപദ്ധതികൾ അവിടത്തെ ജനങ്ങൾ ക്രമേണ വികസിപ്പിച്ചു. ഇന്നു് 50 ലക്ഷം ഏക്കറിൽ കൂടുതൽ സ്ഥലം ജലസേചനപദ്ധതികൊണ്ടുള്ള പ്രയോജനം അനുഭവിക്കുന്നു. 960 മൈൽ ദൂരത്തിൽ ഒരു പോഷകനദിയും ഇല്ലാതെ ഈജിപ്ററിൽക്കൂടി നൈൽനദി ഒഴുകുന്നു. ആ നദീതടത്തിലുള്ള കൃഷി ജലസേചനപദ്ധതികളെ മാത്രം ആശ്രയിച്ചാണിരിക്കു ന്നതു്. നൈൽ നദിയിലെ ഭീമമായ അണക്കെട്ടുകളിൽ പ്രധാന മായവ ഗബൽ, അസ്വാൻ, ഓറിയ എന്നിവയാണ്. അസ്വാൻ അണക്കെട്ടിന്റെ പണി മുഴമിച്ചിട്ടില്ല. പൂർത്തിയാകുമ്പോൾ അതു് ലോകത്തിലെ ഏററവും ഭീമമായ അണക്കെട്ടായേക്കാം. അതു് ഇനിയും വലുതാക്കാൻ ഈജിപ്ററു് ഗവണ്മെൻറു് ഉദ്ദേശിക്കുന്നുണ്ടത്രേ.

അവിടത്തെ കാർഷികോൽപ്പന്നങ്ങളിൽ മുഖ്യമായവ പരുത്തി, പഞ്ചസാര, നെല്ലു്, പുകയില, ചോളം, ഗോതമ്പു്, ബാർലി എന്നിവയാണ്. ആണ്ടിൽ മൂന്നു വിളവുകൾ

എട്ടക്കത്തക്കവിധത്തിൽ കാലാവസ്ഥ അനുകൂലമാണ്. ഈജിപ്ററിലെ പഞ്ഞി ലോകപ്രസിദ്ധമാണ്. ഈജിപ്ററിലെ വ്യവസായത്തിൻെറ നട്ടെല്ലാണ് നീളംകൂടിയ നാരുള്ള പരുത്തി.

ഈജിപ്ററിൻെറ തെക്കുഭാഗത്തു കിടക്കുന്ന സുഡാൻ യൂറോപ്പിൻെറ നാലിലൊന്നു ഭാഗത്തോളം വലിപ്പമുള്ളതാണ്. എന്നാൽ ജനസംഖ്യ താരതമ്യേന കുറവാകുന്നു. തെക്കുനിന്നും വടക്കോട്ടൊഴുകുന്ന "വെളുത്ത നൈൽ" സുഡാനിൽക്കൂടി കടന്നുപോകുന്നു. എത്യോപ്യയുടെ വടക്കുഭാഗം മുതൽ കിഴക്കോട്ട് ചെങ്കടൽവരെ ഇതു് വ്യാപിച്ചുകിടക്കുന്നു. ഈ രാജ്യത്തിൻെറ വടക്കുഭാഗം മിക്കവാറും മരുപ്രദേശമാണ്. തെക്കുഭാഗത്തു് ഉഷ്ണമേഖലാവനങ്ങളും ചതുപ്പുനിലങ്ങളുമാണ്.

സുഡാനിലും ഒരു വലിയ അണക്കെട്ടുണ്ടാക്കിയിട്ടുണ്ട്. അതു് നീലനൈലിൽ സെന്നാർ എന്ന സ്ഥലത്താണ്. ഈ അണക്കെട്ടിലെ ജലം 10 ലക്ഷം ഏക്കർ സ്ഥലത്തെ കൃഷിക്കു് ഉപകരിക്കുന്നു. പരുത്തിയാണ് ഇവിടത്തെ പ്രധാനമായ കൃഷി. വെളുത്ത നൈലും നീല നൈലും കൂടി ചേരുന്ന സ്ഥലത്താണ് സുഡാൻെറ തലസ്ഥാനമായ ഖർത്തൂം സ്ഥിതി ചെയ്യുന്നതു്. വെളുത്ത നൈലിൻെറ ഒരു കരയിൽ ഈ നഗരവും മറുകരയിൽ ഓംഡർമാൻ നഗരവും സ്ഥിതി ചെയ്യുന്നു. ഭൂരിപക്ഷം ജനങ്ങളും അറബി സംസാരിക്കുന്നവരാണ്.

സൂയസ്സ്:— സൂയസ്സ്തോട് ലോകത്തിലെ ജലമാർഗ്ഗങ്ങളിൽ വമ്പിച്ച ഒരു നേട്ടമായി നിലകൊള്ളും. 1869 വരെ ആഫ്രിക്കയുടെ വടക്കു കിഴക്കേ അററം ഏഷ്യയുടെ പടിഞ്ഞാറു ഭാഗത്തോട് ഒരു ഇടുങ്ങിയ കരയിടുക്കുകൊണ്ടു് യോജിച്ചുകിടന്നിരുന്നു. അന്നുവരെ യൂറോപ്പിൽനിന്നും പൗരസ്ത്യ രാജ്യങ്ങളിലേയ്ക്കു് സമുദ്രമാർഗ്ഗം ആഫ്രിക്കയുടെ പടിഞ്ഞാറേ തീരത്തുകൂടി തെക്കോട്ടു വന്നു് ആ ഭൂഖണ്ഡത്തിൻെറ തെക്കേഅററത്തുള്ള 'ഗുഡ്ഹോപ്പ് മുനമ്പ്'' ചുററി യാത്ര ചെയ്യുകയായിരുന്നു പതിവു്. ഇതു് എത്രമാത്രം ക്ലേശകരമായിരുന്നു എന്നു് ഊഹിക്കാമല്ലോ. ഫ്രഞ്ചുകാരനായ ഫെർഡിനൻറ് ഡിലസപ്പ് എന്ന എഞ്ചിനീയരുടെ കാലംവരെ പലരും സൂയസ്സ് കരയിടുക്കിൽക്കൂടി ഒരു തോട്

വെട്ടുന്നതിനെപ്പററി ആലോചിച്ചുപോന്നു. 1859—ൽ ഫെർഡിനൻറ് ഒരു പ്രായോഗികപദ്ധതി തയ്യാറാക്കി ജോലി ആരംഭിച്ചു. ഒൻപതു കൊല്ലത്തിനുള്ളിൽ സൂയസ്സ്തോട് പൂർത്തിയാക്കി. ഇതിൻെറ നീളം 99 മൈലും മുകാംപ്പരപ്പിലെ വീതി 300 അടിയും ആണ്. ഇതിനു 30 അടി ആഴം ഉണ്ട്. എത്ര വലിയ കപ്പലുകാംകും ഇതിൽക്കൂടി നിർബ്ബാധം സഞ്ചരിക്കാം. വളരെ സാവധാനത്തിൽമാത്രമേ വലിയകപ്പലുകാം കടന്നുപോകുന്നുള്ളു. ഗതാഗതസൗകര്യത്തിനുവേണ്ടി ഇടയ്ക്കിടയ്ക്കു കപ്പലുകാം തോട്ടിൽനിന്നും ഒഴിഞ്ഞുമാറി നില്ക്കുന്നതിനുള്ള സങ്കേതങ്ങാം ഉണ്ട്. ഫ്രഞ്ചുകാരും ബ്രിട്ടീഷുകാരും ഈജിപ്റ്റുംകൂടി ഓഹരി എടുത്തിട്ടുള്ള ഒരു കമ്പനിയാണ് ഇതിൻെറ നിർമ്മാണച്ചെലവു വഹിച്ചതു്. പിന്നീട് ഈജിപ്റ്റു രാജാവു് ഓഹരി ഇംഗ്ലീഷുകാർക്കുവിററു, തോട്ടിൽക്കൂടി പോകുന്ന ഓരോ കപ്പലും കൊടുക്കുന്ന ചുങ്കം രണ്ടു പാശ്ചാത്യരാഷ്ട്രങ്ങാംക്കും അടുത്തകാലംവരെ ലഭിച്ചുകൊണ്ടിരുന്നു. യൂറോപ്യൻ രാജ്യങ്ങളുടെയും പ്രത്യേകിച്ചു ബ്രിട്ടൻെറയും വാണിജ്യത്തിനു ഈ തോട് ഒരു വലിയ പരിവർത്തനമുണ്ടാക്കി. വിദൂരപൗരസ്ത്യ രാജ്യങ്ങളും ആസ്ത്രേലിയ, ന്യൂസീലൻഡ് എന്നിവയുമായുള്ള വാണിജ്യബന്ധം സൂയസ്സ്തോട് സുകരമാക്കി.

അടുത്തകാലത്തു് നാസ്സർ ഈജിപ്റ്ററിലെ പ്രസിഡൻറായതോടുകൂടി സൂയസ്സ് തോടിൻെറ ഉടമാവകാശം ഈജിപ്റ്ററിനു മാത്രമായി. സൂയസ്സ് തോടിൻെറ വടക്കേ അററത്തുള്ള തുറമുഖമാണ് പോർട്ടു് ആൎൺ. സെയ്ദ്

കയിറോ:— ഈജിപ്റ്ററിൻെറ തലസ്ഥാനമായ കയിറോ നൈൽ നദിയുടെ ഡൽററാ പ്രദേശത്താണു. ഈജിപ്റ്ററിലെ ഏററവുംവലിയ നഗരമായ കയിറോവിൽ ഇരുപതു ലക്ഷത്തിൽപ്പരം ജനങ്ങാം വസിക്കുന്നു.

ഈ പട്ടണത്തിലും പരിസരങ്ങളിലും കാണുന്ന പൗരാണികാവശിഷ്ടങ്ങാം ഈ പ്രദേശത്തിൻെറ പുരാതനത്വത്തെ പ്രഖ്യാപിക്കുന്നു. കയിറോവിൽനിന്നും അധികം ദൂരമല്ലാതെ ജിസ്സേ എന്ന സ്ഥലത്തു കാണുന്ന ഗംഭീരാകൃതിയിലുള്ള പിരമിഡുകാം

അനേകായിരം കൊല്ലങ്ങൾക്കുശേഷവും ലോകത്തിലെ മഹാത്ഭുതമായി നിലകൊള്ളുന്നു. ഇവ ഈജിപ്ററിലെ രാജാക്കന്മാരുടെ മൃതശരീരം അടക്കം ചെയ്യുന്നതിനായി നിർമ്മിച്ചതാണ്. കഫു (ചിയോപ്സ്) എന്ന രാജാവിൻെറ മൃതദേഹം അടക്കം ചെയ്തിരിക്കുന്ന പിരമിഡാണ് ഇവയിൽ ഏററവും വലിപ്പമുള്ളതു്. ഇതിനു 430 അടി ഉയരം ഉണ്ടു്. ഇതിൻെറ നാലുവശങ്ങളിലോരോന്നിനും 755 അടി നീളമുണ്ടു്. ഇതിൻെറ നിർമ്മാണത്തിനുപയോഗിച്ചിരിക്കുന്ന ഓരോ കല്ലിൻെറയും വലിപ്പം സന്ദർശകരെ അത്ഭുതപ്പെടുത്തും. ഒരു ലക്ഷം ആളുകൾ ഇരുപതു കൊല്ലങ്ങൾ പണി ചെയ്താണ് ഇതിൻെറ നിർമ്മാണം പൂർത്തിയാക്കിയതു്. അനേകം കൊല്ലങ്ങൾക്കുശേഷവും മനുഷ്യനിർമ്മിതമായ ഈ മഹാത്ഭുതം അനവധി ആളുകളെ ആകർഷിച്ചുകൊണ്ടിരിക്കുന്നു.

ഈജിപ്ററിലെ ഏററവും പ്രധാനപ്പെട്ട തുറമുഖമായ അലക്സാൺഡ്രിയ നൈൽ നദീമുഖത്തുള്ള ഡൽററയുടെ പടിഞ്ഞാറു ഭാഗത്താണ്. ഈ നഗരത്തിൻെറ സ്ഥാപകൻ മഹാനായ അലക്സാണ്ടർ ചക്രവർത്തിയായിരുന്നു. അലക്സാണ്ടറുടെ പിൻഗാമികളായ ടോളമി രാജാക്കന്മാർ ഈ നഗരത്തെ ലോകപ്രശസ്തമാക്കിയ ഒരു മഹാഗ്രന്ഥാലയം ഉണ്ടാക്കി. നിർഭാഗ്യവശാൽ കുറേക്കാലത്തിനുശേഷം ഇതു് അഗ്നിക്കിരയായിപ്പോയി. അക്കാലത്തു് ഈ നഗരം പ്രശസ്തമായ ഒരു സർവ്വകലാശാലയുടെ ആസ്ഥാനവുമായിരുന്നു. അത്യത്ഭുതകരമായ ഒരു ദീപസ്തംഭം മറെറാരു ടോളമി രാജാവു നിർമ്മിച്ചു. എന്നാൽ അതിൻെറ അവശിഷ്ടംപോലും ഇന്നില്ല. അലക്സാൺഡ്രിയ സർവ്വകലാശാലയിലെ പ്രസിദ്ധരായ പണ്ഡിതന്മാർ ഒരു ടോളമിരാജാവിൻെറ നിർദ്ദേശമനുസരിച്ചു് ബൈബിളിലെ 'പഴയനിയമം' ഹീബ്രൂ ഭാഷയിൽനിന്നും ആദ്യമായി ഗ്രീക്കുഭാഷയിലേക്കു വിവർത്തനം ചെയ്യുകയുണ്ടായി.

(ഇ) <u>ദക്ഷിണാഫ്രിക്ക</u>:— ടാങ്കനീക്കാ തടാകത്തിൻെറ തെക്കുഭാഗംമുതൽ തെക്കോട്ടു ഗുഡ്ഹോപ്പു മുനമ്പു വരെയും പടിഞ്ഞാറു് ദക്ഷിണ അററ്ലാൻറിക്കു് സമുദ്രംമുതൽ

കിഴക്കു് ഇൻഡ്യൻമഹാസമുദ്രംവരെയും ഉള്ള പ്രദേശങ്ങളാണു് പൊതുവേ ദക്ഷിണാഫ്രിക്ക എന്നറിയപ്പെടുന്നതു്. ദക്ഷിണാഫ്രിക്കയുടെ തീരപ്രദേശങ്ങളിൽക്കൂടി യൂറോപ്യന്മാർ കടന്നുകൂടി. ആഫ്രിക്കയിൽ ആകെയുള്ള വെള്ളക്കാരിൽ ഭൂരിഭാഗവും ദക്ഷിണാഫ്രിക്കയിലാണു് താമസിക്കുന്നതു്. എന്നാൽ അവിടെയുള്ള ആഫ്രിക്കക്കാരുടെ എണ്ണത്തോടു താരതമ്യപ്പെടുത്തുമ്പോൾ വെള്ളക്കാർ കേവലം ന്യൂനപക്ഷമാകുന്നു. ഇന്നു് ദക്ഷിണാഫ്രിക്കയുടെ ഭരണം വെള്ളക്കാരുടെ കയ്യിലാണു്. ന്യൂനപക്ഷമായ വെള്ളക്കാർ ആഫ്രിക്കക്കാരായ ഒരു വലിയ ജനവിഭാഗത്തെ ഭരിക്കുന്നതിൽനിന്നുത്ഭവിക്കുന്ന അസ്വസ്ഥതയാണു് ദക്ഷിണാഫ്രിക്കയിലെ ഇന്നത്തെ വിഷമപ്രശ്നം. അതിനെക്കുറിച്ചു് നമുക്കു പിന്നീടു് പഠിക്കാം.

ദക്ഷിണാഫ്രിക്കയിലെ നാട്ടുകാർ പ്രധാനമായി നാലു വർഗ്ഗത്തിൽപ്പെടുന്നു. ഹോട്ടൻ റേറാട്ട്സ്, ബുഷ്മെൻ എന്നിവർ പടിഞ്ഞാറും സൂളൂസ്, ബാണ്ടു, എന്നിവർ കിഴക്കുഭാഗത്തും വസിക്കുന്നു. ഈജിപ്റ്റു് ഒഴികെ ആഫ്രിക്കയുടെ ഏതു ഭാഗത്തെക്കാളും കൂടുതൽ ജനങ്ങൾ താമസിക്കുന്നതും കൂടുതൽ വലിയ പട്ടണങ്ങൾ ഉള്ളതും തെക്കേ ആഫ്രിക്കയിലാണു്. ഡർബാൻ, ജോഹനസ്ബർഗ്ഗ്, കേപ്പ്ടൌൺ എന്നിവ അതിനുദാഹരണമാണു്.

കാലാവസ്ഥയും സസ്യങ്ങളും.— ആഫ്രിക്കയുടെ തെക്കുപടിഞ്ഞാറുള്ളഭാഗം മെഡിറററേനിയൻ കാലാവസ്ഥയോടുകൂടിയതാണു്. ഉഷ്ണകാലത്തു് അവിടെ വലിയ ചൂടാണെങ്കിലും ശീതകാലത്തു് മഴ ലഭിക്കുന്നുണ്ടു്. ഈ കാലാവസ്ഥയാണു് ആഫ്രിക്കയിൽ വന്ന യൂറോപ്യന്മാരെ ആദ്യമായി അവിടെ കുടിയേറിപ്പാർക്കാൻ പ്രേരിപ്പിച്ചതു്.

ഉന്നതതടത്തിനും മുൻപറഞ്ഞ മെഡിറററേനിയൻ കാലാവസ്ഥയോടുകൂടിയ പ്രദേശത്തിനും ഇടയ്ക്കുകിടക്കുന്ന സ്ഥലത്തിനു് 'കാരു' എന്നാണു് പേർ. പുല്ലും കുററിച്ചെടികളും മാത്രമേ അവിടെ വളരുന്നുള്ളു. ആടുകളെ മേയ്ക്കുന്നതിനുമാത്രം പററിയതാണു് ഈ പ്രദേശം.

തെക്കുകിഴക്കേ ഉന്നതതടം ഒരു മലംപ്രദേശമാണ്. ധാരാളം മഴ ലഭിക്കുന്നതുകൊണ്ടു് ഒരു വലിയഭാഗം കാടായിത്തീർന്നിരിക്കുന്നു. ദക്ഷിണാഫ്രിക്കയിൽ ഈ പ്രദേശത്തു മാത്രമേ കാടുകൾ കാണുന്നുള്ളു. ഇവിടെയുള്ള സമതലത്തിൽ ധാന്യങ്ങൾ നല്ലവണ്ണം വിളയുന്നുണ്ടു്. ചോളം, ഏത്തവാഴ (നേന്ത്രവാഴ), പുകയില, പരുത്തി ഇവയാണു് ഇവിടത്തെ പ്രധാനകൃഷി. ഇവിടെനിന്നും ധാരാളമായി കുഴിച്ചെടുക്കുന്ന കല്ക്കരി ഡർബാൻ തുറമുഖംവഴി അന്യരാജ്യങ്ങളിലേയ്ക്കയയ്ക്കുന്നു. തെക്കുകിഴക്കെ തീരപ്രദേശം ഒരു ഇടുങ്ങിയ സമതലമാണ്. ചോളം വിളയുന്ന വയലുകൾ ഈ സമതലത്തിൽ ധാരാളമുണ്ടു്. ജനങ്ങളുടെ മുഖ്യഭക്ഷണവും ഇതുതന്നെ. ജനങ്ങൾ ഭൂരിഭാഗവും നീഗ്രോവർഗ്ഗത്തിൽപ്പെട്ടവരാണ്. ഇന്ത്യാക്കാർ ധാരാളമായി ഈ പ്രദേശത്തു് വസിക്കുന്നു. മഴക്കുറവുള്ള പുൽപ്രദേശത്തെ വെൽഡ്ു് എന്നു വിളിക്കുന്നു.

ദക്ഷിണാഫ്രിക്ക പൊതുവേ കൃഷിക്കുപയുക്തമല്ല. ലോകത്തിലുള്ള സ്വർണ്ണത്തിൻെറ മൂന്നിലൊരുഭാഗം ഈ രാജ്യത്തിൻെറ പല ഭാഗങ്ങളിൽനിന്നുമായി കിട്ടുന്നു. സ്വർണ്ണഖനനത്തിനു് പ്രസിദ്ധിയുള്ള റാൻസ്ു് മലകൾ ഈ പ്രദേശത്താണ്, വെൽഡ്ു് പ്രദേശത്തിൻെറ പടിഞ്ഞാറെ അതിർത്തിയിൽ ആണു് ലോകപ്രസിദ്ധമായ കിംബർലി വജ്രഖനികൾ. ഈ ഖനികൾമൂലം പ്രാധാന്യം നേടിയവയാണു് ജോഹന്നസ്ബർഗ്ഗ്, കിംബർലി എന്നീ രണ്ടു പട്ടണങ്ങൾ.

കാലാവസ്ഥയും സസ്യപ്രകൃതിയും അനുസരിച്ചുള്ള ആറാമത്തെ വിഭാഗമാണു് തെക്കുപടിഞ്ഞാറൻ ആഫ്രിക്ക. ഇതൊരു മരുപ്രദേശമാണ്.

ട്രാൻസ്വാൾ, നേററാൾ, ഓറഞ്ച്ഫ്രീസ്റ്റേററ്, കേപ്പ് ആഫ് ഗുഡ്ഹോപ്പ് എന്നീ രാജ്യങ്ങളെക്കൂട്ടിയോജിപ്പിച്ച ഒരു സംയുക്തസംസ്ഥാനം സ്ഥാപിച്ചിട്ടുണ്ടു്. യൂണിയൻ ആഫ് സൗത്തു് ആഫ്രിക്ക എന്നാണു് ഇതു് അറിയപ്പെടുന്നതു്. ഇതിനു്

രണ്ടു തലസ്ഥാനങ്ങളും ഉണ്ടു. ഭരണകേന്ദ്രം പ്രിട്ടോറിയായിലും നിയമസഭയുടെ ആസ്ഥാനം കേപ്പ് ടൌണിലുമാകുന്നു.


ദക്ഷിണാഫ്രിക്കയുടെ ഒരു സംസ്ഥാനമായ നേററാളിന്റെ ഏററവും പ്രധാന തുറമുഖമാണ് ഡർബാൻ. ഇവിടെനിന്നും ധാരാളം കല്ക്കരി ഇൻഡ്യ മുതലായ രാജ്യങ്ങളിലേയ്ക്ക് കയററുമതി ചെയ്യുന്നുണ്ടെന്നു നാം പഠിച്ചുകഴിഞ്ഞു. ഈ തുറമുഖ പട്ടണത്തിൽ മൂന്നരലക്ഷം ജനങ്ങൾ താമസിക്കുന്നുണ്ട്. ഇവരിൽ മൂന്നിലൊന്നു വെള്ളക്കാരാണ്. നേററാളിൽ പൊതുവേയും ഡർബാനിൽ പ്രത്യേകമായും ധാരാളം ഇന്ത്യാക്കാർ താമസിക്കുന്നു.

കേപ്പ് ആഫ് ഗുഡ്ഹോപ്പ്:—കേപ്പ് ആഫ് ഗുഡ്ഹോപ്പാണ് ദക്ഷിണാഫ്രിക്കയിലെ ഏററവും വലിയ സംസ്ഥാനം. ഈ പേരു സിദ്ധിച്ചിട്ടുള്ളതു് സംസ്ഥാനത്തിന്റെ തെക്കേഅററത്തുള്ള ഗുഡ്ഹോപ്പ് മുനമ്പിൽ നിന്നാണ്.

ദക്ഷിണാഫ്രിക്ക യൂണിയനിൽപ്പെട്ട വെൽഡ് പ്രദേശത്തിന്റെ ഭൂരിഭാഗവും ട്രാൻസ്വാളിലും ഓറഞ്ച്ഫ്രീസ്റ്റേററിലും ഉൾപ്പെട്ടു കിടക്കുന്നു. ഗോതമ്പു കൃഷിയും ആടുമാട് വളർത്തലും വൻതോതിൽ നടക്കുന്നതു് ഇവിടെയാണ്. ചോളക്കൃഷിയും ധാരാളം ഉണ്ട്. കമ്പിളിയും ചോളവും ഇവിടെനിന്ന് കയററി അയയ്ക്കുന്നു. ജോഹനസ്ബർഗ്ഗും പ്രിട്ടോറിയായും ഖനനവ്യവസായത്തിന്റെയും കാർഷികവൃത്തിയുടെയും കേന്ദ്രങ്ങളാണ്. ഓറഞ്ചു ഫ്രീസ്റ്റേററിലെ പ്രമുഖപട്ടണം ബ്ളൂംഫൊൺടിൻ ആകുന്നു.

ബ്രിട്ടൻ, ഫ്രാൻസ്, പോർച്ചുഗൽ, ബൽജിയം, ഇററലി എന്നീ യൂറോപ്യൻ രാജ്യങ്ങൾ ആഫ്രിക്കമുഴുവൻതന്നെ കൈയടക്കിഭരിക്കയായിരുന്നു. രണ്ടാം ലോകമഹായുദ്ധത്തിനു ശേഷം ഏഷ്യയിലെന്നപോലെ ആഫ്രിക്കയിലും ഒരു ഉണർവുണ്ടായി. യൂറോപ്യൻ സാമ്രാജ്യവാദികളുടെ പിടിയിൽനിന്നും സ്വതന്ത്രമാകുവാൻ ആഫ്രിക്കൻ ജനത യത്നം ആരംഭിച്ചു.

<u>ഈജിപ്ററ്</u> :— ഈജിപ്ററാണ് ഇതിൽ മുന്നോടിയായി നിന്നതു്. കുറേ കാലമായി ബ്രിട്ടന്റെ സ്വാധീനശക്തി ഈജിപ്ററിനെ അസ്വതന്ത്രമാക്കിയിരുന്നു. ഇങ്ങനെയിരിക്കെ 1936-ൽ ബ്രിട്ടനും ഈജിപ്ററുമായുണ്ടായ ഒരു ഉടമ്പടിപ്രകാരം ഈജിപ്ററിന് കുറഞ്ഞൊരു സ്വയംഭരണം ലഭിച്ചു. 1952-ൽ ജനറൽ നജീബ് ഈജിപ്ററിലെ രാജവാഴ്ച അവസാനിപ്പിച്ച് ഒരു റിപ്പബ്ലിക്കൻ ഭരണം ഏർപ്പെടുത്തി. 1954-ൽ സൂയസ്സ് കനാൽ പ്രദേശത്തുനിന്നും ബ്രിട്ടൻ സൈനികസങ്കേതം മാററി



ക്കൊള്ളാമെന്നു് സമ്മതിക്കേണ്ടിവന്നു. 1957-ൽ പ്രസിഡൻറ് നാസ്സർ, സൂയസ്സ് ദേശസാൽക്കരിച്ചുവെന്നു മുമ്പ് സൂചിപ്പിച്ചുവല്ലോ. 1958-ൽ സിറിയയും ഈജിപ്ററും ഉൾക്കൊള്ളുന്ന ഒരു ഐക്യഅറബി റിപ്പബ്ലിക്ക് നാസ്സറിൻെറ നേതൃത്വത്തിൽ സ്ഥാപിച്ചു. പക്ഷേ അവതമ്മിലുള്ള ഭരണപരമായ ബന്ധം ഇപ്പോൾ ഇല്ല. ഇന്നു് ഈജിപ്ററു് ഐക്യരാഷ്ട്രസംഘടനയിലെ ഒരംഗമാണു്.

സുഡാൻ :— സുഡാൻ സ്വാതന്ത്ര്യരാഷ്ട്രമായിത്തീർന്നതിനെപ്പററി നാം പഠിച്ചുകഴിഞ്ഞു. ഈജിപ്ററിനു ലഭിച്ച സ്വാതന്ത്ര്യം സുഡാനിലെ ജനങ്ങൾക്കു ഒരു വലിയ പ്രചോദനമായിരുന്നു. സുഡാൻെറ തലസ്ഥാനം ഖർത്തൂം ആണു്.

ലൈബീരിയ :— ലൈബീരിയ ആഫ്രിക്കയുടെ പടിഞ്ഞാറെ തീരത്തുള്ള നീഗ്രോ വർഗ്ഗക്കാരുടെ ഒരു ജനാധിപത്യ രാജ്യമാണു്. അമേരിക്കയിൽനിന്നും സ്വതന്ത്രരായ അടിമകൾക്കുള്ള ഒരു വാസസ്ഥലമായിരുന്നു ഇതു്. 1847-ൽ ആണു് ഇതു് റിപ്പബ്ലിക്കായതു്. അടുത്തകാലത്തു് അമേരിക്കൻ ഗവണ്മെൻറു നൽകിയ സാമ്പത്തികസഹായത്തിൻെറ ഫലമായി ലൈബീരിയ പരിഷ്ക്കാരത്തിലേയ്ക്കു സാവധാനം നീങ്ങുകയാണു്.

നൈജീരിയ :—ബ്രിട്ടൻെറ അധീനതയിൽ പശ്ചിമാഫ്രിക്കയിലുള്ള മറെറാരു രാജ്യമാണു് നൈജീരിയ. ഈ രാജ്യവും അടുത്തകാലത്തു് സ്വതന്ത്രമായി.

എത്യോപ്യ :— രണ്ടാം ലോകമഹായുദ്ധത്തോടുകൂടി ഇററലിയുടെ ഭരണത്തിൽനിന്നും എത്യോപ്യ മോചനം നേടി. ബ്രിട്ടീഷുകാരുടെ സഹായത്തോടുകൂടി അവിടത്തെ പഴയ ചക്രവർത്തിഭരണം വീണ്ടും ആരംഭിച്ചു. രാജ്യത്തിൻെറ തലസ്ഥാനം ആഡിസ് അബാബയാണു്.

ഫ്രഞ്ചുകാരുടേയും, ബ്രിട്ടീഷുകാരുടേയും, പോർച്ചുഗീസുകാരു ടേയും കീഴിലുണ്ടായിരുന്ന വിശാലമായആഫ്രിക്കൻ കാളണി കരം സ്വാതന്ത്ര്യം പ്രാപിക്കുന്ന കാഴ്ചയാണ് കഴിഞ്ഞ ഏതാനും കൊല്ലങ്ങളായി ലോകം ദർശിച്ചതു്. ബ്രിട്ടീഷ് കാളണിയായ കെനിയയ്ക്കും അടുത്ത ഭാവിയിൽ സ്വാതന്ത്ര്യം ലഭിക്കുമെന്നു ബ്രിട്ടീഷ് ഗവണ്മെൻറ് വാഗ്ദത്തം ചെയ്തിട്ടുണ്ട്. ഇന്നും സാമ്രാജ്യശക്തിയുടെ മുഷ്ടിയ്ക്കിടയിൽ കിടന്നു ഞെരുങ്ങുന്ന പോർച്ചുഗീസ് അധീനപ്രദേശങ്ങളിലെ ജനങ്ങരം സ്വാതന്ത്ര്യം പ്രാപിക്കാൻ വെമ്പുകയാണു്.

കാമറൂൺ, ടോഗോലാൻഡ്, ഐവറി കോസ്ററ് തുടങ്ങിയ എത്രയോ രാജ്യങ്ങരം സ്വതന്ത്ര റിപ്പബ്ലിക്കുകളായിത്തീർന്നി ട്ടുണ്ട്. ആഫ്രിക്കയെപ്പോലെതന്നെ ഏഷ്യയും വെള്ളക്കാരുടെ ഭരണത്തിലായിരുന്നു. ഇൻഡ്യ, ബർമ്മ, സിലോൺ, ഇൻഡോനേഷ്യ, ഇൻഡോചൈന ഇവ ഇതിനുദാഹരണ ങ്ങളാണ്. ചൈനയിലും പാശ്ചാത്യരുടെ താൽപര്യങ്ങരം പുലത്തുവാൻ കഴിഞ്ഞിരുന്നു. ബ്രിട്ടീഷ് ഭരണത്തിനെതിരായി ഇൻഡ്യയിൽ നടത്തിയ സഹനസമരം ഏഷ്യയെ ആകമാനം ഉണർത്തി. ഇൻഡ്യയുടെ സ്വാതന്ത്ര്യലബ്ധിയെത്തുടർന്ന് മററ് രാജ്യങ്ങളും സ്വതന്ത്രമായി. അതിൻെറ ഫലമായി ഈ രാജ്യ ങ്ങളിൽ പരസ്പരധാരണയും ഐകൃബോധവും വളർന്നു. ഇൻഡ്യൻ പ്രധാനമന്ത്രി നെഹ്റുവിൻെറ നേതൃത്വത്തിൽ ആഫ്രിക്കയി ലേയും, ഏഷ്യയിലേയും രാഷ്ട്രങ്ങളുടെ ഒരു സമ്മേളനം നടത്തുക യുണ്ടായി. പൊതുവായ പല കാര്യങ്ങളും നയങ്ങളും ആ സമ്മേ ളനത്തിൽ ചർച്ചചെയ്തു. ലക്ഷ്യത്തിൽ ഐകരൂപ്യം ഉണ്ടായി രുന്ന ഈ രാഷ്ട്രങ്ങരംക്ക് പല കാര്യങ്ങളിലും ഏകീകൃതമായ നയം കൈക്കൊള്ളുവാൻ ഈ സമ്മേളനം സഹായിച്ചു. എന്നു മാത്രമല്ല, ഈ ആഫ്രോ—ഏഷ്യൻ സമ്മേളനം അവികസിത രാജ്യങ്ങളുടെ ലക്ഷ്യങ്ങളും അഭിലാഷങ്ങളും എന്താണെന്നു് ലോകത്തിലെ പ്രബല രാജ്യങ്ങളെ മനസ്സിലാക്കിക്കൊടുക്കുകയും ചെയ്തു.

ഗതാഗതമാർഗ്ഗങ്ങൾ.

വെള്ളക്കാരുടെ ആഗമനത്തിനുശേഷം ആഫ്രിക്കയിലെ ഗതാഗതമാർഗ്ഗങ്ങൾക്ക് അഭിലഷണീയമായ പരിവർത്തനം വന്നിട്ടുണ്ട്. തീവണ്ടിപ്പാതകൾ ഈ വൻകരയുടെ പല ഭാഗങ്ങളിലും നിർമ്മിച്ചു. പ്രധാന തീവണ്ടിപ്പാതകൾ ആഫ്രിക്കയുടെ തെക്കുഭാഗത്താണ്. ദക്ഷിണാഫ്രിക്കയിലെ കേപ്പ് ടൗണിൽനിന്നു പുറപ്പെടുന്ന പാതയ്ക്ക് മൂവായിരത്തിൽപരം മൈൽ നീളമുണ്ട്. ഇന്നു ആഫ്രിക്കയുടെ കിഴക്കേ അററത്തുനിന്നും പടിഞ്ഞാറേ അററത്തേയ്ക്കു തീവണ്ടിമാർഗ്ഗം പോകാൻ കഴിയും. നദികളിലെ വെള്ളച്ചാട്ടങ്ങൾമൂലം കപ്പൽ ഗതാഗതത്തിനു തടസ്സമുണ്ടാകുമ്പോൾ അതാതിടങ്ങളിൽ തീരപ്രദേശത്തു് തീവണ്ടിപ്പാതകൾ ഉണ്ടാക്കി ആ തടസ്സം തരണംചെയ്യുന്നുണ്ട്. തീവണ്ടിപ്പാതകൾ അധികവും "ചെമ്പു മേഖലകളിൽ" ആണു്. ഖനന വ്യവസായത്തിന്റെ വളർച്ചയ്ക്കു് ഈ തീവണ്ടിപ്പാതകൾ അത്യാവശ്യമായിരുന്നു.

നദികളിൽ വെള്ളച്ചാട്ടങ്ങളുണ്ടെങ്കിലും അവയുടെ ഇടയ്ക്കുള്ള ഭാഗം വളരെ ഗതാഗതസൗകര്യമുള്ളതാണു്. സാമാന്യം വലിയ കപ്പലുകൾ നിർബ്ബാധം അവിടവിടെ സഞ്ചരിക്കുന്നുണ്ട്. ഇന്നും ആഫ്രിക്കയുടെ ഉള്ളിലുള്ള സാധാരണമായ ഗതാഗതമാർഗ്ഗം അവിടത്തെ നദികളും തടാകങ്ങളുമാണു്. തെക്കേ അററത്തുള്ള കേപ്പ് ടൗൺ മുതൽ ഈജിപ്ററിന്റെ തലസ്ഥാനമായ കയിറോ വരെ വ്യോമയാന ഗതാഗതം നടപ്പിലാക്കിയിട്ടുണ്ട്.

(ഐ) വർണ്ണവിവേചന പ്രശ്നം

ഡച്ചുകാരുടെയും ബ്രിട്ടീഷുകാരുടെയും കുടിയേററം.

ലിവിംങ്സ്റ്റൻ, സ്റ്റാൻലി എന്നിവർ സാഹസിക പര്യടനം നടത്തി ലോകത്തിനും പ്രത്യേകിച്ചു യൂറോപ്പിനും ആഫ്രിക്കയുടെ ഉൾനാടുകളെക്കുറിച്ചു് കൂടുതൽ അറിവു നൽകിയല്ലോ. അതിന്റെ ഫലമായി യൂറോപ്യന്മാർ ദക്ഷിണാഫ്രിക്കയിലേക്കു കുടിയേററം ആരംഭിച്ചു. ഡച്ചുകാരായിരുന്നു ആദ്യം വന്നതു്. ഇതിനെത്തുടർന്നാണ് ബ്രിട്ടീഷുകാർ ഒരു യൂണിയൻ ഗവണ്മെൻറു്

സ്ഥാപിച്ചതു്. പീഠഭൂമിയായ ദക്ഷിണാഫ്രിക്കയുടെ കാലാവസ്ഥ യൂറോപ്യന്മാക്കു് വാസത്തിന്നു വളരെ അനുകൂലമായിരുന്നു. ആഫ്രിക്കാക്കാരായ നീഗ്രോ വർഗ്ഗക്കാരെ അവിടെനിന്നും ആട്ടിയോടിച്ചു് ആ സ്ഥലങ്ങളെല്ലാം അവർ കൈവശപ്പെടുത്തി. ഈ കുടിയേററത്തിന്നു വെള്ളക്കാരെ പ്രേരിപ്പിച്ച മുഖ്യകാരണം ദക്ഷിണാഫ്രിക്കയുടെ പ്രകൃതിവിഭവങ്ങളാണു്. അവിടെയുള്ള സ്വർണ്ണഖനികളും രത്നഖനികളും കൊള്ളലാഭമുണ്ടാക്കുന്നതിന്നു പററിയ മണ്ഡലങ്ങളാണെന്നു് അവർ കണ്ടു. നല്ല കൃഷിസ്ഥലങ്ങളിൽനിന്നും മട്ടിച്ചു പുറത്താക്കപ്പെട്ട ആഫ്രിക്കക്കാരെക്കൊണ്ടു് അടിമകളെപ്പോലെ ജോലിചെയ്യിച്ചു് വെള്ളക്കാർ ഭീമമായ ലാഭമുണ്ടാക്കി.

ഡച്ചുകാരുടെ പ്രധാനതാവളമായിരുന്നതു് ട്രാൻസ്വാരം സംസ്ഥാനമാണു് ലോകത്തിലെ സുപ്രസിദ്ധ സ്വർണ്ണഖനിയായ 'റാൻഡു് മലകരം' അവിടെയാണു്. ഈ ഖനി കണ്ടെത്തിയതോടുകൂടി തെക്കും പടിഞ്ഞാറും താമസിച്ചിരുന്ന ബ്രിട്ടീഷുകാർ അവിടെയെത്തി. അതിന്റെ ഫലമായി ആദ്യത്തെ ഡച്ചുകുടിയേററക്കാരുടെ പിൻഗാമികളായ 'ബൂവർ' എന്നറിയപ്പെടുന്നവരുമായി ഒരു യുദ്ധമുണ്ടായി. അന്നു ലോകത്തിലെ മികച്ച ക്തിയായിരുന്ന ബ്രിട്ടനോടു വിജയകരമായി പടപൊരുതാൻ ബൂവർ ജനങ്ങരംക്കു് സാദ്ധ്യമായിരുന്നില്ല. ട്രാൻസ്വാരം അവക്കു നഷ്ടപ്പെട്ടു. ഇങ്ങനെ അവിടേയും ബ്രിട്ടീഷുകാർ ആധിപത്യം നേടി.

അവിടെയുള്ള സ്വർണ്ണ ഖനികളിൽ കൂലിപ്പണിചെയ്യാൻ ആഫ്രിക്കക്കാരെയും ജോലി രന്വേഷിച്ച അവിടെയെത്തിയ ഇൻഡ്യക്കാരെയും നിയമിച്ചു. വെള്ളക്കാരായ മുതലാളിമാർ ഇവരോടു നിന്ദ്യമായി പെരുമാറി. ഈ ക്രൂരതകരം എല്ലാം സഹിച്ചുകൊണ്ടു പണിഎടുത്തിരുന്ന ഇൻഡ്യക്കാരിൽ പെട്ടെന്നൊരു മാററമുണ്ടായി. ആ കാലത്തു് അഭിഭാഷകവൃത്തി സംബന്ധിച്ചു് ദക്ഷിണാഫ്രിക്കയിലെത്തിയ മോഹൻദാസ് കരംചന്ദ് ഗാന്ധി തന്റെ നാട്ടുകാരനുഭവിച്ചിരുന്ന യാതനകരംക്കു് പരിഹാരം

കാണാനും അവരുടെ അഭിമാനം സംരക്ഷിക്കുവാനും ശ്രമിച്ചു. അദ്ദേഹത്തിൻെറ സമർത്ഥമായ നേതൃത്വത്തിൽ വെള്ളക്കാരുടെ ന്യായരഹിതമായ ധിക്കാരത്തോടുള്ള പ്രതിഷേധം ഇൻഡ്യക്കാർ പ്രകടമാക്കി. പിന്നീട് ഇൻഡ്യയുടെ സ്വാതന്ത്ര്യസമ്പാദനത്തിൽ ഗാന്ധിജി വിജയകരമായി പ്രയോഗിച്ച സഹനസമരം, സത്യാഗ്രഹം എന്നീ ആയുധങ്ങൾ ആദ്യമായി ആഫ്രിക്കയിലാണു പരീക്ഷിച്ചതു്. ആഫ്രിക്കൻ ഗവണ്മെൻറു് ഗാന്ധിജിയുമായി സന്ധിചെയ്തു. ആ സന്ധിപ്രകാരം നേടിയെടുത്ത പല അവകാശങ്ങളും പിൽക്കാലത്തു് വെള്ളക്കാരുടെ കരാർ ലംഘനം കൊണ്ടു് നഷ്ടപ്പെട്ടു. എങ്കിലും അന്നു് അവിതർക്കിതമായിരുന്ന ഒരു വിജയമായിരുന്നു അതു്.

വർഗ്ഗ വിദ്വേഷവും വർണ്ണ വിവേചനവും ദക്ഷിണാഫ്രിക്കയിലെ വെള്ളക്കാരുടെ കൂടപ്പിറപ്പുകളായിത്തന്നെ തുടർന്നു. കറുത്ത വർഗ്ഗക്കാരോടുള്ള പെരുമാററം ഇന്നും ദുസ്സഹമാണു്. കൃഷിസ്ഥലങ്ങളുടെ ഉടമകളായിരിക്കാൻ ആഫ്രിക്കൻ ജനങ്ങൾക്കവകാശമില്ല. ഗവണ്മെൻറുദ്യോഗങ്ങൾ എല്ലാംതന്നെ വെള്ളക്കാരുടെ കുത്തകയാണു്. കറുത്ത വർഗ്ഗക്കാരുടെ വാസസ്ഥലം വെള്ളക്കാരുടേതിൽ നിന്നു് വളരെ അകന്നിരിക്കണമെന്നാണു് നിയമം. വെള്ളക്കാർ യാത്രചെയ്യുന്ന തീവണ്ടികളിലും ബസ്സുകളിലും മററും ആഫ്രിക്കക്കാർ യാത്രചെയ്തുകൂടാ. വെള്ളക്കാരുടെ കുട്ടികൾക്കുള്ള വിദ്യാലയങ്ങളും വേറെയാണു്. ഇങ്ങനെ സാധാരണ പൗരാവകാശങ്ങൾ മാത്രമല്ല, മൗലികമായ മനുഷ്യാവകാശങ്ങളും നിഷേധിക്കപ്പെട്ടിരുന്നു. ഈ രൂക്ഷമായ വർണ്ണവിവേചനനയത്തെ "അപ്പാർട്ടേററു്" എന്നു വിളിക്കുന്നു. ഈ സങ്കുചിത നയം ഇപ്പോഴും തുടരുകയാണു്.

ഇതിനെതിരായുള്ള പ്രക്ഷോഭണം പ്രബലമായി വരികയാണു്. ഗാന്ധിജിയുടെ സംരംഭംമുതൽ ഇന്നുവരെ ഇന്ത്യ സകല പിൻതുണയും അവശതയനുഭവിക്കുന്ന ആ ജനസമൂഹത്തിനു് ഉദാരമായി നല്കിക്കൊണ്ടുമിരിക്കുന്നു. അടുത്തകാലത്തു് "യൂണിയൻ ആഫ് സൗത്തു് ആഫ്രിക്കാ" ബ്രിട്ടീഷു് കാമൺവെൽത്തിൽനിന്നും അംഗത്വം പിൻവലിച്ചു. ഇതു് ഇൻഡ്യയുടെ നിശിത വിമർശനത്തിൻെറ പ്രത്യക്ഷ ഫലമാണു്.

## പ്രായോഗികാഭ്യാസങ്ങൾ.

1. ഭൂപടപുസ്തകം നോക്കി ആഫ്രിക്കയിലെ നദികൾ, തടാകങ്ങൾ, മരുഭൂമികൾ, വൻകാടുകൾ, പുൽമേടുകൾ എന്നിവ എവിടെയെല്ലാം സ്ഥിതിചെയ്യുന്നു എന്നു മനസ്സിലാക്കുക.

2. ആഫ്രിക്കയിലെ ആദിമനിവാസികളുടേയും അവിടെ കാണുന്ന മൃഗങ്ങളുടേയും ചിത്രങ്ങൾ ശേഖരിക്കുക.

3. കോംഗോ തടത്തിൽ നിന്നും ലഭിക്കുന്ന ധാതുപദാർത്ഥങ്ങളുടെ ഒരു ചാർട്ട് വരയ്ക്കുക.

4. ചുവടേ ചേർത്ത വിഷയങ്ങളെക്കുറിച്ച് ചർച്ച ചെയ്യുക:—
   (a) ഉണരുന്ന ആഫ്രിക്ക.
   (b) ആഫ്രിക്കയിൽ വെള്ളക്കാർ സ്വീകരിച്ചിട്ടുള്ള വർണ്ണവിവേചനനയം.
   (c) ആഫ്രിക്കൻ രാഷ്ട്രങ്ങളുടെ സ്വാതന്ത്ര്യസമ്പാദനത്തിൽ ഇൻഡ്യയുടെ പങ്ക്.
   (d) കാമൺവെൽത്തു് രാഷ്ട്രങ്ങൾ.

# ഭാഗം V


## യൂറോപ്പ്

കിടപ്പ്:— ഏഷ്യയോടു ചേൎന്നുകിടക്കുന്ന ഒരു ഉപദ്വീപാണു് യൂറോപ്പ്. എങ്കിലും അതിനെ ഒരു ഭൂഖണ്ഡമായിട്ടാണു് കരുതുന്നതു്. യൂറോപ്പിൽത്തന്നെ അനേകം ഉപദ്വീപുകൾ ഉണ്ടു്. ആർട്ടിക് വൃത്തം യൂറോപ്പിൻെറ വടക്കെ അററത്തുകൂടിയും ഉത്തരായണരേഖ തെക്കെ മാററിയും കടന്നുപോകുന്നതിനാൽ ഈ ഭൂഖണ്ഡത്തിൻെറ ഭൂരിഭാഗവും മിതോഷ്ണമേഖലയിൽ സ്ഥിതിചെയ്യുന്നു. വടക്കു് ആർട്ടിക്കു് സമുദ്രവും, പടിഞ്ഞാറു് അററ്ലാൻറിക്കു് സമുദ്രവും, തെക്കു് മെഡിററേനിയൻ കടലും കരിങ്കടലും ഈ ഭൂഖണ്ഡത്തിൻെറ അതിർത്തിയിൽ കിടക്കുന്നു.

ആസ്ട്രേലിയ ഒഴിച്ചുള്ള ഭൂഖണ്ഡങ്ങളിൽവച്ചു് ഏററവും ചെറുതു് യൂറോപ്പാണു്. ഏഷ്യയുടെ അഞ്ചിലൊന്നു ഭാഗം മാത്രമാണു് ഇതിൻെറ വിസ്തീർണ്ണം. എങ്കിലും സമ്പൽസമൃദ്ധിയിലും ജനബാഹുല്യത്തിലും യൂറോപ്പു് മുൻപന്തിയിലാണു്. ദൈർഘ്യമേറിയ കടൽത്തീരം, മിതോഷ്ണമേഖലയിലെ സുഖപ്രദമായ കാലാവസ്ഥ, വ്യാവസായികാഭിവൃദ്ധി, ധാതുസമ്പത്തു് മുതലായ ഘടകങ്ങൾ യൂറോപ്പിനെ പരിഷ്കൃതലോകത്തിൻെറ മുന്നണിയിൽ എത്തിച്ചിരിക്കുന്നു.

വലിപ്പത്തിനനുസരിച്ചുള്ള കടലോരമല്ല യൂറോപ്പിനുള്ളതു്. ദീർഘമായ ഒരു കടലോരമുള്ളതിനാൽ യൂറോപ്പിൻെറ ഉൾഭാഗങ്ങൾ ഏഷ്യയിലുള്ളവയെപ്പോലെ സമുദ്രത്തിൽനിന്നും വളരെ അകലത്തിലല്ല. ഈ ഭൂഖണ്ഡത്തിൻെറ കടലോരത്തിൽ വളരെയധികം വിടവുകളുണ്ടു്. തന്മൂലം സമുദ്രത്തിൻെറ ശീതോഷ്ണക്രമീകരണശക്തി വളരെ കൂടുതലനുഭവപ്പെടുന്നു. ഏഷ്യയുടെ കടലോരത്തിലും വിടവുകൾ ധാരാളമുണ്ടെങ്കിലും വലിയ ഭൂഖണ്ഡമായതുകൊണ്ടു് അതിൻെറ മദ്ധ്യഭാഗം സമുദ്രത്തിൽനിന്നു് വളരെ അകന്നാണു് കിടക്കുന്നതു്.

ഏഷ്യയിലെ ഗോബി, ആഫ്രിക്കയിലെ സഹാറാ എന്നിവ പോലെയുള്ള മരുഭൂമികൾ യൂറോപ്പിലില്ല. വടക്കും തെക്കും ഭാഗങ്ങളെ തമ്മിൽ വേർതിരിക്കുന്ന വലിയ പർവ്വതനിരകളും ഈ



ഭൂഖണ്ഡത്തിൽ കുറവാണു്. ആൽപ്സ് പർവ്വതം ഉയരം കൂടിയതാണെങ്കിലും അതിലൂടെ മലമ്പാതകൾ ഉള്ളതിനാൽ ഗതാഗതത്തിനു തടസ്സമില്ല.

ഭൂപ്രകൃതി:—ഭൂപ്രകൃതിയനുസരിച്ചു് യൂറോപ്പിനെ മൂന്നായി തിരിക്കാം:

(1) വടക്കുഭാഗത്തുള്ള ഉന്നതഭൂമികൾ; (2) മദ്ധ്യ യൂറോപ്യൻ മഹാസമതലം; (3) തെക്കുഭാഗത്തുള്ള പർവ്വതങ്ങളും പീഠഭൂമികളും.

(1) വടക്കുഭാഗത്തുള്ള ഉന്നതഭൂമികൾ:—സ്കാൻഡിനേവിയാ, സ്കോട്ട്ലൻഡിൻെറ വടക്കുഭാഗം എന്നീ പ്രദേശങ്ങൾ ഇതിൽ ഉൾപ്പെടും. നൂററാണ്ടുകളായി പ്രകൃതിശക്തികൾ പ്രവർത്തിച്ചതിൻെറ ഫലമായി ഈ ഉന്നതപ്രദേശങ്ങളുടെ ഉയരം കുറഞ്ഞുപോയിട്ടുണ്ടു്. സ്കാൻഡിനേവിയൻ പർവ്വതനിരകൾ പടിഞ്ഞാറോട്ടു കുത്തായും കിഴക്കോട്ടു ചരിഞ്ഞും സ്ഥിതിചെയ്യുന്നു. ഇവിടെ വളരെയധികം കടൽപ്പിളർപ്പുകൾ (ഫിയോർഡുകൾ—Fiord) ഉണ്ടു്. നദികളിലെല്ലാം വെള്ളച്ചാട്ടങ്ങളുള്ളതുകൊണ്ടു് വിദ്യുച്ഛക്തി ഇവിടെ ധാരാളമായി ശേഖരിക്കുന്നു.

(2) മദ്ധ്യയൂറോപ്യൻ മഹാസമതലം:—മേൽപ്പറഞ്ഞ ഉന്നതഭൂമികൾക്കു തെക്കായി അററ്ലാൻറിക് സമുദ്രതീരം മുതൽ ഏഷ്യയിലെ വൻസമതലംവരെ വ്യാപിച്ചു കിടക്കുന്ന ഭൂഭാഗത്തിനു് യൂറോപ്യൻ മഹാസമതലം എന്നാണു പേർ. ഉത്തരഫ്രാൻസ്, ബെൽജിയം, ഹോളണ്ടു്, ജർമ്മനി, പോളണ്ടു്, റഷ്യ എന്നീ രാജ്യങ്ങൾ ഈ സമതലത്തിൽ സ്ഥിതിചെയ്യുന്നു. ഉത്തരേൻഡ്യൻ സമതലംപോലെ നിരപ്പായ ഒന്നല്ല ഇതു്. അവിടവിടെയായി ചെറിയ മലകളും പർവ്വതനിരകളും ഉണ്ടു്. ഇംഗ്ലണ്ടിൻെറ കിഴക്കുവശത്തുള്ള സമതലം ഇതിൻെറ ഒരു ഭാഗമാണു്.

(3) ദക്ഷിണഭാഗത്തുള്ള പർവ്വതങ്ങളും പീഠഭൂമികളും:—ഏഷ്യയിലെ പാമീർ ശൈലഗ്രന്ഥിയിൽനിന്നും (Pamir knot) പുറപ്പെടുന്ന പർവ്വതങ്ങളുടെ ഒരു തുടർച്ചയായി ഈ ഭാഗത്തെ കണക്കാക്കാം. ഏഷ്യയിൽ ഹിമാലയംപോലെ യൂറോപ്പിൽ ആൽപ്സ് പർവ്വതം പ്രാധാന്യമർഹിക്കുന്നു. ആൽപ്സിലെ

ഉയരംകൂടിയ കൊടുമുടികളിൽവച്ചു് ഏററവും പ്രധാനപ്പെട്ടതു് "മോണ്ടു് ബ്ളാങ്ക്" ആണു്. ദക്ഷിണയൂറോപ്പിലെ പർവ്വതങ്ങൾ ഐബീരിയൻ ഉപദ്വീപിൽ തുടങ്ങി കിഴക്കോട്ടു നീണ്ടു പോകുന്നു. സിറാന്നിവേഡാ, പിറനീസ്, കൻറാബ്രിയൻ, കാർപ്പേതിയൻ, ട്രാൻസിൽവേനിയൻ, ആൽപ്സ്, ബാാംക്കൻസ്, കാക്കസസ്സു്, ആപ്പിനൈൻ എന്നീ പർവ്വതങ്ങൾ അവിടെ കാണാം. ഈ പർവ്വതഭാഗങ്ങളുടെ ഇടയിൽ അനേകം പീഠഭൂമികളുണ്ടു്. സ്പെയിനിലുള്ള മെസററാ പീഠഭൂമിയും ബാാംക്കൻ പർവ്വതത്തിൻെറ തെക്കുള്ള പീഠഭൂമിയും ഇററലിയിലെ ലൊംബാർഡി സമതലവും കാർപ്പേതിയൻ പർവ്വതവലയത്തിന്നുള്ളിലുള്ള ഹംഗേറിയൻ സമതലവും അതിനു കീഴുള്ള വലേച്യൻ സമതലവും ഈ ഭാഗത്തിൽ ഉൾപ്പെട്ടു കിടക്കുന്നു.

അനേകം നദികൾ യൂറോപ്പിലുണ്ടു്. ജനാധിവാസയോഗ്യമായ പ്രദേശങ്ങളെല്ലാംതന്നെ നദീതടങ്ങളാണു്. വലിപ്പത്തിൽ ഏഷ്യയിലെയും അമേരിക്കയിലെയും നദികളോടു് ഇവയെ താരതമ്യപ്പെടുത്തുവാൻ നിവൃത്തിയില്ല. എങ്കിലും പല കാര്യങ്ങളിലും പ്രാമാണ്യമുണ്ടു്. എല്ലാ നദികളും സഞ്ചാരസൗകര്യമുള്ളവയാണു്. അവയുടെ തീരങ്ങളിൽ ലോകത്തിലെ ഏററവും പ്രധാനപ്പെട്ട അനേകം നഗരങ്ങൾ സ്ഥിതിചെയ്യുന്നു. ആൽപ്പിൽനിന്നും പുറപ്പെടുന്ന റൈൻ, റോൺ, പോ, ഡാന്യൂബു് ഇവയുടെ സ്ഥാനം ഭൂപടത്തിൽനിന്നും മനസ്സിലാക്കുക. ഏകദേശം ഒരേ ഭൂഭാഗത്തുനിന്നും ഇവയെല്ലാം ഉത്ഭവിക്കുന്നുവെങ്കിലും ഒഴുകുന്നതു് പല ദിക്കിലേക്കാണു്. റൈൻ നാർത്തു സീയിലും (വടക്കൻ കടലിലും), റോൺ മെഡിററേനിയനിലും, പോ ആഡ്രിയാററിക് കടലിലും, ഡാന്യൂബു് കരിങ്കടലിലും വീഴുന്നു. വിസ്ററുലാ, ഓഡർ, എൽബു് എന്നിവ മദ്ധ്യയൂറോപ്യൻ പീഠഭൂമിയിൽനിന്നുത്ഭവിച്ചു് യൂറോപ്യൻ സമതലത്തിൽക്കൂടി ഒഴുകുന്നു. ഫ്രാൻസു്, സ്പെയിൻ എന്നീ രാജ്യങ്ങളിലും വളരെയധികം നദികൾ ഉണ്ടു്. ഡോൺ, നീപ്പർ, സീസ്റ്റർ, ഡാന്യൂബു് എന്നീ നദികൾ കരിങ്കടലിൽ പതിക്കുന്നു. യൂറോപ്പിലെ ഏററവും വലിയ നദിയായ വോൾഗാ റഷ്യൻ സമതലത്തിൽക്കൂടി വളഞ്ഞൊഴുകി കാസ്പിയൻ കടലിൽ പതിക്കുന്നു.

റഷ്യയിൽ പടിഞ്ഞാറെ ഡ്വീനയും വടക്കേ ഡ്വീനയും ശീതകാലത്തു് ഉറഞ്ഞുപോകുന്നതിൻെറ കാരണം വിശദമാണല്ലോ.

കാലാവസ്ഥ:—ഏഷ്യയുടേതുപോലെ തന്നെ തീവ്രമല്ല യൂറോപ്പിലെ കാലാവസ്ഥ. യൂറോപ്പിൻെറ ഒരു ഭാഗവും ഉഷ്ണമേഖലയിലില്ല. സമുദ്രത്തിൻെറ ശീതോഷ്ണക്രമീകരണശക്തിക്കു് വിധേയമാണു് ഇവിടത്തെ കാലാവസ്ഥ. പടിഞ്ഞാറെ തീരംവഴി ഉത്തര അത്‌ലാൻറിക് മന്ദോഷ്ണജലപ്രവാഹം കടന്നുപോകുന്നു. അതിനാൽ അവിടെയുള്ള രാജ്യങ്ങളിൽ, അതേ അക്ഷാംശത്തിൽ സ്ഥിതിചെയ്യുന്ന ഉൾപ്രദേശത്തെ രാജ്യങ്ങളെ അപേക്ഷിച്ചു് ചൂടു കൂടുതലാണു്. യൂറോപ്പിൻെറ കിഴക്കുഭാഗം ഏഷ്യയോടു തൊട്ടുകിടക്കുന്നതിനാലും സമുദ്രത്തിൽനിന്നും അകന്നു കിടക്കുന്നതിനാലും അവിടെ അമിതകാലാവസ്ഥയാണു്. ഏററവും തണുപ്പു് ജനുവരിമാസത്തിലാകുന്നു. ശീതകാലത്തു് അററ്‌ലാൻറിക് സമുദ്രത്തിലെ വെള്ളം താരതമ്യേന ചൂടു പിടിച്ചതാണു്. അവിടെനിന്നു് കിഴക്കോട്ടു പോകുന്തോറും തണുപ്പു വർദ്ധിച്ചു വരുന്നു. പശ്ചിമവാതകങ്ങളിൽനിന്നും പശ്ചിമയൂറോപ്പിലും മെഡിററനേനിയൻ തീരത്തും ധാരാളം മഴ ലഭിക്കുന്ന കാലമാണു് ഇതു്.

വേനൽക്കാലത്തു് ദക്ഷിണയൂറോപ്പിൽ സൂര്യരശ്മി വളരെയധികം കിട്ടുന്നു. അന്നു യൂറോപ്പിൻെറ വടക്കുഭാഗത്തുപോലും മിതമായ നിലയിൽ ചൂടു ലഭിക്കുന്നുണ്ടു്.

കാലാവസ്ഥയനുസരിച്ചു് യൂറോപ്പിനെ നാലായി വിഭജിക്കാം :

(1) മിതമായ കാലാവസ്ഥയുള്ള പശ്ചിമയൂറോപ്പു്, (2) തിവ്രമായ കാലാവസ്ഥയുള്ള പൂർവ്വയൂറോപ്പു്, (3) മദ്ധ്യധരണ്യാഴി കാലാവസ്ഥയുള്ള ദക്ഷിണഭാഗങ്ങൾ, (4) ശൈത്യമേറിയ ആർട്ടിക് പ്രദേശം.

നോർവ്വെ, ഡെന്മാർക്കു്, ബ്രിട്ടീഷ് ദ്വീപുകൾ, പശ്ചിമജർമ്മനി, ഹോളണ്ടു്, ബൽജിയം, ഫ്രാൻസിൻെറ ഉത്തരമദ്ധ്യപ്രദേശങ്ങൾ എന്നിവിടങ്ങളിൽ ശീതകാലത്തു് ഇല പൊഴിയുന്ന വിശാലപത്രവനങ്ങൾ കാണുന്നു. വളരെക്കാലം മുമ്പു് യൂറോപ്പു് മുഴുവൻ വനങ്ങളും അർദ്ധവനങ്ങളും ആയിരുന്നു.

എന്നാൽ ഇന്നു് അവയിൽ വളരെയധികം മനുഷ്യൻ വെട്ടി നീക്കിയിട്ടുണ്ടു്. വനങ്ങൾ വെട്ടിത്തെളിച്ചു് ഗോതമ്പു്, ബാർലി, ഉരുളക്കിഴങ്ങു് ഇവ കൃഷി ചെയ്തുവരുന്നു.



പശ്ചിമയൂറോപ്പിനു കിഴക്കു്, ആർട്ടിക് പ്രദേശത്തിനും മെഡിററേനിയൻ പ്രദേശത്തിനും ഇടയ്ക്കുള്ള സ്വീഡൻ, റഷ്യ, പോളണ്ടു്, പൂർവ്വജർമ്മനി, സ്വിററ്സർലൻഡു്, ആസ്ത്രിയ, ഹംഗറി, ചെക്കോസ്ലോവാക്കിയ, റൂമേനിയ എന്നീ പ്രദേശങ്ങളിൽ അമിതമായ കാലാവസ്ഥയാണുള്ളതു്. സൂചിയിലക്കാടുകൾ നിറഞ്ഞ ശീതവനങ്ങളും സ്റ്റെപ്പികൾ എന്നറിയപ്പെടുന്ന മിതോഷ്ണമേഖലാപുൽമേടുകളും ഇവിടെ കാണാം. പല ഭാഗങ്ങളും വെട്ടിത്തെളിച്ചു് ഇപ്പോൾ കൃഷിചെയ്യുന്നു. ഗോതമ്പു്, റൈ, ഓട്ട്സ്, ബാർലി മുതലായ ധാന്യങ്ങളാണു് ഇവിടെ കൃഷി ചെയ്യുന്നതു്.

മെഡിററേനിയൻ പ്രദേശത്തിലുൾപ്പെടുന്ന സ്ഥലങ്ങൾ പോർച്ചുഗൽ, സ്പെയിൻ, ദക്ഷിണഫ്രാൻസ്, ബാൾക്കൻ ഉപദ്വീപു് ഇവയാണു്. മഴയുള്ള ശീതകാലവും വരൾച്ചയുള്ള വേനൽക്കാലവും ഇവിടെ അനുഭവപ്പെടുന്നു. വേനൽക്കാലത്തെ വരൾച്ചയിൽനിന്നു് രക്ഷ നേടുന്നതിനുള്ള കഴിവു് ഇവിടത്തെ സസ്യങ്ങൾക്കുണ്ടു്. നീണ്ടവേരു്, വണ്ണമുള്ള മൃദുവായ തൊലി, ചെറിയ ഇല ഇവയെല്ലാം മെഡിററേനിയൻ കാലാവസ്ഥയിലെ സസ്യങ്ങൾക്കുള്ള പ്രത്യേകതകളാണു്. മുന്തിരി, ലമൺ, മൾബറി, മധുരനാരങ്ങ മുതലായ പഴവർഗ്ഗങ്ങൾ ഇവിടെ ധാരാളമുണ്ടു്.

ആർട്ടിക് തീരപ്രദേശത്തു് ശീതകാലം ദീർഘവും വേനൽക്കാലം ഹ്രസ്വവുമാണു്. മിക്കവാറും മഞ്ഞു മൂടികിടക്കുന്ന ഈ സ്ഥലത്തു് ജനവാസം കുറവാണു്.

വ്യവസായങ്ങളും കൃഷിയും അഭിവൃദ്ധിപ്പെട്ട സ്ഥലങ്ങളിൽ, അതായതു് പശ്ചിമയൂറോപ്പിലും ദക്ഷിണയൂറോപ്പിലും ആണു് യൂറോപ്യൻ ജനതയിൽ ഭൂരിഭാഗവും വസിക്കുന്നതു്.

## (എ) ബ്രിട്ടീഷ്ദ്വീപുകൾ

കിടപ്പു്:—യൂറോപ്പിന്റെ വടക്കുപടിഞ്ഞാറാണു് ഈ ദ്വീപുകളുടെസ്ഥാനം. പ്രധാനപ്പെട്ട രണ്ടു ദ്വീപുകളുള്ളവയിൽ വലിയതിന്നു് ഗ്രെയിററു് ബ്രിട്ടൻ എന്നാണു പേർ. ഇംഗ്ലണ്ടു്, സ്കോട്ട്ലൻഡു്, വെയിൽസു് എന്നീ പ്രദേശങ്ങൾ ഈ ദ്വീപിൽ

ഉൾപ്പെടുന്നു. രണ്ടാമത്തെ ദ്വീപ് അയർലൻഡാണ്. ഒരു കാലത്ത് ഈദ്വീപുകൾ യൂറോപ്പിനോട് യോജിച്ചു കിടന്നി



ങ്ങുണ്ടെന്ന് അനുമാനിക്കാവുന്നതാണ്. വീതികുറഞ്ഞ ഇംഗ്ലീഷ് ചാനലും അതിന്നു വടക്കുള്ള നാർത്തുസീയും (വടക്കൻകടലും) ആണ് ഈ ദ്വീപുകളെ വൻകരയിൽനിന്നും വേർതിരിക്കുന്നതു്. ഈസമുദ്ര ഭാഗങ്ങൾക്ക് അധികം ആഴമില്ല.

ദ്വീപുകളുടെ സ്ഥാനം അവയുടെ സകലവിധ ഐശ്വര്യങ്ങൾക്കും നിദാനമായിത്തീർന്നിരിക്കുന്നു. വാണിജ്യ പുരോഗതിയും സംസ്കാരപുരോഗതിയും മദ്ധ്യധരണ്യാഴിയുടെ തീരപ്രദേശങ്ങളിൽ കേന്ദ്രീകരിച്ചിരുന്നകാലത്തു് ബ്രിട്ടീഷ് ദ്വീപുകൾ അപ്രധാനമായിരുന്നു. എന്നാൽ പശ്ചിമയൂറോപ്യൻ രാഷ്ട്രങ്ങളുടെ ഉദയവും അവിടത്തെ വ്യവസായങ്ങളുടെ വികസനവും അമേരിക്ക കണ്ടുപിടിച്ചതിനെത്തുടർന്നുണ്ടായ ലോകവാണിജ്യ പുരോഗതിയും ബ്രിട്ടീഷ് ദ്വീപുകളെ ഒരു പ്രമുഖവാണിജ്യ കേന്ദ്രമാക്കിത്തീർത്തു.

ഈ ദ്വീപുകളിലെ കാലാവസ്ഥ സുഖപ്രദമാണ്. ഉത്തര അത്‌ലാൻറിക് മന്ദോഷ്ണ പ്രവാഹംമൂലം ബ്രിട്ടീഷ് ദ്വീപുകളുടെ യാതൊരു ഭാഗത്തും വെള്ളം ഉറഞ്ഞുകട്ടിയായിത്തീരുന്നില്ല. ധാരാളം മഴ ലഭിക്കുന്നതിനാൽ വായു സദാ ഈർപ്പമുള്ളതാണ്. ചില വ്യവസായങ്ങളുടെ അഭിവൃദ്ധിക്ക് ഇതു സഹായകമാണ്. ലോകത്തിലെ പ്രധാനപ്പെട്ട രാജ്യങ്ങളുമായി വാണിജ്യബന്ധം പുലർത്തുന്നതിനു് സൗകര്യപ്പെടുന്ന വിധത്തിലാണ് ഈ ദ്വീപുകൾ കിടക്കുന്നതു്. കടലോരം വിടവുകൾകൊണ്ടു നിറഞ്ഞിരിക്കുന്നതിനാൽ ബ്രിട്ടീഷുകാർ നാവികവിദ്യയിൽ വളരെ പുരോഗമിച്ചിട്ടുണ്ട്. യൂറോപ്പിലെ വ്യവസായ മത്സരങ്ങളിൽനിന്നും കുടിപ്പകകളിൽനിന്നും അകന്നു നില്ക്കുന്നതിന്നു് ഈ ദ്വീപുകൾക്ക് എക്കാലത്തും സാധിച്ചിട്ടുണ്ട്. ചുററിലുമുള്ള കടലിന്നു് ആഴം കുറവായതിനാൽ വേലിയേററം ഇവിടെ പ്രകടമായി അനുഭവപ്പെടുന്നു. തന്മൂലം നദീമുഖത്തുള്ള തുറമുഖങ്ങളിൽ വലിയ കപ്പലുകൾക്ക് പ്രവേശിക്കാൻ പ്രയാസമില്ല. ആഴം കുറഞ്ഞ കടലോരങ്ങൾ മീൻ പിടിത്തത്തിൻെറ അഭിവൃദ്ധിക്കും വളരെ സഹായകമാണ്.

ഇന്ത്യയുടെ ഇരുപതിലൊന്നു ഭാഗം വലിപ്പം മാത്രമേ ബ്രിട്ടീഷ് ദ്വീപുകൾക്കുള്ളു. എങ്കിലും ഇന്ന് ബ്രിട്ടൻ ലോക രാഷ്ട്രങ്ങളുടെ മുൻപന്തിയിൽ ആണ്. ക്രമാനുഗതമായ വളർച്ച യാണ് ബ്രിട്ടീഷ് ശക്തിയുടെ നേട്ടം.

ഉഷ്ണമേഖലാ നിവാസികൾക്കുണ്ടാവുന്നതുപോലെ ജോലി യിൽ അലസതയോ വൈമുഖ്യമോ കാലാവസ്ഥമൂലം ഈ ദ്വീപു കളിലെ ജനങ്ങൾക്കുണ്ടാകുന്നില്ല. സദാ മാറി മാറിക്കൊണ്ടി രിക്കുന്ന ദിനാന്തരീക്ഷസ്ഥിതി അവരെ പരിശ്രമശീലരും അരോഗദൃഢഗാത്രരുമാക്കിത്തീർത്തിട്ടുണ്ട്. കൃഷി, വ്യവസായം, വാണിജ്യം, സഞ്ചാരം എന്നീ കാര്യങ്ങളിൽ അവർ അഭൂത പൂർവ്വമായി മുന്നേറിയിരിക്കുന്നു.

കാലാവസ്ഥ:—അതിശൈത്യമോ, അതിയായ ചൂടോ ഈ ദ്വീപുകളിൽ അനുഭവപ്പെടുന്നില്ലെന്ന് നേരത്തേ സൂചിപ്പിച്ചു വല്ലൊ. മദ്ധ്യരേഖയിൽനിന്ന് അകന്നു കിടക്കുന്ന മററു രാജ്യങ്ങ ളോട്ട് താരതമ്യപ്പെടുത്തിനോക്കുമ്പോൾ ഇവിടത്തെ കാലാ വസ്ഥ മനുഷ്യജീവിതത്തിന് ഏററവും പററിയതാണെന്നു മനസ്സിലാക്കാം. ഉത്തര അത്‌ലാൻറിക് മന്ദോഷ്ണ പ്രവാഹവും പശ്ചിമവാതങ്ങളും ആണ് ഇതിന്നു പ്രധാനകാരണം. ചക്രവാത ങ്ങളിൽനിന്ന് ഇവിടെ മഴ ലഭിക്കുന്നു. തന്മൂലം മഴ ഇല്ലാത്ത കാലമില്ല. ശീതകാലത്തു് പടിഞ്ഞാറു ഭാഗത്തെക്കാൾ തണുപ്പു ള്ളതു് കിഴക്കുഭാഗത്താണ്.

സസ്യങ്ങൾ:—ഉഷ്ണമേഖലയിലുള്ള സമൃദ്ധമായ സസ്യവർഗ്ഗ ങ്ങൾ ഇവിടെ ഇല്ല. അതിവേഗത്തിൽ വളരുന്നവയും ഇല്ല. പശ്ചിമതീരങ്ങളിൽ ഇലകൾക്ക് വീതിയുള്ള വൃക്ഷങ്ങളാണധി കവും. ഓക്ക്, എം, ആഷ്, ബീച്ച്, ബേച്ച് മുതലായ കട്ടപ്പമുള്ള വൃക്ഷങ്ങളാണ് ഇവിടെ ഉള്ളതു് ശീതകാലത്തു ഇവയുടെ ഇല പൊഴിയും. ഇലകൊഴിയുംകാലം എന്നാണ് ശരൽക്കാലത്തിന്നു് ഇംഗ്ലീഷുകാർ പേരിട്ടിരിക്കുന്നതു്. വനങ്ങളിലധികവും ഇന്ന് വെട്ടിത്തെളിച്ചുകഴിഞ്ഞിരിക്കുന്നു. ഗോതമ്പ്, ബാർലി, ഓട്ട്സ്, പലതരം കിഴങ്ങുവർഗ്ഗങ്ങളും പഴവർഗ്ഗങ്ങളും ഇവയാണ് ഇവിടത്തെ പ്രധാന കൃഷി.

ജനസംഖ്യ:—ബ്രിട്ടീഷ് ദ്വീപുകൾ ലോകത്തിലെ ഏററവും ജനനിബിഡമായ രാജ്യങ്ങളിലൊന്നാണ്. സ്കാട്ട്ലൻഡിലെ മലമ്പ്രദേശത്തും വെയിത്സിലും അയർലൻഡിലും ജനസംഖ്യ കുറവാണ്. കൃഷിപ്രദേശങ്ങളിലല്ല, വ്യവസായപ്രദേശങ്ങളിലാണ് ജനവാസം കൂടുതലുള്ളതു്. ഭൂരിഭാഗം ആളുകളുടെയും താമസം നഗരങ്ങളിലാണ്; നാട്ടിൻ പുറങ്ങളിലല്ല. ജനങ്ങളുടെ പ്രധാനതൊഴിൽ വ്യവസായം, വാണിജ്യം, മീൻപിടിത്തം, ആടുമാടുവളർത്തൽ, കൃഷി എന്നിവയാണ്. കല്ക്കരിയും ഇരുമ്പും കിട്ടുന്ന പല സ്ഥലങ്ങളും ഗ്രെയ്ററ്ബ്രിട്ടനിലുണ്ടു്. തന്മൂലം അനേകം ഖനിനഗരങ്ങളും വ്യവസായനഗരങ്ങളും ഉടലെടുത്തിരിക്കുന്നു. മാഞ്ചസ്റ്റർ നെയ്ത്തു് വ്യവസായത്തിന്റെയും, യോർക്ഷയർ കമ്പിളി വ്യവസായത്തിന്റെയും, ഷെഫീൽഡ് ഇരുമ്പുരുക്കു് വ്യവസായത്തിന്റെയും കേന്ദ്രങ്ങളാണു്.

ലണ്ടൻ നഗരം.—ലണ്ടൻ തെംസ് നദീമുഖത്ത് സ്ഥിതിചെയ്യുന്ന ഒരു വലിയ വാണിജ്യകേന്ദ്രവും ഇംഗ്ലണ്ടിന്റെ തലസ്ഥാനവുമാണ്. ഇംഗ്ലണ്ടിലെ ഏററവും പ്രധാനപ്പെട്ട ഗതാഗതമാർഗ്ഗങ്ങളുടെ സംഗമസ്ഥലം കൂടിയാണിതു്. വ്യവസായകേന്ദ്രമെന്നുള്ള നിലയിലും തുറമുഖമെന്നുള്ള നിലയിലും ലണ്ടൻ നഗരത്തിനു് അതിപ്രധാനമായ ഒരു സ്ഥാനമുണ്ടു്. സമുദ്രത്തിൽ നിന്നും ഉള്ളിലേയ്ക്കു് കയറിക്കിടക്കുന്നുവെങ്കിലും വേലിയേററവും വേലിയിറക്കവും കപ്പൽ ഗതാഗതത്തിനു് സഹായകമായിത്തീർന്നിട്ടുണ്ടു്. ഇന്നും വളർന്നുകൊണ്ടിരിക്കുന്ന ഒരു നഗരമത്രേ ലണ്ടൻ.

## (ബി) ഫ്യൂഡൽ വ്യവസ്ഥ

റോമാസാമ്രാജ്യത്തിന്റെ അധഃപതനത്തിനുശേഷം പൊതുവേ ഒരു അരക്ഷിതാവസ്ഥ യൂറോപ്പിൽ അനുഭവപ്പെട്ടു. സുശക്തമായ കേന്ദ്രഭരണത്തിന്റെ അഭാവവും പ്രാദേശികഭരണാധികാരികളുടെ ബലഹീനതയും വിദേശീയാക്രമണങ്ങൾക്കു വഴി തെളിച്ചു. അക്കാലത്തു് യൂറോപ്പു് കുറുപ്പില്ലാക്കളരിയായിരുന്നു. അരാജകത്വം എവിടെയും നടമാടി. ചാർലിമെയിൻ ചക്രവർത്തിക്കു് സുശക്തമായ ഒരു ഭരണകൂടം പശ്ചിമയൂറോപ്പിൽ

സ്ഥാപിക്കാൻ സാധിച്ചു. എങ്കിലും അദ്ദേഹത്തിന്റെ ചരമാനന്തരം കുഴപ്പങ്ങൾ തലപൊക്കി. ബലഹീനരായ ജനങ്ങൾ സമീപസ്ഥരായ നാട്ടുപ്രമാണികളെ സംരക്ഷകരായി അംഗീകരിച്ചു. ആത്മരക്ഷയ്ക്കുവേണ്ടി അവർ തങ്ങളുടെ ഭൂമി പ്രബലന്മാരായ ജന്മികൾക്ക് വെച്ചൊഴിഞ്ഞു് കുടിയാന്മാരാകാൻ സമ്മതിച്ചു. അതിനുപകരം ജന്മിമാർ അവരെ ആക്രമണങ്ങളിൽനിന്നു് സംരക്ഷിച്ചുവന്നു. ഇങ്ങനെ റോമാസാമ്രാജ്യത്തിന്റെ തകർച്ചയ്ക്കുശേഷം മദ്ധ്യകാലഘട്ടത്തിൽ ഉത്ഭവിച്ച ഒരു സാമൂഹ്യവ്യവസ്ഥിതിയാണു് ഫ്യൂഡലിസം. ഭൂവുടമയിൽ അധിഷ്ഠിതമാണു് ഇതു്. ഫ്യൂഡൽവ്യവസ്ഥിതിഅനുസരിച്ചു് ഭൂമിയുടെ ഉടമസ്ഥൻ രാജാവാണു്. അദ്ദേഹം തന്റെ കീഴിലുള്ള പ്രഭുക്കന്മാർക്കു് ഭൂമി വിഭജിച്ചുകൊടുത്തുവന്നു. ചില വ്യവസ്ഥകളിന്മേൽ പ്രഭുക്കന്മാർക്കു ലഭിച്ച പ്രദേശം ഇടപ്രഭുക്കന്മാർക്കും അവർ മററു പല പ്രമാണികൾക്കും കുടിയാന്മാർക്കും വീതിച്ചുകൊടുത്തിരുന്നു.

രാജാവിൽനിന്നും ഭൂമിലഭിച്ചിരുന്ന പ്രഭുക്കളെ സംരക്ഷിക്കുവാൻ രാജാവു് ബാദ്ധ്യസ്ഥനായിരുന്നു. പകരം അവർ രാജാവിനെ വിശ്വസ്തതയോടെ സേവിക്കണം. അദ്ദേഹത്തിനു യുദ്ധകാലത്തു് സൈനിക സഹായവും ഭരണപരമായ സഹകരണവും ചില നിർദ്ദിഷ്ടാവസരങ്ങളിൽ സംഭാവനകളും നൽകണം. പ്രഭു ഭൂമി ഏറെറടുത്ത വ്യവസ്ഥകളിന്മേൽത്തന്നെയാണു് ഇടപ്രഭുക്കന്മാർക്കും ഭൂമി വീതിച്ചുവന്നിരുന്നതു്. ഇങ്ങനെ പടിപടിയായുള്ള വ്യവസ്ഥയിന്മേൽ, ഏററവും താണപടിയിൽ നില്ക്കുന്ന കുടിയാന്മാർ ഭൂമി കൃഷിചെയ്യുന്നതിനും മററും ഏററുവാങ്ങുന്നു. യഥാർത്ഥത്തിൽ കൃഷിചെയ്തിരുന്നതും ഭൂവുടമകൾക്കു് സഹായങ്ങൾ നല്കിയിരുന്നതും കുടിയാന്മാരാണു്.

ഓരോ ഫ്യൂഡൽ പ്രഭുവിന്റെയും അധീനതയിൽപ്പെട്ട സ്ഥലത്തിന്നു് മേനർ എന്നായിരുന്നു പേർ. വിശാലമായ മേനറുകളുടെ മദ്ധ്യത്തിൽ നിർമ്മിക്കപ്പെട്ടിരുന്ന ദുർഗ്ഗഹർമ്മ്യത്തിലായിരുന്നു പ്രഭു വസിച്ചിരുന്നതു്. എല്ലാവശങ്ങളിലേക്കും നോട്ടം കിട്ടുന്നതിനുവേണ്ടി, കുന്നിൻപുറങ്ങളായിരുന്നു സാധാരണ ദുർഗ്ഗനിർമ്മാണത്തിന്നു് തിരഞ്ഞെടുത്തിരുന്നതു്. ശത്രുക്കളുടെ ആക്രമണഭയം ഉണ്ടായിരുന്ന അക്കാലത്തു് ഇതു് സ്വരക്ഷയ്ക്കാവശ്യവുമായിരുന്നു. കാസിൽസ് എന്നറിയപ്പെട്ടിരുന്ന

ഹമ്മ്യങ്ങൾക്കു പുറമേ കിടങ്ങുകൾ കുഴിച്ചിരുന്നു. ശത്രുക്കൾ ആക്രമിക്കുവാൻ വന്നിരുന്ന ഘട്ടത്തിൽ തൻെറ കീഴിലുള്ളവരെ കോട്ടയ്ക്കകത്താക്കി പുറത്തേയ്ക്കുള്ള പാലം വലിച്ചുമാററിയാണു് രക്ഷനേടിവന്നതു്.

കുന്നിനു താഴെയുള്ള പ്രദേശങ്ങളിലായിരുന്ന കൃഷിസ്ഥലങ്ങളും മററും. പ്രഭുവിൻെറ സംരക്ഷണത്തിൽ, ശത്രുഭീതികൂടാതെ, ഗ്രാമീണർ തൃപ്തിയോടെ ജീവിച്ചു. എന്നാൽ ഈ പ്രഭുക്കന്മാർ തമ്മിൽ ബലപരീക്ഷണം സർവ്വസാധാരണമായിരുന്നു. പ്രഭുക്കന്മാരുടെ ശക്തിയും പ്രഭാവവും വർദ്ധിച്ചു് അവർ രാജാവിനോടുതന്നെ എതിർത്തഅനേകം സംഭവങ്ങൾ യൂറോപ്യൻ ചരിത്രത്തിൽ ഉണ്ടു്. രാജാക്കന്മാർ പ്രബലന്മാരായ പ്രഭുക്കന്മാരെ പ്രീണിപ്പിച്ചിരുന്ന സന്ദർഭങ്ങളും അപൂർവ്വമല്ല. ആരംഭത്തിൽ ഫ്യൂഡലിസം ജനതയ്ക്കു് പൊതുവേ ഒരു അനുഗ്രഹമായിരുന്നു; പിന്നീടു് ഒരു ശാപവും.

പതിന്നാലാം നൂററാണ്ടു മുതൽ വെടിമരുന്നിൻെറ പ്രയോഗം നടപ്പിൽ വന്നപ്പോൾ, പ്രഭുക്കന്മാരുടെ കോട്ടകൾ തകർക്കാനെളുപ്പമായി. നാട്ടിലെങ്ങും അരാജകത്വം വർദ്ധിപ്പിച്ചിരുന്ന അവരുടെ ശക്തിക്കു് കോട്ടംതട്ടാൻ തുടങ്ങി. അങ്ങനെ ക്രമേണ ഫ്യൂഡലിസം ക്ഷയോന്മുഖമായി. പതിനാറാം നൂററാണ്ടു മുതൽ യൂറോപ്യൻ രാജ്യങ്ങളിലുണ്ടായ സാമ്പത്തിക പരിവർത്തനങ്ങൾ ഫ്യൂഡലിസത്തിൻെറ അടിത്തറ ഇളക്കി. ജന്മിമാർക്കു് പണം നല്കി ഭൂമി വിലയ്ക്കു വാങ്ങുവാനും ഫ്യൂഡൽ ബാദ്ധ്യതകളിൽ നിന്നും മോചനം നേടുവാനും കുടിയാന്മാർക്കു കഴിഞ്ഞു. മദ്ധ്യ കാലഘട്ടത്തിൻെറ അവസാനത്തിൽ പല യൂറോപ്യൻ രാജ്യങ്ങളിലും ശക്തരായ രാജാക്കന്മാർ ഉണ്ടായി. ജന്മിമാർക്കെതിരായി സാമാന്യ ജനതയുടെ പിൻതുണ ഈ രാജാക്കന്മാർക്കു സിദ്ധിച്ചു. ഇക്കാരണങ്ങളാൽ ഫ്യൂഡൽ വ്യവസ്ഥിതി കാലക്രമത്തിൽ അപ്രത്യക്ഷമാകുകയും ചെയ്തു.

ആദ്യകാലങ്ങളിൽ യൂറോപ്പുമായി ബ്രിട്ടീഷ് ദ്വീപുകൾക്കു് രാഷ്ട്രീയൈക്യം ഉണ്ടായിരുന്നു. ഡാനിഷുകാർ ഇംഗ്ലണ്ടു ഭരിച്ചിരുന്നു. അതിനുശേഷം ഫ്രാൻസിൽ നോർമൻഡിയിലെ വില്യം 1066—ൽ ഇംഗ്ലണ്ടു് ആക്രമിച്ചു കീഴടക്കി. അദ്ദേഹത്തിൻെറയും പിൻഗാമികളുടെയും കീഴിൽ

ഇംഗ്ലണ്ട് സുശക്തമായിത്തീൎന്നു. അവരാണ് ഇംഗ്ലണ്ടിൽ ഫ്യൂഡൽ വ്യവസ്ഥിതി പ്രചരിപ്പിച്ചതു്.

പതിനഞ്ചാം നൂററാണ്ടിൽ സിംഹാസനത്തിനുവേണ്ടി രാജവംശത്തിലെ രാജശാഖകൾ തമ്മിൽ ഒരു ആഭ്യന്തര യുദ്ധം (Wars of the Roses) നടന്നു. സമാധാന പാലനത്തെ ഈ സമരം സാരമായി ബാധിച്ചു. ഈ ഘട്ടത്തിലാണ് ഒരു പുതിയ രാജവംശം—ട്യൂഡർവംശം—വാഴ്ചതുടങ്ങിയതു്. ഹെൻട്രി ഏഴാമനാണ് ആദ്യത്തെ ട്യൂഡർ രാജാവു്. മുൻ പ്രസ്താവിച്ച ആഭ്യന്തരസമരത്തിൻെറ ഫലമായി പ്രഭുക്കന്മാരുടെ പ്രാബല്യം ഇതിനിടയ്ക്കു് അസ്തമിച്ചിരുന്നു. ഹെൻട്രി എട്ടാമൻ പോപ്പിൻെറ അധികാരത്തെ ധിക്കരിച്ചു് ഇംഗ്ലണ്ടിൽ ക്രൈസ്തവസഭ ദേശീയമാക്കി. ട്യൂഡർ വംശത്തിൽ അവസാനം ഭരിച്ചു എലിസബത്തു് രാജ്ഞിയുടെ കാലം പലതുകൊണ്ടും ഒരു സുവൎണ്ണ കാലമായിരുന്നു. ട്യൂഡർ രാജാക്കന്മാരെല്ലാം സ്വേച്ഛാധിപതികളായിരുന്നുവെങ്കിലും അന്നു നാട്ടിൽ സുരക്ഷിതത്വവും സമാധാനവും പുലൎന്നിരുന്നു. അതിനാൽ അവൎക്കു പൊതുജനങ്ങളുടെ പിൻതുണ നിർലോപം ലഭിച്ചുവന്നു.

<u>വ്യാവസായിക വിപ്ലവം:</u>—ആധുനികകാലത്തെ യാന്ത്രിക യുഗമെന്നാണ് പറഞ്ഞുവരുന്നതു്. ഭീമമായ തോതിലുള്ള വ്യവസായങ്ങൾ ഇന്നു് ഓരോ രാജ്യത്തും നിലവിലുണ്ടു്. ഇവയെല്ലാം നടത്തുന്നതു് യന്ത്രസാമഗ്രികളുടെ സഹായത്താലാകുന്നു. പതിനെട്ടാംനൂററാണ്ടിലും പത്തൊമ്പതാം നൂററാണ്ടിൻെറ ആരംഭത്തിലുംനടന്ന അനേകം കണ്ടുപിടിത്തങ്ങളുടെ ഫലമായി ഇംഗ്ലണ്ടിലെ വ്യവസായങ്ങളിൽ വിപ്ലവകരമായ ഒരു പരിവൎത്തനം ഉണ്ടായി. ഇംഗ്ലണ്ടിലെയും, യൂറോപ്പിലെയും സാമ്പത്തിക മണ്ഡലത്തിൽ ഈ വ്യവസായ വിപ്ലവം ദൂരവ്യാപകമായ ഫലങ്ങൾ ഉളവാക്കുകയും ചെയ്തു.

ഈ വ്യവസായ വിപ്ലവത്തിനു മുൻപു് ഉൽപ്പാദനം മിക്കവാറും മനുഷ്യൻെറ കൈവിരുതുകൊണ്ടാണ് നടത്തിയിരുന്നതു്. ഈ മനുഷ്യ പ്രയത്നത്തെ പുറംതള്ളി അതിനു പകരം യന്ത്രശക്തി ഉപയോഗിച്ചു തുടങ്ങിയതാണ് വ്യവസായ വിപ്ലവത്തിൻെറ

അടിസ്ഥാനം. യന്ത്രങ്ങൾ ഉപയോഗിച്ചു തുടങ്ങിയതോടുകൂടി സാധനങ്ങളുടെ നിർമ്മാണം വീടുകളിൽ വച്ചു നടത്തുന്നതിനു് പ്രയാസമായിത്തീൎന്നു. തൽഫലമായി അനേകം ഫാക്ടറികൾ ചിലയിടങ്ങളിൽ രൂപം പ്രാപിച്ചു. വ്യാവസായിക വ്യവസ്ഥിതിയിൽ വന്ന ഈ മാററത്തെ ഒരു നൂതന യുഗത്തിന്റെ പ്രാരംഭമായി പരിഗണിക്കാം.

ഇംഗ്ലണ്ടിലാണു് ഈ പരിവൎത്തനം ആദ്യമായി ആരംഭിച്ചതു്. അതിനു അനേകം കാരണങ്ങളുണ്ടായിരുന്നു. വിസ്തൃതങ്ങളായ കാളണികളിൽ ഇംഗ്ലണ്ടിലെ വ്യവസായോൽപ്പന്നങ്ങൾ വിററഴിക്കാൻ കഴിഞ്ഞു. കാളണികളിൽനിന്നു് വ്യവസായങ്ങൾക്കു് ആവശ്യമായ അസംസ്കൃത സാധനങ്ങൾ ലഭിക്കുകയും ചെയ്തു. വിദഗ്ദ്ധന്മാരായ ശാസ്ത്രജ്ഞന്മാർ പുതിയ പുതിയ യന്ത്രസാമഗ്രികൾ കണ്ടുപിടിച്ചതും അവക്കു് ഗവണ്മെൻറു് വേണ്ടത്ര പ്രോത്സാഹനം നൽകിയതും വ്യവസായ നേതൃത്വത്തിനു് ധാരാളമാളുകൾ മുൻപോട്ടു വന്നതും വ്യാവസായിക പുരോഗതിയെ സാരമായി സഹായിച്ചു.

നെയ്ത്തു വ്യവസായത്തിലും ലോഹ വ്യവസായത്തിലുമാണു് ആദ്യമായി മാററങ്ങൾ ഉണ്ടായതു്. ഫ്ളൈയിംങ് ഷട്ടിൽ (Flying shuttle) കണ്ടുപിടിച്ചതോടുകൂടി നെയ്ത്തിൽ പരിവൎത്തനങ്ങൾ സംഭവിച്ചു. വേണ്ടത്ര നൂൽ ലഭിക്കുന്നതിനു് പ്രയാസമായപ്പോൾ ജെയിംസ് ഹാർഗ്രീവ്സ് എന്ന ആൾ സ്പിന്നിംഗ് ജെന്നി (Spinning Jenny) കണ്ടുപിടിച്ചു. കാർട്ട്റൈറ് എന്ന ആൾ പവർലൂം (Power loom) നടപ്പിലാക്കിയതോടുകൂടി നെയ്ത്തു വ്യവസായത്തിൽ ഊഹാതീതമായ മാററങ്ങളാണുണ്ടായതു്. ആദ്യകാലങ്ങളിൽ യന്ത്രങ്ങൾ കറക്കുന്നതിനു് ജലപാതശക്തി (water power) ഉപയോഗിച്ചിരുന്നു. എന്നാൽ ജെയിംസ് വാട്ട് ആവിയന്ത്രം കണ്ടുപിടിച്ചതോടുകൂടി പല തുറകളിലും വലിയമാററങ്ങൾ വന്നുചേൎന്നു. ഇരുമ്പു് ഉരുക്കി എടുക്കുന്നതിലും പുതിയ സമ്പ്രദായങ്ങൾ സ്വീകരിച്ചു. 1825—ൽ ജോർജ്ജ് സ്റ്റീവൻസൺ എന്ന ഒരാൾ നീരാവി ഉപയോഗിച്ചു ആദ്യമായി ഒരു റെയിൽ വണ്ടി ഓടിച്ചു. ക്രമേണ നീരാവികൊണ്ടു നടത്താവുന്ന വലിയതരം ബോട്ടുകളും ഇരുമ്പു കപ്പലുകളും നിർമ്മിക്കപ്പെട്ടു.

കല്ക്കരിയും ഇരുമ്പും ധാരാളം കിട്ടിയിരുന്ന ഇംഗ്ലണ്ടിലെ വടക്കേ പ്രദേശങ്ങളിൽ ഫാക്റ്ററികൾ സ്ഥാപിച്ചതോടുകൂടി തൊഴിലാളികളുടെ എണ്ണം വർദ്ധിക്കുകയും പുതിയ നഗരങ്ങൾ ഉടലെടുക്കുകയും ചെയ്തു. ചുരുങ്ങിയ ചെലവിൽ സാധനങ്ങൾ നിർമ്മിക്കാമെന്നു് ബോദ്ധ്യമായി. ഇതിന്റെ എല്ലാം ഫലമായി ബ്രിട്ടന്റെ വിദേശ വാണിജ്യം വളരെയധികം വികസിച്ചു. ഗ്രാമങ്ങളിൽ നിന്നു് തൊഴിലന്വേഷിച്ചു് പുതിയ നഗരങ്ങളിലേയ്ക്കു് ജനങ്ങളുടെ ഒരു പ്രവാഹംതന്നെയുണ്ടായി. യന്ത്രങ്ങളുടെ പ്രവർത്തനം സാമൂഹ്യ വ്യവസ്ഥിതിയിൽ മുതലാളിത്തത്തിന്റെ പ്രവേശനത്തിനിടയാക്കി. തൊഴിലാളികളുടെ ജീവിതം പലദിക്കിലും ദുർവഹമായിത്തീർന്നപ്പോൾ അനേകം പുതിയ നിയമങ്ങൾ നടപ്പിലാക്കുന്നതിനു് ഗവണ്മെന്റു് നിർബ്ബന്ധിതമായി. സ്ഥിതിസമത്വവാദത്തിനു് സമുദായാന്തരീക്ഷത്തിൽ സ്ഥാനം ലഭിച്ചതും വ്യാവസായിക വിപ്ലവത്തിന്റെ അനന്തര ഫലമായിട്ടാണു്.

ഈ വിപ്ലവത്തിന്റെ ഫലമായി വ്യാവസായികോൽപ്പന്നങ്ങൾ വർദ്ധിച്ചപ്പോൾ അവ വിററഴിക്കുവാൻ പുതിയ സ്ഥലങ്ങൾ കണ്ടുപിടിക്കേണ്ട ആവശ്യം നേരിട്ടു. അന്നു് നാവികാധിപത്യം ഉള്ള രാജ്യങ്ങൾക്കു മാത്രമേ വാണിജ്യാധിപത്യം വിദേശങ്ങളിൽ സ്ഥാപിക്കുവാൻ സാധിച്ചിരുന്നുള്ളു. ഹോളണ്ടു്, പോർച്ചുഗൽ, ഫ്രാൻസ്, ഇംഗ്ലണ്ടു് എന്നീ യൂറോപ്യൻ രാജ്യങ്ങളായിരുന്നു ഇതിനുവേണ്ടി മത്സരിച്ചിരുന്നതു്. ആ മത്സരത്തിൽ ഡച്ചുകാരും പോർച്ചുഗീസുകാരും ക്രമേണ പിൻതള്ളപ്പെട്ടു. പിന്നീടു് ഇന്ത്യയിൽ ആധിപത്യം ഉറപ്പിക്കുന്നതിന്നും ആസ്ട്രേലിയായിൽ കുടിയേറുന്നതിന്നും മററും ഇംഗ്ലീഷുകാൎക്കു കഴിഞ്ഞു. അമേരിക്കയിലെ കാളണികൾ നഷ്ടപ്പെട്ടുവെങ്കിലും, കാനഡാ കൈവശംവെയ്ക്കുന്നതിൽ ഇംഗ്ലണ്ടു് ശ്രദ്ധചെലുത്തി. ലോകത്തിന്റെ എല്ലാ ഭാഗങ്ങളിലും ബ്രിട്ടീഷ് സാമ്രാജ്യം വ്യാപിച്ചിരുന്നു. ഇന്ത്യയുടെ ആധിപത്യം അവർ ഉപേക്ഷിച്ചതു് 1947-ൽ മാത്രമാണല്ലോ. കച്ചവടത്തിനു വന്നെത്തിയ ഇംഗ്ലീഷുകമ്പനിക്കാരാണു് ഇന്ത്യയിൽ ഒരു സാമ്രാജ്യം സ്ഥാപിച്ചതെന്നു് നാം വിസ്മരിക്കരുതു്.

ലോകമഹായുദ്ധങ്ങരം.

1914 മുതൽ 1918 വരെ നീണ്ടുനിന്ന ഒന്നാം ലോക മഹായുദ്ധം പൊട്ടിപ്പുറപ്പെടുവാനുള്ള കാരണം നിസ്സാരമാണു്. എന്നാൽ ആന്തരമായി ജമ്മൻ കൈസക്കു് ഇംഗ്ലീഷുകാരുടേയും ഫ്രഞ്ചുകാരുടേയും ശക്തി നശിപ്പിക്കണമെന്നു് കലശലായ മോഹമുണ്ടായിരുന്നു. ജമ്മൻ സേനകരം ബെൽജിയത്തിൻെറ നിഷ്പക്ഷത അവഗണിച്ചുകൊണ്ടു് അവിടം വഴി ഫ്രാൻസി ലേക്കിരച്ചുകയറുവാൻ തുടങ്ങിയപ്പോരം ജമ്മനിയോടു് ഇംഗ്ലണ്ടു് യുദ്ധപ്രഖ്യാപനം ചെയ്തു. ഇംഗ്ലീഷുകാരുടെ നാവിക ബലം ജമ്മൻ കപ്പൽപ്പടയുടെ ഇരട്ടിയായിരുന്നതുകൊണ്ടു് സഖ്യകക്ഷികരംക്കു് എളുപ്പത്തിൽ സമുദ്രാധിപത്യം സിദ്ധിച്ചു. ജമ്മനിയുടെ വിദേശവാണിജ്യ ബന്ധം മുഴുവൻ ഛേദിക്കുന്ന തിനും ജമ്മൻ കാളണികരം പിടിച്ചെടുക്കുന്നതിനും വിവിധ സ്ഥലങ്ങളിൽനിന്നു് സഖ്യകക്ഷി സൈന്യങ്ങളെ ഫ്രാൻസിലും മററും സ്വച്ഛന്ദം കൊണ്ടിറക്കുന്നതിനും ഇംഗ്ലീഷുകാക്കു നിഷ്പ്ര യാസം സാധിച്ചു. കുറച്ചുകാലം ജമ്മൻ അന്തർ വാഹിനി കപ്പലുകരം സഖ്യ കക്ഷികളുടെ സമുദ്രാധിപത്യത്തെ വെല്ലു വിളിച്ചുകൊണ്ടു് കടലിൽ അങ്ങുമിങ്ങും വലിയ നാശമുണ്ടാക്കി. എന്നാൽ അമേരിക്കൻ ഐക്യനാടുകരം യുദ്ധരംഗത്തു് പ്രവേ ശിച്ചതോടുകൂടി സ്ഥിതിഗതികളെല്ലാം മാറി. ഇംഗ്ലീഷും ഫ്രഞ്ചും അമേരിക്കനും സേനകളെല്ലാം ഒന്നിച്ചു് ജമ്മനിയെ നേരിടുകയും 1918—ൽ പരാജയപ്പെടുത്തുകയും ചെയ്തു.

ഒന്നാം ലോകമഹായുദ്ധം അവസാനിച്ചതു് വേഴ്സായി സന്ധിമുഖേനയായിരുന്നു. ഈ സന്ധിയിലെ വ്യവസ്ഥക ളെല്ലാം ജർമ്മൻ സ്വേച്ഛാധിപതിയായ ഹിററ്ലർ അവഗണിച്ചുകൊണ്ടു് പടയൊരുക്കങ്ങരം തുടങ്ങി. റഷ്യയും ജമ്മനിയും കൂടി വിസ്തൃതമായ പോളണ്ടു രാജ്യം തുല്യമായി പങ്കിട്ടെടുത്തപ്പോരം ഇംഗ്ലീഷുകാക്കും ഫ്രഞ്ചു കാക്കും പോളണ്ടിനെ സഹായിക്കാനൊട്ടും കഴിഞ്ഞില്ല. എന്നാൽ ഹിററ്ലർക്കെതിരായി യുദ്ധത്തിനിറങ്ങാതെ ഗത്യന്തരമില്ലെന്നുകണ്ടു്, 1939 സെപ്ററംബർ 3—ാംതീയതി അവർ ജമ്മനിയോടു് യുദ്ധപ്രഖ്യാപനം ചെയ്തു. ഇംഗ്ലീഷുകാർ

ജർമ്മനിക്കെതിരായി ശക്തമായ ഒരു സമുദ്ര ഗതാഗതനിരോധന പരിപാടി സ്വീകരിച്ചു. എന്നാൽ ജർമ്മൻ അന്തർവാഹിനികൾ ഇംഗ്ലീഷ് കപ്പലുകളെ തെരുതെരെ മുക്കി നശിപ്പിച്ചു. തൽഫലമായി നെവിൽ ചേംബർലെയിൻ ഇംഗ്ലണ്ടിലെ പ്രധാന മന്ത്രിപദത്തിൽ നിന്നു് വിരമിക്കുകയും വിൻസ്റ്റൺ ചർച്ചിൽ ഒരു യുദ്ധകാലമന്ത്രിസഭ രൂപവൽക്കരിക്കുകയും ചെയ്തു. ആകാശ വിമാനങ്ങൾ തുടങ്ങിയ യുദ്ധ സാമഗ്രികൾ ഉൽപ്പാദിപ്പിച്ച് ഇംഗ്ലണ്ടിനെ സമരശക്തമാക്കുവാനും നയതന്ത്രമാർഗ്ഗങ്ങളിൽക്കൂടി യൂറോപ്പിലെ ജർമ്മൻ പുരോഗതിയെ തടഞ്ഞു നിറുത്തുവാനുമുള്ള സത്വര നടപടികളായിരുന്നു അദ്ദേഹം ആരംഭിച്ചതു്. ജർമ്മൻ വ്യോമസേന ചാനൽ തീരത്തിൽനിന്നു് ഇംഗ്ലണ്ടിലേയ്ക്കുപറന്നു് അവിടത്തെ പ്രധാന പട്ടണങ്ങളിൽ നിരന്തരം ബാംബു വർഷിച്ചുകൊണ്ടു് ഒരു ഉഗ്രസമരം തുടന്നു. രണ്ടുമാസത്തിനുള്ളിൽ ലണ്ടനിൽ മാത്രം പത്തുലക്ഷത്തിൽപരം ഭവനങ്ങൾ വെന്തു വെണ്ണീറായി. അനേകം വ്യവസായകേന്ദ്രങ്ങൾ നാമാവശേഷമായത്തീന്നു.

1941 ഡിസംബറിൽ ജപ്പാൻ യുദ്ധത്തിൽ പ്രവേശിക്കുകയും ബ്രിട്ടീഷുകാരുടെ വകയായ മലയാ, സിങ്കപ്പൂർ മുതലായ സ്ഥലങ്ങളും അമേരിക്കൻ ഐക്യനാടുകളുടെ വകയായ ഫിലിപ്പൈൻ ദ്വീപുകളും പിടിച്ചടക്കുകയും ചെയ്തു. ഇതിനിടയ്ക്കു് ഹിററ്ലർ റഷ്യയെ ആക്രമിച്ചിരുന്നു. അങ്ങനെ അമേരിക്കയും ബ്രിട്ടനും റഷ്യയും ഒരുവശത്തും, ജർമ്മനിയും, ഇററലിയും ജപ്പാനും മറുവശത്തുമായി യുദ്ധം തുടന്നു. റഷ്യ, സ്റ്റാലിൻ ഗ്രാഡിൽവച്ച് ജർമ്മനിയെ തോല്പിച്ചു.

1944-ൽ ഇററലി കീഴടങ്ങി. 1945-ൽ റഷ്യൻ സൈന്യങ്ങളും ഇംഗ്ലീഷ്-അമേരിക്കൻ സൈന്യങ്ങളും ജർമ്മനിയിൽ പ്രവേശിച്ചു. ഹിററ്ലർ ആത്മഹത്യചെയ്തു. തെക്കുകിഴക്കെ ഏഷ്യയിൽ ആംഗലസേനാനായകനായ മൗണ്ടുബാററൻപ്രഭു ജപ്പാൻകാരെ ബർമ്മയിൽനിന്നു് തുരത്തി. ജപ്പാനിലെ ഹിരോഷിമയിലും നാഗസാകിയിലും അമേരിക്ക അണുബാംബുവർഷിച്ചതോടു കൂടി ജപ്പാനും കീഴടങ്ങി.

1066-നു ശേഷം ഒരു വിദേശീയാക്രമണത്തിൻെറ ക്രൂര ഫലങ്ങാം ഇംഗ്ലീഷുകാർ ആദ്യമായി അനുഭവിച്ചതു് ഈ മഹായുദ്ധത്തിലത്രേ. ഭയങ്കര നാശങ്ങാംക്കപോലും അവരുടെ ദൃഢനിശ്ചയം മാററുവാൻ സാധിച്ചില്ല.

കാമൺവെൽത്തു് രാഷ്ട്രങ്ങാം (Commonwealth of Nations) എന്നതു് പരമാധികാരമുള്ള ഒരു സംഘടനയാണു്. ഇംഗ്ലണ്ടു്, കാനഡ, ആസ്ത്രേലിയാ, ന്യൂസീലൻഡു്, ഇൻഡ്യാ, പാക്കിസ്ഥാൻ, സിലോൺ, മലയാഫെഡറേഷൻ, ഘാന മുതലായ രാജ്യങ്ങളാണു് ഇതിലെ അംഗങ്ങാം. ഒരു കാലത്തു് പ്രബലമായിരുന്ന ബ്രിട്ടീഷു സാമ്രാജ്യം ഇന്നു് സ്വതന്ത്ര രാഷ്ട്രങ്ങളുടെ ഒരു 'കാമൺവെൽത്തായി' രൂപാന്തരപ്പെട്ടിരിക്കയാണു്.

## ഫ്രാൻസ്

സംക്ഷിപ്ത ചരിത്രം.

ട്യൂഡർ വംശജയായ എലിസബത്തു്രാജ്ഞിയുടെ കാലശേഷം ഇംഗ്ലണ്ടു ഭരിച്ചതു് സ്റ്റ്യൂവർട്ടു് രാജവംശമായിരുന്നു. സ്റ്റ്യൂവർട്ടു് വാഴ്ചക്കാലത്തെ അതിപ്രധാനമായ സംഭവം രാജാവും പാർലിമെൻറും തമ്മിൽനടന്ന അധികാരമത്സരമാണു്. ഈ മത്സരത്തിൻെറ അവസാനത്തിൽ യുദ്ധംകൂടാതെ, ചോരപ്പുഴയൊഴുകാതെ മഹത്തായ ഒരു വിപ്ലവം നടന്നു. ഇതു് 1688-ലാണു്. ആ വിപ്ലവത്തിനുശേഷം ഇംഗ്ലണ്ടിൽ രാജവാഴ്ചയുണ്ടെങ്കിലും രാജഭരണമില്ല. എന്നാൽ ഫ്രാൻസിൽ രാജാധിപത്യത്തിനെതിരായി നടന്ന സമരം ഭയങ്കരമായ രക്തച്ചൊരിച്ചിലിനും യാതനകാംക്കും ഇടയാക്കി. 1789-ലെ ഫ്രഞ്ചു വിപ്ലവം രാഷ്ട്രീയരംഗത്തു് ഒരു അഗ്നിപർവ്വതം പൊട്ടിയ പ്രതീതിയാണു് ഉളവാക്കിയതു്.

ഫ്രഞ്ചു വിപ്ലവത്തിൻെറ കാരണങ്ങളിൽ പ്രധാനപ്പെട്ടതു് രാജാക്കന്മാരുടെ സ്വേച്ഛാധിപത്യമായിരുന്നു. ഫ്രാൻസിലെ രാജശക്തി ലൂയി പതിനാലാമൻെറ കാലം മുതൽ അനുക്രമം വർദ്ധിച്ചു. ഏററവും ദുഷിച്ച സ്വേച്ഛാധിപത്യ ഭരണമായിരുന്നു വിപ്ലവകാലത്തു് ഫ്രാൻസിൽ നടമാടിയതു്. ഇംഗ്ലണ്ടിൽ

പാർലിമെൻറു് എന്നപോലെ ഫ്രാൻസിൽ ''സ്റ്റെയിററ്സ് ജനറൽ'' എന്ന പേരിൽ ഒരു നിയമസഭ ഉണ്ടായിരുന്നു. എന്നാൽ ഇംഗ്ലണ്ടിലെ പാർലിമെൻറിനുള്ള അധികാരങ്ങളോ അവകാശങ്ങളോ യഥാൎത്ഥത്തിൽ ഈ സഭയ്ക്കു് ഉണ്ടായിരുന്നില്ല. സഭയുടെ അനുമതികൂടാതെ രാജാവിനു് നികുതികരം ചുമത്താമായിരുന്നു. ഇതിനു പുറമെ ഫ്രഞ്ചുവിപ്ലവത്തിനുമുൻപു് നൂറെറഴപത്തഞ്ചു വർഷത്തോളം ഈ നിയമസഭ വിളിച്ചുകൂട്ടുകപോലും ചെയ്തില്ല. ലൂയി പതിനാലാമൻെറ ദുർവഹമായ ഭരണച്ചെലവു് രാജ്യത്തിൻെറ സാമ്പത്തികശക്തി ക്ഷയിപ്പിച്ചിരുന്നു. അദ്ദേഹത്തിൻെറ പിൻഗാമികളായ ലൂയി പതിനഞ്ചാമനും പതിനാറാമനും ദുർബ്ബലന്മാരായിരുന്നു. ആഡംബരജീവിതവും വിവേകരഹിതമായ ധൂൎത്തും അവരെ അപകടത്തിൽ ചാടിച്ചു. അവസരോചിതങ്ങളായ പരിഷ്കാരങ്ങൾ നടപ്പിലാക്കാനോ പ്രജകളുടെ സങ്കടങ്ങൾ പരിഹരിക്കാനോ ശ്രദ്ധിക്കാതെ അവർ സുഖഭോഗങ്ങളിൽ മുഴുകിയതിൻെറ ഫലമായി രാജ്യത്തു് അസമാധാനവും അഴിമതിയും അസംതൃപ്തിയും നടമാടി. പണം ധൂൎത്തടിക്കുന്നതിൽ രാജാക്കന്മാരും, രാജ്ഞിമാരും യാതൊരു മടിയും കാണിച്ചിരുന്നില്ല. അടിയ്ക്കടി നികുതി വർദ്ധിപ്പിച്ചു് ദുർവ്യയങ്ങൾക്കു് പണം ഉണ്ടാക്കുന്നതിലായിരുന്നു രാജാക്കന്മാരുടെ ശ്രദ്ധ.

ഫ്രാൻസിൽ മദ്ധ്യകാലഘട്ടത്തിനുശേഷം ഫ്യൂഡലിസത്തിനു് ഉടവു തട്ടിയിരുന്നു. പക്ഷെ ജന്മിമാക്കു് സാമൂഹ്യസാമ്പത്തിക മണ്ഡലങ്ങളിലുണ്ടായിരുന്ന അവകാശങ്ങൾ പിന്നെയും നിലനിന്നു. ജന്മികളെയും പുരോഹിതന്മാരെയും പല നികുതികളിൽനിന്നും ഒഴിവാക്കിയിരുന്നു. രാജ്യത്തിലെ മുക്കാൽ പങ്കു ഭൂമിയും അവരുടേതായിരുന്നു. പ്രധാന ഉദ്യോഗങ്ങളും ആവരുടെ കുത്തകയായി. ഈ സാഹചര്യങ്ങളിൽ സാധാരണ ജനങ്ങളുടെ നികുതിഭാരം വളരെ വർദ്ധിച്ചു. കുടിയാന്മാരും മററും ദാരിദ്ര്യവും ജീവിത ക്ലേശവും കൊണ്ടു നട്ടം തിരിഞ്ഞു. അവരുടെ അവകാശങ്ങൾ സംരക്ഷിക്കാൻ ഭരണകൂടം ഒന്നും ചെയ്തില്ല. പതിനൊന്നു ലക്ഷത്തോളം ആളുകൾ ഭിക്ഷാടനം ഉപജീവനമാൎഗ്ഗമായി സ്വീകരിച്ചു് ഫ്രാൻസിലെ തെരുവീഥികളിൽ അലഞ്ഞുതിരിഞ്ഞിരുന്നുവത്രേ. 1789—ൽ

നിയമസഭ കൂടിയപ്പോഠം പ്രക്ഷുബ്ബരായ ജനങ്ങളുടെ പ്രതിനിധികഠം സ്വേച്ഛാധിപത്യത്തിന്നെതിരെ ശബ്ദം മുഴക്കി. തുടന്നുണ്ടായ വിപ്ലവത്തിൽ രാജഭരണം അവസാനിക്കുകയും ജനാധിപത്യറിപ്പബ്ലിക്ക് സ്ഥാപിതമാകുകയും ചെയ്തു.

വിപ്ലവത്തിന്നുശേഷം കുറച്ചുകാലത്തേയ്ക്ക് ഫ്രാൻസിൻെറ ഭരണം നിർവഹിച്ചതു് ഡയറക്ടറി എന്നറിയപ്പെടുന്ന ഒരു ഭരണസമിതി ആയിരുന്നു. നാലു കൊല്ലത്തോളം ഈ സമിതി വലിയ കുഴപ്പംകൂടാതെ ഭരിച്ചു.

ഫ്രഞ്ചുവിപ്ലവം രാജാധിപത്യത്തിൻെറ നേക്കുള്ള രക്ത പങ്കിലമായ ഒരു സമരമാണെന്നു കണ്ടപ്പോഠം ഇംഗ്ലണ്ടും യൂറോപ്പിലെ മററു ജനാധിപത്യരാജ്യങ്ങളും ചേന്നു് ഫ്രാൻസു മായി ഒരു യുദ്ധം നടത്തി. ഫ്രാൻസിനെ ആക്രമിച്ച വിദേശ സൈന്യങ്ങളെ നേരിടുന്നതിലായിരുന്നു ഡയറക്ടറി ശ്രദ്ധ ചെലുത്തിയതു്. ഈ ഘട്ടത്തിലാണു് അത്ഭുതകരമായ യുദ്ധ സാമർത്ഥ്യത്താൽ കീത്തിമാനായ നെപ്പോളിയൻ ബോണപ്പാർട്ട് ഫ്രഞ്ച് ജനതയ്ക്ക് നേതൃത്വം നൽകിയതു്.

യുദ്ധകാലത്തു് നെപ്പോളിയൻ പ്രദർശിപ്പിച്ച ധൈര്യവും കഴിവും അദ്ദേഹത്തെ അപരിത്യാജ്യനായ ഒരു നേതാവാക്കി ത്തീത്തു. 1790–ൽ അദ്ദേഹം സവ്വസൈന്യാധിപനായി ഉയന്നു. വടക്കേ ഇററലിയിലും ഈജിപ്പിലും അനേകം യുദ്ധങ്ങഠം ചെയ്തു വിജയശ്രീലാളിതനായ അദ്ദേഹം ഡയറക്ടറി ഭരണത്തിനു പിന്തുണയില്ലാതായ ഘട്ടത്തിൽ കോൺസൽ ഭരണം ഏർപ്പെടുത്തി. അദ്ദേഹത്തെ 1799–ൽ ഒന്നാം കോൺസൽ എന്ന പേരിൽ ഭരണാധിപനായി അവരോധിക്കുകയും ചെയ്തു. എന്നാൽ 1804–ൽ അദ്ദേഹം ഫ്രാൻസിൻെറ ചക്രവത്തിയായി സ്വയം പ്രഖ്യാപിച്ചു. പിന്നീടു കുറച്ചുകാലം അദ്ദേഹത്തിൻെറ യുദ്ധവിജയങ്ങളുടെ ഒരു ഘോഷയാത്രയായിരുന്നു. പശ്ചിമ യൂറോപ്പിൽ നെപ്പോളിയൻ വിജയക്കൊടി നാട്ടിയെന്നു പറയാം. 1805–ൽ ഫ്രഞ്ചുനാവിക സൈന്യത്തെ ഇംഗ്ലീഷുകാരനായ അഡ്മിറൽ നെൽസൺ പരാജയപ്പെടുത്തിയെങ്കിലും നെപ്പോളിയൻ കരയ്ക്കുള്ള യുദ്ധത്തിൽ അജയ്യനായ നേതാവായി കഴിഞ്ഞുകൂടി. 1810 വരെ മാത്രമേ അദ്ദേഹത്തിൻെറ പ്രതാപം ഉച്ചകോടിയിൽ നിന്നുള്ളു. 1812–ൽ അദ്ദേഹം റഷ്യ ആക്രമിച്ചു.

അതോടുകൂടി നെപ്പോളിയൻെറ അധഃപതനം ആരംഭിച്ചു. ആംഗ്ലേയശക്തി 1814-ൽ അദ്ദേഹത്തെ എൽബാ ദ്വീപിലേക്കു് നാടുകടത്തി. പക്ഷെ അവിടെനിന്നു് രക്ഷപ്പെട്ട നെപ്പോളിയൻ 1815-ൽ പാരീസിൽ എത്തി. നഷ്ടപ്പെട്ട സ്ഥലങ്ങരം പിടിച്ചെടുക്കുന്നതിന്നു് അദ്ദേഹം നടത്തിയ ശ്രമങ്ങളെല്ലാം വിഫലമായതേയുള്ളു. നൂറു ദിവസങ്ങരംക്കുശേഷം വാട്ടർലൂ യുദ്ധത്തിൽ വെച്ചു് ബ്രിട്ടൺ, ബൽജിയം, പ്രഷ്യാ എന്നീ രാജ്യങ്ങളിലെ സൈന്യം നെപ്പോളിയനെ തോല്പിച്ചു് ബന്ധനസ്ഥനാക്കി. ഇത്തവണ സെൻറു് ഹെലീന ദ്വീപിലേക്കു് അദ്ദേഹത്തെ നാടുകടത്തി. അവിടെവെച്ചു് 1821-ൽ നെപ്പോളിയൻ മരണമടഞ്ഞു. നെപ്പോളിയൻെറ തിരോധാനത്തോടുകൂടി ഫ്രാൻസിൻെറ ആധിപത്യവും അസ്തമിച്ചു എന്നു പറയാം.

1848-ൽ ഫ്രാൻസിൽ രണ്ടാമതും ഒരു റിപ്പബ്ലിക്കു് സ്ഥാപിതമായി. ലൂയി നെപ്പോളിയനെയാണു് ജനങ്ങരം പ്രസിഡൻറായി തിരഞ്ഞെടുത്തതു്. പക്ഷെ അദ്ദേഹം റിപ്പബ്ലിക്കിനെ തകിടംമറിച്ചുകൊണ്ടു് ഫ്രാൻസിൽ വീണ്ടും ചക്രവർത്തിഭരണം ഏർപ്പെടുത്തി. 1870-ൽ ഫ്രഞ്ചു്-പ്രഷ്യൻ സമരത്തിൽ അദ്ദേഹം പരാജിതനായി. അദ്ദേഹം സ്ഥാപിച്ച രണ്ടാം സാമ്രാജ്യവും അവസാനിച്ചു. ഫ്രാൻസിൽ മൂന്നാം റിപബ്ലിക് പ്രഖ്യാപിതമായി. 1914-ൽ ലോകമഹായുദ്ധം ആരംഭിച്ചപ്പോരം ഫ്രഞ്ചുകാരുടെതിനെക്കാരം വിപുലമായ ഉപനിവേശസാമ്രാജ്യം ഇംഗ്ലീഷുകാക്കു മാത്രമേ ഉണ്ടായിരുന്നുള്ളു. ഫ്രാൻസു് അക്കാലത്തു് അത്രമാത്രം ശക്തമായിരുന്നു.

ഇരുപതാം നൂററാണ്ടിൻെറ ആവിർഭാവത്തോടുകൂടി ജർമ്മൻ രാജ്യമായി രൂപാന്തരപ്പെട്ടിരുന്ന പ്രഷ്യയെ എതിരിടുവാനുള്ള ബലം ഫ്രാൻസിനുണ്ടായി. 1907-നും 1914-നും ഇടയ്ക്കു് ഫ്രാൻസിലും ജർമ്മനിയിലും ഭീമമായ പടയൊരുക്കം നടന്നു. ഫ്രാൻസു്, ഇംഗ്ലണ്ടു്, റഷ്യ, എന്നീ ശക്തികരം ഒരു വശത്തും ജർമ്മനി ആസ്റ്റ്രിയാ, തുർക്കി എന്നീശക്തികരം മറുവശത്തും സംഘടിച്ചു് ഒന്നാം ലോകമഹായുദ്ധത്തിന്നു് ആരംഭമിട്ടു. യുദ്ധത്തിൽ ജർമ്മൻകാർ തോല്ക്കുകയും ഫ്രാൻസിന്നു് അൽസേസു്-ലൊറൈൻ പ്രദേശങ്ങരം കിട്ടുകയും ചെയ്തു.

രണ്ടാം ലോകമഹായുദ്ധക്കാലത്തു് ഹിററ്ലർ പോളണ്ടു്, ബൽജിയം എന്നീ സമുദ്രതീരരാജ്യങ്ങരം പിടിച്ചടക്കിയതിനു ശേഷം ഫ്രാൻസിൽപ്രവേശിച്ചു. ഇററലിയിലെ മുസ്സോളിനിയും ജർമ്മനിയുടെ കക്ഷിയിൽ ചേരുവാനുള്ള സമയം അതാണെന്നു് കരുതി ഫ്രാൻസിനെതിരായി യുദ്ധപ്രഖ്യാപനം ചെയ്തു. ഗത്യന്തരമില്ലെന്നുകണ്ടു് ഫ്രാൻസിലെ ഗവണ്മെൻറു് ഹിററ്ലർക്കു് കീഴടങ്ങി. ഒന്നാം ലോകമഹായുദ്ധക്കാലത്തുണ്ടായ പരാജയത്തിനു് ഹിററ്ലർ അങ്ങനെ പ്രതികാരം ചെയ്തു. എന്നാൽ സ്വാതന്ത്ര്യേച്ഛുക്കളായ ഒട്ടധികം ഫ്രഞ്ചുകാർ ഡിഗാരം എന്നൊരു ഫ്രഞ്ചു സൈനികോദ്യോഗസ്ഥൻെറ നേതൃത്വത്തിൽ ഇംഗ്ലണ്ടിൽ ഒരു സ്വതന്ത്ര ഫ്രഞ്ചു ഗവണ്മെൻറു് സ്ഥാപിച്ചുകൊണ്ടു് ജർമ്മനിക്കെതിരായി പ്രവർത്തനമാരംഭിച്ചു. യുദ്ധത്തിൻെറ അന്ത്യത്തിൽ ജർമ്മനി തോല്ക്കുകയും സഖ്യകക്ഷികരം ജയിക്കുകയും ചെയ്തു. വിമോചിതമായ ഫ്രാൻസ് ഐക്യരാഷ്ട്രസഭയിലെ സെക്യൂരിററികൗൺസിലിൽ സ്ഥിരമായ ഒരംഗമായിത്തീർന്നു. 1946-ൽ ഫ്രാൻസിൽ ഒരു പുതിയ ഭരണഘടനയുണ്ടായി. അങ്ങനെ നാലാമത്തൊരു റിപ്പബ്ലിക് ഫ്രാൻസിൽ ഉടലെടുത്തു. എന്നിട്ടും അവിടത്തെ രാഷ്ട്രീയാന്തരീക്ഷത്തിലെ കാറും കോളും നീങ്ങിയില്ല. 1958-ൽ ഈ റിപ്പബ്ലിക്കൻ ഭരണകൂടവും അവസാനിച്ചു. ഭരണ പരിഷ്കാരങ്ങളുടെ ഫലമായി ഇപ്പോരം അഞ്ചാമത്തെ റിപ്പബ്ലിക് സ്ഥാപിക്കപ്പെട്ടിരിക്കയാണു്. ചാരംസ്സ് ഡിഗാരം ആണു് ഇപ്പോഴത്തെ പ്രസിഡൻറു്.

## പാരീസ്സ് നഗരം :-

സീൻ നദിയുടെ കരയിൽ സ്ഥിതിചെയ്യുന്ന പാരീസു നഗരം ഫ്രാൻസിലെ ഗതാഗതമാർഗ്ഗങ്ങളുടെ ഒരു സംഗമസ്ഥാനമാണു്. റോമാക്കാർ ക്രിസ്തുവിനുമുമ്പു് ഒന്നാം നൂററാണ്ടിൽ ആക്രമണം നടത്തിയപ്പോരം ഒരു മത്സ്യബന്ധനസങ്കേതമെന്നുള്ളതിൽക്കവിഞ്ഞു് ഇതിനു പ്രാധാന്യം ഇല്ലായിരുന്നു. എന്നാൽ റോമൻ ഭരണകാലത്തു് പാരീസ് ഒരു നഗരമായി രൂപം പ്രാപിച്ചു. ശതാബ്ദങ്ങരംകഴിഞ്ഞതോടുകൂടി അനേകം കെട്ടിടങ്ങളും സ്ഥാപനങ്ങളും ഇവിടെ ഉടലെടുക്കുകയും ഒരു പ്രധാന

രാഷ്ട്രീയകേന്ദ്രമായി ഇതു വികസിക്കുകയുമുണ്ടായി. ഫ്രഞ്ചു വിപ്ലവകാലത്തു് ഉണ്ടായിരുന്ന അരാജകാവസ്ഥയിൽനിന്നു നഗരത്തെ സംരക്ഷിക്കുന്നതിനു് അതിനു ചുററും ഒരു കോട്ടകെട്ടി നെപ്പോളിയൻ ചക്രവത്തി നഗരത്തെ കൂടുതൽ പരിഷ്കരിച്ചു. സംവിധാനം ചെയ്യപ്പെട്ട ഒരു നഗരമെന്ന നിലയിൽ പാരീസ് പ്രാമാണ്യം അർഹിക്കുന്നു. ആഡംബര ജീവിതത്തിനും സുഖകരമായ വിനോദ വിഭവങ്ങറംക്കും കീത്തികേട്ട ഒരു പട്ടണമാണിതു്.

## ജർമ്മനി

ഏകീകരണം :— 1848-ൽ ജമ്മൻ സംസ്ഥാനങ്ങളിലെ പ്രതിനിധികറം. ഒരു ഐക്യജമ്മനി സൃഷ്ടിക്കുവാനും ഒരു ജനകീയ ഭരണരീതി ആവിഷ്കരിക്കുവാനും നിശ്ചയിച്ചു. അനേകം ജമ്മൻ സംസ്ഥാനങ്ങറം ഉണ്ടായിരുന്നവയിൽ പ്രഷ്യക്കായിരുന്നു പ്രാബല്യം. പ്രഷ്യയിലെ രാജാവിനോടു ചെയ്ത അഭ്യത്ഥന അദ്ദേഹം തിരസ്കരിക്കുകയാൽ ഈ ശ്രമം വിഫലമായി.

ബിസ്മാക്കു് :—

1862-ൽ ഓട്ടോവോൺ ബിസ്മാക്കു് പ്രഷ്യയിലെ ചാൻസലർ ആയി. ജനായത്തഭരണത്തിൽ തീരെ വിശ്വാസമില്ലാതിരുന്ന ബിസ്മാക്കു് നഗ്നമായ സേച്ഛാഭരണം തുടങ്ങി. നിർബ്ബന്ധിത സൈന്യസേവനം നടപ്പിലാക്കി. പ്രഷ്യയെ അദ്ദേഹം ഒരു പ്രബലശക്തിയാക്കിത്തീത്തു. ജമ്മനിയിലെ നേതൃത്വം പ്രഷ്യക്കു കിട്ടുന്നതിനു് വിഘാതമായി നിന്നിരുന്നതു് ആസ്ത്രിയാ മാത്രമായിരുന്നു. അതിനാൽ ബിസ്മാക്കു് സഡോവ യുദ്ധത്തിൽ ആസ്ത്രിയായെ പരാജയപ്പെടുത്തി. അതോടുകൂടി ജമ്മനിയിൽ ഒരു സാമ്രാജ്യം സ്ഥാപിക്കുവാൻ ബിസ്മാക്കു് തുറന്ന പ്രവത്തനവും തുടങ്ങി. ഓരോ പ്രദേശവും പിടിച്ചടക്കി അദ്ദേഹം പ്രഷ്യയിൽ ലയിപ്പിച്ചു. ഇങ്ങനെ വിപുലമായ പ്രഷ്യയെ അടുത്തുകിടന്ന മററു രാജ്യങ്ങളുമായി കൂട്ടിയിണക്കി ഒരു സംയുക്തസംസ്ഥാനം അദ്ദേഹം രൂപവത്ക്കരിച്ചു. പ്രഷ്യയിലെ രാജാവു് അതിൻെറ പ്രസിഡൻറും ബിസ്മാക്കു് പ്രധാനമന്ത്രിയുമായി.

1871-ൽ ആസ്ത്രിയ ഒഴിച്ചുള്ള ജർമ്മൻ പ്രദേശങ്ങളെല്ലാം ഇങ്ങനെ പ്രഷ്യയ്ക്കു് അധീനമായി. വില്യം ഒന്നാമനെ ജർമ്മനിയിലെ കൈസർ അഥവാ ചക്രവർത്തിയായി ബിസ്മാർക്കു് അവരോധിച്ചു. അതോടുകൂടി ജർമ്മൻ സംയുക്തസംസ്ഥാനം ജർമ്മൻ സാമ്രാജ്യമായി രൂപാന്തരപ്പെട്ടു. ചക്രവർത്തിയോടു മാത്രം ഉത്തരവാദിത്വം വഹിച്ചുകൊണ്ടു് ബിസ്മാർക്കു് രാജ്യഭാരം നടത്തി.

വില്യം ഒന്നാമൻെറ പൗത്രനായ വില്യം രണ്ടാമൻ രാജാവായ ഉടൻതന്നെ ബിസ്മാർക്കിനെ പിരിച്ചുവിട്ടിട്ടു് സ്വാഭിപ്രായമനുസരിച്ചു് ഭരണം തുടങ്ങി. ഒരു വലിയ സാമ്രാജ്യം കൈയടക്കുവാൻ അദ്ദേഹം ആഗ്രഹിച്ചു. ആഫ്രിക്കയിലും പസിഫിക് സമുദ്രത്തിലും ജർമ്മൻ കാളണികൾ സ്ഥാപിക്കപ്പെട്ടു. ഓട്ടോമൻ സാമ്രാജ്യത്തിൽ സ്വാധീനശക്തി ചെലുത്തി കാൺസ്റ്റാൻറിനോപ്പിളിൽ നിന്നു് ബാഗ്ദാദിലേക്കു് ഒരു റയിൽവേ ഉണ്ടാക്കുവാനും ഏർപ്പാടു ചെയ്തു. ഈ ശക്തിവികസനശ്രമവും അതോടുകൂടിത്തുടങ്ങിയ സൈന്യശേഖരണവും യൂറോപ്പിലെ മററു രാജ്യങ്ങളെസംശയാലുക്കളാക്കി . അല്പകാലത്തിനുള്ളിൽ ഫ്രാൻസ്, ആസ്ത്രിയാ, ഹംഗറി, റഷ്യ, ഇററലി എന്നീ രാജ്യങ്ങളെല്ലാം ബദ്ധപ്പെട്ടു് സൈന്യശേഖരണവും പടക്കോപ്പു നിർമ്മാണവും തുടങ്ങി. യൂറോപ്പിലെങ്ങും പടയൊരുക്കമായി. യുദ്ധം ഏതു മുഹൂർത്തത്തിലും പൊട്ടിപ്പുറപ്പെട്ടേയ്ക്കുമെന്നുള്ള ഭീതിമൂലം രാജ്യങ്ങൾ പുതിയ കൂട്ടുകെട്ടുകളുണ്ടാക്കിത്തുടങ്ങി. ഇപ്രകാരം ജർമ്മനിയും ആസ്ത്രിയയും ഇററലിയും കൂടിയുണ്ടാക്കിയ ത്രിശക്തിസഖ്യത്തെ നേരിടുക എളുപ്പമല്ലെന്നു സകലൎക്കും ബോദ്ധ്യമായിരുന്നു.

ഫ്രാൻസിൽ ഇക്കാലത്തു് ജർമ്മൻവിരുദ്ധമനോഭാവം നിലവിലിരുന്നു. ഇംഗ്ലണ്ടു്, ഫ്രാൻസു്, റഷ്യ എന്നീ രാജ്യങ്ങൾ ഒരു ത്രിശക്തി സൗഹാർദ്ദം (Triple Entente) സ്ഥാപിച്ചിരുന്നു. ഈ കക്ഷികളോടുചേർന്നു് പ്രവർത്തിക്കാമെന്നു് ജപ്പാനും കരാർ ചെയ്തു.

ഒന്നാം ലോക മഹായുദ്ധം : — ഏതൊരു ബലപ്രയോഗത്തെയും എതിരിടത്തക്കവണ്ണം ജർമ്മനി അതിൻെറ സൈനികബലം വർദ്ധിപ്പിച്ചു.

ഒന്നാം ലോകമഹായുദ്ധത്തിന്റെ തുടക്കം ആസ്റ്റ്രിയൻ ആർച്ചു ഡ്യൂക്കിന്റെ വധമായിരുന്നുവെന്നു് പറയാം. ഈ വധത്തിൽ സെർബിയ രാജ്യത്തിനു് പങ്കുണ്ടെന്നു് പ്രഖ്യാപിച്ചുകൊണ്ടു് ആസ്റ്റ്രിയാ സെർബിയയ്ക്കെതിരായി യുദ്ധപ്രഖ്യാപനം ചെയ്തു.

റഷ്യ സെർബിയയുടെ സഹായത്തിനെത്തി. ജർമ്മനി റഷ്യയോടും റഷ്യയുടെ മിത്രമായിരുന്ന ഫ്രാൻസിനോടും ഉടൻ തന്നെ യുദ്ധം പ്രഖ്യാപിച്ചു. ഇംഗ്ലണ്ടും ജപ്പാനും ഫ്രാൻസിനേയും റഷ്യയേയും സഹായിച്ചു.

ജർമ്മൻ കക്ഷിയെ മദ്ധ്യയൂറോപ്യൻ ശക്തികൾ എന്നും എതിരാളികളെ സഖ്യകക്ഷികളെന്നുമാണു് സാധാരണ പറഞ്ഞു വരാറുള്ളതു്.

ജർമ്മൻ പട ഫ്രാൻസിൽ പ്രവേശിച്ചു. ജർമ്മൻകാർ റഷ്യയെ തോല്പിച്ചു് റഷ്യക്കാരുടെ അധീനതയിലുള്ള പോളണ്ടു് പിടിച്ചെടുത്തു. 1916-ൽ റഷ്യയിൽ ഒരു വിപ്ലവം ഉണ്ടായി. അതിനെത്തുടർന്നു രൂപീകൃതമായ പുതിയ റഷ്യൻ ഗവണ്മെൻറു് ജർമ്മനിയുമായി ഒരു പ്രത്യേകസന്ധി ഉണ്ടാക്കി യുദ്ധത്തിൽ നിന്നും പിൻവാങ്ങി.

ജർമ്മൻ നാവികപ്പടയെ ഇംഗ്ലീഷുകാർ തോല്പിച്ചു. സഖ്യകക്ഷികൾ ജർമ്മനിയെ നിശ്ശേഷം പരാജയപ്പെടുത്തി.

യുദ്ധാനന്തരം പാരീസിൽവച്ചു് ഒരു സമാധാനസന്ധി ഉണ്ടായി. തോല്പിക്കപ്പെട്ട ശക്തികളെ ക്ഷണിച്ചുവരുത്തി സഖ്യകക്ഷികളുമായി പ്രത്യേകം പ്രത്യേകം ഉടമ്പടികൾ ഉണ്ടാക്കുകയാണു് ചെയ്തതു്. 1919—ൽ വെഴ്സായി എന്ന സ്ഥലത്തു വച്ചു് ജർമ്മനിയുമായുള്ള സന്ധി ഒപ്പുവച്ചു,

ഒരു രാഷ്ട്രീയശക്തി എന്ന നിലയ്ക്കു് ജർമ്മനിയെ നശിപ്പിക്കത്തക്ക വ്യവസ്ഥകളായിരുന്നു വെഴ്സായി ഉടമ്പടിയിൽ അടങ്ങിയിരുന്നതു്. ജർമ്മൻകാർ നിരായുധരാക്കപ്പെട്ടു എന്നു മാത്രമല്ല നിർബ്ബന്ധിത, സൈനിക പരിശീലനം നൽകുവാനും പടക്കോപ്പുകൾ നിർമ്മിക്കുവാനുമുള്ള അവകാശങ്ങൾ അവർക്കു് നിഷേധിക്കപ്പെടുകയും ചെയ്തു. അവരുടെ പടക്കപ്പലുകളും

Social Democratic Party



സഖ്യകക്ഷികൾ കണ്ടുകെട്ടി. നഷ്ടപരിഹാരമായി വലിയൊരു തുക ജർമ്മനി സഖ്യകക്ഷികൾക്കു കൊടുക്കണമെന്നു നിശ്ചയിക്കുകയും അതു ഈടാക്കുവാനായി റൈൻ നദിയുടെ തീരത്തുള്ള ജർമ്മൻ പ്രദേശത്തു് ഒരു വമ്പിച്ച സഖ്യസേനാവിഭാഗത്തെ താമസിപ്പിക്കുകയും ചെയ്തു. അൽസേസ് ലൊറെയിൻ പ്രദേശം ഫ്രാൻസിനു വിട്ടുകൊടുത്തതുകൂടാതെ ജർമ്മനിയുടെ ഏറ്റവും വിലയേറിയ കല്ക്കരിഖനികൾ നിറഞ്ഞ സാർ-താഴ്‌വരപ്രദേശംകൂടി അവക്കു നൽകി. ജർമ്മൻ കാളണികളെല്ലാം സഖ്യകക്ഷികൾ പങ്കിട്ടെടുത്തു. അവയിൽ ആഫ്രിക്കയിലുണ്ടായിരുന്നവ ഇംഗ്ലണ്ടും ഫ്രാൻസും, പസിഫിക് സമുദ്രത്തിലുണ്ടായിരുന്നവ ജപ്പാനും ആസ്ത്രേലിയയും കൈക്കലാക്കി. ജർമ്മനിയുടെ ഒരു ഭാഗമായ ഡാൻസിഗ് പ്രദേശത്തെ ജർമ്മൻ കൈവശത്തിൽനിന്നു വേർപെടുത്തി. പോളണ്ടിനു് കടലിലേക്കു് ഒരു ഇടനാഴി സൃഷ്ടിച്ചുകൊടുത്തു. ജർമ്മനിയുടെ വളർച്ചയെ എന്നെന്നേക്കുമായി തടയാനായിരുന്നു സഖ്യകക്ഷികൾ ശ്രമിച്ചതു്. സന്ധി എഴുതിയുണ്ടാക്കിയവക്കു് ഇതിന്റെ അനന്തരഫലങ്ങൾ അന്നു മനസ്സിലാക്കാൻ കഴിഞ്ഞിരുന്നില്ല.

1918-ൽ കൈസർ വില്യം ജർമ്മനിയിൽനിന്നു പലായനം ചെയ്തു. ജനകീയ ഭരണവാദികളായി അന്നു് ജർമ്മനിയിൽ ഉണ്ടായിരുന്ന കക്ഷികളിൽ കൂടുതൽ പ്രാബല്യം സോഷ്യൽ ഡെമൊക്രാററിക്കു് കക്ഷിക്കായിരുന്നു. കാറൽ മാർക്സിന്റെ തത്വസംഹിതകളായിരുന്നു ആ കക്ഷിയുടെ ആദശം. സോഷ്യൽ ഡെമൊക്രാററിക് കക്ഷി ജർമ്മനിയെ ഒരു റിപ്പബ്ലിക്കൻ രാജ്യമായി പ്രഖ്യാപിക്കുകയും അതിനു് ഒരു ജനകീയ ഭരണകൂടം നിർമ്മിക്കുകയും ചെയ്തു. ഇങ്ങനെ ജർമ്മനിയിൽ യുദ്ധാനന്തര കാലത്തു് ജനകീയഭരണം സ്ഥാപിതമായി.

പുതിയ ജർമ്മൻ റിപ്പബ്ലിക്കു് സാമൂഹ്യമോ സാമ്പത്തികമോ ആയ വ്യതിയാനങ്ങളൊന്നും വരുത്തിയില്ല. അധികാരം നടത്തിയ സോഷ്യൽ ഡെമൊക്രാററിക് കക്ഷിക്കാർ കവിഞ്ഞ മിതവാദികളായിരുന്നു. തീവ്രവാദികളായ പലരും ഇവരോടു പിണങ്ങി. ഇക്കാലത്താണു് അഡോൾഫ് ഹിററ്ലർ രംഗപ്രവേശം ചെയ്തതു്.

Natiinal Socialist Parti = Nasy



നാഷണൽ സോഷ്യലിസ്റ്റ് കക്ഷി എന്നൊരു പുതിയ രാഷ്ട്രീയ കക്ഷി ഹിററ്ലർ രൂപീകരിച്ചു. നാഷണൽ എന്നും സോഷ്യലിസ്റ്റ് എന്നുമുള്ള പദങ്ങളുടെ ആദിപദങ്ങരം കൂട്ടിച്ചേർത്തു ഈ കക്ഷിയുടെ പേർ നാസി എന്നു് ലോപിച്ചു. സ്ഥിതി സമത്വവാദവുമായി യാതൊരു ബന്ധവും ഇവക്കുണ്ടായിരുന്നില്ല. ജമ്മനിയുടെ മഹത്വത്തിലും ജമ്മൻ വർഗ്ഗത്തിന്റെ പാരമ്പര്യത്തിലും ഉറച്ചുനിന്നുകൊണ്ടു് ദേശീയബോധം വളർത്തുന്നതിനു് ഈ സംഘടന ഉദ്യമിച്ചു. ജൂതന്മാർ ജമ്മൻ വർഗ്ഗക്കാരല്ലെന്നും അവർ ജമ്മൻ ജനതയെ ചൂഷണം ചെയ്യുന്നവരാണെന്നുമുള്ള വിശ്വാസം നാസികളെ യൂദ മർദ്ദനത്തിനു പ്രേരിപ്പിച്ചു. വേഴ്സായി സന്ധിയെ അപലപിക്കുകയും ബലപ്രയോഗത്തിൽ വിശ്വസിക്കുകയും ചെയ്തുകൊണ്ടു് നാസികരം ഒരു സന്നദ്ധസേന രൂപവത്ക്കരിച്ചു.

ആക്രമണസേന എന്നറിയപ്പെടുന്ന ഈ കൂട്ടർ തവിട്ടുനിറത്തിലുള്ള ഉടുപ്പു് ധരിച്ചിരുന്നതിനാൽ അവരെ ബ്രൗൺ ഷർട്ട്സ് (Brown Shirts) എന്നു വിളിച്ചുവന്നിരുന്നു.

ക്രമേണ നാസികരം ശക്തരായിത്തീന്നു. ജമ്മനിയിലെ പ്രസിഡൻറായിരുന്ന ഹിൻഡൻബർഗ്ഗ് 1933-ൽ ഹിററ്ലറോടു് ഒരു ഗവണ്മെൻറു രൂപീകരിക്കുവാൻ ആവശ്യപ്പെട്ടു. ഹിററ്ലർ ജമ്മനിയിലെ പ്രധാനമന്ത്രിയായി നാസി ഭരണം തുടങ്ങി. നാസികരം യാതൊരു എതിർപ്പും ഇഷ്ടപ്പെട്ടില്ല. അവർ കമ്മ്യൂണിസ്ററുകാരെയെല്ലാം ഇരുമ്പഴികരംക്കുള്ളിലാക്കി. പ്രതിനിധിസഭ പിരിച്ചുവിട്ടു. ജനായത്തഭരണത്തിന്റെ നിഴൽ പോലും മാച്ചുകളഞ്ഞിട്ടു് ഹിററ്ലർ ഭരണം ആരംഭിച്ചു. അദ്ദേഹം ജൂതന്മാരെ ജമ്മനിയിൽനിന്നും ബഹിഷ്ക്കരിക്കുകയും തൊഴിലാളി സംഘടനകളുടെ മുതൽ കണ്ടുകെട്ടുകയും ചെയ്തു.

ഒടുവിൽ ഒരു കക്ഷി എന്ന നിലയിൽ നാസികരംമാത്രം ശേഷിച്ചു. വർത്തമാനപ്പത്രങ്ങളുടെ വായ് മൂടിക്കെട്ടിയും വിപുലമായ തോതിൽ ഒരു ചാരസംഘം (Gestapo) സൃഷ്ടിച്ചും അവർ പൊതുവിമർശനം നിരുത്സാഹപ്പെടുത്തി.

രണ്ടാം ലോകമഹായുദ്ധവും ജമ്മനിയുടെ വിഭജനവും:—

ജമ്മനി സവ്വരാഷ്ട്രസമിതിയിൽ (League of Nations) നിന്നും 1933-ൽ പിണങ്ങിപ്പിരിഞ്ഞു. അതിത്തികളെ സംബന്ധിച്ചിടത്തോളം വേഴ്സായി സന്ധി മാററിയെഴുതണമെന്നു് ഹിററ്ലർ ആവശ്യപ്പെട്ടു. പ്രസിഡൻറു് മരിച്ചപ്പോഠ ഹിററ്ലർ ആ സ്ഥാനംകൂടി കൈക്കലാക്കി. ജമ്മനിയിൽ അന്നുമുതൽ സൈനികപരിശീലനവും ആയുധസജ്ജീകരണവും ആരംഭിച്ചു. സാർ പ്രദേശം ഹിററ്ലർ ജമ്മനിയോടു ചേത്തു. വേഴ്സായിസന്ധി ഇതോടുകൂടി പൊളിഞ്ഞു. ലോകം മുഴുവൻ ഇതു കണ്ടു നടുങ്ങിയെങ്കിലും ആരും ചോദ്യം ചെയ്തില്ല. 1933-ൽ ഹിററ്ലർ ആസ്ത്രിയാ രാജ്യം ജമ്മനിയോടു ചേത്തു. ഈ കാലഘട്ടത്തിൽ ജമ്മനി ലോകമഹാശക്തികളിൽ ഒന്നായി ഉയന്നു കഴിഞ്ഞിരുന്നു. ലോകത്തിലെ ഒന്നാമത്തെ ശക്തിയായി അതിനെ ഉയത്തുവാനാണു് അടുത്തതായി ഹിററ്ലർ ഉദ്യമിച്ചതു്. പഴയ ജമ്മൻ കാളണികഠ തിരിച്ചു കിട്ടണമെന്നുള്ള വാദം ഹിററ്ലർ ഉന്നയിച്ചു. സൈനികസാമഗ്രികഠ നിമ്മിക്കുന്നതിന്നായി ജമ്മനിയിലെ സകല വിഭവങ്ങളും വിനിയോഗിക്കപ്പെട്ടു. ചെക്കൊസ്ലാവോക്കിയയെ ഹിററ്ലർ കീഴടക്കി. അപ്പോഠ ഇംഗ്ലണ്ടിലെ പ്രധാനമന്ത്രിയായിരുന്ന ചേംബർലെയിൻ മ്യൂനിക്കിലെത്തി, ഹിററ്ലരെ സന്ദർശിച്ചു്, ഒരു കരാറുണ്ടാക്കി. ആറു മാസം കഴിഞ്ഞപ്പോഠ ആ കരാറും ഹിററ്ലർ ലംഘിച്ചു. ഹിററ്ലർ പോളണ്ടിനോടു് ഡാൻസിഗ് വിട്ടുകൊടുക്കാനാവശ്യപ്പെട്ടുവെങ്കിലും പോളണ്ടു് വിസമ്മതിച്ചു. ഉടനെ പോളണ്ടിലേയ്ക്കു് ഹിററ്ലർ ഒരു സൈന്യത്തെ അയച്ചു. ഗത്യന്തരമില്ലാതായപ്പോഠ ഇംഗ്ലീഷുകാരും ഫ്രഞ്ചുകാരും ജമ്മനിയോടു് യുദ്ധം പ്രഖ്യാപിച്ചു.

യുദ്ധത്തിൽ പ്രഥമ ഘട്ടത്തിൽ എല്ലായിടത്തും ജമ്മനി ജയിച്ചു. സ്റ്റാലിൻഗ്രാഡും ഈജിപ്ററും തരണം ചെയ്ത ജമ്മൻ സേനകളും ഇൻഡ്യയിലൂടെ ജപ്പാൻ സേനകളും മദ്ധ്യപൂവ്വപ്രദേശത്തു് സന്ധിക്കാമെന്നുപോലും കരുതുവാൻ തക്ക പ്രാബല്യം അന്നു് അവക്കുണ്ടായിരുന്നു. എന്നാൽ വിധി നേരെ മറിച്ചായിരുന്നു. ജമ്മനിയും, ഇററലിയും, ജപ്പാനും നിശ്ശേഷം പരാജിത

ൻാക്കപ്പെട്ടു. ഐക്യകക്ഷികൾ പരാജിതശക്തികളുടെ രാജ്യങ്ങളിൽ പ്രവേശിച്ച് അവയെ പട്ടാളഭരണത്തിൻ കീഴിലാക്കി. ഒന്നാം ലോകമഹായുദ്ധത്തിനുശേഷം ജമ്മനിയെ നേരിട്ടു ഭരിക്കാത്തതുമൂലമാണ് ജമ്മൻകാരുടെ സമരമനഃസ്ഥിതിക്ക് കോട്ടം തട്ടാത്തതെന്ന് അവർ വിശ്വസിച്ചു. ജമ്മനിയെ നാലു മേഖലകളായി വിഭജിച്ച്, ഇംഗ്ലീഷുകാരുടെയും, അമേരിക്കക്കാരുടെയും, ഫ്രഞ്ചുകാരുടെയും, റഷ്യക്കാരുടെയും ഭരണത്തിൻകീഴിലാക്കി. തലസ്ഥാനമായ ബർലിൻപോലും വിഭജിക്കപ്പെട്ടു. പശ്ചിമബർലിൻ ആംഗ്ലോ—അമേരിക്കൻശക്തിയുടെ കൈവശമാണ്. രണ്ടു ബർലിനുകളും തമ്മിലുള്ള സഞ്ചാരസൗകര്യങ്ങളും സമ്പക്കവും ഇന്നു നിരോധിച്ചിരിക്കുകയാണ്. 1949 അവസാനത്തിൽ ഇംഗ്ലണ്ടും അമേരിക്കയും ഫ്രാൻസും ചേന്ന് അവരുടെ അധീനതയിലുള്ള ജമ്മൻ പ്രദേശങ്ങളെ ചേത്ത് ഒരു ജമ്മൻ സംയുക്ത സംസ്ഥാനം രൂപവൽക്കരിക്കുകയുണ്ടായി. അതേ സമയത്ത് റഷ്യ കിഴക്കെ ജമ്മനിയിൽ ഒരു ജനകീയ ജമ്മൻ റിപ്പബ്ലിക്ക് സ്ഥാപിച്ചു. പശ്ചിമ ജമ്മനിയുടെ തലസ്ഥാനം ബോൺ (Bonn) നഗരവും, പൂവ്വജമ്മനിയുടെ തലസ്ഥാനം ബെർലിൻ (Berlin) നഗരവുമാണ്.

ഇൻഡ്യാ ചരിത്രത്തിൽ വിജയനഗരസാമ്രാജ്യവും ഭാമിനി സാമ്രാജ്യവും തമ്മിൽ നടന്ന യുദ്ധങ്ങളുടെ കാരണങ്ങളിലൊന്ന് അവയ്ക്കിടയിൽ കിടന്ന റയിച്ചൂരിനെപ്പററി നവാബിൻെറ കൈവശാവകാശത്തക്കമായിരുന്നുവല്ലോ. യൂറോപ്പിൽ ഫ്രാൻസും ജമ്മനിയും തമ്മിൽ ഉണ്ടായ തുടർച്ചയായ മത്സരങ്ങൾക്ക് കാരണമാക്കിയതു്, രണ്ടു രാജ്യങ്ങൾക്കുമിടയ്ക്കുള്ള ഖനിമേഖലയാണ്. ജമ്മനിയുടെ സാർ താഴ്‌വര ഫ്രഞ്ചുകാരുടെ അൽസേസ് ലൊറെയിൻ ഖനികൾക്കു സമീപമാണ്. ലൊറെയ്ൻ പ്രദേശം ഇരുമ്പിന്നും, സാർ പ്രദേശം കല്ക്കരിക്കും പ്രസിദ്ധമത്രേ. റൈൻ നദിയുടെ തടങ്ങളിൽ ജമ്മനിയിലെ പ്രധാനപ്പെട്ട ധാതുമേഖലകൾ സ്ഥിതി ചെയ്യുന്നു. കേവലം അര നൂററാണ്ടിന്നുള്ളിൽ ഒരു ലോകമഹാശക്തിയായി ഉയരുവാൻ ജമ്മനിക്കു കഴിഞ്ഞതു് ഇവിടത്തെ മണ്ണിന്നടിയിൽ മറഞ്ഞുകിടന്നിരുന്ന ധാതുനിക്ഷേപങ്ങൾമൂലമാണ്. യൂറോപ്പിലെ വ്യാവസായികരാജ്യങ്ങളുടെ മുന്നണിയിലാണ് ജമ്മനി.

## ഇററലി

റോം നഗരം:—യൂറോപ്പിൻെറ തെക്കുഭാഗത്തു് മദ്ധ്യധരണ്യാഴിയിലേക്കു് തള്ളിക്കിടക്കുന്ന അർദ്ധദ്വീപുകളിൽ മദ്ധ്യത്തിലുള്ള ഇററലിയിലെ ടൈബർ നദീതീരത്തിലാണു് റോം നഗരം സ്ഥിതിചെയ്യുന്നതു്. ഏഴു കുന്നുകളുടെ മുകളിൽ പണിതിരുന്ന ഈ നഗരത്തെ കീഴടക്കുക ശത്രുക്കൾക്കെളുപ്പമല്ലായിരുന്നു. ഭൂമിശാസ്ത്രപരമായ സൗകര്യങ്ങൾ ഈ നഗരത്തിൻെറ വളർച്ചയെ അത്യധികം സഹായിച്ചിട്ടുണ്ടു്. ആരംഭദശയിൽ റോം നഗരരാഷ്ട്രം (City State) ആയിരുന്നു. പിന്നീടു് ഇററലി മുഴുവൻ റോം കീഴടക്കി. കാലക്രമത്തിൽ മദ്ധ്യധരണ്യാഴി പ്രദേശം ഒട്ടാകെ ഉൾക്കൊള്ളുന്ന ഒരു വലിയ സാമ്രാജ്യത്തിൻെറ കേന്ദ്രവും തലസ്ഥാനവുമായി റോമാ നഗരം ഉയൎന്നു.

ആദ്യകാലത്തു് റോമിൽ രാജാക്കന്മാർ ഭരിച്ചിരുന്നു. ഒരു പ്രഭുസമിതിയും ഒരു ജനസഭയും രാജാവിനെ നിയന്ത്രിച്ചിരുന്നു. ജനങ്ങൾക്കാണു് പരമാധികാരമെന്നും സൗകര്യാൎത്ഥം അതു രാജാവിനു നല്കുന്നുവെന്നും ഒരു രാജാവിൻെറ മരണശേഷം ജനങ്ങൾ ഒരു പുതിയ രാജാവിനു് ഭരണാധികാരം നൽകുന്നുവെന്നുമാണു് കരുതപ്പെട്ടിരുന്നതു്.

ക്രിസ്തുവിനു മുമ്പു് ആറാം നൂററാണ്ടിൻെറ അവസാനത്തിൽ രാജാധിപത്യം അവസാനിപ്പിച്ചുകൊണ്ടു് റോം ഒരു റിപ്പബ്ലിക്കു് ആയി. റോമിലെ ജനങ്ങൾ കുലീനന്മാർ (Patricians), സാമാന്യജനങ്ങൾ (Plebians) എന്നിങ്ങനെ രണ്ടായി വിഭജിക്കപ്പെട്ടിരുന്നു. റിപ്പബ്ലിക്കായപ്പോൾ അധികാരങ്ങളെല്ലാം കയ്യടക്കിയിരുന്നതു് കുലീനന്മാരായിരുന്നു. രാഷ്ട്രീയവും സാമൂഹ്യവുമായ അവകാശങ്ങൾ ലഭിക്കുവാൻ സാധാരണക്കാർ കുലീനന്മാരുമായി ഒരു നീണ്ട സമരംതന്നെ നടത്തി. അതു സായുധസമരമല്ലായിരുന്നു. റോമാനഗരത്തിൽനിന്നും പിന്മാറിപ്പോകുമെന്നുള്ള ഭീഷണിയാണവർ പ്രയോഗിച്ചതു്. ക്രമേണ അവരുടെ അവശതകൾ തീക്കുവാൻ കുലീനന്മാർ നിർബ്ബന്ധിതരായി.

ഭരണഘടനയിൽ റോമാക്കാർ പല പരിഷ്ക്കാരങ്ങളും വരുത്തി. റിപ്പബ്ലിക്കൻ ഭരണരീതിയും അനന്തരകാലത്തെ ചക്രവൎത്തി ഭരണസമ്പ്രദായവും അവർ പരീക്ഷിച്ചുനോക്കി.

റോമൻ റിപ്പബ്ലിക്കിൻെറ ഭരണസ്വരൂപമെന്തെന്നു നോക്കാം. രാജാവിൻെറ സ്ഥാനത്തു് തുല്യാധികാരങ്ങളോടുകൂടി കോൺസൽസു് എന്ന പേരിൽ രണ്ടു വലിയ ഉദ്യോഗസ്ഥന്മാർ ഭരണാധികാര പ്രമുഖന്മാരായി. ഇവർ ആദ്യകാലത്തു് കുലീനരായ പ്രഭുക്കന്മാരായിരിക്കണമെന്നായിരുന്നു വ്യവസ്ഥ. ഭരണകാര്യങ്ങളിൽ ഇവരെ സഹായിക്കുന്നതിലേക്കു് സെനററു എന്ന പ്രഭുസഭയും ഒന്നിലധികം ജനസഭകളുമുണ്ടായിരുന്നു.

റോമാസാമ്രാജ്യം.

ഫിനീഷ്യൻ വർഗ്ഗക്കാരുടെ വ്യാപാരകേന്ദ്രവും അക്കാലത്തെ ഏററവും സമ്പന്നമായ നഗരവുമായിരുന്നു വടക്കെ ആഫ്രിക്കയിലെ കാർത്തേജ്. കാർത്തേജുമായി റോമാക്കാർ മൂന്നു മഹായുദ്ധങ്ങൾ നടത്തി. ഇവയെ പ്യൂണിക്കു് യുദ്ധങ്ങൾ എന്നു വിളിക്കുന്നു. ബി. സി. രണ്ടും മൂന്നും നൂററാണ്ടുകളിൽ നടന്ന ഈ യുദ്ധങ്ങളിൽ ഏററവും പ്രാധാന്യമർഹിക്കുന്നതു് രണ്ടാം പ്യൂണിക്കു് യുദ്ധമാണു്. അതിൽ കാർത്തേജുകാരുടെ നേതാവായിരുന്ന ഹാനിബോൾ ഇററലിയെ ആക്രമിച്ചു. റോമിൻെറ ഭാഗധേയങ്ങൾ ത്രാസിൽ തൂങ്ങിയെങ്കിലും ഒടുവിൽ ഹാനിബോളിനെ റോമാക്കാർ പരാജയപ്പെടുത്തി.

മൂന്നാമത്തെ പ്യൂണിക്കു് യുദ്ധത്തിൽ റോമാക്കാർ കാർത്തേജ് നശിപ്പിച്ചു. അതിന്നുശേഷം അവർ ഗ്രീസ്, ഏഷ്യാ മൈനർ, സിറിയ, ഈജിപ്ററു്, ഫ്രാൻസു്, ബ്രിട്ടൻ ഇവ കീഴടക്കി പാശ്ചാത്യലോകത്തിൻെറ അധിനായകത്വം സമ്പാദിച്ചു.

ഇക്കാലത്തു് നേതൃത്വം സേനാനായകന്മാരിലായി. അവർ, തമ്മിൽ അധികാരമത്സരങ്ങൾ നടന്നു. ബി. സി. ഒന്നാം നൂററാണ്ടിൽ പോംപെയും ജൂലിയസ് സീസറുമായിരുന്നു റോമിലെ രണ്ടു സൈന്യാധിപന്മാർ. ഒടുവിൽ പോംപെയെ തോല്പിച്ചു് സീസർ റോമാസാമ്രാജ്യത്തിൻെറ ഏകാധിപതി (ഡിക്ടേററർ) ആയി. ജനകീയഭരണവാദിയും ആദ്യകാലത്തു് സീസറിൻെറ ഉററ മിത്രവുമായിരുന്ന ബ്രൂട്ടസ് ഉൾപ്പെട്ട ഒരു ഉപജാപകസംഘം അദ്ദേഹത്തെ വധിച്ചു.

പിന്നീടു് പതിമൂന്നു കൊല്ലത്തെ മത്സരങ്ങൾക്കുശേഷം ഒക്ടേവിയസ് എതിരാളികളെ തോല്പിച്ചു് അഗസ്റ്റസ് എന്ന




പേർ സ്വീകരിച്ചു് റോമാസാമ്രാജ്യത്തിലെ ആദ്യത്തെ ചക്രവത്തിയായി. വെർജിൽ, ഓവിഡു്, ലിവി, ഹൊറേസ് മുതലായ ലാററിൻസാഹിത്യകാരന്മാർ അദ്ദേഹത്തിൻെറ കാലത്തു് ജീവിച്ചിരുന്നു. ക്രിസ്തുമത സ്ഥാപകനായ ശ്രീയേശു

ഇദ്ദേഹത്തിന്റെ സമകാലികനായിരുന്നു. ഒക്ടേവിയസിനു ശേഷം അസംഖ്യം ചക്രവർത്തിമാർ റോമാസാമ്രാജ്യം ഭരിച്ചു. ചിലർ ക്രൂരന്മാരും ക്രിസ്തുമതവിധ്വംസകരുമായിരുന്നു. എന്നാൽ കോൺസ്റ്റൻടൈൻ ചക്രവർത്തിയുടെ കാലംമുതൽ ക്രിസ്തുമതത്തിനു റോമാസാമ്രാജ്യത്തിൽ പ്രാബല്യം സിദ്ധിച്ചു.

നാലാം നൂററാണ്ടുമുതല്ക്ക് റോമാസാമ്രാജ്യം ക്ഷയിക്കുവാൻ തുടങ്ങി. സുഖലോലുപരായിത്തീർന്ന നീറോയെപ്പോലെയുള്ള ചക്രവർത്തിമാരുടെ ഭരണം ജനങ്ങൾക്ക് അസഹ്യമായി. റോമൻജനതയുടെ പൗരബോധവും സന്മാർഗ്ഗനിഷ്ഠയും അധഃപതിച്ചു. രാജ്യത്തിന്റെ ക്രമാതീതമായ വിസ്തൃതിയും അധഃപതനത്തിന്നു് വഴിതെളിച്ചു. നാലാം നൂററാണ്ടിൽ റോമാസാമ്രാജ്യം പാശ്ചാത്യമെന്നും പൗരസ്ത്യമെന്നും രണ്ടു ഭാഗമായി. പാശ്ചാത്യസാമ്രാജ്യത്തിന്റെ തലസ്ഥാനം റോമും, പൗരസ്ത്യസാമ്രാജ്യത്തിന്റെ തലസ്ഥാനം കാൺസ്റ്റാൻറിനോപ്പിളുമായിരുന്നു. അഞ്ചാം നൂററാണ്ടിൽ ഗോത്തുവർഗ്ഗക്കാരും അതിനു ശേഷം ഹൂണന്മാരും വാൻറൽ വർഗ്ഗക്കാരും റോമിനെ ആക്രമിച്ചു. ആഭ്യന്തരമായി ആടി ഉലഞ്ഞുനിന്ന റോമാസാമ്രാജ്യത്തിന്നു് ഈ കിരാതവർഗ്ഗക്കാരുടെ ആക്രമണങ്ങൾ കുനിന്മേൽകുരുവായിരുന്നു. പശ്ചിമറോമാസാമ്രാജ്യം ഇതോടെ അസ്തമിച്ചു.

അഞ്ചു ശതാബ്ദത്തോളം റോമാസാമ്രാജ്യം നിലനിന്നു. മനുഷ്യപുരോഗതിക്കായി റോമക്കാർ നൽകിയ മികച്ച സംഭാവന റോമൻ നിയമസംഹിതയാകുന്നു. ജസ്റ്റിനിയൻ ചക്രവർത്തിയാണു് നിയമങ്ങളെല്ലാം ക്രോഡീകരിച്ചതു്.

## ആധുനികകാലം.

ക്രിസ്തുമതം പ്രചരിച്ചതോടുകൂടി റോം പോപ്പിന്റെ ആസ്ഥാനമായി. മദ്ധ്യകാലത്തു് ഇററലിയിലെ വെനീസ്, ജിനോവ എന്നീ പട്ടണങ്ങൾ വളരെ നല്ല നിലയിലെത്തിയിരുന്നു. പിന്നീടു് യൂറോപ്പിലെ മററു രാജ്യങ്ങളെന്നപോലെ ഇററലിയും സാംസ്കാരിക നവോത്ഥാനത്തിനു വിധേയമായി. നെപ്പോളിയന്റെ പരാജയത്തിനുശേഷം 1815—ലെ വിയന്നാ കാൺഗ്രസ്സിൽ വച്ചു് ഇററലി പല ചെറിയ രാജ്യങ്ങളായി

വിഭജിക്കപ്പെട്ടു. ഏററവും നല്ല ഭാഗങ്ങൾ ആസ്ത്രിയക്കാർ കൈവശപ്പെടുത്തി. സർഡീനിയാ എന്ന ഒരു രാജ്യം മാത്രം ഇററലിയിൽ സ്വതന്ത്രമായി ശേഷിച്ചു.

ഇങ്ങനെ വിദേശീയാധിപത്യത്തിൽ കഴിഞ്ഞിരുന്ന ഇററലിക്കാക്ക് സ്വാതന്ത്ര്യം ലഭിച്ചതു് ജോസഫ് മസ്സീനി, ഗാരിബാൾഡി എന്ന രണ്ടു രാജ്യസ്നേഹികളുടെ സംഘടിത ശ്രമഫലമായിട്ടായിരുന്നു. സർഡീനിയയിലെ മന്ത്രിയായിരുന്ന കവൂറും അവരോടൊന്നിച്ചു പ്രവത്തിച്ചിരുന്നു. ഇവരുടെ പ്രവത്തനഫലമായി ആസ്ത്രിയ ഇററലിയിൽ വെനിഷ്യ മുതലായവയൊഴിച്ചു് മററു ഭാഗങ്ങളിൽനിന്നും പിൻവാങ്ങി. 1861 ആയപ്പോഴേക്കും ഇററലി സ്വതന്ത്രവും ഏറെക്കുറെ ഏകീകൃതവുമായ ഒരു രാജ്യമായിത്തീൎന്നു.

വിക്ടർ ഇമ്മാനുവേൽ രാജാവു് ആസ്ത്രിയയോടു് യുദ്ധം ചെയ്തു് വെനീഷ്യാ വീണ്ടെടുത്തു. അദ്ദേഹമാണു് റോമിനെ ഐക്യഇററലിയുടെ രാജധാനിയാക്കിയതു്. ആസ്ത്രിയയോടും ജമ്മനിയോടും ചേൎന്നു് ഇററലി ഒരു ത്രിശക്തിസഖ്യം ഒപ്പു വച്ചതിൻെറ ഫലമായി ഇററലിയുടെ ഏകീകരണം പൂത്തിയാക്കുവാൻ 1915 വരെ സാധിച്ചില്ല. അതുകൊണ്ടാണു് 1915–ൽ ത്രിശക്തിസഖ്യത്തെ വിഗണിച്ചു്, ഇററലി ജമ്മനിക്കും ആസ്ത്രിയക്കും എതിരായി യുദ്ധം ചെയ്തതു്. ട്രെൻറും ട്രീസ്റ്റിയും ഇററലി വീണ്ടെടുത്തു.

പിൽക്കാലത്തു് ഇററലിയിലെ സവ്വാധിപതിയായിത്തീർന്ന മുസ്സോളിനി ഒരു സാധാരണ ഭടനായി ഒന്നാം ലോകമഹായുദ്ധത്തിൽ പങ്കെടുത്തിരുന്നു. മുസ്സോളിനിക്കു തൊഴിലാളികളുടെ ഇടയിൽ യാതൊരു സ്ഥാനവും ഉണ്ടായിരുന്നില്ല. അദ്ദേഹം സോഷ്യലിസത്തെ എതിത്തു. ചോരയൊഴുക്കിയും കാര്യം നേടുകയെന്നതായിരുന്നു അദ്ദേഹം സ്വീകരിച്ച മാഗ്ഗം. നാടെങ്ങും അലഞ്ഞുതിരിഞ്ഞിരുന്ന പടയാളികളെ കൂട്ടിച്ചേത്തു 1919–ൽ അദ്ദേഹം കുറെ സന്നദ്ധസംഘങ്ങൾ രൂപവത്കരിച്ചു. അവർ സോഷ്യലിസ്ററുകാരുടെ അച്ചടിശാലകൾ, ആഫീസുകെട്ടിടങ്ങൾ എന്നിവയ്ക്കു് തീവെച്ചു. തൊഴിലാളിമദ്ദനം ഇഷ്ടമായിരുന്ന ഗവണ്മെൻറും മുതലാളിമാരും

ഇതിനെ അനുകൂലിച്ചതേയുള്ളു. 1922–ൽ മുസ്സോളിനിയുടെ സന്നദ്ധഭടന്മാർ അധികാരം പിടിച്ചെടുക്കുവാനായി റോമാനഗരത്തിൽ പ്രവേശിച്ചു. ഭയവിഹ്വലനായ രാജാവ് മുസ്സോളിനിയോട് ഭരണം കയ്യേല്ക്കുവാൻ ആവശ്യപ്പെട്ടു. അങ്ങനെ മുസ്സോളിനി ഇററലിയിലെ ഭരണമേധാവിയായിത്തീൻ്ന.

അടുത്തതായി ജനപ്രതിനിധിസഭ സവ്വാധികാരവും മുസ്സോളിനിക്കു കൊടുത്തു. പലരും അദ്ദേഹത്തെ ഒരു അമാനുഷനായിക്കരുതി; രാജ്യം കിടുകിടെ വിറച്ചു. പത്രസ്വാതന്ത്ര്യത്തേയും പ്രസംഗസ്വാതന്ത്ര്യത്തേയും സമ്മേളനസ്വാതന്ത്ര്യത്തേയും ധ്വംസിച്ച് എതിർ കക്ഷികളെ മുസ്സോളിനി നിവ്വീര്യമാക്കി. അദ്ദേഹത്തിൻെറ അഭിപ്രായം പൊതുജനാഭിപ്രായമായി ഉത്ഘോഷിക്കപ്പെട്ടു. നഗ്നമായ മർദ്ദനംകൊണ്ടു് മുസ്സോളിനിയുടെ പാർശ്വവത്തികൾ എതിരാളികളെ നശിപ്പിച്ച് ഇററലിയിൽ ഏകകക്ഷിഭരണം നടപ്പിലാക്കി.

ഫാസിസം.

മുസ്സോളിനിയുടെ അനുയായികളെ ഫാസിസ്റ്റ് ഭടന്മാർ എന്നാണ് വിളിച്ചിരുന്നതു്. ഔദ്യോഗികചിഹ്നമായി അവർ സ്വീകരിച്ചിരുന്നതു് ഒരു കെട്ട് ഗദകളും അവയ്ക്കു മദ്ധ്യേ ഒരു കോടാലിയും കൂടി ചേൻ്ന മുദ്രയായിരുന്നു.

മുസ്സോളിനിയുടെ സന്നദ്ധഭടന്മാർ കരിങ്കുപ്പായക്കാർ എന്നറിയപ്പെട്ടിരുന്നു. സോഷ്യലിസത്തേയും കമ്മ്യൂണിസത്തേയും എതിക്കുക എന്നതൊഴികെ അവക്ക് ഒരു കാര്യപരിപാടിയുമുണ്ടായിരുന്നില്ല. തൊഴിലാളിസംഘടനകളെയെല്ലാം കരിങ്കുപ്പായക്കാർ നശിപ്പിച്ചു. നിയമംമൂലം തൊഴിലാളി മുതലാളി വഴക്കുകൾ ഇല്ലായ്മ ചെയ്തു. തൻെറ സിദ്ധാന്തമനുസരിച്ചുള്ള ഇററലിയുടെ സാമ്പത്തിക പുനരുദ്ധാരണം മുസ്സോളിനി ആരംഭിച്ചു. മാർപ്പാപ്പായുമായി നിലനിന്നിരുന്ന വൈരക്കേട് അദ്ദേഹം അവസാനിപ്പിച്ചു. അന്നുമുതൽ മുസ്സോളിനി ഒരു സാമ്രാജ്യം സ്ഥാപിക്കാൻ യത്നിച്ചു. അൽബേനിയയും അബിസീനിയയും മുസ്സോളിനി പിടിച്ചെടുത്തു. 1937 മുതൽ ഇററലിയും ജപ്പാനും ജമ്മനിയും സവ്വരാഷ്ട്രസമിതിക്കുവെളിയിൽ ഒരുമിച്ച് അണിനിരന്നുകൊണ്ടു് റോം-ബെർലിൻ-ടോക്കിയോ

ബന്ധം സുദൃഢമാക്കി. അച്ചുതണ്ടുശക്തികളെന്നാണ് ഇവർ അറിയപ്പെടുന്നതു്. അവരുടെ ബന്ധം അതിബലവത്തായ ഒരു സമരസഖ്യമായി രൂപം പ്രാപിച്ചു.

രണ്ടാം ലോകമഹായുദ്ധത്തിൽ ജർമ്മൻസേന ഫ്രാൻസിൽ പ്രവേശിച്ചപ്പോൾ മുസ്സോളിനിയും ഫ്രാൻസിനോടു യുദ്ധം പ്രഖ്യാപിച്ചു. 1943-ൽ വടക്കെ ആഫ്രിക്കയിൽ അമേരിക്കൻ ജനറലായ ഐസൻഹോവർ, ജർമ്മൻ സേനാനായകനായ റോമലിനെ തോല്പിച്ചശേഷം സിസിലിദ്വീപിൽ പ്രവേശിക്കുകയും ഇററലിയുടെ തെക്കേഅററം ആക്രമിക്കുകയും ചെയ്തു. മുസ്സോളിനി റോമിൽനിന്നു് ഒളിച്ചോടി. അദ്ദേഹത്തിൻെറ അനന്തരഗാമി ഐക്യരാഷ്ട്രങ്ങൾക്കു് കീഴടങ്ങുകയാണു് ചെയ്തതു്. വടക്കെ ഇററലിയിൽ വെച്ചു് കുറെ ഇററലിക്കാർ മുസ്സോളിനിയെ പിടികൂടി വധിച്ചുവത്രേ.

ഇററലി കീഴടങ്ങിയതിനുശേഷം ആംഗ്ലോ അമേരിക്കൻ ശക്തികൾ ഇററലിയിൽ അവരുടെ ഒരു നിയന്ത്രണസമിതിയെ നിയമിച്ചു. ആ സമിതിയുടെ നിർദ്ദേശമനുസരിച്ചു് ഡിഗാസ്പരി എന്നൊരു നേതാവു് ഇററലിയിലെ ഗവണ്മെൻറു് രൂപവത്കരിച്ചുകൊണ്ടു് ഫാസിസ്ററുകളെ ഉന്മൂലനാശം ചെയ്യുവാൻ തുടങ്ങി. 1946-ൽ ഇററലിയെ ഒരു റിപ്പബ്ലിക്കായി പ്രഖ്യാപനം ചെയ്യുകയുണ്ടായി. ഒരു കൊല്ലത്തിനുശേഷം നിയന്ത്രണസമിതി പിരിച്ചുവിട്ടു.

സാർവ്വത്രിക സമ്മതിദാനാടിസ്ഥാനത്തിൽ തിരഞ്ഞെടുത്ത ഒരു ജനസഭ, സെനററു് എന്ന ഒരു ഉപരിമണ്ഡലം എന്നിവ ചേർന്നുള്ള ഒരു നിയമസഭയും അതു് തിരഞ്ഞെടുക്കുന്ന ഒരു പ്രസിഡൻറും ഉൾപ്പെട്ട ഒരു ഭരണകൂടവും 1948-ൽ ഇററലിയിൽ സ്ഥാപിതമായി.

## ഗ്രീസ്

### നഗരരാഷ്ട്രങ്ങൾ.

പാശ്ചാത്യസംസ്കാരത്തിൻെറ ഉറവിടം പ്രാചീന ഗ്രീസ് ആകുന്നു. അനേകായിരം വർഷങ്ങൾക്കുമുമ്പു് മെഡിററനേനിയൻതീരങ്ങളിൽ താമസമുറപ്പിച്ചിരുന്ന ഒരു ആര്യവർഗ്ഗമാണു്

ഗ്രീക്കുകാർ. പ്രാചീന ഗ്രീക്കുകാരെപ്പററിയുള്ള വിവരങ്ങൾ ഹോമറെന്ന മഹാകവിയുടെ 'ഇലിയഡ്'' എന്ന കൃതിയിൽനിന്നുമാണ് നാം മനസ്സിലാക്കുന്നതു്.

അസംഖ്യം പർവ്വതപംക്തികളും കുന്നുകളും ഉൾക്കടലുകളും ഗ്രീസിൻെറ ഒരു പ്രത്യേകതയാണ്. ഇതു അനേകം ചെറിയ രാജ്യങ്ങളുടെ ഉദയത്തിനു് സഹായമായിത്തീർന്നു. ഓരോ സ്ഥലത്തു് താമസമാക്കിയവർ മററു് ആളുകളിൽ നിന്നകന്നു് സ്വതന്ത്രമായി പുലരുവാൻ ഇടയായി. വേർതിരിഞ്ഞുകിടന്ന മലയോരങ്ങളിലും താഴ്വരകളിലും പല നഗരരാഷ്ട്രങ്ങളും ഉത്ഭവിച്ചു. ഓരോ നഗരരാഷ്ട്രത്തിനുചുററും പ്രകൃതിദത്തമായ അതിരുകൾ ഉണ്ടായിരുന്നുവെന്നു പറയാം. നഗരരാഷ്ട്രങ്ങൾ ഒന്നുംതന്നെ അധികം വലിപ്പമുള്ളവയായിരുന്നില്ല. വളരെ കൂടുതൽ ജനവാസമുള്ള നഗരം ഏതൻസ് ആയിരുന്നു.

നഗരരാഷ്ട്രങ്ങളിൽ ആദ്യകാലത്തു് രാജാധിപത്യമായിരുന്നു നിലവിലിരുന്നതു്. തുടർന്നു പ്രഭുക്കന്മാർ ആധിപത്യം നേടി. അവർ സ്വന്തം നന്മയെ മാത്രം ലക്ഷ്യമാക്കിയാണു് ഭരണം നടത്തിയതു്. സാധാരണ ജനങ്ങൾ പലവിധത്തിലും കഷ്ടപ്പെട്ടു. പ്രഭുക്കന്മാരുടെ ഭരണം ദുഷിക്കുകയും മർദ്ദനപരമായി ഭവിക്കുകയും ചെയ്തപ്പോൾ സ്വേച്ഛാധിപതികൾ അധികാരം കൈവശപ്പെടുത്തി. ഇവരിൽ പലർക്കും ആദ്യം പൊതുജനങ്ങളുടെ പിൻതുണ സിദ്ധിച്ചു. എന്നാൽ കാലക്രമത്തിൽ പലരും ദുർമ്മോഹികളും സ്വാർത്ഥതൽപരന്മാരുമായിത്തീർന്നു. തൻമൂലം ജനങ്ങൾ അവരുടെ ഭരണവും അവസാനിപ്പിച്ചു. അധികാര സാമാന്യജനങ്ങളുടെ കൈയിലേക്കു് മാറുകയും ജനകീയ ഭരണം സ്ഥാപിക്കപ്പെടുകയുമുണ്ടായി.

ക്രിസ്തുവിനുമുമ്പു് ആറും അഞ്ചും നൂററാണ്ടുകളിൽ ജനാധിപത്യഭരണം പല നഗരരാഷ്ട്രങ്ങളിലും രൂപം പൂണ്ടു. അക്കാലത്തു് ഗ്രീസിലെ നഗരരാഷ്ട്രങ്ങളിൽ നിലനിന്ന ജനാധിപത്യഭരണം ഇന്നത്തേതിൽനിന്നും വ്യത്യസ്തമായിരുന്നു. പൗരന്മാർ ജനപ്രതിനിധികളെ തിരഞ്ഞെടുത്തിരുന്നില്ല. ഓരോ പൗരനും രാജ്യകാര്യങ്ങളിൽ നേരിട്ടു പങ്കെടുത്തു. ഇതു് സാദ്ധ്യമായതു് നഗരരാഷ്ട്രത്തിൻെറ വിസ്തീർണ്ണം കുറവായിരുന്നതിനാലും പൗരന്മാരുടെ സംഖ്യ പരിമിതമായിരുന്നതിനാലും ആണു്.

സ്ത്രീകൾക്ക് പൗരാവകാശം നിഷേധിക്കപ്പെട്ടിരുന്നു. ജനസംഖ്യയിൽ ഒരു വലിയ ഭാഗമായിരുന്ന അടിമകൾക്കും പൗരാവകാശം ഇല്ലായിരുന്നു.

നഗരസമിതിയിലെ ചർച്ചകളിൽ പങ്കെടുക്കുവാൻ എല്ലാ പൗരന്മാർക്കും അവകാശം ഉണ്ടായിരുന്നു. എല്ലാ പൗരന്മാരും അടങ്ങിയിരുന്ന ജനസഭയാണ്, ഉദ്യോഗനിയമനങ്ങളും നിയമനിർമ്മാണവും നടത്തിയിരുന്നത്. ജനസഭയിൽ ഹാജരാകുന്ന സകല പൗരന്മാക്കും ശമ്പളം നൽകുന്ന രീതി നടപ്പിലായത് ഏതൻസിലെ ഭരണാധികാരിയായിരുന്ന പെരിക്ലിസിൻെറ കാലത്താകുന്നു.

ക്രിസ്തുവിനുമുമ്പ് അഞ്ചാം നൂററാണ്ടിൻെറ അന്ത്യഘട്ടത്തിൽ ഗ്രീസിലെ നഗരരാഷ്ട്രങ്ങൾ തമ്മിൽ ഒരു ആഭ്യന്തരയുദ്ധമുണ്ടായി. ഏതൻസും സ്പാർട്ടയുമായിരുന്നു പ്രധാന മത്സരകക്ഷികൾ. ഏതൻസിൻെറ പരാജയത്തോടുകൂടി ജനകീയഭരണം ക്ഷയിച്ചു. അവസരസേവകന്മാരും അഴിമതിക്കാരും പ്രമാണികളായി. ഛിദ്രവാസനകൾ തലയുയർത്തി. ഈ തക്കംനോക്കി മാസിഡോൺ രാജ്യത്തിലെ രാജാവായിരുന്ന ഫിലിപ്പും അദ്ദേഹത്തിൻെറ കാലശേഷം പുത്രനായ അലക്സാണ്ടറും നഗരരാഷ്ട്രങ്ങളെ തോല്പിച്ചു കീഴടക്കി. ഇങ്ങനെ ഗ്രീസിൻെറ സ്വാതന്ത്ര്യവും സുവർണ്ണദശയും ക്രിസ്തുവിനുമുമ്പ് നാലാം നൂററാണ്ടിൽ നാമാവശേഷമായിത്തീന്നു.

എല്ലാ പൗരന്മാരും ഒരുപോലെ രാജ്യത്തിൻെറ ഭരണാധിപരും സേവകരുമാണെന്ന് ലോകത്തെ മനസ്സിലാക്കിയത് ഗ്രീസിലെ നഗരരാഷ്ട്രങ്ങളാണ്. സ്വമേധയാ നിയമങ്ങൾ അനുസരിക്കുന്നതിലും സമുദായക്ഷേമം ലക്ഷ്യമാക്കി ഓരോ പൗരനും പ്രവർത്തിക്കുന്നതിലും ലോകത്തിനു് മാർഗ്ഗദർശനം നൽകിയതു് ഏതൻസ് ആണെന്നു പറയാം.

നഗരരാഷ്ട്രങ്ങളിൽ വളർച്ച പ്രാപിച്ച പ്രത്യക്ഷ ജനകീയ ഭരണരീതിമൂലം തത്വചിന്ത, സാഹിത്യം, ശാസ്ത്രം, കല മുതലായ രംഗങ്ങളിലും ഗ്രീസിന്നു പല നേട്ടങ്ങളുണ്ടായി. സോക്രട്ടീസ്, പ്ലേറേറാ, അരിസ്റ്റോട്ടിൽ എന്ന മൂന്നു അപ്രതിമന്മാരായ തത്വചിന്തകന്മാരെ ലോകത്തിനു നൽകിയതു് ഗ്രീസാണ്. പ്രാചീന

ഗ്രീസിലെ ഏസ്കിലസ്, സോഫോക്ലിസ്, യൂറിപ്പിഡീസ് എന്നിവർ പ്രമുഖ നാടകകൃത്തുക്കളായിരുന്നു. ഗ്രീസിലെ മഹാകവിയായ ഹോമറിനെപ്പററി മുൻപു സൂചിപ്പിച്ചല്ലോ. ചരിത്രകാരന്മാരുടെ പൂർവ്വികനായ ഹെരഡോട്ടസ്, മഹാവാഗ്മിയായ ഡെമൊസ്തനീസ് എന്നിവരും ഗ്രീസിൻെറ അഭിമാനഭാജനങ്ങളും ആണ്.

ശില്പകല, കൊത്തുപണി, ചിത്രരചന എന്നീ മണ്ഡലങ്ങളിലും ഗ്രീസിൻെറ നേട്ടങ്ങൾ അസൂയാവഹങ്ങളായിരുന്നു. ജ്യോതിശ്ശാസ്ത്രം, ക്ഷേത്രഗണിതം, വൈദ്യശാസ്ത്രം മുതലായ വിഷയങ്ങളിലും ഗ്രീക്കുകാർ മുൻപന്തിയിൽ നിന്നിരുന്നു ഓരോ പൗരനും സ്വന്തം കഴിവുകൾ വികസിപ്പിക്കുവാനും വ്യക്തിത്വം പുലർത്തുവാനും ഗ്രീസ്സിലെ ജനകീയഭരണം പ്രേരകമായി. ജനസമൂഹത്തിനു് ഏററവും പ്രയോജനമുള്ള ഭരണസമ്പ്രദായം ഏതെന്നു് അനേകം പരീക്ഷണങ്ങളിലൂടെ നമുക്കു മനസ്സിലാക്കിത്തന്നതും ഗ്രീക്കുകാരാണു്. ഒരു രാഷ്ട്രീയ പരീക്ഷണശാലയായിട്ടാണു് ഗ്രീസിനെ നാം പരിഗണിക്കേണ്ടതു്.

ഒളിമ്പിക്കു് മത്സരങ്ങൾ.

ഗ്രീക്കുകാരിൽ ഐക്യബോധം വളർത്തുന്നതിനു് കായികവിനോദങ്ങൾ ഉപകരിച്ചിട്ടുണ്ടു്. ദേവന്മാരെ പ്രീതിപ്പെടുത്തുന്നതിനു വേണ്ടിയായിരുന്നു ആദ്യകാലത്തു് അത്തരം വിനോദങ്ങൾ ഏർപ്പെടുത്തിയിരുന്നതു്. ഒളിമ്പിയാ എന്ന സ്ഥലത്തായിരുന്നു അതിൻെറ ആരംഭം. ക്രിസ്തുവിനുമുമ്പു് 776-ൽ ഒളിമ്പിക്കു് കളികൾ ആരംഭിച്ചു. നാലുകൊല്ലത്തിലൊരിക്കൽ അഞ്ചുദിവസം നീണ്ടുനില്ക്കുന്ന ഒരു വമ്പിച്ച ഉത്സവമായിരുന്നു അതു്. ഒരുതവണത്തെ ഉത്സവം കഴിഞ്ഞാൽ അടുത്ത ഉത്സവത്തിനുവേണ്ടി പ്രായമായവരെല്ലാം കാത്തിരിക്കുകയായി. ഏഴുവയസ്സുകഴിഞ്ഞ ഓരോ ഗ്രീക്കുബാലൻെറയും ആശ ഒളിമ്പിക് കളികളിൽ പങ്കെടുത്തു് വെന്നിക്കൊടി പാറിക്കണമെന്നായിരുന്നു. രാജ്യത്തിൻെറ എല്ലാ ഭാഗത്തും ഈ ആഗ്രഹത്തിൻെറ പേരിൽ യുവാക്കൾ ഒന്നിച്ചുകൂടി കളികൾ അഭ്യസിച്ചുപോന്നു.

പേർഷ്യക്കാരെ ഗ്രീക്കുകാർ മാരത്തോൺ എന്ന സ്ഥലത്തു വച്ച് യുദ്ധത്തിൽ തോല്പിച്ചു. ആ വാൎത്തയുമായി ഒരു ഗ്രീക്കു യുവാവ് മാരത്തോണിൽനിന്നു് ഇരുപത്തിരണ്ടു മൈൽ അകലെ സ്ഥിതിചെയ്യുന്ന ഏതൻസിലേക്കു് ഓടി. അതു് ഓട്ടമായിരുന്നില്ല. മിന്നൽവേഗത്തിലുള്ള ഒരു പാച്ചിലായിരുന്നു. ഗ്രീസിൻെറ നിലനില്പിനെത്തന്നെ ചോദ്യംചെയ്തിരുന്ന ജീവന്മരണ സംഘട്ടനത്തിൽ തങ്ങളുടെ രാജ്യത്തിൻെറഭാവി എന്തെന്നു അറിയാൻ വെമ്പിയിരുന്ന അഥീനിയന്മാരെ കാലേക്കൂട്ടി വിവരമറിയിക്കുന്നതിനായിരുന്നു ആ യുവാവ് ഈ സാഹസം കാട്ടിയതു്. അവൻെറ ആഗ്രഹം സാധിച്ചു. പക്ഷെ വാർത്ത അറിയിച്ചതിനുശേഷം അവൻ മരിച്ചുവീണു. ഈ ഓർമ്മയെ നിലനിറുത്തുന്ന ഒന്നാണു് മാരത്തോൺ ഓട്ടം.

## സ്വിററ്സർലൻഡ്—സഞ്ചാരികളുടെ സ്വർഗ്ഗം

സ്വാതന്ത്ര്യപ്രിയരും, ബലിഷ്ഠരും, പരിശ്രമശീലരുമായ ഒരു ജനസമൂഹം, മദ്ധ്യയൂറോപ്പിലെ ഗിരിതടപ്രദേശങ്ങളിൽ വസിക്കുന്നുണ്ടു്. ആ പ്രദേശമാണു് സ്വിററ്സർലൻഡ്. ഇതര രാജ്യക്കാരിൽ അനല്പമായ അസൂയ ഉളവാക്കിക്കൊണ്ടു് സംതൃപ്തമായ ഒരു ജീവിതം നയിച്ചുപോരുന്ന സ്വിസ്സ് ജനത ചൈതന്യവും പ്രവൎത്തനക്ഷമതയും ഉള്ളവരാണു്.

പ്രകൃതിയുടെ പ്രത്യേക പരിലാളനങ്ങൾക്ക് പാത്രീഭവിച്ചിരിക്കുന്ന സ്വിററ്സർലൻഡുരാജ്യം ആൽപ്സ് പൎവ്വതസാനുക്കളിൽ സ്ഥിതിചെയ്യുന്നു: സിലോണിൻെറ മൂന്നിൽ രണ്ടുഭാഗം വലിപ്പമേ ഈ രാജ്യത്തിനുള്ളു. എന്നാൽ സിലോണിലുള്ളിടത്തോളം തന്നെ ജനസംഖ്യയുമുണ്ടു്. ലണ്ടനിലെ ജനസംഖ്യയുടെ പകുതിയിലല്പം കൂടുതൽ മാത്രമാണു് സ്വിററ്സർലൻഡിലെ ആകെ ജനസംഖ്യ.

സമുദ്രത്തിൽനിന്നും അകലെ സ്ഥിതിചെയ്യുന്നതുകൊണ്ടും സമുദ്രനിരപ്പിൽനിന്നും ഉയർന്നുകിടക്കുന്നതിനാലും ശീതകാലത്തു് സ്വിററ്സർലൻഡിൽ ശൈത്യം കൂടുതലാണു്. ഉഷ്ണകാലത്തു് വളരെയധികം ചൂടില്ലതാനും.

വടക്കും തെക്കും ഉന്നതഭൂമികളാണെങ്കിലും മദ്ധ്യത്തിൽ ജനവാസയോഗ്യമായ ഒരു തടപ്രദേശമുണ്ട്. ഈ രാജ്യത്ത് കാർഷികാവശ്യങ്ങൾക്കുപകരിക്കുന്ന പ്രദേശം ഇവിടം മാത്രമാണ്. പ്രകൃത്യാ ഫലപുഷ്ടിയുള്ള മണ്ണല്ല ഈ നാട്ടിലേത്. എങ്കിലും മനുഷ്യപ്രയത്നത്തിനു സാധിക്കാവുന്നതെല്ലാം ഇവിടെ സാധിച്ചിട്ടുണ്ട്. ഒരിഞ്ചു ഭൂമിപോലും ഉപയോഗശൂന്യമാക്കിത്തള്ളിയിട്ടില്ല. ഗോതമ്പ്, ഓട്ട്സ്, റൈ, ഉരുളക്കിഴങ്ങ്, മുന്തിരി എന്നിവയാണ് ഇവിടെ പ്രധാനമായി കൃഷിചെയ്യുന്നത്.

ആൽപ് എന്ന വാക്കിൻെറ അർത്ഥം പർവ്വതത്തിലെ മേച്ചിൽസ്ഥലമെന്നാണ്. സ്വിസ്സ് ജനതയുടെ പ്രധാന തൊഴിൽ കന്നുകാലിവളർത്തലായതെന്തുകൊണ്ടാണെന്നു പ്രത്യേകിച്ചു പറയേണ്ടതില്ലല്ലോ. പർവ്വതങ്ങളുടെ ചരിവുകളിൽ സ്ഥിതിചെയ്യുന്ന പുൽമേടുകളാണ് വേനൽക്കാലത്ത് ആടുമാടുകളുടെ മേച്ചിൽസ്ഥലം. ശീതകാലം ആരംഭിക്കുന്നതോടുകൂടി മൃഗങ്ങളെയെല്ലാം താഴ്വരകളിലാക്കി സംരക്ഷിക്കുന്നു. അന്നു ഉയരമുള്ള ഭാഗങ്ങളിലെല്ലാം മഞ്ഞുവീണുറഞ്ഞിരിക്കും. ഫ്രാൻസിൻെറയും സ്വിററ്സർലൻഡിൻെറയും അതിർത്തിയിൽ കിടക്കുന്ന മോൺട് ബ്ലാങ്ക് (Mont Blanc) കൊടുമുടി ഹിമാവൃതമായിരിക്കുകയും ചെയ്യും.

സ്വിററ്സർലൻഡിൽ കൽക്കരി ലഭിക്കുന്നില്ല, വിദ്യുച്ഛക്തിയെ ആശ്രയിക്കുകയേ നിവൃത്തിയുള്ളു. അതു സുലഭമാണുതാനും. അനേകം ചെറിയ നദികൾ കുതിച്ചൊഴുകി താണപ്രദേശങ്ങളിലെത്തുന്നതിനാൽ ജലപ്രവാഹത്തെ ബന്ധിച്ച് ശക്ത്യുൽപ്പാദനം സാധിക്കുന്നു. വ്യവസായശാലകളും തീവണ്ടികളും വിദ്യുച്ഛക്തിമൂലമാണ് പ്രവർത്തിക്കുന്നതു്.

ഗതാഗതത്തിനു വൈഷമ്യങ്ങൾ ഉള്ളതിനാലും തുറമുഖസൗകര്യമില്ലാത്തതിനാലും ആകൃതിവലിപ്പമുള്ള സാധനങ്ങൾ നിർമ്മിക്കുന്നതിൽ സ്വിസ്സ്ജനത വിമുഖരാണ്. ചെറുതും വിലക്കൂടുതലുള്ളവയുമായ സാധനങ്ങളുടെ ഉൽപാദനത്തിലാണ് അവർ അത്യന്തം ശ്രദ്ധചെലുത്തിയിട്ടുള്ളതു്. സ്വിസ്സ വാച്ച്, ക്ലാക്ക്, കളിപ്പാട്ടങ്ങൾ എന്നിവ പ്രസിദ്ധിയാർജ്ജിച്ചിട്ടുണ്ടല്ലൊ.

പ്രകൃതിരാമണീയകത്തിൽ അദ്വിതീയസ്ഥാനമുള്ള സ്വിററ്സർലൻഡ് ധാരാളം വിദേശികളെ ആകർഷിക്കുന്നു. നീലാകാശത്തിൻെറ പശ്ചാത്തലത്തിൽ, സൂര്യകിരണങ്ങളേററു വെട്ടിത്തിളങ്ങുന്ന വെണ്മയേറിയ മഞ്ഞിൻമകുടങ്ങളണിഞ്ഞ ഗിരിശൃംഗങ്ങളും, കളകളാരവം പൊഴിച്ച് കുന്നിൻചരിവുകളിൽക്കൂടി കുതിച്ചുചാടുന്ന നീർച്ചോലകളും, അലകളില്ലാതെ പ്രശാന്തമായിക്കിടക്കുന്ന ദശക്കണക്കിനുള്ള തടാകങ്ങളും, ഇരുളടഞ്ഞ വനങ്ങളോടൊപ്പം നില്ക്കുന്ന പച്ചവിരിപ്പിട്ട പുൽമേടുകളും, കൃഷിസ്ഥലങ്ങളും ആരേയും ആനന്ദിപ്പിക്കാതിരിക്കില്ല. സ്കേററിംഗ് (Skating) അവിടത്തെ ഒരു പ്രധാന വിനോദമാകുന്നു. ശീതകാലത്തു് വിനോദങ്ങൾക്കുവേണ്ടി സ്വിററ്സർലൻഡിൽ എത്തുന്നവർ അസംഖ്യമാണ്. തന്മൂലം സന്ദർശകർക്ക് താമസസ്ഥലവും ആഹാരവും വിനോദവും നൽകി ആദായമുണ്ടാക്കുന്ന വ്യവസായം (Tourist Industry) ഇവിടെ വളരെ വികസിച്ചിട്ടുണ്ട്.

ആൽപ്സിലുള്ള തുരങ്കങ്ങൾവഴി തീവണ്ടിപ്പാതകൾ സംഘടിപ്പിച്ചിരിക്കുന്നതിനാൽ ഇപ്പോൾ ഗതാഗതസൗകര്യം കുറെയൊക്കെ ഉണ്ടായിട്ടുണ്ട്. സ്വിററ്സർലൻഡിൻെറ തലസ്ഥാനം ബേൺ നഗരമാണ്.

സ്വിററ്സർലൻഡു് ഒരു നിഷ്പക്ഷരാജ്യമാണ്. ഇതരരാജ്യങ്ങളുടെ രാഷ്ട്രീയപ്രവർത്തനങ്ങളിൽ ഇടപെടാൻ സ്വിസ്സ് ജനത ആഗ്രഹിച്ചിട്ടില്ല. റെഡ്ക്രാസ് സൊസൈററി സ്ഥാപിച്ചതിവിടെയാണ്. അശരണർക്കും മററും സഹായം നൽകുക, ആതുരന്മാരെ ശുശ്രൂഷിക്കുക മുതലായവയാണല്ലോ ഇതിൻെറ ആദർശങ്ങൾ. കഴിഞ്ഞ രണ്ടു ലോകമഹായുദ്ധങ്ങളിലും മുറിവേററ എല്ലാ ഭടന്മാരേയും കക്ഷിഭേദമെന്യേ ശുശ്രൂഷിക്കുന്നതിൽ സ്വിസ്സ് ജനത ശ്രദ്ധിച്ചിരുന്നു. സർവ്വരാഷ്ട്രസമിതി (League of Nations)യുടെ ആസ്ഥാനം സ്വിററ്സർലൻഡിലെ ജനീവാപട്ടണമായിരുന്നു. ഇന്നു സാർവ്വലൗകികചർച്ചകൾക്ക് ആ പട്ടണം തിരഞ്ഞെടുക്കപ്പെടാറുണ്ട്.

ജർമ്മൻകാരും ഫ്രഞ്ചുകാരും ഇററലിക്കാരും ഓരോ കാല ഘട്ടത്തിൽ ഇവിടെ കുടിയേറിപ്പാർത്തിട്ടുണ്ട്. അവരുടെ ഭാഷക ളാണു് ഇവിടെ പ്രചാരത്തിലിരിക്കുന്നതു്. സ്വിസ് ഭാഷ എന്നൊന്നില്ല.

ഇന്നു് സ്വിററ്സർലൻഡിൽ പല ഭാഷകൾ നിലവിലി രിക്കുന്നു എങ്കിലും ഭാഷാഭേദങ്ങൾ സ്വിസ്സ് ജനതയുടെ ഐക്യ ബോധത്തിനു് ഉടവുതട്ടുന്നതിനു് കാരണമായിട്ടില്ല. വൈകാരി കമായി അവർ ഒന്നായിത്തീർന്നിരിക്കുകയാണു്. ഇതിനു പ്രേരകങ്ങളായ ഘടകങ്ങളിൽ ഒട്ടും അപ്രധാനമല്ലാത്ത ഒന്നു് അവിടത്തെ വിദ്യാഭ്യാസരീതിയാണു്. കുഗ്രാമങ്ങളിൽപ്പോലും വിദ്യാഭ്യാസസൗകര്യങ്ങൾ ഏർപ്പെടുത്തുന്ന വിഷയത്തിൽ സ്വിസ്സ് ജനത ജാഗരൂകരാണു്. വിദ്യാഭ്യാസമണ്ഡലത്തിൽ നവീനമായ ആദർശങ്ങൾ പ്രചരിപ്പിച്ച പെസ്റ്റലോസിയുടെ പ്രചോദനം സ്വിററ്സർലൻഡിനു് ലഭിച്ചിട്ടുള്ളതാണിതിനു കാരണം.

അവിടത്തെ ഭരണരീതിയിലും മററെങ്ങുമില്ലാത്ത ചില പ്രത്യേകതകൾ കാണാം. ഭരണത്തിനു് ഉറപ്പും ഭദ്രതയും ഉണ്ടാ യിരിക്കണമെന്നതാണു് ജനങ്ങളുടെ താൽപര്യം.

## സോവിയററ് യൂണിയൻ

സാർ ഭരണം:—ഇരുപതാം നൂററാണ്ടുവരെ റഷ്യയെ ഭരിച്ചി രുന്നതു് 'സീസർ' അഥവാ സാർ (Tsar) വംശമായിരുന്നു. വലിപ്പത്തിൽ ലോകത്തിലെ ചെറിയ രാജ്യമായ ജപ്പാൻ അതിവിസ്തൃതമായിരുന്ന റഷ്യൻ സാമ്രാജ്യത്തെ 1905-ൽ യുദ്ധത്തിൽ തോല്പിക്കുയുണ്ടായി. അതു് ലോകചരിത്രത്തിലെ ഒരു പ്രധാന സംഭവമായിരുന്നു. ജപ്പാൻെറ സുശക്തമായ സൈന്യത്തിൻെറ പരാക്രമങ്ങളും സജ്ജീകരണ വൈദഗ്ദ്ധ്യവും മാത്രമായിരുന്നില്ല വിജയത്തിനു കാരണം. റഷ്യൻസേനയുടെ അസംതൃപ്തിയും, അലസമനോഭാവവും, ചക്രവത്തിഭരണത്തോടു റഷ്യൻ ജനതയ്ക്കു് ആകമാനം തോന്നിയിരുന്ന വെറുപ്പും ജപ്പാൻെറ വിജയത്തെ സഹായിച്ചു.

സ്വേച്ഛാധികാരിയായിരുന്ന സാറിനോട്ട് അവർക്കു് കൂറുണ്ടായിരുന്നില്ല. കൃഷിചെയ്യുവാൻ നിലമോ, കേറിക്കിടക്കുവാൻ വീടോ, ഉണ്ണാനും ഉടുക്കാനുമുള്ള വകയോ, മനഃസാക്ഷിയനുസരിച്ച് ജീവിക്കുവാനുള്ള സ്വാതന്ത്ര്യമോ സാധാരണജനങ്ങൾക്കുണ്ടായിരുന്നില്ല. കൃഷിനിലങ്ങൾ ചുരുക്കം ചിലരുടെ അധീനതയിലായിരുന്നു. അന്നത്തെ റഷ്യൻ ജനതയിൽ വലിയൊരു വിഭാഗം ആളുകൾ അടിമകളായിരുന്നു. അവർക്ക് സ്വാഭാവികമായി ചക്രവർത്തിഭരണം ഒരു ശാപമായി അനുഭവപ്പെട്ടു. വിസ്തൃതമായ റഷ്യയുടെ പല ഭാഗങ്ങളിലും വസിച്ചിരുന്ന ഭാഷാന്യൂനപക്ഷങ്ങൾക്ക് റഷ്യൻഭാഷയോടും അതു പ്രചരിപ്പിക്കുവാൻ ചക്രവർത്തി സ്വീകരിച്ച നടപടികളോടും തീവ്രമായ എതിർപ്പുണ്ടായി. എതിർത്തവരെ നാടുകടത്തുകയും കൊല്ലുകയും റഷ്യയിൽ പതിവായിത്തീർന്നു.

1914-ലെ ഒന്നാം ലോകമഹായുദ്ധത്തിൽ റഷ്യയും പങ്കെടുത്തിരുന്നല്ലോ. അന്നത്തെ സാർ ചക്രവർത്തി നിക്കോളസ്സ് രണ്ടാമനായിരുന്നു. നല്ലവനെങ്കിലും അദ്ദേഹം അശക്തനായിരുന്നു. അദ്ദേഹത്തിൻെറ ഭാര്യയുടേയും അവരുടെ ആത്മമിത്രമായിരുന്ന ഒരു കപടസന്ന്യാസിയുടേയും അക്രമങ്ങൾ ജനങ്ങളുടെ രോഷം വർദ്ധിപ്പിച്ചു. ഇക്കാലത്താണ് തൊഴിലാളികൾ സ്ഥിതിസമത്വവാദത്താൽ ആകൃഷ്ടരായി ജന്മിമാരോടും മുതലാളിമാരോടും സമരം പ്രഖ്യാപിച്ചതു്. പണിമുടക്കു നടത്തി ഭരണത്തെ സ്തംഭിപ്പിക്കുവാൻ റഷ്യൻ തൊഴിലാളികൾ ഒരുങ്ങി. ഇതൊന്നും അത്ര വകവയ്ക്കാതെ ചക്രവർത്തി യൂറോപ്പിലെ രാഷ്ട്രീയകാര്യങ്ങളിൽ പങ്കെടുക്കുന്നതിനു് ആവേശം പ്രകടിപ്പിക്കുകയും, ജമ്മൻ കൈസർക്ക് എതിരായ ഒരു കൂട്ടുകെട്ടിൽ ഇംഗ്ലണ്ടിനോടും ഫ്രാൻസിനോടും ചേർന്നു് (ത്രിശക്തി സൗഹാർദ്ദം) നിലകൊള്ളുകയും ചെയ്തു.

ജനസമൂഹത്തിൽ വിപ്ലവാദർശങ്ങൾക്കും അവയുടെ സന്തതസഹചാരിയായ അസ്വസ്ഥതയ്ക്കും കൂടുതൽ കൂടുതൽ വളമിട്ടു

കൊട്ടത്ത ചക്രവർത്തിഭരണത്തിനു് ജനങ്ങളുടെ ഐക്യബോധ ത്തേയും ക്ഷേമത്തേയും നിലനിത്തുന്നതിനു് യാതൊരു പ്രവത്തനപരിപാടിയും ഉണ്ടായിരുന്നില്ല.

പ്രക്ഷുബ്ധരായ ജനങ്ങരം ഈ ദുർഭരണത്തെ എതിക്കുവാൻ മുതിന്നു. 1917 മാർച്ചുമാസത്തിൽ പെട്രോഗ്രാഡിലെ തൊഴി ലാളികരം ഇളകിവശായി. പട്ടാളക്കാർ അവരോടുചേന്നു് ലഹള കൂട്ടി. അഞ്ചുദിവസത്തെ വിപ്ലവംകൊണ്ടു് ഗവണ്മെ ൻറിനെ തകിടംമറിച്ചു് മന്ത്രിമാരെ ജയിലിലടച്ചു. വിദൂര ദേശത്തു് ഒരു സേനാവിഭാഗത്തോടൊന്നിച്ചുണ്ടായിരുന്ന സാർ ഇതറിഞ്ഞു് പെട്രോഗ്രാഡിലേക്കു് വരുന്നവഴി റയിൽവേ തൊഴിലാളികരം അദ്ദേഹത്തെ പിടികൂടി സ്ഥാനത്യാഗം ചെയ്യിച്ചു. സുദീർഘമായ സ്വേച്ഛാഭരണത്തിനുശേഷം സാർവംശം ഇങ്ങനെ അവസാനിച്ചു.

തൊഴിലാളി പ്രതിനിധികളും പട്ടാളക്കാരുടെ പ്രതിനിധി കളും കൂടിച്ചേർന്നുള്ള സോവിയററുകളായിരുന്നു റഷ്യയുടെ ഭാഗധേയം നിർണ്ണയിക്കുവാൻ വേണ്ട ശക്തിയോടുകൂടി അന്നു് ശേഷിച്ചതു്. എന്നാൽ ഭരണം കൈയേല്ക്കുവാനുള്ള ധൈര്യം അവക്കുണ്ടായിരുന്നില്ല. അതുകൊണ്ടു് അവർ റഷ്യയിലെ പ്രതിനിധിസഭയായിരുന്ന ഡ്യൂമയോടു് തങ്ങളെ ഭരിക്കുവാൻ അപേക്ഷിക്കുകയും ഡ്യൂമ ഒരു താൽക്കാലിക ഗവണ്മെൻറു് രൂപവത്കരിക്കുകയും ചെയ്തു.

## ലെനിനും സ്റ്റാലിനും.

ഈ കാലഘട്ടത്തിൽ എല്ലാ ബോരംഷെവിക്കു് നേതാക്ക ന്മാരും നാടുകടത്തപ്പെട്ടു വിദേശങ്ങളിലായിരുന്നു. റഷ്യ ലോക മഹായുദ്ധത്തിൽ ഏർപ്പെട്ടപ്പോരം ലെനിനും കൂട്ടരും റഷ്യയിൽ ഇല്ലായിരുന്നു. ചക്രവർത്തിഭരണം അവസാനിച്ചപ്പോരം വിദേശത്തുനിന്നും ലെനിൻ റഷ്യയിലെത്തി. സമ്പന്നരായ ജനവിഭാഗങ്ങളുടെ മാത്രം പ്രാതിനിധ്യം ഉണ്ടായിരുന്ന ഡ്യൂമ യുടെ ഭരണം വലിച്ചെറിഞ്ഞിട്ടു് തൊഴിലാളികരം നേരിട്ടു് ഭരണം കൈയേല്ക്കണമെന്നായിരുന്നു അദ്ദേഹത്തിൻെറ അഭിപ്രായം. ബോരംഷെവിക്കുകാർ (ഭൂരിപക്ഷകക്ഷിക്കാർ) രാജാധികാരത്തിനു മാത്രമല്ല, മുതലാളിത്തത്തിന്നുകൂടി

എതിരാണെന്നു് അദ്ദേഹം ഉദ്ബോധിപ്പിച്ചു. ഒരു ജനകീയ റിപ്പബ്ലിക്കു് സ്ഥാപിക്കുക, ജന്മിമാരുടെ വിപുലമായ വസ്തുക്കാം കണ്ടുകെട്ടുക, തൊഴിലാളികാംക്കു് എട്ടുമണിക്കൂർ ജോലി എന്നു് ക്ലിപ്തപ്പെടുത്തുക എന്നിവയാണു് ബോാംഷെവിക് ആദർശങ്ങളെന്നു് അദ്ദേഹം പ്രസ്താവിച്ചു. അതിനെത്തുടൎന്നു് ആളുകാം ഇളകി ജന്മിമാരെ ആക്രമിച്ചു. അവരുടെ സ്ഥലങ്ങാം പങ്കിട്ടെടുത്തു. ലെനിനേയും അദ്ദേഹത്തിൻെറ സഹപ്രവൎത്തകനായ ട്രോട്സ്കിയേയും അറസ്ററു ചെയ്യു ഗവണ്മെൻറിനെ രക്ഷിക്കുവാനായി അന്നത്തെ ഭരണകൂടം നടപടിയെടുത്തു. ഇതറിഞ്ഞപ്പോാം ബോാംഷെവിക്കുകാർ ആയുധധാരികളായി ഗവണ്മെൻറു മന്ദിരങ്ങളിൽ പ്രവേശിച്ചു് അധികാരം പിടിച്ചെടുത്തു. ഈ വിപ്ലവത്തെയാണു് ബോാംഷെവിക് വിപ്ലവം എന്നുപറഞ്ഞുവരുന്നതു്.

ലെനിൻ പ്രസിഡൻറും ട്രോട്സ്കി വിദേശകാര്യമന്ത്രിയും ആയി ഒരു തൊഴിലാളി ഗവണ്മെൻറു് മോസ്ക്കോയിൽ രൂപീകൃതമായി. പല പ്രശ്നങ്ങളും അവക്കു് അഭിമുഖീകരിക്കേണ്ടിവന്നു. 1918-ൽ ജൎമ്മൻകാരുമായി ഒരു സന്ധിചെയ്തു് റഷ്യ യുദ്ധത്തിൽ നിന്നും വിരമിച്ചു. ജോലി ചെയ്യാത്തവനു് ആഹാരമില്ലെന്നു പ്രഖ്യാപിച്ചുകൊണ്ടു് ഭൂസ്വത്തും ധനോൽപ്പാദന സാമഗ്രികളുടെ ഉടമസ്ഥാവകാശവും ഏറെറടുത്തു് ജനങ്ങളുടെ ഇടയിൽ സ്ഥിതിസമത്വം നടപ്പിലാക്കുവാൻ പുതിയ റഷ്യൻ ഗവ്ണ്മെൻറു് യത്നം ആരംഭിച്ചു. സാർഭരണത്തിൻെറ പുനരുദ്ധാരണത്തെ തടയുവാൻ, തടങ്കലിൽ വെച്ചിരുന്ന സാറിനെയും കുടുംബാംഗങ്ങളേയും അവർ വധിച്ചു. റഷ്യയിലേക്കു് അതിക്രമിച്ചുവന്ന വിദേശീയ സൈന്യങ്ങളെയെല്ലാം ട്രോട്സ്കിയുടെ ചെങ്കുപ്പായസൈന്യം ഓടിച്ചു.

കൃഷിയും വ്യവസായവും വികസിപ്പിച്ചു് റഷ്യയെ ഒരു ശക്തിയേറിയ രാഷ്ട്രമാക്കിത്തീൎക്കുകയെന്നതായിരുന്നു അന്നത്തെ പ്രശ്നം. ''വിദ്യുച്ഛക്തിയും സോവിയററും കൂടിച്ചേൎന്നതാണു് സോഷ്യലിസം'' എന്നത്രേ ലെനിൻ പലപ്പോഴും പറഞ്ഞിരുന്നതു്. സാർഭരണത്തിലിരുന്ന റഷ്യയിൽ ഏകദേശം

ഇരുനൂറോളം വർഗ്ഗക്കാരുണ്ടായിരുന്നു. ഇവരുടെ ഭാഷയും സംസ്കാരവും അവഗണിക്കപ്പെട്ടതുകൂടാതെ ഇവരുടെ ഉന്നമനത്തിന്നായി സാർ ഗവണ്മെൻറ് യാതൊന്നും ചെയ്തിരുന്നില്ല. ഇവരിൽ ഓരോ വർഗ്ഗത്തിനും സ്വാതന്ത്ര്യവും സ്വയംനിർണ്ണയാവകാശവും നൽകുന്നതാണെന്നു് ലെനിൻ പ്രസ്താവിച്ചു. 1923-ൽ എല്ലാ സോവിയററുകളും സംഘടിച്ചു് ഒരു സോവിയററ് സോഷ്യലിസ്ററ് റിപ്പബ്ലിക് (Union of Soviet Socialist Republics) സ്ഥാപിക്കുകയുണ്ടായി. വേണമെങ്കിൽ ഇതിൽ നിന്നും വേർപെട്ടുപോകുവാൻപോലും റിപ്പബ്ലിക്കുകൾക്കു് സ്വാതന്ത്ര്യം നൽകിയിരുന്നു.

ആധുനികറഷ്യയുടെ നിർമ്മാതാവെന്ന നിലയിൽ ലെനിൻ പ്രസിദ്ധനായി. 1924-ൽ അദ്ദേഹം മരിച്ചു. അദ്ദേഹത്തിൻെറ ഓർമ്മയ്ക്കായി പെട്രോഗ്രാഡിനെ ലെനിൻഗ്രാഡ് എന്നു റഷ്യക്കാർ നാമകരണം ചെയ്തു. ലെനിനെത്തുടർന്നു സ്റ്റാലിൻ ഭരണാധികാരിയായി. അദ്ദേഹത്തിൻെറ പഞ്ചവത്സരപദ്ധതികൾമൂലം കാർഷികമായും വ്യാവസായികമായും റഷ്യയിൽ വമ്പിച്ച പരിവർത്തനങ്ങൾ ഉണ്ടായി. ലോകരാഷ്ട്രങ്ങളുടെ ഇടയിൽ സർവ്വപ്രധാനമായ ഒരു സ്ഥാനം സമ്പാദിക്കുവാൻ റഷ്യയ്ക്കു സാധിച്ചതു് ഇക്കാലത്താണു്,

രണ്ടാം ലോകമഹായുദ്ധത്തിൽ റഷ്യ സഖ്യകക്ഷികളോടു ചേർന്നു് ജർമ്മനിയുമായി യുദ്ധം ചെയ്തു. യുദ്ധം അവസാനിക്കാറായപ്പോൾ റഷ്യയ്ക്കു് അസൂയാജനകമായ പ്രാബല്യം സിദ്ധിച്ചു. ആംഗ്ലോ-അമേരിക്കൻ ശക്തികൾ റഷ്യയെ സംശയദൃഷ്ടിയോടെ വീക്ഷിക്കാൻ തുടങ്ങി. തന്മൂലം ഐക്യരാഷ്ട്ര സംഘടനയിൽ (U. N. O.) എല്ലാ രാജ്യക്കാർക്കും ഒരുപോലെ സ്വീകാര്യമായ തീരുമാനങ്ങളിൽ എത്തുന്നതിനു് പ്രയാസം നേരിട്ടിരിക്കയാണു്. ഇന്നു് ലോകത്തിലെ അന്തരീക്ഷം വളരെ പ്രക്ഷുബ്ധമായിരിക്കുന്നതു് ആദർശവൈപരീത്യമുള്ള റഷ്യയും പാശ്ചാത്യ ശക്തികളും തമ്മിലുള്ള അഭിപ്രായവ്യത്യാസംമൂലമാകുന്നു.

റഷ്യയിലെ പുതിയഭരണംകൊണ്ടു് ആ രാജ്യത്തിനു് കൈവന്നിട്ടുള്ള സാമ്പത്തികപുരോഗതി ആരെയും അത്ഭുതപ്പെടു

ത്തുന്നതാണ്. സാർ ചക്രവത്തിമാരുടെ കാലത്തെ റഷ്യയെ ത്തന്നെയാണ് സവ്വാധിപതികരം ലോകമഹാശക്തികളിൽ ഒന്നാക്കി ഉയത്തിയതെന്നു് ചിന്തിക്കുമ്പോരം അതെങ്ങനെ യാണ് സാധിച്ചതെന്നുള്ള ഒരു ചോദ്യം സ്വാഭാവികമായി ഉണ്ടാകാം. റഷ്യൻമണ്ണിലും മനുഷ്യശക്തിയിലും ലയിച്ചു കിടന്നിരുന്ന മഹത്തായ കഴിവുകളെ സവ്വാധിപതികരം വേണ്ട മട്ടിൽ പ്രയോജനപ്പെടുത്തി.

ബാരംട്ടിക്തീരം മുതൽ പസിഫിക് സമുദ്രംവരെ യൂറോപ്പിലും ഏഷ്യയിലുമായി വ്യാപിച്ചുകിടക്കുന്ന വിസ്തൃത ഭൂഭാഗം ഇന്നു് റഷ്യയുടെ അധീനത്തിലാണ്. ലോകത്തിന്റെ കരഭാഗത്തിൽ ആറിൽ ഒന്നു് റഷ്യയാകുന്നു. ഏററവും വടക്കു ഭാഗം ദീർഘവും ഉഗ്രവുമായ ശൈത്യമുള്ള പ്രദേശങ്ങളാണ്. അവിടത്തെ മണ്ണിനു ഫലപുഷ്ടിയില്ല. സൂചിയിലക്കാടുകളും കുററിച്ചെടികളും ചതുപ്പും കൊണ്ടു് നിറഞ്ഞിരിക്കുന്ന ആ ഭാഗങ്ങളിൽ ജനസാന്ദ്രത വളരെ കുറവാണ്. യൂറൽ പവ്വതത്തിന്റെ തെക്കു് ഏഷ്യയും യൂറോപ്പും തമ്മിൽ വേർതിരിക്കുന്ന ഉന്നത ഭൂഭാഗങ്ങരം ഇല്ലാത്തതിനാൽ യൂറോപ്പിലെ റഷ്യയും ഏഷ്യയിലെ റഷ്യയും തമ്മിൽ ബന്ധം പുലർത്തുന്നതിനു് പ്രയാസങ്ങളൊന്നുമില്ല.

റഷ്യയിലെ കാലാവസ്ഥ അത്യുഗ്രമാണ്. ശീതകാലത്തു് വടക്കുനിന്നു് കാസ്പിയൻ കടൽവരെയുള്ള ഭൂമി മഞ്ഞുകൊണ്ടു് മൂടാറുണ്ടു്. എന്നാൽ ജൂൺമാസത്തിൽ റഷ്യയുടെ ഉരംനാടുകളിലെ ചൂടു് അസഹ്യമാണെന്നു പറയാം. സൈബീരിയയിലെ അമിതമായ കാലാവസ്ഥയും മരുപ്രകൃതിയും ഒരു കാലത്തു് മനുഷ്യരെ അവിടെനിന്നും അകററി നിറുത്തിയിരുന്നു.

പുതിയ റഷ്യൻഭരണകൂടം ഏപ്പെടുത്തിയ പദ്ധതികരംമൂലം സൈബീരിയയുടെ പലഭാഗവും ഇന്നു് സുന്ദരമായിത്തീന്നിട്ടുണ്ടു്. അധികമധികം ജനങ്ങരം റഷ്യയുടെ കിഴക്കൻ പ്രദേശങ്ങളിലേക്കു കുടിയേറിപ്പാർത്തുവരുന്നു. വ്യാവസായികമായും കാർഷികമായും അവിടെ വമ്പിച്ച പുരോഗതിയുണ്ടായി

കഴിഞ്ഞിരിക്കുന്നു. ഊഷരഭൂമികളായിരുന്ന സ്ഥലങ്ങൾ ജലസേചനംകൊണ്ടു് ഒന്നാംതരം വിളഭൂമികളായിട്ടുണ്ടു്. യന്ത്രങ്ങൾ ഉപയോഗിച്ചുള്ള കൃഷിയാണു് ഇന്നു് അധികവും നിലവിലിരിക്കുന്നതു്. സഹകരണാടിസ്ഥാനത്തിൽ കൂട്ടകൃഷി സമ്പ്രദായം ഏർപ്പെടുത്തിയിരിക്കുന്നു. ഒട്ടുവളരെ മാതൃകാ കൃഷിത്തോട്ടങ്ങൾ ഗവണ്മെൻറിൻെറ നേതൃത്വത്തിലും നടത്തുന്നുണ്ടു്. വൻതരം തൊഴിൽശാലകൾ നിർമ്മിക്കുകയും വിപുലമായ വൈദ്യുതപദ്ധതികൾ ആവിഷ്കരിക്കുകയും അനേകം ഖനികൾ പ്രവർത്തനം തുടങ്ങുകയും ചെയ്തപ്പോൾ റഷ്യയിൽ ഒരു പുതിയ ജീവിതവ്യവസ്ഥ രൂപമെടുത്തു. വിദ്യാഭ്യാസം, ശാസ്ത്രഗവേഷണം, സഹകരണാടിസ്ഥാനത്തിലുള്ള ക്രയവിക്രയ സംഘങ്ങളുടെ സ്ഥാപനം എന്നിവ മുഖേന റഷ്യക്കാരുടെ ജീവിതത്തോതു് ഇന്നു് ഉയർന്നിട്ടുണ്ടു്. റോഡുകൾ, തോടുകൾ, റെയിൽപ്പാതകൾ, പാലങ്ങൾ, അണകൾ, ഫാക്ടറികൾ ഇവയെല്ലാം രാജ്യത്തിൻെറ മുഖച്ഛായതന്നെ മാററിയിരിക്കുന്നു.

റഷ്യയുടെ തലസ്ഥാനം മോസ്കോ ആണു്. 1917-നു ശേഷമാണു് ഈ നഗരം തലസ്ഥാനമായിത്തീർന്നതു്.

## പ്രായോഗികാഭ്യാസങ്ങൾ.

1. യൂറോപ്പിൻെറ പടത്തിൽ പ്രധാനപ്പെട്ട പർവ്വതങ്ങൾ, നദികൾ, പട്ടണങ്ങൾ, എന്നിവ അടയാളപ്പെടുത്തുക.
2. ലണ്ടനിൽ നിന്നു് ഒരു കുട്ടി അവിടത്തെ വിശേഷങ്ങളെക്കുറിച്ചു് നിങ്ങൾക്കു് എഴുതുന്ന തരത്തിലുള്ള ഒരു കത്തു് തയ്യാറാക്കുക.
3. ഡാന്യൂബു് നദിയിൽക്കൂടി നിങ്ങൾ ഒരു ഉല്ലാസയാത്ര പോകുമ്പോൾ ഇരു കരകളിലും കാണുവാനിടയുള്ള കാഴ്ചകൾ വിവരിക്കുക.

# ഭാഗം VI

## വടക്കേ അമേരിക്ക

സ്ഥാനം.—വടക്കേ അമേരിക്ക ഉത്തര അക്ഷാംശം ഏകദേശം പത്തും എഴുപതും ഡിഗ്രികാംക്കും പശ്ചിമരേഖാംശം അമ്പത്തിമൂന്നും നൂററുപത്തേഴും ഡിഗ്രികാംക്കും ഉള്ളിലായി കിടക്കുന്നു.

കാലാവസ്ഥ.—വടക്കേ അമേരിക്ക ഉത്തരമിതോഷ്ണ മേഖലയിലും ഉത്തര ശീതമേഖലയിലുമായി കിടക്കുന്നു. വടക്കേ അററം ശീതമേഖലയിലാണ്. ജനുവരിമാസത്തിൽ ഈ ഭൂഖണ്ഡത്തിൽ ശീതകാലമാണ്. അന്നു് വടക്കുഭാഗം മഞ്ഞുകട്ടികൊണ്ടു് മൂടിയിരിക്കും. തെക്കുനിന്നു വടക്കോട്ടു് പോകുന്തോറും തണുപ്പു് കൂടിക്കൂടി വരുന്നു.

ജൂലൈ മാസത്തിൽ സൂര്യൻ ഉത്തരായണ രേഖയിൽ ലംബമായി പ്രകാശിക്കുന്നു. ഈ കാലത്തു് വടക്കേ അമേരിക്കയിൽ ഉഷ്ണകാലമാണ്. അപ്പോറം വടക്കുഭാഗത്തുള്ള മഞ്ഞുകട്ടി ഉരുകുന്നു.

വടക്കേ അമേരിക്കയിൽ പടിഞ്ഞാറു ഭാഗത്തു് റോക്കി പർവ്വതം സ്ഥിതിചെയ്യുന്നു. പർവ്വതത്തിൻെറ ഈ കിടപ്പു് വർഷപാതത്തെ ബാധിക്കുന്നുണ്ടു്. പശ്ചിമവാതങ്ങറം രാജ്യത്തിൻെറ വടക്കു പടിഞ്ഞാറു ഭാഗത്തു വീശുന്നു. അതിനാൽ അവിടെ എല്ലാ കാലത്തും മഴയുണ്ടാകുന്നു. റോക്കി പർവ്വതം പശ്ചിമവാതത്തെ തടയുന്നതിനാൽ മഴ ഉറംപ്രദേശത്തു ലഭിക്കുന്നില്ല. റോക്കി പർവ്വത നിരകറംക്കിടയിൽ തെക്കു പടിഞ്ഞാറായി കിടക്കുന്ന പീഠഭൂമി മരുഭൂമിയാണ്.

ശീതകാലത്തു പശ്ചിമവാതങ്ങറം അല്പം തെക്കോട്ടു് മാറി വീശുന്നതിനാൽ, അപ്പോറം പശ്ചിമ തീരത്തിൻെറ മദ്ധ്യഭാഗത്തു (സാൻഫ്രാൻസിസ്ക്കോവിനടുത്തു്) മഴയുണ്ടാകുന്നു. ഈ പ്രദേശം മേഡിററേനിയൻ കാലാവസ്ഥയുള്ള പ്രദേശമാകുന്നു.

വടക്കുനിന്നു ശീതകാലത്തു് ഭൂഖണ്ഡത്തിന്റെ മദ്ധ്യഭാഗത്തേക്കു തണുത്ത കാററടിക്കുന്നു. അതേസമയം തെക്കു മെക്സിക്കോ കടലിൽനിന്നു നീരാവിയോടുകൂടിയ കാററു് വടക്കോട്ടു വീശുന്നു. ഈ കാററു വടക്കുനിന്നുള്ള തണുത്ത കാററുമായി കൂട്ടിമുട്ടുമ്പോഠം നീരാവി ഘനീഭവിക്കുകയും മഴയുണ്ടാകുകയും ചെയ്യുന്നു. ഇങ്ങനെ വടക്കേ അമേരിക്കയുടെ മദ്ധ്യസമതലങ്ങളിൽ മഴയുണ്ടാകുന്നു.

വടക്കേ അമേരിക്കയിലെ കാലാവസ്ഥയെ കടലൊഴുക്കുകഠം നിയന്ത്രിക്കുന്നു. ശീതകാലത്തു് കാനഡയുടെ കിഴക്കേ തീരത്തുകൂടി ലാബ്രഡോർ ശീതജല പ്രവാഹവും മെക്സിക്കോ ഉഠംക്കടലിൽനിന്നു വടക്കോട്ടു ഗഠംഫ് സ്ട്രീം എന്ന ഉഷ്ണജല പ്രവാഹവും കടന്നുപോകുന്നു. ഇതു് ഐക്യനാടുകളുടെ കിഴക്കേ തീരപ്രദേശത്തെ മിതോഷ്ണമാക്കുന്നു. പടിഞ്ഞാറെ തീരത്തുള്ള പസിഫിക്കു കടലൊഴുക്കു് എന്ന ഉഷ്ണജലപ്രവാഹം ആ പ്രദേശത്തെയും മിതോഷ്ണമാക്കിത്തീർക്കുന്നു.

<u>പ്രദേശങ്ങളും തൊഴിലുകളും</u>:— വടക്കേ അമേരിക്കയെ ഭൂപ്രകൃതിയും കാലാവസ്ഥയും അടിസ്ഥാനമാക്കി പല ഭാഗങ്ങളായി തിരിക്കാവുന്നതാണു്. അവ ഓരോന്നായി പരിശോധിക്കാം.

## (1) ടൺഡ്രാ പ്രദേശം

ഉത്തരധ്രുവത്തോടു അടുത്തു കിടക്കുന്ന പ്രദേശമാണിതു്. വടക്കേ അമേരിക്കയുടെ വടക്കുഭാഗവും ധ്രുവത്തോടു അടുത്തു കിടക്കുന്ന ഏററവുംവലിയ ദ്വീപായ ഗ്രീൻലൻഡും ആണു് ടൺഡ്രാപ്രദേശം എന്നറിയപ്പെടുന്നതു്. ഇതു് ആണ്ടിൽ ഏഴെട്ടു മാസം മഞ്ഞുകട്ടികൊണ്ടു് മൂടിക്കിടക്കുന്നു. ഇക്കാലങ്ങളിൽ, തുടർച്ചയായി അനേകം ദിവസത്തേക്കു് സൂര്യനെ കാണാൻപോലും സാധിക്കുന്നതല്ല. വേനൽക്കാലം ഏകദേശം നാലുമാസത്തേക്കു നീണ്ടു നില്ക്കുന്നു. ഇക്കാലത്തു സൂര്യൻ അസ്തമിക്കുന്നതായിപ്പോലും അവിടെ അനുഭവപ്പെടുന്നില്ല.

ശീതകാലത്തു് ഈ ഭൂവിഭാഗത്തിൽ ചെടികൾ യാതൊന്നും തന്നെ വളരുന്നില്ല. വേനൽക്കാലമാകുമ്പോൾ മഞ്ഞുകട്ടി ഉരുകുന്നു. ആ സമയത്തു ചില ചെടികളും ഒരുതരം പുല്ലും അവിടെ വളരുന്നു.




(2) സ്തൂപികാശ്രിത വനപ്രദേശം.

ടൺഡ്രാ പ്രദേശത്തിനു തെക്കു കാനഡയുടെ പടിഞ്ഞാറു മുതൽ കിഴക്കുഭാഗംവരെ തുടർച്ചയായി കിടക്കുന്ന പ്രദേശമാ

ണിതു്. ഇവിടെയും ശീതകാലം കഠിനമാണു്. വേനൽക്കാലത്തു സാമാന്യം ചൂടും ഉണ്ടായിരിക്കും. സൂചിപോലുള്ള ഇലകളോടുകൂടിയതും മേല്പോട്ടു പോകുന്തോറും നീളം കുറഞ്ഞ കൊമ്പുകളോടുകൂടിയതുമായ വൃക്ഷങ്ങളാണു് ഇവിടെ അധികവും.

ഇവിടത്തെ ജനങ്ങളുടെ പ്രധാനതൊഴിൽ മരംവെട്ടലാണു്. കട്ടപ്പമില്ലാത്ത ഇവിടത്തെ മരം യന്ത്രത്തിൽ ഇട്ടരച്ചു കടലാസുപിട്ടു (Pulp) ണ്ടാക്കുന്നു. ഇതുപയോഗിച്ചു് വൻതോതിൽ കടലാസുണ്ടാക്കുകയും ചെയ്യുന്നു. പിട്ടും (Pulp) കയററി അയയ്ക്കുന്നുണ്ടു്. തീപ്പെട്ടിയുണ്ടാക്കുന്നതിനു് ഈ മരം ഉപയോഗിച്ചുവരുന്നു.

സ്തൂപികാഗ്രിത വനപ്രദേശത്തു് പലതരം മൃഗങ്ങളുണ്ടു്. തണുപ്പുപ്രദേശമായതുകൊണ്ടു് പ്രകൃതി അവയ്ക്കു നീണ്ട രോമങ്ങൾ നൽകിയിരിക്കുന്നു.

വെള്ളക്കരടി, കുറുക്കൻ, ചെന്നായ്, ഒരുതരം മാൻ, കാട്ടുപൂച്ച, അണ്ണാൻ മുതലായ മൃഗങ്ങളെ കുരുക്കുവെച്ചു പിടിക്കുന്നു. നായാട്ടും സാധാരണമാണു്. അമേരിക്കൻ ഇന്ത്യക്കാരും കാനഡയിലെ ചിലരും ഈ തൊഴിൽകൊണ്ടു ജീവിക്കുന്നു. മൃഗങ്ങളുടെ തോലും രോമവും വാങ്ങി വ്യാപാരം നടത്തുന്ന കമ്പനികൾ ഇവിടെ പ്രവർത്തിച്ചുവരുന്നു.

(3) <u>പ്രയറിപ്രദേശം</u>. സ്തൂപികാഗ്രിത വനപ്രദേശത്തിനു തെക്കു ഭാഗത്തു്, റോക്കി പർവ്വതനിരയ്ക്കു കിഴക്കും അപ്പലേച്ചിയൻ പർവ്വതത്തിന്നു പടിഞ്ഞാറുമായി മെക്സിക്കോ ഉൾക്കടൽവരെ കിടക്കുന്ന വിശാലമായ പ്രദേശമാണു് പ്രയറിപ്രദേശം.

പ്രയറി പ്രദേശത്തെ കാലാവസ്ഥ ഗോതമ്പു കൃഷിക്കു പററിയതാണു്. വിത്തു വിതയ്ക്കുമ്പോൾ ഭൂമിക്കു നനവുണ്ടായിരിക്കണം. വിളവിനു ചൂടു് ആവശ്യമാണു്. വിളഞ്ഞു വരുമ്പോൾ അല്പം മഴയും ഉണ്ടായിരിക്കണം. സമുദ്രതീരത്തുനിന്നു അകന്നു ഉൾപ്രദേശമാണിതു്. ശീതകാലത്തു തണുപ്പു കൂടുതൽ

ലാണ്. വേനൽക്കാലത്തു നല്ല ചൂടും മഴയും ഉണ്ട്. ലോകത്തുണ്ടാകുന്ന ഗോതമ്പിൻെറ മൂന്നിൽ ഒരുഭാഗം ഈ പ്രയറി പ്രദേശത്തുണ്ടാകുന്നു. വലിയ പാടങ്ങളാണ് ഓരോ കൃഷിക്കാരനും ഉള്ളതു്. ട്രാക്ററർ (യന്ത്രക്കലപ്പ) ഉപയോഗിച്ചു നിലം ഉഴുകയും യന്ത്രോപകരണങ്ങൾ ഉപയോഗിച്ച് വിതയ്ക്കുകയും കൊയ്യുകയും ചെയ്യുന്നു. ഈ സ്ഥലത്തുള്ളിടത്തോളം ധനവാന്മാർ മററിടങ്ങളിൽ ഇല്ലെന്നുതന്നെപറയാം. ഗോതമ്പിൻെറ വമ്പിച്ചൊരു കലവറതന്നെയാണ് ഈ പ്രദേശം. ഇവിടെയുള്ള വിനിപ്പെഗ്ഗ് എന്ന പട്ടണത്തിൽനിന്നു ധാരാളം ഗോതമ്പു കയററി അയയ്ക്കുന്നു. ചോളവും ഇവിടെ കൃഷിചെയ്തുവരുന്നു. ഈ നാട്ടിൽ ചോളം സാധാരണ ഉപയോഗിക്കുന്നതു് പശുക്കൾക്കും പന്നികൾക്കും തീററിസ്സാധനമായിട്ടാണ്. അതു പൊടിച്ചു മാവാക്കി വിദേശങ്ങളിലേക്ക് അയയ്ക്കുന്നുണ്ട്. അതാണ് നമ്മുടെ നാട്ടിൽ കിട്ടുന്ന അമേരിക്കൻ മാവു്. ചോളം വിളയുന്ന നാട്ടിൻെറ പ്രധാന കേന്ദ്രം ചിക്കാഗോ ആണ്.

കന്നുകാലിവളർത്തൽ പ്രയറി പ്രദേശത്തെ മറെറാരു തൊഴിലാണ്. പുല്ലു ധാരാളം വളരുന്ന സ്ഥലമായതുകൊണ്ട് ആടുമാടുകളെ വളർത്താൻ ഇവിടെ സൗകര്യമുണ്ട്. പാൽ, വെണ്ണ, പാൽക്കട്ടി മുതലായ ക്ഷീരോൽപ്പന്നങ്ങൾക്ക് ഈ പ്രദേശം വിശ്രുതമാണ്.

മാംസം കയററി അയയ്ക്കുന്ന തൊഴിലും ഈ പ്രദേശത്തു പ്രാധാന്യമർഹിക്കുന്നു. ആടുമാടുകളെ മാംസത്തിനുവേണ്ടിയും ഇവിടെ വളർത്തുന്നുണ്ട്. വിനിപ്പെഗ്ഗ്, ചിക്കാഗൊ എന്നീ പട്ടണങ്ങൾ മാംസം കയററി അയയ്ക്കുന്നതിനു് കീർത്തി കേട്ടിരിക്കുന്നു.

(4) കിഴക്കേ കാനഡ. കാനഡയുടെ വടക്കു കിഴക്കേ ഭാഗം മത്സ്യവ്യവസായ കേന്ദ്രമാണ്. ലാബ്രഡോർ ശീതജല പ്രവാഹവും, ഗൾഫ് സ്ട്രീം എന്ന ഉഷ്ണജലപ്രവാഹവും ഇവിടെ സമ്മേളിക്കുന്നു. അതുകൊണ്ട് ഇവിടത്തെ കടൽ മത്സ്യത്തിൻെറ വളർച്ചയ്ക്കു പ്രത്യേകം യോജിച്ചതാണ്. ആഴംകുറഞ്ഞ വിസ്തൃതമായ സമുദ്രഭാഗമാണതു്. ചില മത്സ്യങ്ങൾ, ആഴം

കുറഞ്ഞ സമുദ്രത്തിന്റെ മണൽത്തിട്ടയിലാണ് ജീവിക്കുന്നതും മുട്ടയിടുന്നതും. സമുദ്രത്തിന്റെ അടിത്തട്ടിൽ പാറക്കഷണങ്ങൾ കൂട്ടമായിക്കിടക്കുന്ന സ്ഥലങ്ങൾ ചില മത്സ്യങ്ങൾക്കു മുട്ടയിടുന്നതിനും ജീവിക്കുന്നതിനും സൗകര്യപ്രദമാണ്. ഇത്തരം അടിത്തട്ടുകളോടുകൂടിയ സമുദ്രഭാഗവും ഇവിടെ ഉണ്ട്.

പലതരം മത്സ്യങ്ങൾ ഈ ഭാഗത്തു വളരുന്നു. കോഡ്, ഹെറിംഗ്, സാൽമൺ, മത്തി മുതലായവ ഇവിടെ സുലഭമാണ്. കപ്പലുകളിലാണ് 'മത്സ്യം പിടിക്കുവാൻ പോകുന്നതു്. ഐസിലിട്ടും, ഉണക്കിയും മററും മത്സ്യം ദൂരസ്ഥലങ്ങളിലേക്കു അയയ്ക്കുന്നു. കോഡ്‌ലിവർ ഓയിൽ (മീനെണ്ണ) പ്രസിദ്ധമാണല്ലോ. അമേരിക്കയുടെ വടക്കു കിഴക്കേ ഭാഗത്തു അനേകംപേർ മത്സ്യവ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്നു. ന്യൂ ഫൗണ്ട്‌ലൻഡിന്റെ തലസ്ഥാനമായ സെൻറ് ജോൺസ് മീൻ പിടിത്തത്തിനും മത്സ്യവ്യവസായത്തിനും പ്രസിദ്ധമാണ്.

വടക്കേ അമേരിക്കയിൽ വടക്കുപടിഞ്ഞാറെ പസിഫിക്ക് തീരവും മത്സ്യ വ്യവസായത്തിന്നു പ്രസിദ്ധി നേടിയിട്ടുണ്ട്.

വടക്കേ അമേരിക്കയുടെ കിഴക്കേതീരം കൃഷിക്കു പററിയ സ്ഥലമാണ്. അവിടത്തെ ജനങ്ങൾ ഫലവർഗ്ഗങ്ങൾ കൃഷിചെയ്യുന്ന തൊഴിലിലേർപ്പെട്ടിരിക്കുന്നു. ആപ്പിൾ, മുന്തിരി അത്തി, ഒലിവ് മുതലായവ ഇവിടെ കൃഷിചെയ്തുവരുന്നു. ഗോതമ്പ്, ഓട്ട്സ്, ബാർലി ഇവയും ഈ ഭാഗത്തു കൃഷി ചെയ്യുന്നുണ്ട്.

വിശാലമായ പുൽപ്രദേശത്തു് പശുക്കളെ വളർത്തുകയും ക്ഷീരവ്യവസായം നടത്തുകയും ചെയ്യുന്നുണ്ട്. പാൽപ്പൊടി, വെണ്ണ, തകരപ്പാൽ മുതലായവ ഈ ഭാഗത്തുനിന്നും കയററുമതി ചെയ്യുന്നു. പശുക്കളെ പാലിനും മാംസത്തിനുമായി പ്രത്യേകം വളർത്തുന്നു. പശുക്കളെ അഴിച്ചുവിട്ടു വളർത്തുകയാണ് പതിവ്. ചില സ്ഥലങ്ങളിൽ ആടുകളേയും പന്നികളേയും പററമായി വളർത്തുന്നു.

(5) തെക്കുകിഴക്കേ തോട്ടക്കൃഷിപ്രദേശം.

മെക്സിക്കോ ഉൾക്കടലിനു ചുററുമുള്ള താഴ്ന്ന പ്രദേശവും അററ്ലാൻറിക്ക തീരത്തുള്ള സമതലവും ഇതിൽ ഉൾപ്പെടുന്നു. ഇവിടെ ഉഷ്ണമേഖലയിലെ കാലാവസ്ഥയാണു്. നല്ലമഴയും മിതമായ ഉഷ്ണവും ഉണ്ടു്. വളരെ നീളമുള്ള നദിയായ മിസ്സൗറി മിസ്സിസ്സിപ്പിയുടെ പതനവും ഈ ഭാഗത്താണു്.

ഇവിടെ ഏററവും വിപുലമായ തോതിൽ പരുത്തിക്കൃഷി നടക്കുന്നു. ലോകത്തിൽ ആകെയുണ്ടാകുന്ന പഞ്ഞിയുടെ പകുതിയിലധികവും ഇവിടെ കൃഷിചെയ്യുവരുന്നു. ഇവിടത്തെ പഞ്ഞി ലോകപ്രസിദ്ധി നേടിയിട്ടുണ്ടു്. ന്യൂ ഓർലിയൻസ് പട്ടണത്തിൽനിന്നു പഞ്ഞി വിദേശങ്ങളിലേക്കു കയററി അയയ്ക്കുന്നു. മിസ്സിസ്സിപ്പിയുടെ തീരത്തു് നെൽക്കൃഷിയുണ്ടു്. കരിമ്പുകൃഷിയും പ്രധാനമാണു്.

(6) മെഡിററനേനിയൻ കാലാവസ്ഥാ പ്രദേശങ്ങൾ.

അമേരിക്കയുടെ പടിഞ്ഞാറു് ശാന്തസമുദ്രത്തിൻെറ തീരത്തും പർവ്വതനിരയുടെ പടിഞ്ഞാറുഭാഗത്തുമായി അക്ഷാംശം 32 ഡിഗ്രിക്കും 42 ഡിഗ്രിക്കും ഇടയ്ക്കു് ഈ പ്രദേശം കിടക്കുന്നു. മെഡിററനേനിയൻ കാലാവസ്ഥയെക്കുറിച്ചു നാം പഠിച്ചുകഴിഞ്ഞതാണല്ലോ. കാലിഫോർണിയയിലെ പഴങ്ങൾ ലോകപ്രസിദ്ധി നേടിയിട്ടുണ്ടു്.

പീച്ചു്, ആപ്രിക്കോട്ടു്, പേരയ്ക്കാ, പ്ലം, ഓറഞ്ചു്, മുന്തിരി മുതലായവ ഇവിടെ ഉണ്ടാകുന്നു. പഴവർഗ്ഗങ്ങൾ അമേരിക്കയുടെ പലഭാഗങ്ങളിലേക്കും വിദേശങ്ങളിലേക്കും അയയ്ക്കുന്നുണ്ടു്.

ഇവിടെയുള്ള ഒരു പ്രധാന പട്ടണമാകുന്നു ലോസ് എൻജലസ്സ്. ചലച്ചിത്ര വ്യവസായത്തിനു കീർത്തിപ്പെട്ട ഹോളിവുഡ്ഡ് ഇവിടെയാണു്.

ഐക്യരാജ്യങ്ങളിലെ ഏററവും വലിയ മണ്ണെണ്ണപ്രദേശം ലോസ് എൻജലസ്സിനു സമീപമാണു്. ലോകത്തുള്ള മണ്ണെണ്ണയുടെ കാൽ ഭാഗം ഈ പ്രദേശത്തുനിന്നു ലഭിക്കുന്നു.

## കാനഡ

ഭൂപ്രകൃതി, വ്യവസായം.

വടക്കേ അമേരിക്കയെ സംബന്ധിച്ച് പൊതുവായി പഠിച്ചല്ലോ. ഇനി കാനഡ, ഐക്യനാടുകൾ എന്നിവയെ കുറിച്ച് പ്രത്യേകമായി പഠിക്കാം.

വടക്കേ അമേരിക്കയുടെ വടക്കുഭാഗമാണ് കാനഡ. കാനഡയിലെ ആദിമനിവാസികൾ റെഡ് ഇൻഡ്യാക്കാർ എന്ന ഒരു വർഗ്ഗമായിരുന്നു. മൃഗങ്ങളെ വേട്ടയാടിയും മററുമാണ് അവർ ജീവിച്ചുപോന്നത്. അവരുടെ എണ്ണം ഇപ്പോൾ കുറഞ്ഞുവരികയാണ്. തന്മൂലം അവരുടെ വർഗ്ഗസംരക്ഷണത്തെ ഉദ്ദേശിച്ച് അവർക്കു യഥേഷ്ടം ജീവിക്കാനുള്ള സൗകര്യങ്ങൾ നൽകിക്കൊണ്ട് പ്രത്യേക സ്ഥലങ്ങൾ അനുവദിച്ചുകൊടുത്തിരിക്കുന്നു.

കൊളംബസ്സിൻെറ കാലത്തിനുശേഷം ഏതാനും ഇംഗ്ലീഷുകാരും ഫ്രഞ്ചുകാരും കാനഡയുടെ കിഴക്കേ തീരത്തു കുടിയേറിപ്പാർത്തിരുന്നു. കാലക്രമത്തിൽ ഇംഗ്ലീഷുകാരും ഫ്രഞ്ചുകാരും തമ്മിൽ ഉണ്ടായ വൈരത്തെത്തുടർന്നു സമരം നടക്കുകയും (1756-1763) ഇംഗ്ലീഷുകാർ വിജയിക്കുകയും ചെയ്തു. ഡൊമിനിയൻ പദവിയിലുള്ള സ്വതന്ത്ര ഭരണകൂടമാണ് ഇന്നു കാനഡ ഭരിക്കുന്നത്.

കാനഡയുടെ വടക്കുഭാഗത്തുള്ള ടൺഡ്രാപ്രദേശത്തെക്കുറിച്ചും സൂചിപത്ര വനങ്ങളെക്കുറിച്ചും പ്രസ്താവിച്ചുകഴിഞ്ഞു. സൂചിപത്ര വനപ്രദേശങ്ങളിൽ മരംവെട്ടൽ പ്രധാന തൊഴിലാണെന്നു പറഞ്ഞു. സെൻറ്ലാറൻസ് നദീമുഖപ്രദേശത്തു ഈർച്ചമില്ലുകളും കടലാസുമില്ലുകളും ഉണ്ട്. ക്യൂബക്ക്, സെൻറുജാൺ മുതലായ തുറമുഖങ്ങളിൽ നിന്നാണ് തടി കയററി അയയ്ക്കുന്നത്.

അററ്ലാൻറിക്കു തീരത്തുള്ള നോവാസ്കോഷ്യാ, ന്യൂഫൗണ്ട് ലാൻഡ്, ന്യൂബ്രൺസ്വിക്ക് എന്നീ പ്രദേശങ്ങളിൽ അനേകംപേർ മത്സ്യവ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്നു. ഉണക്കമത്സ്യ വ്യവസായം, കോഡ് ലിവർ ഓയിൽ വ്യവസായം മുതലായവ ഇവിടെ കേന്ദ്രീകരിച്ചിരിക്കുന്നു. നോവാസ്കോഷ്യാ പ്രദേശത്ത് വിസ്താരമേറിയ പഴവർഗ്ഗത്തോട്ടങ്ങൾ ഉണ്ട്.

നോവാസ്കോഷ്യയിലേയും ഒൻടേറിയോവിലേയും ആപ്പിറം പ്രസിദ്ധമാണ്.

കിഴക്കേ കാനഡയിലാണ് ക്ഷീര വ്യവസായം കൂടുതൽ. സൂചിപത്ര വനപ്രദേശങ്ങളുടെ തെക്കുഭാഗത്തുള്ള ഒൻടേറിയയും ക്യൂബക്കും ക്ഷീര വ്യവസാത്തിനു കീത്തി കേട്ടവയാണ്. ക്യൂബെക്കിൽത്തന്നെ വെണ്ണ, കട്ടിപ്പാൽ, ചീസ് ഇവയുണ്ടാക്കുന്ന രണ്ടായിരം വ്യവസായശാലകൾ ഉള്ളതായി കണക്കാക്കപ്പെട്ടിരിക്കുന്നു.

ഖനനവ്യവസായവും കാനഡയിൽ വദ്ധിച്ചിട്ടുണ്ട്, വെള്ളി, ചെമ്പ്, നിക്കൽ എന്നിവ കാനഡയിൽ ഖനനം ചെയ്യപ്പെടുന്നു. ലോകത്തുള്ള ആസ്ബസ്റ്റോസിൽ എൺപതു ശതമാനവും ക്യൂബക്കിൽ ഉണ്ടാകുന്നു. എൻജിനീയറിംഗ് വ്യവസായവും കാനഡയിൽ ഉണ്ട്. നയാഗ്രാ വെള്ളച്ചാട്ടത്തിൽ നിന്നുള്ള വൈദ്യുതശക്തികൊണ്ട് പല മില്ലുകളും നടത്തുന്നു. കാനഡയുടെ പല ഭാഗത്തുനിന്നും വന്നുചേരുന്ന ധാന്യങ്ങൾ ഈ മില്ലുകളിൽ പൊടിക്കുന്നു. കാനഡയുടെ മദ്ധ്യപ്രദേശം ലോകത്ത് ഗോതമ്പ് വിളയുന്ന ഭൂമികളിൽ പ്രധാനമാണ. അതിലധികവും കയററി അയയ്ക്കുന്നതു് ഇംഗ്ലണ്ടിലേക്കാണ്.

റോക്കി പവ്വതത്തിനു പടിഞ്ഞാറു ഭാഗത്തുള്ള ബ്രിട്ടീഷ് കൊളമ്പിയായിൽ സ്വർണ്ണം ഖനനം ചെയ്യപ്പെടുന്നു. 1854-ൽ അവിടെ സ്വർണ്ണം കണ്ടെത്തിയതോടുകൂടി ആ ഭാഗം ജനങ്ങളെ ആകർഷിക്കുവാൻ തുടങ്ങി. മററു ലോഹങ്ങളും അവിടെ നിന്നു കുഴിച്ചെടുക്കുന്നുണ്ട്. അവിടത്തെ ജനങ്ങൾ മരം വെട്ടുന്ന തൊഴിലിലും ഏർപ്പെട്ടിരിക്കുന്നു. മത്സ്യബന്ധനവും അതു സംബന്ധിച്ച വ്യവസായങ്ങളും അവിടെ നടക്കുന്നുണ്ട്.

കാനഡയുടെ കിഴക്കേ തീരവും പടിഞ്ഞാറേ തീരവും തമ്മിൽ ബന്ധിപ്പിക്കുന്ന തീവണ്ടിപ്പാതയുണ്ട്.

കാനഡയിലെ ഡൊമിനിയൻ ഗവണ്മെൻറിൻെറ തലസ്ഥാനം ഒട്ടാവയാണ്.




പഞ്ചമഹാ തടാകങ്ങൾ: -വടക്കേ അമേരിക്കയുടെ മദ്ധ്യത്തിൽ കിടക്കുന്ന പഞ്ചമഹാ തടാകങ്ങൾ—സുപ്പീരിയർ, മിച്ചിഗൺ, ഹ്യൂറൺ, ഈറി, ഒൺടേറിയോ,—മദ്ധ്യ അമേരിക്കയുടെ ശീതോഷ്ണ സ്ഥിതിയെക്കൂടി നിയന്ത്രിക്കത്തക്കവണ്ണം വലിപ്പമേറിയവയാണു്. പടിഞ്ഞാറേ അററത്തുള്ള സുപ്പീരിയർ തടാകംമുതൽ ഈറി തടാകംവരെ കപ്പൽഗതാഗതത്തിനു സൗകര്യമുണ്ടു്. ഈറി തടാകത്തിനും ഒൺടേറിയോ തടാകത്തിനും

ഇടയ്ക്കാണ് സുപ്രസിദ്ധമായ നയാഗ്രാ വെള്ളച്ചാട്ടം. ചെറുതരം കപ്പലുകൾക്ക് പോകത്തക്ക വിധത്തിൽ നയാഗ്രാ വെള്ളച്ചാട്ടത്തിനടുത്തു ചുററും തോട് വെട്ടിയിട്ടുണ്ട്. അതുകൊണ്ട് അററ്ലാൻറിക് സമുദ്രത്തിൽനിന്നു ചെറുതരം കപ്പലുകൾക്ക് സുപ്പീരിയർ തടാകം വരെ പോകുവാൻ കഴിയും. ഈ തടാകങ്ങൾക്ക ചുററും വ്യവസായശാലകളും സ്ഥിതിചെയ്യുന്നു. സുപ്പീരിയർ തടാകത്തിൻെറ കരയിലുള്ള പോർട്ടാർതറും, പ്രസിദ്ധ ഗോതമ്പു വിതരണ കേന്ദ്രമായ വിന്നിപ്പെഗ്ഗുമായി റയിൽവേമൂലം ബന്ധിച്ചിരിക്കുന്നതിനാൽ വിന്നിപ്പെഗ്ഗിൽ നിന്നും ഗോതമ്പും മററും അററ്ലാൻറിക് തീരത്തേക്കും വിദേശങ്ങളിലേക്കും അയക്കാം.

## ഐക്യനാടുകൾ

(എ) <u>കാളണികൾ</u>:—ഇംഗ്ലണ്ടിൽ നിന്നു രാഷ്ട്രീയമോ മതപരമോ ആയ അഭിപ്രായവ്യത്യാസങ്ങൾ മൂലം ഏതാനും പേർ അമേരിക്കയിൽ കുടിയേറിപ്പാർത്തു. കാലക്രമത്തിൽ തൊഴിലും കൃഷിസ്ഥലങ്ങളും അന്വേഷിച്ച് ഒട്ടേറെപ്പേർ അവിടെ വന്നു ചേർന്നു. ജനങ്ങൾ അങ്ങനെ വർദ്ധിച്ചു. ഇംഗ്ലണ്ടിലെ രാജാവിന്നു നാമമാത്രമായ അധീശസ്ഥാനം നല്കിക്കൊണ്ട് അവർ അവിടെ ഒരു പുതിയ ജീവിതം നയിച്ചുവന്നു. കാടും മേടും വെട്ടിത്തെളിച്ചു പ്രകൃതിയോടും കാട്ടുമൃഗങ്ങളോടും മല്ലടിച്ചു കൊണ്ടായിരുന്നു അവരുടെ അന്നത്തെ ജീവിതം. കൃഷിയും നായാട്ടും മീൻപിടിത്തവുമായി അവർ കാലം നയിച്ചു. കൃഷിയും, ആശാരിപ്പണിയും, കൊല്ലപ്പണിയും, ചെരിപ്പുനിർമ്മാണവുമെല്ലാം സ്വയം ചെയ്യേണ്ടിയിരുന്നു. അങ്ങനെ സ്വാതന്ത്ര്യമായും സ്വൈരമായും ജീവിച്ചുവന്ന അവർ, കുറേക്കാലം കഴിഞ്ഞപ്പോൾ ചെറിയതോതിൽ ഫാക്ററികൾ ആരംഭിച്ചു പ്രവർത്തിക്കുവാൻ തുടങ്ങി.

അഭിവൃദ്ധി പ്രാപിച്ചുവന്ന ഈ പതിമൂന്നു കാളണികളുടെ മേൽ മാതൃരാജ്യമായ ഇംഗ്ലണ്ട ചില നിബന്ധനകൾ ഏർപ്പെടുത്തുകയും നികുതി ചുമത്തുകയും ചെയ്തു. ഇംഗ്ലീഷ് പാർലിമെൻറിൽ അവർക്കു പ്രാതിനിധ്യം ഉണ്ടായിരുന്നില്ല. എന്നാൽ

പാർലിമെൻറു പാസ്സാക്കുന്ന നിയമങ്ങാം അവക്ക് ബാധകമായിരുന്നു. ഈ നടപടിയിൽ അവക്കു അമഷ്മുണ്ടായി. 1776-ൽ കാളണികാം സ്വാതന്ത്ര്യം പ്രഖ്യാപിച്ചു. ഏതാന്നും കൊല്ലത്തെ യുദ്ധത്തിനു ശേഷം 1783-ൽ പതിമൂന്നു കാളണികളുടേയും പൂണ്ണസ്വാതന്ത്ര്യം ഇംഗ്ലണ്ട് അംഗീകരിച്ചു. ഈ കാളണികാം ചേന്ന് അമേരിക്കൻ ഐക്യനാട്ടകാം (United States of America—U. S. A.) എന്ന പേരിൽ ഒരു സ്വതന്ത്ര റിപ്പബ്ലിക്കു സ്ഥാപിച്ചു. സ്വാതന്ത്ര്യസമരകാലത്തെ അമേരിക്കൻ സേനാനായകനും ആദ്യത്തെ പ്രസിഡൻറും സുപ്രസിദ്ധനായ ജോർജ്ജ് വാഷിംഗ്ടൺ ആയിരുന്നു.

അക്കാലത്തു് ഐക്യനാട്ടകാം അലിഗനി പവ്വതത്തിനും അററ്ലാൻറിക്കു പവ്വതത്തിനും ഇടയ്ക്കു് ഒതുങ്ങിക്കിടന്ന രാജ്യമായിരുന്നു. സാഹസികരായ വേട്ടക്കാരും അവരെത്തുടന്ന് കഷ്കരും ക്രമേണ പവ്വതനിരകാംക്കപ്പുറം കടന്നു താമസമാക്കി. ധാരാളം കുടിയേററക്കാർ യൂറോപ്പിൽ നിന്നും ഐക്യനാട്ടകളിലേയ്ക്കുവന്നു. അവിടത്തെ പുരാതനനിവാസികളായ 'റെഡ് ഇന്ത്യൻ' വഗ്ഗക്കാരുമായി അവക്കു നിരന്തരസമരം നടത്തേണ്ടിവന്നു. ക്രമേണ ഐക്യനാട്ടകാം പസിഫിക്കു സമുദ്രംവരെ വ്യാപിച്ചു. 1867-ൽ റഷ്യക്കാർ അലാസ്കാപ്രദേശം ഐക്യനാട്ടകാംക്കു തുച്ഛമായ വിലയ്ക്കു വിററു. ഇങ്ങനെ വിസ്തൃമായ ഐക്യനാട്ടകാം രൂപം പൂണ്ടു.

(ബി) <u>വ്യവസായവും കൃഷിയും</u> :—വ്യവസായങ്ങാംകൊണ്ടും കാഷികോൽപ്പന്നങ്ങാംകൊണ്ടും ജനങ്ങളുടെ അധ്വാനശീലം കൊണ്ടും പ്രകൃതിദത്തമായ സൗകര്യങ്ങാം കൊണ്ടും ഐക്യനാട്ടകാം ഇന്നു വളരെ പുരോഗമിച്ചിരിക്കുകയാണു്.

കൽക്കരിഖനികളും ഇരുമ്പുഖനികളും ഐക്യനാട്ടകളിൽ ഉണ്ടു്. രാജ്യത്തിൻെറ കിഴക്കുഭാഗത്തുള്ള അപ്പലേച്ചിയൻ പീഠഭൂമിയുടെ പടിഞ്ഞാറു ഭാഗത്തു ഉദ്ദേശം 7,000 മൈൽ നീളം കൽക്കരിഖനികളാണു്. കൂടാതെ മിച്ചിഗൻ, ഈറി എന്നീ

തടാകങ്ങളുടെ മദ്ധ്യത്തിലും രാജ്യത്തിന്റെ മദ്ധ്യപ്രദേശത്തും കൽക്കരിഖനികൾ ഉണ്ടു്. അപ്പലേച്ചിയൻ കൽക്കരിഖനി നിരകൾക്കു കിഴക്കു ഭാഗത്തായി ഇരുമ്പുഖനികളും ഉണ്ടു്. മറെറാരു ഇരുമ്പുഖനി സുപ്പീരിയർതടാകത്തിനടുത്താണു്. കൽക്കരിഖനികളും ഇരുമ്പുഖനികളും അടുത്തടുത്തുള്ളതുകൊണ്ടു് ഉരുക്കുവ്യവസായം അഭിവൃദ്ധിപ്പെട്ടുവന്നു. ദൂരെയുള്ള അസംസ്കൃത ഇരുമ്പു് കൽക്കരി കേന്ദ്രങ്ങളിലേക്കു് തടാകങ്ങൾവഴി അയയ്ക്കുവാൻ സൗകര്യമുണ്ടു്. അപ്പലേച്ചിയൻ കൽക്കരിഖനികളുടെ വടക്കു ഭാഗത്താണു് ലോകത്തിലെ ഏററവും വലിയ ഉരുക്കുവ്യവസായ കേന്ദ്രമായ പിററ്സ്ബർഗ്ഗ്. ഇവിടത്തെ അസംസ്കൃത ഇരുമ്പു സുപ്പീരിയർ തടാകത്തിനു സമീപമുള്ള സമൃദ്ധമായ ഇരുമ്പുഖനികളിൽ നിന്നു വന്നുചേരുന്നു. സുപ്പീരിയർ തടാകത്തിൽ നിന്നു പിററ്സ്ബർഗ്ഗിലേക്കുള്ള വഴിയിൽ ആണു് ഡെട്രോയിററു് എന്ന പട്ടണം. മോട്ടോർകാർ, ലോറി, ട്രാക്ററർ മുതലായവയുടെ നിമ്മാണകേന്ദ്രമാണിതു്. അമേരിക്കയിലെ തടാകതീരത്തുള്ള പല പട്ടണങ്ങളും ഉരുക്കുവ്യവസായത്തിനു പ്രസിദ്ധമാണു്. ആവശ്യമുള്ളത്ര വിദ്യുച്ഛക്തി നയാഗ്രാ വെള്ളച്ചാട്ടത്തിൽ നിന്നു കിട്ടുന്നു. ഏററവും പ്രധാനപ്പെട്ട ഏതാനും ഉരുക്കുവ്യവസായകേന്ദ്രങ്ങളെപ്പററി മാത്രമേ ഇവിടെ പ്രസ്താവിച്ചിട്ടുള്ളു.

മിസിസ്സിപ്പിയുടെ കരയിൽ ഉള്ള മിന്നിയാപ്പൊളീസ്സ് അമേരിക്കയിലെ ഗോതമ്പു കേന്ദ്രമാണു്. ധാന്യം പൊടിക്കുന്ന യന്ത്രങ്ങൾ ധാരാളമുള്ള പട്ടണങ്ങളിൽ അദ്വിതീയമാണിതു്. ഇവിടത്തെ മില്ലുകൾക്കാവശ്യമുള്ള വിദ്യുച്ഛക്തി സെൻറ് ആൻറണി ജലപാതത്തിൽ നിന്നു ലഭിക്കുന്നു.

റോക്കി പവ്വതങ്ങൾക്കു തൊട്ടുകിഴക്കുഭാഗത്തെ ഉന്നതതടം, കാടുകളും, മേടുകളും ജലപാതങ്ങൾനിറഞ്ഞ നദിയും ഉള്ള പ്രദേശമാണു്. ഈ പ്രദേശം അടുത്തകാലംവരെ നിരുപയോഗമായിക്കിടന്നുവെങ്കിലും, റൂസ്വെൽട്ടു് അണക്കെട്ടു ഉണ്ടായതിനുശേഷം ഇവിടം ഫലപുഷ്ടമായിട്ടുണ്ടു്. പരുത്തിക്കൃഷി

ഇവിടത്തെ പ്രധാന തൊഴിലാണ്. ആട്ടമേയ്ക്കലും വൻതോതിൽ നടക്കുന്നു. അവയ്ക്കെല്ലാം പുറമേ, സ്വർണ്ണം, വെള്ളി, ചെമ്പ്, ഇരുമ്പ്, ഈയം എന്നിവയും ഇവിടെ ഖനനം ചെയ്യപ്പെടുന്നു.

ഐക്യനാടുകളോടുചേർന്ന പസിഫിക്ക തീരം ഗോതമ്പു കൃഷിക്കും പഴവർഗ്ഗങ്ങളുടെ കൃഷിക്കും പ്രസിദ്ധമാണ്. പ്ലം, അത്തിപ്പഴം, മധുരനാരങ്ങ, മുന്തിരിങ്ങ എന്നിവ ചിക്കാഗോ, ന്യൂയോർക്ക മുതലായ പട്ടണങ്ങളിലേക്കു കയററി അയയ്ക്കുന്നു. കാലിഫോർണിയൻ പഴവർഗ്ഗങ്ങൾ ലോകപ്രസിദ്ധി നേടിയവയാണ്.

ഐക്യനാടുകളിലെ ഏററവും വലിയ ന ഗ ര മാ ണ് ന്യൂയോർക്ക്. തലസ്ഥാനനഗരം വാഷിംഗ്ടൺ ആകുന്നു.

(സി) ഭരണം :— അമേരിക്കൻ ഐക്യനാടുകൾ ഒരു റിപ്പബ്ലിക്ക്ആണെന്നറിയാമല്ലോ. ഇന്ത്യയും റിപ്പബ്ലിക്ക് ഭരണ സമ്പ്രദായമാകുന്നു സ്വീകരിച്ചിട്ടുള്ളതു്. അമേരിക്കൻ ഭരണ കൂടത്തിൻെറ തലവൻ പ്രസിഡൻറാണ്. അദ്ദേഹത്തിൻേറയും വൈസ്പ്രസിഡൻറിൻേറയും ഔദ്യോഗികകാലാവധി നാലു കൊല്ലമാണ്. ഒരിക്കൽ തിരഞ്ഞെടുക്കപ്പെട്ട പ്രസിഡൻറിനോ വൈസ്പ്രസിഡൻറിനോ കാലാവധി കഴിഞ്ഞാൽ വീണ്ടും ഒരിക്കൽക്കൂടി തിരഞ്ഞെടുപ്പിനു നില്ക്കാവുന്നതാണ്. ഐക്യനാടുകളിലെ ഭരണരീതിക്ക് പ്രസിഡൻഷ്യൽ ഭരണസമ്പ്രദായമെന്നാണു പേർ.

പ്രസിഡൻറിനെ പരോക്ഷമായി ജനങ്ങളാണ് തിരഞ്ഞെടുക്കുന്നതു്. ഇൻഡ്യൻ പ്രസിഡൻറിനെയോ പ്രധാനമന്ത്രിയെയോ തിരഞ്ഞെടുക്കുന്ന രീതിയിൽനിന്നു ഭിന്നമാണിതു്. ഐക്യനാടുകൾ പല സ്റ്റേററുകൾ അടങ്ങുന്ന രാജ്യമാണ്. ഓരോ സ്റ്റേററിൽ നിന്നും പ്രസിഡൻറു തിരഞ്ഞെടുപ്പിൽ വോട്ടു രേഖപ്പെടുത്തുന്നതിനുവേണ്ടി ഇലക്റേറഴ്സിനെ (പ്രതിനിധികളെ) ജനങ്ങൾ തിരഞ്ഞെടുക്കുന്നു. ഇവരാണ് പ്രസിഡൻറിനേയും വൈസ് പ്രസിഡൻറിനേയും തിരഞ്ഞെടുക്കുന്നതു്.

മററു രാജ്യങ്ങളിലെ ഭരണമേധാവികളെക്കാറം കൂടുതൽ അധികാരങ്ങറം അമേരിക്കൻ പ്രസിഡൻറിനുണ്ടു്. നിയമസഭ പാസ്സാക്കി അയയ്ക്കുന്ന ബില്ലുകറംക്കു് അനുമതി നിഷേധിച്ചു് തിരിച്ചയയ്ക്കാനുള്ള ഒരു താൽക്കാലികാധികാരമാണു് അതിൽ മുഖ്യം. പുതിയ നിയമനിമ്മാണം നിർദ്ദേശിക്കുകയും ചെയ്യാം. എല്ലാ സൈന്യവിഭാഗങ്ങളുടേയും അധിപൻ പ്രസിഡൻറാണു്. മററു ഗവണ്മെൻറുകളുമായി ഉടമ്പടി ചെയ്യുമ്പോഴും ഉയന്ന ഉദ്യോഗങ്ങളിലേക്കു് നിയമനം നടത്തുമ്പോഴും പ്രസിഡൻറിനു നിയമസഭയുടെ ഒരു മണ്ഡലമായ സെനററിൻെറ അനുവാദം വാങ്ങേണ്ടതുണ്ടു്.

അമേരിക്കയിൽ കാബിനററു സമ്പ്രദായം ഇല്ല. എന്നാൽ പ്രധാനസംഗതികളിൽ പ്രസിഡൻറു് വകുപ്പദ്ധ്യക്ഷന്മാരുമായി ആലോചിക്കുക എന്നതു് അവിടത്തെ ഒരു വഴക്കമായിത്തീന്നിരിക്കുന്നു. വകുപ്പദ്ധ്യക്ഷന്മാരെ പ്രസിഡൻറു് നിയമിക്കുന്നു. പ്രസിഡൻറും അവരും നിയമസഭയിലെ അംഗങ്ങളല്ല. അതിനോടവക്കു് ഉത്തരവാദിത്വവുമില്ല.

ഐക്യനാടുകളിലെ നിയമസഭയ്ക്കു് കാൺഗ്രസ്സ് എന്നാണു പേർ. സെനററു് എന്നും, ജനപ്രതിനിധിസഭ (House of Representatives) എന്നും പറയുന്ന രണ്ടു മണ്ഡലങ്ങറം അതിനുണ്ടു്. സെനററിൽ നൂറും, ജനപ്രതിനിധിസഭയിൽ നാനൂററിമുപ്പത്തേഴും അംഗങ്ങളുണ്ടു്.

നിയമപരിപാലനത്തിനു പല കോടതികളും ഉണ്ടു്. സുപ്രീംകോടതിയ്ക്കാണു് നീതിന്യായത്തിൽ പരമാധികാരം. ഭരണനിവ്വഹണസംബന്ധമായും നിയമനിമ്മാണസംബന്ധമായും മററും ഉള്ള അന്ത്യതീരുമാനങ്ങറം ചെയ്യുവാൻ സുപ്രീം കോടതിക്കു വിപുലമായ അധികാരങ്ങളുണ്ടു്.

അമേരിക്കൻ ഐക്യനാടുകറം ഇന്നു മുൻപന്തിയിൽ നില്ക്കുന്ന ലോകരാഷ്ട്രങ്ങളിലൊന്നാണു്. സാമ്പത്തികമായും വിദ്യാഭ്യാസപരമായും പിന്നിൽ നില്ക്കുന്ന ജനതയെ ധനം

കൊണ്ടും സാധനസാമഗ്രികൾകൊണ്ടും സഹായിക്കുവാനുള്ള പദ്ധതി (Aid programme) അമേരിക്കൻ ഗവണ്മെൻറിനുണ്ട്. അതുവഴി എല്ലാ ജനതയേയും ഉയർത്തി മുമ്പോട്ടു കൊണ്ടുവരിക എന്നുള്ളതാണ് അമേരിക്കയുടെ ലക്ഷ്യം.

## മെക്സിക്കൊ

അമേരിക്കൻ ഐക്യനാടുകളുടെ തെക്കുഭാഗത്തുള്ള പ്രദേശമാണ് മെക്സിക്കൊ. ഇന്നത്തെ മെക്സിക്കൊനിവാസികളിൽ അധികവും കുടിയേറിപ്പാർത്ത സ്പെയിൻകാരുടെയും, അമേരിക്കൻ ഇൻഡ്യാക്കാരുടെയും അനന്തരഗാമികളാണ്. കഴിഞ്ഞ കാലങ്ങളിൽ അവിടെ രാഷ്ട്രീയമായ അസ്വസ്ഥതകൾ ധാരാളം ഉണ്ടായിട്ടുണ്ട്. ഇന്നു റിപ്പബ്ലിക്കു ഭരണമാണവിടെ നടപ്പിലിരിക്കുന്നതു്.


റോക്കി പർവ്വതത്തിൻെറ തുടർച്ചയായ പർവ്വതനിര ഇവിടെ വിസ്താരമുള്ള പീഠഭൂമിയായിത്തീർന്നിരിക്കുന്നു. പീഠഭൂമിയുടെ ഇരുവശങ്ങളിലും സമതലപ്രദേശമാണ്. അവിടെ നല്ല പോലെ മഴയുണ്ടാകുന്നു. ഉത്തരായണരേഖ മെക്സിക്കോയുടെ മദ്ധ്യഭാഗത്തുകൂടിയാണു പോകുന്നതു്. മെക്സിക്കോയിൽ കരിമ്പ്, റബ്ബർ, പുകയിലച്ചെടി, കാപ്പിച്ചെടി മുതലായവ കൃഷി ചെയ്യുന്നു.

ധാതുദ്രവ്യങ്ങൾ മെക്സിക്കോയിൽ ഉണ്ട്. ലോകത്തിലെ വെള്ളിയുൽപ്പാദനത്തിൽ പകുതി മെക്സിക്കോയിലാണ്. ചെമ്പും അവിടെ ധാരാളമായി ഖനനം ചെയ്തുവരുന്നു. ലോകമാകെ ലഭിക്കുന്ന എണ്ണയിൽ ഏതാണ്ട് രണ്ടുശതമാനം അവിടെനിന്നും കിട്ടുന്നു. മെക്സിക്കോയിലെ ഏററവും പ്രധാന നഗരവും, തലസ്ഥാനവും മെക്സിക്കോ ആണ്.

## വെസ്റ്റ് ഇൻഡീസ് ദ്വീപുകൾ

പൊതുവിവരണം.

കൊളംബസ്സ് ഇൻഡ്യ കണ്ടുപിടിക്കുവാൻ അററ്ലാൻറിക് സമുദ്രത്തിൽക്കൂടി നേരെ പടിഞ്ഞാറോട്ടു കപ്പലോടിച്ചുപോകയും വെസ്റ്റ്ഇൻഡീസ് ദ്വീപുകളിൽ ചെന്നെത്തുകയും ചെയ്തു. ആ




ദ്വീപസമൂഹം ഇന്ത്യയാണെന്നു് തെററിദ്ധരിച്ചു. പിന്നീടു് ആ ദ്വീപുകൾക്കെല്ലാംകൂടി വെസ്റ്റ്ഇൻഡീസ് എന്നു് നാമകരണം ചെയ്തു. വെസ്റ്റ് ഇൻഡീസിൽ നാലു വലിയ ദ്വീപുകളും വളരെ അധികം ചെറു ദ്വീപുകളും ഉൾപ്പെടുന്നു. അവയെല്ലാംതന്നെ

ഉഷ്ണമേഖലയിലാണ് കിടക്കുന്നതെന്നു പറയാം. പ്രധാന ദ്വീപുകൾ ഹിസ്പാനിയോള, പോർട്ടോറിക്കോ, ജമൈക്ക, ക്യൂബ എന്നിവയാണ്.

(എ) ഹിസ്പാനിയോള:— ഇതു രണ്ടായി വിഭക്തമായി· ഹെയ്തിയെന്നും ഡൊമിനിക്കാ എന്നും രണ്ടു സ്വതന്ത്ര രാഷ്ട്രങ്ങളായിത്തീർന്നിരിക്കുന്നു. ഓരോന്നും പ്രത്യേക സ്വതന്ത്ര നീഗ്രോ രാഷ്ട്രമായി ഭരണം നടത്തുകയാണ്. ഇവിടത്തെ നീഗ്രോകൾ മുൻകാലത്ത് ആഫ്രിക്കയിൽ നിന്നുവന്ന നീഗ്രോ അടിമകളുടെ പിൻഗാമികളാണ്.

(ബി) പോർട്ടോറിക്കോ:— ഈ ചെറിയ ദ്വീപ് അമേരിക്കൻ ഐക്യനാടുകളുടെ വകയാണ്. കരിമ്പ്, പുകയില കാപ്പി ഇവയാണ് ഇവിടത്തെ വിളവുകൾ.

(സി) ജമൈക്ക:— ബ്രിട്ടീഷ് കാമൺവെൽത്തിൽപ്പെട്ടതാണ്. ഇവിടെനിന്ന് കരിമ്പും നേന്ത്രക്കായും കയററി അയയ്ക്കുന്നു.

(ഡി) ക്യൂബാ:— വെസ്റ്റ്ഇൻഡീസ് ദ്വീപുകളിൽ പ്രധാനപ്പെട്ടതും ഏററവും വലുതും ക്യൂബാ ആകുന്നു. സമുദ്ര സാമീപ്യം, കാലാവസ്ഥയെ നിയന്ത്രിക്കുന്നു.

ലോകത്തിലെ കരിമ്പുപഞ്ചസാരയിൽ മൂന്നിൽ ഒരുഭാഗം ക്യൂബായിൽനിന്നും ലഭിക്കുന്നു. ക്യൂബാപുകയില പ്രസിദ്ധമാണ്, ചുരുട്ടുണ്ടാക്കുന്നതിനു് ലോകപ്രസിദ്ധിയാർജ്ജിച്ചതാണതു്. ക്യൂബായുടെ തലസ്ഥാനവും പ്രധാന തുറമുഖവും ഹാവനയാകുന്നു. അമേരിക്കൻ ഐക്യനാടുകളുടെ കീഴിൽ ക്യൂബാ വളരെ അഭിവൃദ്ധിപ്പെട്ടിരുന്നു. അതു് ഇപ്പോൾ സ്വതന്ത്രരാഷ്ട്രമാണ്.

വെസ്റ്റ്ഇൻഡീസിൽപ്പെട്ട മററു ചെറു ദ്വീപുകൾക്ക് "ലെസ്സർആൻറിലിസ്സ്" എന്നു പറഞ്ഞുവരുന്നു. അവയിൽ അധികവും ബ്രിട്ടീഷുകാരുടെ വകയാണ്. ഫ്രഞ്ചുകാരുടേയും ഡച്ചുകാരുടേയും വകയായ ദ്വീപുകളും ഉണ്ട്. മിക്കതിലും കരിമ്പുകൃഷിയാണ് കൂടുതൽ. കൊക്കൊ, ചെറുനാരങ്ങ, പരുത്തി ഇവയും കൃഷിചെയ്തുവരുന്നു. ബ്രിട്ടീഷുകാരുടെ വകയായ ട്രിനിഡാഡിൽ ഉള്ള ധാതുക്കളിൽനിന്നു കിട്ടുന്ന കീല് (Coal tar) റോഡുനന്നാക്കുന്നതിനുപയോഗിക്കുന്നു.

## പ്രായോഗികാഭ്യാസങ്ങൾ.

1. ഭൂപടപുസ്തകംനോക്കി വടക്കെ അമേരിക്കയുടെ ഭൂപ്രകൃതിയെക്കുറിച്ച് മനസ്സിലാക്കുക.
2. അമേരിക്കയിലെ വലിയ കെട്ടിടങ്ങൾ, തുറമുഖങ്ങൾ, വിമാനസങ്കേതങ്ങൾ, മററു മനോഹരകാഴ്ചകൾ എന്നിവയുടെ പടങ്ങൾ ശേഖരിച്ച് ആൽബത്തിൽ പതിക്കുക.
3. അമേരിക്കൻ ഐക്യനാടുകളിലെ മുഖ്യമായ ഉൽപന്നങ്ങളുടേയും ധാതുവസ്തുക്കളുടേയും പട്ടിക തയ്യാറാക്കുക.
4. ചർച്ചചെയ്യുക :—

   (a) അമേരിക്കൻ ഐക്യനാടുകളുടെ പുരോഗതിക്കുള്ള കാരണങ്ങൾ.

   (b) ലോകസമാധാനത്തിനുവേണ്ടി അമേരിക്ക വഹിക്കുന്ന പങ്ക്

# ഭാഗം VII

## തെക്കെ അമേരിക്ക

### സ്പെയിനിൻെറയും പോർച്ചുഗലിൻെറയും കുടിയേററം.

1961 ഡിസംബർ മാസത്തിൽ ഇന്ത്യയിൽ നിലനിന്നിരുന്ന പോർച്ചുഗീസ് അധീനപ്രദേശങ്ങരം സ്വതന്ത്രമാക്കപ്പെട്ടപ്പോരം വാസ്ക്കോഡഗാമയുടെ നേതൃത്വത്തിൽ ആരംഭിച്ച ഒരു പാരമ്പര്യത്തിൻെറ അടിത്തറ തകരുകയാണുണ്ടായതു്. ഇന്ത്യയിൽ പോർച്ചുഗീസ് സാമ്രാജ്യസ്ഥാപനത്തിനുള്ള ആദ്യകാല സംരംഭങ്ങരം നടന്നുകൊണ്ടിരുന്ന സമയത്തു തന്നെ ലോകത്തിൻെറ മററുഭാഗങ്ങളിലും പോർച്ചുഗലിലേയും സ്പെയിനിലേയും നാവികസൈന്യങ്ങരം കാളണി സ്ഥാപിച്ചുകൊണ്ടിരുന്നു. തെക്കെ അമേരിക്കാ ഭൂഖണ്ഡത്തെ ആകമാനം ഈ രണ്ടു വൻശക്തികളും കൂടി ജയിച്ചടക്കുകയും അവിടം കാളണികളായി നിലനിത്തുകയും ചെയ്തതിൻെറ ചരിത്രം നമുക്കല്പമൊന്നു പരിശോധിക്കാം.

1500-ൽ കബ്രാളിൻെറ നേതൃത്വത്തിൽ ഒരു പോർച്ചുഗീസ് നാവിക സമൂഹം തെക്കെ അമേരിക്കയിലുള്ള ബ്രസീലിൽ എത്തി.

1501-ൽ അമേരിഗോ വെസ്പൂച്ചി എന്ന നാവികൻെറ നേതൃത്വത്തിൽ പോർച്ചുഗൽ രാജാവയച്ച ഒരു സംഘം ആളുകരം വടക്കേ അമേരിക്കയുടെ തീരപ്രദേശങ്ങളിൽ എത്തിച്ചേർന്നു. വെസ്പൂച്ചിക്കു മുമ്പു് അമേരിക്കയിലെത്തിയവരെല്ലാം വിചാരിച്ചതു് ആ രാജ്യം ഇന്ത്യയാണെന്നായിരുന്നു. എന്നാൽ സൂക്ഷ്മനിരീക്ഷകനായ വെസ്പൂച്ചിയാണു് ആ രാജ്യം ഇന്ത്യയല്ലെന്നും മറെറാരു പുതിയ രാജ്യമാണെന്നും ആദ്യം മനസ്സിലാക്കിയതു്. ആ വൻകര ഇദ്ദേഹത്തിൻെറ പേരിനെ ആസ്പദമാക്കി അമേരിക്കാ, എന്നു് അറിയപ്പെടുന്നു. ഇതുകൂടാതെ പലരും അമേരിക്കയുടെ മററുചില ഭാഗങ്ങരം കണ്ടുപിടിക്കുന്നതിനു

വേണ്ടി പലയാത്രകാം ചെയ്യു. ഇതിൻെറ ഫലമായി സമ്പൽ സമൃദ്ധമായ ഈ ഭൂഖണ്ഡങ്ങളിലെ പല ഭാഗങ്ങളും കൈവശപ്പെടുത്തുവാൻ യൂറോപ്യന്മാർക്കു് അതിയായ ആഗ്രഹം ഉണ്ടായി. ഇക്കാര്യത്തിൽ മുൻകയ്യെടുത്തുപ്രവത്തിച്ചതു ഫ്രാൻസ്, ഇംഗ്ലണ്ടു്, സ്പെയിൻ, പോർച്ചുഗൽ എന്നീ രാജ്യങ്ങളായിരുന്നു. ക്രമേണ ഈ രാജ്യങ്ങരം തമ്മിൽ മത്സരം വർദ്ധിച്ചു. ഇംഗ്ലീഷുകാരും ഫ്രഞ്ചുകാരും അധികമായി കാളണികരം സ്ഥാപിച്ചതു് വടക്കെ അമേരിക്കയിലായിരുന്നു.

അമേരിക്കൻ ഭൂഖണ്ഡം കണ്ടുപിടിക്കുന്നതിനുവേണ്ടി പരിശ്രമിച്ച യൂറോപ്യൻ രാജ്യങ്ങളിൽ പ്രധാനം സ്പെയിനും പോർച്ചുഗലും ആയിരുന്നുവെന്നു നാം മനസ്സിലാക്കിയല്ലോ. കൊളംബസിൻെറ പ്രഥമയാത്രതന്നെ സ്പെയിനിലെ രാജകീയ ഗവണ്മെൻറിൻെറ പിൻതുണയോടുകൂടിയാണല്ലോ സാദ്ധ്യമായതു്. സ്പെയിൻ രാജ്യക്കാർ മെക്സിക്കൊ, മദ്ധ്യഅമേരിക്ക എന്നീ സ്ഥലങ്ങളും തെക്കെ അമേരിക്കയിലെ ഭൂരിഭാഗം പ്രദേശങ്ങളും കൈവശപ്പെടുത്തി. പോർച്ചുഗൽ രാജ്യത്തിൻെറ കാളണികരം എല്ലാം തന്നെ തെക്കെ അമേരിക്കയിലായിരുന്നു. തെക്കെ അമേരിക്ക കൈവശപ്പെടുത്തുന്നതിനു് സ്പെയിനും പോർച്ചുഗലും തമ്മിൽ മത്സരം നടന്നു. ഈ രണ്ടു രാജ്യക്കാരും കത്തോലിക്കരായതുകൊണ്ടു് പോപ്പു് ഈ കാര്യത്തിലിടപെട്ടു് തെക്കെ അമേരിക്കയുടെ കിഴക്കുഭാഗം പോർച്ചുഗലിൻേറയും പടിഞ്ഞാറു ഭാഗം സ്പെയിനിൻേറയും വക ആയിരിക്കണമെന്നു് തീരുമാനിച്ചു.

ഇന്നും തെക്കെ അമേരിക്കയിലെ ഭാഷയും ആചാരക്രമങ്ങളും മേല്പറഞ്ഞ രണ്ടു രാജ്യക്കാരുടേതാണു്. കത്തോലിക്കരായ കുടിയേററക്കാർക്കുമാത്രമേ അവിടെ പ്രവേശനം അനുവദിച്ചിരുന്നുള്ളു. തെക്കെ അമേരിക്കയിൽ പോർച്ചുഗീസും സ്പാനിഷും ഭാഷകരം സംസാരിക്കുന്ന പ്രദേശങ്ങരംക്കു 'ലാററിൻഅമേരിക്ക എന്നാണു് പേർ.

## തെക്കെ അമേരിക്കയിലെ സ്വാതന്ത്ര്യസമരം.

പോർച്ചുഗലിൻേറയും സ്പെയിനിൻേറയും സ്വേച്ഛാഭരണമായിരുന്നു തെക്കെ അമേരിക്കയിൽ നിലനിന്നതു്. തെക്കെഅമേരിക്ക

യിലെ ആദിമനിവാസികാംക്കും മററു സങ്കരവർഗ്ഗങ്ങാംക്കും പല അവകാശങ്ങളും നിഷേധിക്കപ്പെട്ടു. ഇക്കാരണത്താൽ ജനങ്ങളിൽ പലരും അസംതൃപ്തരായിരുന്നു. സ്പെയിൻകാരും പോർച്ചുഗീസു കാരുമായ ചില വൻകിട ജന്മിമാർക്കു് പല പ്രത്യേക ആനുകൂല്യങ്ങളും ഗവണ്മെൻറു് അനുവദിച്ചിരുന്നു. ഇതിനും പുറമേ വടക്കെ അമേരിക്കൻ കാളണികളുടെ സ്വാതന്ത്ര്യസമ്പാദനവും ഫ്രഞ്ചുവിപ്ലവത്തിൻെറ സംഭവവികാസങ്ങളും തെക്കെ അമേരിക്കൻജനതയിൽ ദേശീയബോധവും സ്വാതന്ത്ര്യബോധവും വളർത്തി. അവരുടെ അവകാശങ്ങാം വകവെച്ചു കിട്ടുന്നതിനു വേണ്ടി അവിടത്തെ ജനങ്ങളും സമരോത്സുകരായിത്തീൎന്നു. മേല്പറഞ്ഞ സാഹചര്യങ്ങളിലാണു് അവിടെ സ്വാതന്ത്ര്യസമരം പൊട്ടിപ്പുറപ്പെട്ടതു്. സ്വാതന്ത്ര്യസമരത്തിന്നു നേതൃത്വം നൽകിയ രണ്ടു പ്രധാന നേതാക്കന്മാർ സൈമൺ ബൊളിവർ, ജോസ് ഡിസാൻ മാർട്ടിൻ എന്നിവരായിരുന്നു.

## (എ) സൈമൺ ബൊളിവർ (1783–1830)

ദക്ഷിണ അമേരിക്കൻ കാളണികളുടെ സ്വാതന്ത്ര്യത്തിന്നു് ആദ്യകാലത്തു് പ്രചോദനം നല്കിയതു് മിറാൻഡ എന്ന മഹാനായിരുന്നു. വെനിസ്വേലയ്ക്കു് സ്വാതന്ത്ര്യം സമ്പാദിക്കാനായിരുന്നു അദ്ദേഹത്തിൻെറ ശ്രമം. അതിൽ അദ്ദേഹം ഭാഗികമായി വിജയിച്ചു. പക്ഷെ ജനങ്ങളുടെ അനൈക്യം നിമിത്തം അദ്ദേഹത്തെ സ്പാനിഷ് ഗവണ്മെൻറു് കുററം ചുമത്തി കാരാഗൃഹത്തിലടച്ചു.

അതിനുശേഷം തെക്കെ അമേരിക്കൻ ജനതയുടെ സ്വാതന്ത്ര്യതൃഷ്ണ വർദ്ധിക്കുകയാണു് ചെയ്തതു്. അവർക്കു നേതൃത്വവും പ്രചോദനവും നൽകുവാൻ ഒരു നേതാവിനുകഴിഞ്ഞു. അദ്ദേഹമായിരുന്നു സൈമൺ ബൊളിവർ. വെനിസ്വേലയിലാണു് സൈമൺ ബൊളിവർ ജനിച്ചതു്. അദ്ദേഹം സ്പെയിനിൻെറ തലസ്ഥാനമായ മാഡ്രിഡിൽ ഉപരിപഠനം നടത്തി. തന്മൂലം അദ്ദേഹത്തിനു് യൂറോപ്യൻ ജനങ്ങളുടെ സ്വതന്ത്രജീവിതത്തെക്കുറിച്ചും, അവിടത്തെ ആധുനിക ഭരണരീതികളെക്കുറിച്ചും

മനസ്സിലാക്കുവാൻ കഴിഞ്ഞു. യൂറോപ്പിലെ പ്രസിദ്ധചിന്തകരായ റൂസ്സോ, വോറംട്ടയർ തുടങ്ങിയ മഹാന്മാരുടെ ഗ്രന്ഥങ്ങറം വായിക്കുവാനും സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്നീ മഹത്തായ ആദർശങ്ങളെപ്പററി പഠിക്കുവാനും അദ്ദേഹത്തിനു സാധിച്ചു.

വിദ്യാഭ്യാസം കഴിഞ്ഞു് വെനിസ്യൂലയിൽ തിരിച്ചെത്തിയ ബൊളിവറുടെ സ്വാതന്ത്ര്യതൃഷ്ണ കൂടുതൽ വർദ്ധിച്ചു. തെക്കെ അമേരിക്കയെ വിദേശാധിപത്യത്തിൽനിന്നും മോചിപ്പിച്ച് ഒരു സ്വതന്ത്രഭരണം സ്ഥാപിക്കുവാനാണു് അദ്ദേഹം ആഗ്രഹിച്ചതു്. ബൊളിവറുടെ നേതൃത്വത്തിലുണ്ടായ വിപ്ല്വത്തെ സ്പെയിൻകാർ പലതവണ അമർച്ചചെയ്തു. എങ്കിലും 1819-ൽ ബൊയാക്കാ എന്ന സ്ഥലത്തു വെച്ചുണ്ടായ യുദ്ധത്തിൽ ബൊളിവർ സ്പെയിൻകാരെ നിശ്ശേഷം തോല്പിച്ചു. വെനിസ്യൂല, കൊളംബിയ, ഇക്വഡോർ എന്നീ രാജ്യങ്ങറം കൂട്ടിച്ചേർത്തു് അദ്ദേഹം ഒരു റിപ്പ്ബ്ലിക് സ്ഥാപിച്ചു. അതിൻെറ ആദ്യത്തെ പ്രസിഡൻറു് സൈമൺ ബൊളിവർ തന്നെയായിരുന്നു. ഇദ്ദേഹത്തെ തെക്കെ അമേരിക്കയിലെ ജോർജ്ജ് വാഷിംഗ്ടൺ എന്നു വിളിച്ചുവരുന്നു. പെറുവിൻെറ വടക്കൻ സംസ്ഥാനങ്ങളെ സംയോജിപ്പിച്ചുകൊണ്ടു് ഒരു പുതിയ രാഷ്ട്രം സംഘടിപ്പിക്കുകയും അതിന്നു് ബൊളിവറുടെ ബഹുമാനാർത്ഥം 'ബൊളിവിയ' എന്നു പേരു നല്കുകയുമുണ്ടായി. ഇന്നും അതേ പേരിലാണു് ആ രാജ്യം അറിയപ്പെടുന്നതു്. ബൊളിവറുടെ ശേഷിച്ച ആയുഷ്കാലം തെക്കെ അമേരിക്കയിലെ മററു സ്വതന്ത്ര രാഷ്ട്രങ്ങളെ മോചിപ്പിക്കുവാൻ വേണ്ടിയാണു് ചെലവാക്കിയതു്. അമേരിക്കൻ ഐക്യനാടുകളുടെ മാതൃകയിൽ ഒരു സ്വതന്ത്ര റിപ്പബ്ലിക്കു് തെക്കെ അമേരിക്കയിൽ സ്ഥാപിക്കുവാൻ ബൊളിവർ ആഗ്രഹിച്ചു. എന്നാൽ ജനങ്ങളുടെ പ്രാദേശികമനോഭാവം നിമിത്തം അതു് സഫലമായില്ല.

### സാൻമാർട്ടിൻ (1778–1850)

തെക്കെ അമേരിക്കയുടെ ഉത്തരഭാഗങ്ങളിൽ സൈമൺ ബൊളിവർ സ്വാതന്ത്ര്യസമരം ചെയ്തുകൊണ്ടിരിക്കുമ്പോറം സാൻ മാർട്ടിൻ തെക്കൻ സംസ്ഥാനങ്ങളുടെ സ്വാതന്ത്ര്യത്തിനു

വേണ്ടി പരിശ്രമിക്കുകയായിരുന്നു. സാൻ മാർട്ടിൻ അർജൻടിനയിലാണ്‌ ജനിച്ചതു്. അദ്ദേഹം വിദ്യാഭ്യാസവും സൈനിക പരിശീലനവും നേടിയതു് സ്പെയിനിൽ നിന്നായിരുന്നു.

ചിലി, പെറു എന്നീ രാജ്യങ്ങളെ സ്പെയിനിൻെറ ആധിപത്യത്തിൽ നിന്നും രക്ഷിക്കുന്നതിനു വേണ്ടി 1814-ൽ അർജൻടിനയിലെ ഗവൺമെൻറു് സാൻ മാർട്ടിൻെറ നേതൃത്വത്തിൽ ഒരു സൈന്യത്തെ അയച്ചു. ചിലിയിൽ വെച്ചുണ്ടായ രണ്ടു യുദ്ധങ്ങളിൽ അദ്ദേഹം സ്പെയിൻകാരെ തോല്പിച്ചു അങ്ങനെ 1817-ൽ ചിലി സ്വതന്ത്രയായി. ഒട്ടും താമസിയാതെ സാൻ മാർട്ടിൻ പെറുവിൽ പ്രവേശിച്ചു. അദ്ദേഹത്തിനു് സ്പെയിൻകാരെ തോല്പിക്കുവാൻ വേണ്ടത്ര സൈന്യമുണ്ടായിരുന്നില്ല. അതുകൊണ്ടു് അദ്ദേഹം ഇക്വഡോറിൽ ചെന്നു് സൈമൺ ബൊളിവറുടെ സഹായം തേടുവാൻ തീർച്ചയാക്കി. പക്ഷെ ബൊളിവർ അദ്ദേഹത്തെ കാര്യമായി സഹായിച്ചില്ല. സാൻ മാർട്ടിൻ ബൊളിവറുടെ നേതൃത്വം അംഗീകരിക്കുകയും സ്വാതന്ത്ര്യസമരത്തിൽ നിന്നും പിൻവാങ്ങുകയും ചെയ്തു.

മൺറോ സിദ്ധാന്തം (Munroe Doctrine)—1823.

തെക്കെ അമേരിക്കൻ കാളണികൾ സ്പെയിനിനെതിരായി നടത്തിക്കൊണ്ടിരുന്ന സ്വാതന്ത്ര്യസമരത്തിൽ ഇടപെടുവാൻ ചില യൂറോപ്യൻ രാജ്യങ്ങൾ താൽപ്പര്യം പ്രകടിപ്പിച്ചു. ഈ സംഗതി മനസ്സിലാക്കി, അമേരിക്കൻ ഐക്യനാടുകളുടെ പ്രസിഡൻറായ മൺറോ ചരിത്രപ്രധാനമായ ഒരു പ്രഖ്യാപനം ചെയ്തു. അമേരിക്ക യൂറോപ്പിൻെറ ആഭ്യന്തരകാര്യങ്ങളിൽ ഇടപെടുകയില്ലെന്നും യൂറോപ്യൻ രാജ്യങ്ങൾ അമേരിക്കയുടെ രാഷ്ട്രീയ കാര്യങ്ങളിൽ കൈകടത്തരുതെന്നുമായിരുന്നു ഈ പ്രഖ്യാപനത്തിലെ പ്രധാനമായ ആശയം. മാത്രമല്ല യൂറോപ്യൻ രാജ്യങ്ങൾ അമേരിക്കൻ കാളണിയുടെ കാര്യത്തിലിടപെട്ടാൽ അതു് അമേരിക്കൻ ഐക്യനാടുകളോടുള്ള ഒരു വെല്ലുവിളിയായി കരുതുമെന്നും പറഞ്ഞിരുന്നു. അമേരിക്കൻ ഐക്യനാടുകളുടെ പ്രസിഡൻറായ മൺറോയുടെ 1823-ൽ ഉണ്ടായ ചരിത്ര

പ്രസിദ്ധമായ ഈ പ്രഖ്യാപനത്തിനാണ്‌ മൺറോ സിദ്ധാന്തം എന്നു പറയുന്നതു്. തെക്കെ അമേരിക്കൻ രാജ്യങ്ങളുടെ സ്വാതന്ത്ര്യത്തെ സഹായിച്ച പ്രധാനമായ ഒരു സംഗതിയാണ്‌ ഇതു്.



## ആൻഡീസ് പർവ്വതങ്ങളുടെ നാട്ട്

അനവധി ജനാധിപത്യ റിപ്പബ്ലിക്കുകളുൾപ്പെട്ട തെക്കെ അമേരിക്ക സാധാരണയായി ലാററിൻ അമേരിക്ക എന്ന പേരിനാലാണ് അറിയപ്പെടുന്നതു്. ഏഷ്യൻ രാജ്യങ്ങളെപ്പോലെ തന്നെ സാമ്പത്തികമായി അവികസിതമായിക്കിടക്കുന്ന ഈ രാജ്യങ്ങളിൽ അടുത്ത കാലത്തു് ഉണർവും ദേശീയബോധവും പ്രകടമായിത്തുടങ്ങിയിട്ടുണ്ടു്.

ത്രികോണാകൃതിയിൽ കിടക്കുന്ന ഈ വൻകരയുടെ ഒത്ത നടുവിൽക്കൂടെയാണ് ദക്ഷിണായനരേഖ കടന്നുപോകുന്നതു്. ലോകത്തിലെ ഏററവും വീതിയേറിയ ആമസോൺ നദീമുഖത്തുകൂടെ ഭൂമദ്ധ്യരേഖയും കടന്നുപോകുന്നു. തന്മൂലം വടക്കുഭാഗം വീതി കൂടിയ ഈ ഭൂഖണ്ഡത്തിൻെറ മൂന്നിൽ രണ്ടു ഭാഗവും ഉഷ്ണമേഖലയിലാണെന്നു് സ്പഷ്ടമാണല്ലോ. വൻകരയുടെ വലിപ്പമനുസരിച്ചുള്ള തീരപ്രദേശം ഇല്ലെന്നുള്ളതും, വടക്കെ അററം മുതൽ തെക്കെ അററംവരെ വൻകരയെ നെടുകെ മുറിച്ചുകൊണ്ടു് ആൻഡീസ് പർവ്വതങ്ങൾ നീണ്ടുകിടക്കുന്നുവെന്നുള്ളതും തെക്കെ അമേരിക്കൻ രാജ്യങ്ങളുടെ വളർച്ചയിൽ സാരമായി സ്വാധീനം ചെലുത്തിയിട്ടുണ്ടു്. ശാന്തമഹാസമുദ്രത്തിൻേറയും അററ്ലാൻറിക് മഹാസമുദ്രത്തിൻേറയും ഇടയിൽ ഒതുങ്ങിക്കിടക്കുന്ന ഈ വൻകരയെക്കുറിച്ച് നമുക്കു കൂടുതൽ മനസ്സിലാക്കാൻ ശ്രമിക്കാം.

ഭൂഖണ്ഡത്തിൻെറ പടിഞ്ഞാറുഭാഗത്തു് ആൻഡീസ് പർവ്വതനിരകളും വടക്കുകിഴക്കുഭാഗത്തു് പീഠഭൂമികളും, മദ്ധ്യഭാഗത്തു് വടക്കുനിന്നു തെക്കോട്ടു് നീണ്ടുകിടക്കുന്ന സമതലവുമാണ്. ആൻഡീസ് പർവ്വതങ്ങളുടെ പടിഞ്ഞാറെ തീരത്തു് ഉടനീളം നീണ്ടുകിടക്കുന്ന ഒരു സമുദ്രതീരപ്രദേശവുമുണ്ടു്.

സെപ്ററംബർ മുതൽ മാർച്ചു വരെ ദക്ഷിണാർദ്ധഗോളത്തിൽ വേനൽക്കാലമാണല്ലോ. ആ സമയത്താണ് ഇവിടെ

കൂടുതൽ മഴ ലഭിക്കുന്നതു്. വടക്കുകിഴക്കും തെക്കുകിഴക്കും നിന്നു വരുന്ന പൂർവ്വവാതങ്ങൾമൂലം വൻകരയുടെ വടക്കുഭാഗത്തു മഴ ഏറിയിരിക്കും. പക്ഷെ ആൻഡീസ് പർവ്വതങ്ങൾ ഈ കാററിനെ ശാന്തസമുദ്രതീരത്തു ചെന്നെത്താൻ അനുവദിക്കാതെ തടഞ്ഞുനിർത്തുന്ന ഒരു കോട്ടയായി നിലകൊള്ളുന്നു. ഈ ഭൂഖണ്ഡത്തിന്റെ തെക്കുഭാഗത്തു് മഴയില്ലെങ്കിലും സമുദ്ര സാമീപ്യംമൂലം അത്രയേറെ ചൂടു് അനുഭവപ്പെടുന്നില്ല. മാത്രമല്ല പടിഞ്ഞാറൻ തീരത്തിന്നടുത്തുകൂടെ ഒരു ശീതപ്രവാഹമുള്ളതു കൊണ്ടു് ആ പ്രദേശം കൂടുതൽ തണുപ്പുള്ളതായിത്തീരുന്നു.

സൂര്യൻ ഭൂമദ്ധ്യരേഖയ്ക്കു വടക്കായിരിക്കുമ്പോഴും ആമസോൺ തടത്തിൽ നല്ല മഴ തന്നെ. ശാന്ത സമുദ്രതീരത്തിന്റെ തെക്കും മദ്ധ്യഭാഗത്തും പശ്ചിമവാതംമൂലം നല്ല മഴ ലഭിക്കുന്നു. പക്ഷെ ഈ മഴ വൻകരയുടെ കിഴക്കുഭാഗത്തു് ലഭിക്കാത്തതിനു കാരണം വ്യക്തമാണല്ലൊ. ഭൂമദ്ധ്യരേഖക്കടുത്താണെങ്കിലും ശാന്തസമുദ്ര തീരത്തു കിടക്കുന്ന ക്വിറേറായിൽ നിതാന്തവസന്തമാണു് (Perpetual Spring) അനുഭവപ്പെടുന്നതെന്ന വസ്തുത ഒരു സവിശേഷതയാണു്. ഈ പട്ടണത്തിന്റെ കിടപ്പു് മദ്ധ്യരേഖയിലാണെങ്കിലും ഇതു് സമുദ്രനിരപ്പിൽനിന്നു് 9,400 അടി പൊക്കത്തിലായതുകൊണ്ടു് കാലാവസ്ഥ വളരെ സുഖകരമാണു്.

ആണ്ടിലൊരിക്കലും മഴ ലഭിക്കാത്ത രണ്ടു പ്രദേശങ്ങളാണു് തെക്കേ അററത്തു് കിഴക്കരികിൽ കിടക്കുന്ന പെററഗോണിയയും ചിലിയുടെ വടക്കുഭാഗത്തു കിടക്കുന്ന അററക്കാമാ മരുഭൂമിയും.

ആമസോൺ നദിയുടെ തടപ്രദേശത്തിൽ ലോകത്തിലെ ഏററവും വിസ്തൃതമായ ഭൂമദ്ധ്യരേഖാവനങ്ങൾ കിടക്കുന്നു. ആകാശം മുട്ടെ ഉയൎന്നു പന്തലിച്ചു നില്ക്കുന്ന മരങ്ങളും അവയെ പ്പൊതിഞ്ഞു കയറിപ്പടർന്നുനില്ക്കുന്ന വള്ളിക്കൂട്ടങ്ങളുംമൂലം ആ വനാന്തരങ്ങളിലേക്കു് സൂര്യരശ്മി കടന്നുചെല്ലാറില്ല. വെട്ടി ത്തെളിച്ചു് കൃഷിക്കുപയുക്തമാക്കാൻ സാധിക്കാത്തവിധം അത്ര

വേഗത്തിലുള്ള വളച്ച് കാരണം ഇന്നും ആ പ്രദേശം വൻകാടകം തന്നെ. ഓറിനോക്കോ നദീതടത്തിലും കിഴക്കൻ ബ്രസീലിലും ഉഷ്ണമേഖലാ പുൽമേട്ടകളുണ്ട്. ഓറിനോക്കോ തടത്തിൽ ഇവ ലാനോസ് എന്നും ബ്രസീലിൽ കാമ്പോസ് എന്നും പ്രത്യേക പേരുകളിൽ അറിയപ്പെടുന്നു. ഓറിനോക്കോ തടത്തിലെ വെനിസ്യൂലയിൽനിന്നാണ് ലോകത്തിലെ മേത്തരം കൊക്കൊ ലഭിക്കുന്നതു്. തെക്കെ അമേരിക്കയിലെ തോട്ടങ്ങൾ എന്നറിയപ്പെടുന്ന മദ്ധ്യചിലി, മെഡിററേനിയൻ കാലാവസ്ഥയുള്ള പ്രദേശമാണ്.

ഉത്തരചിലി മരുപ്രദേശമാണെങ്കിലും അവിടെ വെടിയുപ്പു കിട്ടുന്നതിനാൽ ജനവാസമുണ്ട്. ഈ വെടിയുപ്പിൽനിന്ന് അയോഡിൻ എടുക്കുന്നു. പരാനാ—പരാഗ്വേ നദിയുടെ തടപ്രദേശത്തു് കിടക്കുന്ന വിശാലമായ മിതോഷ്ണമേഖലാ പുൽമൈതാനങ്ങൾ ആട്ടമാട്ടവളത്തലിനും ഗോതമ്പുകൃഷിക്കും ശ്രുതിപ്പെട്ട ''പമ്പാസ്'' എന്ന പേരിൽ അറിയപ്പെടുന്നു. ആർജൻറിനയുടെ തെക്കുഭാഗത്തു് മിതോഷ്ണമരുഭൂമിയും, പെറുവിലും വടക്കൻ ചിലിയിലും ഉഷ്ണഭൂമിയും കാണപ്പെട്ടുന്നുണ്ട്.

തെക്കെ അമേരിക്കയിലെ പ്രധാനനദികൾ ഓറിനോക്കൊ, ആമസോൺ, പരാന—പരാഗ്വേ എന്നിവയാണ്. ആമസോൺ നദിയിൽ നിന്നു് അററ്ലാൻറിക് സമുദ്രത്തിലേക്കു് കുതിച്ചെത്തുന്ന മഹാപ്രവാഹത്തിൻെറ തള്ളൽമൂലം നദീമുഖത്തുനിന്നു് വളരെദൂരെവരെ കടലിൽ ശുദ്ധജലമാണ് ഉള്ളതത്രേ. വലിയ ആവിക്കപ്പലുകൾ പോലും നദിയുടെ ഉള്ളിലേക്കു് ആയിരം മൈലോളം കടന്നു ചെല്ലും.

വടക്കു ഭാഗത്തു് മൂന്നു നിരകളോട്ടുകൂടിയ ആൻഡീസ് പർവ്വതങ്ങളുടെ ഇടയിൽ ഇക്വഡോർ, പെറു, ബൊളീവിയ എന്നീ വലിയ പീഠഭൂമികളുണ്ട്. തെക്കെ അമേരിക്കയിലെ ഏകതടാകം ഈ പ്രദേശത്താണ്. ഇതിൻെറപേർ ററിററിക്കാക്കാ എന്നാകുന്നു. ഇതു് സമുദ്രനിരപ്പിൽനിന്നു് 13,000 അടി ഉയരെയാണ്

സ്ഥിതിചെയ്യുന്നതു്. ആൻഡീസിൻെറ മൂന്നുപർവ്വതനിരകളുംകൂടി ഒന്നായിട്ടാണു് തെക്കോട്ടു വ്യാപിച്ചു കിടക്കുന്നതു്. പർവ്വതങ്ങളുടെ മദ്ധ്യപ്രദേശം ഖനനത്തിന്നു ഖ്യാതി നേടിയതാണു്. വടക്കു കിഴക്കൻ ഉന്നതപ്രദേശങ്ങളിലും ആൻഡീസ് താഴ്‌വരപ്രദേശങ്ങളിലും മറഞ്ഞുകിടക്കുന്ന സമൃദ്ധമായ ധാതു സമ്പത്തിനെ ശരിയായവിധം ഉപയോഗപ്പെടുത്തുമ്പോൾ തെക്കെ അമേരിക്ക ഏററവും വലിയ വ്യവസായ കേന്ദ്രമായിത്തീരുമെന്ന കാര്യത്തിൽ രണ്ടുപക്ഷമില്ല.

തെക്കെ അമേരിക്കയുടെ തീരപ്രദേശത്താണു് ജനവാസം കേന്ദ്രീകരിച്ചിരിക്കുന്നതു്. പ്രത്യേകിച്ചു് ശാന്തസമുദ്രതീരത്തിലെ 'വാൽപറൈസോ' കിഴക്കേതീരത്തിലെ റയോഡിജാനിറോ, ബ്യൂനസ് അയേഴ്സ് എന്നീ മഹാനഗരങ്ങളിലും പരിസരത്തിലും ജനങ്ങൾ തിങ്ങിപ്പാർക്കുന്നു. ഇന്നു് തെക്കേ അമേരിക്കൻ രാജ്യങ്ങളിലെല്ലാം ജനസംഖ്യ അതിശീഘ്രം വർദ്ധിച്ചുകൊണ്ടിരിക്കുകയാണു്.

ജനങ്ങളിൽ ഇരുപത്തഞ്ചു ശതമാനവും സ്പെയിൻകാരുടെയും പോർട്ടുഗീസുകാരുടെയും സന്താനപരമ്പരകളാണു്. അതോടൊപ്പം അടുത്തകാലത്തായി കുടിയേറിപ്പാർക്കാനെത്തിയ ഇററലിക്കാരും ജർമ്മൻകാരുമുണ്ടു്. ബ്രസീലിലേയും മററും കാപ്പിത്തോട്ടങ്ങളിൽ ജോലിചെയ്യാൻ പിടിച്ചുകൊണ്ടുവന്ന നീഗ്രോവർഗ്ഗക്കാരുടെ സന്തതികളാണു് മറെറാരുവിഭാഗം. ഭൂരിപക്ഷം ജനങ്ങളും റെഡ് ഇൻഡ്യക്കാരും ക്രായോസ് വർഗ്ഗക്കാരുമാണു്. ജനങ്ങൾ പൊതുവിൽ ഉപയോഗിക്കുന്ന ഭാഷ സ്പാനിഷ് ആണു്. ബ്രസീലിൽ പോർട്ടുഗീസ് ഭാഷയാണു് പ്രധാനം.

തെക്കെ അമേരിക്കയിലെ ഗതാഗതസൗകര്യം വളരെ പരിമിതമാകുന്നു. നദികളാണു് ഏററവും പ്രധാനപ്പെട്ട ഗതാഗതമാർഗ്ഗം. ആൻഡീസ് പർവ്വതങ്ങളെ തരണം ചെയ്തു് വാൽപറൈസോ മുതൽ ബ്യൂനസ് അയേഴ്സ് വരെയെത്തുന്ന ഒരുതീവണ്ടിപ്പാത പർവ്വതങ്ങളുടെ കിഴക്കും പടിഞ്ഞാറും കിടക്കുന്ന

ജനങ്ങളെ തമ്മിൽബന്ധപ്പെടുത്തുന്ന പ്രധാനമാർഗ്ഗമാണ്. പീഠ ഭൂമികളും വാൻകാടുകളും ഉയർന്ന പർവ്വതങ്ങളും നിറഞ്ഞ ഭൂപ്രകൃതി കാരണം വിവിധ ഭാഗങ്ങളുമായി ബന്ധം സ്ഥാപിക്കാൻ വിമാന മാർഗ്ഗമേ കഴിയൂ എന്നായിട്ടുണ്ട്.

## ബ്രസീൽ

തെക്കെ അമേരിക്കയിലെ രാജ്യങ്ങളിൽ വെച്ച് ഏററവും വലുതും ലോകത്തിലെ അഞ്ചാമത്തെ വലിയ രാജ്യവുമാണ് ബ്രസീൽ. ചിലിയും ഇക്വഡോറുമൊഴിച്ച് ഈ വൻ കരയിലെ മററെല്ലാ രാജ്യങ്ങളും ഇതിൻെറ അതിർത്തികളിലായി കിട ക്കുന്നു.

ആമസോൺ തടത്തിൽ റബ്ബർ, ബ്രസീൽ നട്ടുകൾ, തുകൽ എന്നിവ ശേഖരിച്ച് കയററി അയയ്ക്കാനുള്ള രണ്ടു പ്രധാന തുറമുഖങ്ങളാണ് മാനോസ്, പാരാ എന്നിവ. നദിയിൽക്കൂടി യല്ലാതെ കാട്ടിൻെറ ഉൾപ്രദേശത്തേക്കു് പ്രവേശിക്കാൻ മാർഗ്ഗ ങ്ങളൊന്നുമില്ല. ബ്രസീലിലെ ഏററവും അഭിവൃദ്ധി പ്രാപിച്ച പ്രദേശങ്ങൾ അററ്ലാൻററിക് തീരവും സാവോപാലോ പ്രദേ ശവുമാണ്. സാവോപാലോ പ്രദേശത്തും അതിനു പടിഞ്ഞാറു മാണ് ലോകത്തിൽ ആകെയുള്ള കാപ്പിഉൽപ്പാദനത്തിൻെറ പകുതിയിലധികവും നടക്കുന്നതു്. അഗ്നിപർവ്വതങ്ങൾ വമിച്ച വളക്കൂറുള്ള മണ്ണ് കാപ്പികൃഷിക്കു് പററിയതാണ്. ബ്രസീലിലെ മററു കാർഷികോൽപ്പന്നങ്ങൾ കരിമ്പ്, നെല്ല്, കൊക്കൊ, ചോളം എന്നിവയാകുന്നു. കാട്ടുപ്രദേശത്തുനിന്ന് പരാഗ്വേ തേയില എന്നറിയപ്പെടുന്ന ഒരുതരം നാടൻ തേയിലയും ലഭിക്കുന്നു. പാരാപട്ടണത്തിൻെറ സമീപപ്രദേശങ്ങ ളിൽ കാടുകൾ വെട്ടിത്തെളിച്ച് ധാരാളം റബ്ബർകൃഷി നടത്തി വരുന്നു. ബ്രസീൽ റബ്ബർ വിത്തുകൾ വളരെ പ്രസിദ്ധ മാണല്ലോ. കന്നുകാലികളുടെ ആഹാരമായ അൽഫാൽഫയും ധാരാളം കൃഷിചെയ്യുന്നുണ്ടു്.

സാവോപാലോ പ്രദേശത്തെ നൗകാശയതുറമുഖമായ റയോഡിജാനിറോ തലസ്ഥാനവുമാണ്. റബ്ബർ, കാപ്പി, തടി എന്നിവ കയററി അയയ്ക്കുന്ന തിരക്കുപിടിച്ച ഒരു വാണിജ്യ

കേന്ദ്രമാണ് ഇതു്. തുണിത്തരങ്ങരം, യന്ത്രങ്ങരം എന്നീ സംസ്കൃത വസ്തുക്കരം ഇറക്കുമതി ചെയ്യുന്നതും ഇവിടെത്തന്നെ. നഗരത്തിൽ നിന്നു് പ്രധാനകേന്ദ്രങ്ങളിലേക്കു് തീവണ്ടിപ്പാതകളുണ്ടു്.

## ആർജൻറീന.

തെക്കെ അമേരിക്കയിലെ ഏററവും പുരോഗതി പ്രാപിച്ച പ്രദേശവും ലോകത്തിലെ ഏററവും വലിയ മാംസോൽപ്പാദന കേന്ദ്രവുമായിട്ടാണു് ആർജൻറീനയെ നാം അറിയുന്നതു്. മാംസം കേടുകൂടാതെ കയററിഅയയ്ക്കാൻവേണ്ടി പ്രത്യേകമായി തണുപ്പു തങ്ങിനില്ക്കുന്ന അറകരം ഘടിപ്പിച്ചു് സജ്ജീകരിക്കപ്പെട്ട ധാരാളം കപ്പലുകരം യൂറോപ്യൻ വിപണികളിലേക്കു് ഇവിടെനിന്നും പുറപ്പെടുന്നു. കാലാവസ്ഥ അനുകൂലമായതുകൊണ്ടു് സ്പെയിൻകാർ ഇവിടെ കുടിയേറിപ്പാർത്തു. വടക്കുനിന്നു തെക്കോട്ടു് 2,000 മൈൽ നീണ്ടു കിടക്കുന്ന ഈ രാജ്യം ആൻഡീസ് പർവ്വതനിരയുടെ കിഴക്കുഭാഗത്താണു്. ലോകത്തിലെ പ്രമുഖ ഗോതമ്പുൽപ്പാദനകേന്ദ്രങ്ങളിൽ ഒന്നാണു് ആർജൻറീന. കൂടെക്കൂടെ ശക്തിയായ വരരംച്ചയും വെട്ടുകിളി ശല്യവും അവയ്ക്കെതിരെ എടുക്കുന്ന എല്ലാ പ്രതിരോധനടപടികളെയും നിഷ്ഫലമാക്കിക്കൊണ്ടു് വമ്പിച്ചനാശങ്ങരം വരുത്തിവെയ്ക്കാറുണ്ടു്. ദക്ഷിണാർദ്ധഗോളത്തിലെ നഗരങ്ങളിൽ വെച്ചു് ഏററവും വലുതാണു് തലസ്ഥാനമായ ബ്യൂണസ്-അയേഴ്സ് എന്നു് ഇവിടുത്തെ നഗരവാസികരം അഭിമാനം കൊള്ളാറുണ്ടു്. നഗരത്തിനു ചുററുമുള്ള പ്രദേശത്തു് വിശാലമായ ഗോതമ്പു വയലുകളുണ്ടു്. പ്രസിദ്ധമായ പമ്പാസ് പുൽത്തകിടികളുടെ ഒരു ഭാഗമാണു് ഇതു്. കന്നുകാലി വളർത്തൽ ഇവിടത്തെ ഒരു പ്രധാന തൊഴിൽതന്നെ. കന്നുകാലികരംക്കു് ആഹാരത്തിന്നായി ചോളവും അൽഫാൽഫയും വളർത്തുവാൻ കൂററൻ വയലുകരം ഒഴിച്ചിടുകയാണു് പതിവു്.

മേച്ചിൽ സ്ഥലങ്ങളിൽ, ഓരോവ്യക്തിയുടേയും മേച്ചിൽ പ്രദേശം കമ്പിവേലികരംകെട്ടി പകുത്തിരിക്കും. അടുത്തകാലം വരെ അയ്യായിരവും ആറായിരവും ഏക്കർ വിസ്താരമുള്ള തുറന്ന മേച്ചിൽ സ്ഥലങ്ങരം ഉണ്ടായിരുന്നപ്പോൾ. ഈ പ്രദേശ

ങ്ങളൊക്കെ കമ്പിവേലി വളച്ചുകെട്ടുന്നതു് പ്രയാസമാണല്ലോ അതുകൊണ്ടു് ഉടമസ്ഥന്മാരുടെ പ്രത്യേക അടയാളങ്ങൾ കുത്തി കന്നുകാലികളെ ഇഷ്ടംപോലെ അഴിച്ചുവിടുകയായിരുന്നു പതിവു്. പലരുടേയും കന്നുകാലികൾ തമ്മിൽ ഇടകലന്നിട്ടുണ്ടായിരിക്കും. ആവശ്യമുള്ളപ്പോഴെല്ലാം അശ്വാരൂഢരായ ഗോപാലന്മാർ അടയാളങ്ങൾ തിരിച്ചറിഞ്ഞു് കന്നുകാലികളെ പിടിച്ചുകൊണ്ടുവരുന്നു. കുതിരപ്പുറത്തുകയറി വിസ്മയകരമായ പല കസർത്തുകളും കാണിക്കാൻ ഈ ഗോപാലന്മാക്കു കഴിയും. അവരുടെ മുഖ്യ വിനോദംതന്നെ പന്തയം വച്ചു് കുതിരപ്പുറത്തു് അഭ്യാസങ്ങൾ പ്രകടിപ്പിക്കുകയാണു്. പാഞ്ഞോടുന്ന മൂരിക്കുട്ടന്മാരെ എങ്ങനെയാണു് ഇവർ പിടിക്കുന്നതെന്നല്ലേ? കുതിരപ്പുറത്തേറി പാഞ്ഞെത്തി കയ്യിൽ ചുഴററിക്കൊണ്ടിരിക്കുന്ന കയറിൻെറ അററത്തുള്ള കുരുക്കിൽ ഏതു വമ്പൻ മൃഗത്തേയും അവർ ഉന്നംതെററാതെ അകപ്പെടുത്തിക്കളയും.

ഇന്നു് അത്ര വലിയ മേച്ചിൽ സ്ഥലങ്ങൾ അധികമാരും കൈവശം വെയ്ക്കുന്നില്ല. വിശേഷവഗ്ഗത്തിൽപ്പെട്ട നല്ല കന്നുകാലികളെ വളത്താൻ അവർ പ്രത്യേകം ശ്രദ്ധിക്കുന്നു. വലിയ മാംസക്കമ്പനികൾക്കു് സ്വന്തമായ മേച്ചിൽപ്പുറങ്ങളുണ്ടു്. കന്നുകാലികളെ വളത്തുന്ന പ്രദേശങ്ങൾക്കു തെക്കുഭാഗത്തായി ധാരാളം ആടുകളെയും വളത്തുന്നു. വെള്ളം വളരെ കുറവായപ്രദേങ്ങളിൽ ആടുമാടുകൾക്കു് വെള്ളം കൊടുക്കാൻ കിണറുകൾ കുഴിച്ചിട്ടുണ്ടു്, ഇവിടത്തെ പ്രധാന വ്യവസായങ്ങൾ മാവുപൊടിക്കൽ, മാംസം മരവിപ്പിക്കൽ, ക്ഷീരോൽപ്പന്ന നിമ്മാണം എന്നിവയാണു്.

ബ്യൂണസ്അയേഴ്സിൽ നിന്നു് ധാരാളം മാംസവും, ഗോതമ്പും, ചോളവും കയററി അയയ്ക്കുന്നു. പകരം വ്യവസായോൽപ്പന്നങ്ങൾ, കല്ക്കരി, പെട്രോളിയം എന്നിവ ഇറക്കുമതി ചെയ്യുന്നുമുണ്ടു്. ഈ നഗരം ഒരു വലിയ റെയിൽവേ കേന്ദ്രമാണു്. രാജ്യത്തിലെ പ്രധാനപ്പെട്ട പട്ടണങ്ങളുമായി ഇതിനു റെയിൽ ബന്ധമുണ്ടെന്നുമാത്രമല്ല ട്രാൻസ് ആൻഡിയൻ റെയിൽപ്പാത ഇവിടെ നിന്നാണു് ആരംഭിക്കുന്നതും.

മുതിര, കരിമ്പ്, പുകയില, പരുത്തി എന്നിവ ജല സേചനം മുഖേന ധാരാളമായി കൃഷി ചെയ്യുന്നുണ്ട്.

ആർജൻറീനയുടെ തെക്കുഭാഗത്തുള്ള പേററഗോണിയ, മണലും കൂർത്ത കല്ലുകളും നിറഞ്ഞു് വിസ്തൃതമായി കിടക്കുന്ന മരുപ്രദേശമാണ്. ഇവിടെ ആൻഡീസ് പർവ്വതസാനുവിൽ എണ്ണപ്പാടങ്ങളും കുറെയേറെ ആടുവളർത്തൽ കേന്ദ്രങ്ങളുമുണ്ട്.

## ചിലി

ലോകത്തിലെ ഏററവും വലിയ നൈട്രേററു ശേഖരങ്ങളുടെ നാടാണ് തെക്കെ അമേരിക്കയുടെ പടിഞ്ഞാറെ തീരത്തു് നെടുകെ കിടക്കുന്ന ചിലി.

അററക്കാമ മരുഭൂമിയുടെ വടക്കു ഭാഗത്താണ് ചിലിയുടെ പ്രധാനവരുമാനമാർഗ്ഗമായ നൈട്രേററ് ശേഖരങ്ങൾ. ഭൂമിയുടെ ഉപരിതലത്തിൽ അടിഞ്ഞുകിടക്കുന്ന ഈ ധാതു സമ്പത്തി നോടൊപ്പം ഇവിടെ മഴയുംകൂടിയുണ്ടായിരുന്നെങ്കിൽ! നൈട്രേററു വെട്ടിയെടുക്കുന്ന വ്യവസായകേന്ദ്രങ്ങളിലേക്ക് ആവശ്യമായ ശുദ്ധജലവും ഭക്ഷണസാമഗ്രികളും മററും തെക്കുഭാഗത്തെ മെഡിറററേനിയൻ കാലാവസ്ഥാ പ്രദേശത്തുനിന്നു് എത്തേണ്ടി യിരിക്കുന്നു. മദ്ധ്യചിലിയിൽ ശീതകാലത്തു് മഴയും വേനൽ ക്കാലത്തു് നല്ല വരൾച്ചയുമുള്ളതുകൊണ്ട് മുന്തിരി, ഓറഞ്ചു് മുതലായ പഴവർഗ്ഗങ്ങൾ അവിടെ സമൃദ്ധിയായി വളരുന്നു. ചിലി യിൽ വീഞ്ഞു് ഉൽപ്പാദിപ്പിക്കപ്പെടുന്നു. മാത്രമല്ല ഉത്തരാർദ്ധ ഗോളത്തിൽ ശീതകാലമായിരിക്കുമ്പോഴാണ് ഇവിടെ പഴങ്ങൾ വിളയുന്ന വേനൽക്കാലം. അതിനാൽ പഴവർഗ്ഗങ്ങൾ ഇവിടെ നിന്നു് യൂറോപ്യൻ രാജ്യങ്ങളിലേക്ക് വൻതോതിൽ കയററി അയയ്ക്കാൻ കഴിയുന്നു. ഗോതമ്പും ബാർലിയും മററുരണ്ടു പ്രധാന കാർഷികോൽപ്പന്നങ്ങളാണ്. കന്നുകാലികളേയും ആടുക ളേയും ധാരാളമായി വളർത്തുന്ന കേന്ദ്രങ്ങളും ഇതിനടുത്തുണ്ട്. രാജ്യത്തിൻെറ തെക്കൻപ്രദേശം കാടുകൾ നിറഞ്ഞ മനോഹര മായ ഒരു ഭൂഭാഗമാണ്. ഇലകൊഴിയും കാടുകളും സൂചിയില

ക്കാടുകളും ഇടകലർന്ന ഈ ദിക്കിൽ ധാരാളം വീഞ്ഞമരങ്ങൾ വളരുന്നു. കാടുവെട്ടിത്തെളിച്ച് കന്നുകാലി വളർത്തുന്നതും ഈ പ്രദേശത്തെ ഒരു പ്രധാനതൊഴിലാണ്.

തലസ്ഥാനമായ സാൻറിയാഗോ ഒരു മനോഹരനഗരമാണ്, ശാന്തസമുദ്രതീരത്തെ ഏററവും തിരക്കപിടിച്ച തുറമുഖമായ വാൽപ റൈസോ തലസ്ഥാനവുമായി റെയിൽപാതമൂലം ബന്ധിക്കപ്പെട്ടിരിക്കുന്നു. ഇരുപതാം നൂററാണ്ടിൻെറ ആരംഭത്തിൽ ഈ രണ്ടു പട്ടണങ്ങളും അഗ്നിപർവ്വതക്ഷോഭംമൂലം നശിക്കുകയുണ്ടായത്രേ.

ആധുനികയൂറോപ്യൻ ജീവിതരീതികൾ ഇന്നും ചിലിയിൽ കാര്യമായി സ്വാധീനംചെലുത്തിയിട്ടില്ല. യൂറോപ്പിലെ ഇംഗ്ലണ്ട്, ജർമ്മനി, ഫ്രാൻസ് എന്നീ രാജ്യങ്ങളും അമേരിക്കൻ ഐക്യനാടുകളുമായാണ് ചിലി വാണിജ്യം നടത്തുന്നത്. മരവിപ്പിച്ച മാംസവും കമ്പിളിയും ഇവിടെനിന്നും കയററി അയയ്ക്കുകയും പരുത്തി, യന്ത്രങ്ങൾ, വ്യവസായോൽപ്പന്നങ്ങൾ എന്നിവ ഇറക്കുമതി ചെയ്യുകയും ചെയ്യുന്നു.

തെക്കേ അമേരിക്കൻ റിപ്പബ്ലിക്കുകളിൽ പ്രധാന ശക്തിയായി വളർന്നുവന്നിട്ടുള്ളത് മുമ്പു പ്രസ്താവിച്ച മൂന്നു രാഷ്ട്രങ്ങളായ ആർജൻറീനയും, ബ്രസീലും, ചിലിയുമാണ്. ഇവയെ എ, ബി, സി ശക്തികൾ എന്നാണ് വിളിക്കുന്നത്. തെക്കെ അമേരിക്കൻ രാജ്യങ്ങളുടെ വളർച്ച, പ്രത്യേകിച്ച് സാമ്പത്തിക പുരോഗതി, ഏറെക്കുറെ വടക്കെ അമേരിക്കയിലെ ഐക്യനാടുകളെ അപേക്ഷിച്ചാണിരിക്കുന്നത്. ഈ രാജ്യങ്ങളിലെ സാമ്പത്തികപുരോഗതിയിൽ യു. എസ്സ്. ഗവണ്മെൻറ് പ്രത്യേക താൽപ്പര്യം കാണിക്കുന്നു. മാത്രമല്ല അമേരിക്കൻ രാഷ്ട്രസംഘടന (Organisation of American States) രൂപീകരിച്ചുകൊണ്ട് അവരുടെ രാഷ്ട്രീയഗതിയെ ഫലപ്രദമായി നിയന്ത്രിക്കുവാൻ അമേരിക്കൻ ഐക്യനാടുകൾ ശ്രമിച്ചുവരികയുമാണ്.

## പ്രായോഗികാഭ്യാസങ്ങൾ.

1. തെക്കെ അമേരിക്കയുടെ പടം കളിസ്ഥലത്തു വെട്ടിയുണ്ടാക്കി അതിൽ നദികൾ, പ്രധാനപ്പെട്ട പർവ്വതനിര, വൻകാടുകൾ, പുൽപ്രദേശങ്ങൾ, മരുപ്രദേശം എന്നിവ അടയാളപ്പെടുത്തുക.

2. ബ്യൂനസ്സ് അയേഴ്സിൽ ഒരു സഞ്ചാരി കാണുന്ന പ്രധാനപ്പെട്ട കാഴ്ചകൾ എന്തെല്ലാമായിരിക്കും ?

3. നിങ്ങളിൽ ചിലർ മിറാൻഡ, സൈമൺ, ബൊളിവർ, സാൻമാർട്ടിൻ എന്നിവരാണെന്നു സങ്കല്പിക്കുക. രാജ്യത്തിന്റെ സ്വാതന്ത്ര്യ സമരത്തിൽ നിങ്ങൾക്കുണ്ടായ അനുഭവങ്ങളെക്കുറിച്ചു മററുള്ളവരോടു പ്രസംഗിക്കുക.

4587

# ദേശീയസമ്പാദ്യ പദ്ധതി

1. നിങ്ങളുടെ ഭാവിക്കുവേണ്ടിയും ഇൻഡ്യയുടെ ഭാവിക്കു വേണ്ടിയും മിച്ചം പിടിക്കുക.
2. നിങ്ങൾ പതിവായി സമ്പാദിക്കാറുണ്ടോ? ദേശീയ സമ്പാദ്യ പദ്ധതി സർട്ടിഫിക്കറ്റുകളിൽ മുതൽ നിക്ഷേപിക്കുക.
3. നിങ്ങളുടെ നിക്ഷേപങ്ങൾക്ക് പോസ്റ്റാഫീസ് സേവിംഗ്സ് ബാങ്ക് ഉപയോഗിക്കുക.
4. നിങ്ങളുടെ സമ്പാദ്യം രാഷ്ട്രത്തിൻെറ സമ്പാദ്യമാണ്.
5. സമ്പാദ്യം നിങ്ങൾക്കും രാഷ്ട്രത്തിനും അഭിവൃദ്ധി കൈവരുത്തുന്നു.
6. ആ ചെലവ് യഥാർത്ഥത്തിൽ ആവശ്യമുള്ളതാണോ? സമ്പാദിക്കുക; നിക്ഷേപിക്കുക.
7. നിങ്ങളുടെ ഭാവി ഐശ്വര്യത്തിന് നിങ്ങളുടെ സമ്പാദ്യങ്ങൾ നിങ്ങളുടെ ഗവൺമെൻറിനാവശ്യമാണ്.

---

Canada:- Queen:II, Governor General-Roland Michener, P.Minister:- Pierre Elliot Trudeau

സാമൂഹ്യപാഠങ്ങൾ

# SOCIAL STUDIES

1692

Standard VIII

1962

Indic Digital Archive Foundation
gpura.org